18

# പ്രഗത്ഭരായ പ്രൊഫസ്സർമാർ

## പ്രൊഫ. റ്റി.കെ. ശങ്കരമേനോൻ

The first is always the first. എന്റെ സെന്റ് ബർക്കുമാൻസിൽ ആദ്യത്തെ സാധ്യായദിവസം ആദ്യത്തെ ക്ലാസ്സെടുത്തത് അന്നത്തെ അതിപ്രശസ്തനായ ആംഗ്ലേയഭാഷാപണ്ഡിതൻ പ്രൊഫ. റ്റി.കെ. ശങ്കരമേനോനാണ്. പ്രഥമവർഷം തന്നെ 125 വിദ്യാർത്ഥികൾ നൂതനമായിത്തുടങ്ങിയ ഒരു സെക്കന്റ് ഗ്രേഡ് കോളജിൽ ചേർന്നതിന് ഒരു പ്രധാന കാരണമായിപ്പറയുന്നത് ഈ പ്രഗത്ഭമതി ഇംഗ്ലീഷ് പ്രൊഫസറും വകുപ്പധ്യക്ഷനുമായിരുന്നുവെന്നതാണ്. അന്നത്തെ എം.എ (Hons) ഇന്നത്തെ ഒരുനൂറു പിച്ച്.ഡികളേക്കാൾ വള്ളപ്പാടു മെച്ചമാണ്. എറണാകുളം മഹാരാജാസ് കോളജിൽ പയറ്റിത്തെളിഞ്ഞു, തന്റെ യോഗ്യതയും പ്രാഗത്ഭ്യവും പ്രസ്പഷ്ടമാക്കിയതുകൊണ്ടാണ്, അദ്ദേഹത്തെത്തന്നെ ഇംഗ്ലീഷ് വിഭാഗ വകുപ്പദ്ധ്യക്ഷനായി, ലഭിക്കാൻ ധന്യൻ കുര്യാളശ്ശേരിപ്പിതാവും അസാധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനായ പുരയ്ക്കലച്ചനും കിണഞ്ഞുപരിശ്രമിച്ചത്. ആഗ്രഹവും പ്രാർത്ഥനയും പരിശ്രമവും ഏകോപിക്കുമ്പോൾ ദൈവാനുഗ്രഹം സുനിശ്ചിതമാണ്. മേനോൻ സാർ സെന്റ് ബർക്കുമാൻസിന് അനുഗ്രഹമായിരുന്നു; ഒപ്പം അഭിമാനവും. ഈ മഹാത്മാവു മൂന്നു വർഷമേ (1922-'25) സെന്റ് ബർക്കുമാൻസ് സരസ്വതീക്ഷേത്രത്തിൽ പൂജാരിയായിരുന്നുള്ളൂ. പക്ഷേ, അദ്ദേഹം സെന്റ് ബർക്കുമാൻസിലെ ഇംഗ്ലീഷ് വിഭാഗത്തിന് അതിബലിഷ്ഠമായ അടിത്തറ ഇട്ടു.

സുഗ്രഹമായ ഭാഷയിൽ, ഹൃദയത്തിൽ പതിയത്തക്കവിധം, ശൈലീസൗന്ദര്യത്തോടെ, Queen's English ന്റെ ഉച്ചാരണസുഭഗതയോടെ, ആംഗ്ലേയ ഭാഷ പഠിപ്പിക്കാൻ മേനോൻ സാറിന് അനന്യമായ പാടവം ഉണ്ടായിരുന്നു. വിദ്യാർത്ഥികളും പൊതുജനങ്ങളും അദ്ദേഹത്തെ എത്രമാത്രം സ്നേഹിക്കുകയും ആദരിക്കുകയും അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്തിരുന്നുവെന്നതിന് പ്രത്യക്ഷതെളിവാണ് അദ്ദേഹത്തിന് അവർ നല്കിയ അതിഗംഭീര യാത്രയയപ്പ്.

ഈ മഹാസൗധം പടുത്തുയർത്തിയവർ ഇന്നോളം 140 പേരുണ്ട്. ഇവരിൽ ഏതാനും മഹാശില്പികളെ ഈ പേജുകളിൽ അവതരിപ്പിക്കാൻ കഴിയുന്നതിൽ

The first is ever the first

ആഗ്രഹവും പരിശ്രമവും പ്രാർത്ഥനയും ഏകോപിക്കുമ്പോൾ ദൈവാനുഗ്രഹം സുനിശ്ചിതം!

ഇംഗ്ലീഷ് വിഭാഗത്തിനു ബലിഷ്ഠമായ അടിത്തറ

ഏവരും സ്നേഹിച്ചു, ആദരിച്ചു



ലേഖകന് അതിയായ സന്തോഷമുണ്ട്. വിഹഗവീക്ഷണത്തിനുവേണ്ടി സീനിയോറിട്ടി അനുസരിച്ച് ഒരു ചെറിയ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

ടി. കെ. ശങ്കരമേനോൻ മുതൽ കെ.വി. ജോസഫ് വരെ

ഡോ. ജി.എഫ്. പപ്പാളി എം.എ. പിഎച്ച്ഡി (ലണ്ടൻ), പ്രൊഫ. കുളത്തെ സ്വാമിപ്പിള്ളെ ബിഎഎൽറ്റി, എൽസിപി (ലണ്ടൻ), പ്രൊഫ. പി. ശങ്കരൻ നമ്പ്യാർ എം.എ. (Hons.), പ്രൊഫ, എം.പി. പോൾ, പ്രൊഫ. വിവി ജോൺ ബിഎ (Hons), മദ്രാസ്, ബിഎ (Hons) ഓക്സ്ഫഡ്, പ്രൊഫ. ഫാ. ജോസഫ് കുരീത്തടം എംഎ, പ്രൊഫ. എപി ഒബ്രിയൻ എം.എഎൽറ്റി, പ്രൊഫ. സി.എ. ഷെപ്പേഡ്, പ്രൊഫ. കെ.റ്റി. മത്തായി ബിഎ (Hons.), പ്രൊഫ. കെ.എം. ജോസഫ്, പ്രൊഫ. പി.ജി. സഹസ്രനാമ അയ്യർ എംഎ, പ്രൊഫ. കെ ജോസഫ് ഫ്രാൻസിസ് എംഎ, പ്രൊഫ. എ.ഇ.അഗസ്റ്റിൻ എം.എ., പ്രൊഫ. കെ.റ്റി. സെബാസ്റ്റ്യൻ എം.എ. എം. എഡ്., ഡോ. എ.വി. വർഗീസ് എം.എ പിച്ച്ഡി, പ്രൊഫ. റ്റി.പി. മാധവൻപിള്ള എംഡ്., പ്രൊഫ. ഫാ. വി.ജെ. അഗസ്റ്റിൻ എം.എ., പ്രൊഫ. കെവി ജോസഫ് എം.എ. അനുവാചകർക്കു നിർദ്ദേശിക്കാൻ ചില നാമങ്ങൾ വേണമല്ലോ!

## ആർ. പി. കുളത്തെ സ്വാമി പിള്ളെ

'Dr. Arnold of Trivandrum'

The Father of Excelsior

തിരുവനന്തപുരം സെന്റ് ജോസഫ്സ് ഹൈസ്കൂളിന്റെ ഹെഡ്മാസ്റ്റർ എന്ന നിലയിൽ വിഖ്യാതനായ ഈ മഹാപ്രതിഭ 1924 ൽ സെന്റ് ബർക്കുമാൻസിൽ ഇംഗ്ലീഷ് വിഭാഗത്തിൽ അധ്യാപകനായി. ഇതിനകം Dr. Arnold of Trivandrum എന്ന ബഹുമാനസൂചകമായ അപരനാമം അദ്ദേഹം സമ്പാദിച്ചിരുന്നു. സെന്റ് ബർക്കുമാൻസിനു മറക്കാനാവാത്ത ഒരു മഹാധ്യാപകനാണ് കുളത്തെസ്വാമി സാർ. ക്രൈസ്തവപത്രപ്രവർത്തനരംഗത്ത് അദ്ദേഹം വലിയൊരു വഴികാട്ടിയായിരുന്നു. ഇന്ത്യയിൽ ആദ്യമായി ഒരു സ്കൂൾ മാഗസിൻ ആരംഭിച്ചത് അദ്ദേഹമാണ്. സെന്റ് ബർക്കുമാൻസിന്റെ മാഗസിൻ 'Excelsior'നു ജന്മം നല്കിയതും ഈ ജനകീയാധ്യാപകനാണ്.

## കോളജ് ക്രെസ്റ്റ്

കോളജ് ക്രെസ്റ്റ് രൂപകല്പന ചെയ്തതും കുളത്തെസാർ തന്നെ. ക്രെസ്റ്റിനു നാലു തുല്യഭാഗങ്ങളുണ്ട്. ഗ്രീക്കുകുരിശു കൊണ്ടാണ് വിഭജനം നടത്തിയിരിക്കുന്നത്. കുരിശു നിത്യരക്ഷയുടെ അടയാളമാണ്. കുരിശാണു രക്ഷ; കുരിശിലാണു രക്ഷ; പ്രാവു പരിശുദ്ധാത്മാവിനെയാണു പ്രതിനിധാനം ചെയ്യുക. അവിടുന്നാണു മനുഷ്യരെ പവിത്രീകരിക്കുന്നതും പഠിപ്പിക്കുന്നതും. ലില്ലിപ്പൂവു പരിശുദ്ധിയെ സൂചിപ്പിക്കുന്നു. കേരത്തിന്റെ (തെങ്ങ്) നാടായ കേരളത്തിന്റെ പ്രതീകമാണു രണ്ടു തെങ്ങുകൾ. കോളജ് സ്ഥാപിതമായിരിക്കുന്ന കരയും കടലും സമ്മേളിപ്പിക്കുന്ന ചങ്ങനാശ്ശേരിയെയാണു കല്ലോലങ്ങൾ അവതരിപ്പിക്കുക.

വിജ്ഞാനം, വിശുദ്ധി

ഗ്രീക്കുകുരിശിന്റെ മധ്യത്തിൽ കാണുന്ന പുസ്തകം വിജ്ഞാനത്തെ സൂചിപ്പിക്കുന്നു. പ്രാവ് വിശുദ്ധിയെയും, ലില്ലി, തുറന്ന പുസ്തകം ഇവ വിദ്യാർത്ഥികളുടെ മുമ്പിൽ കോളജ് അവതരിപ്പിക്കുന്ന വിശുദ്ധിയെയും വിജ്ഞാനത്തെയും വിളിച്ചോതുന്നു. നമ്മുടെ കലാലയത്തിന്റെ മുദ്രാവാക്യം "കുലമുദ്രയുടെ", (coat

of arms,) ന്റെ മുകളിൽ ലത്തീനിലാണ് എഴുതിയിരിക്കുന്നത്. Caritas vera Nobilitas-Charity is true nobility.

വൈസ് പ്രിൻസിപ്പൽ

ഈപ്പച്ചൻ ആക്ടിംഗ് പ്രിൻസിപ്പലായി നിയമിതനായപ്പോൾ, ആ മഹായോഗിയുടെ കരങ്ങൾ താങ്ങാൻ അവയ്ക്കു ശക്തിയും കരുത്തും പകരാൻ മേന്മനിപുണനും പണ്ഡിതവരേണ്യനും മറ്റനവധി സിദ്ധികളുടെ ഉടമയുമായിരുന്ന ശ്രീ കുളത്തൈസ്വാമിപ്പിള്ള വൈസ്പ്രിൻസിപ്പലുമായി. അമേരിക്കൻ പ്രസിഡന്റ് ജോൺ എഫ് കെന്നഡിയും നന്മയുടെ നിറകുടമായിരുന്ന, ഇപ്പോൾ വാഴ്ത്തപ്പെട്ട ഇരുപത്തിമൂന്നാം യോഹന്നാൻ മാർപ്പാപ്പയും ദിവംഗതരായ 1964ൽത്തന്നെ, സെന്റ് ബർക്കുമാൻസിന്റെയെന്നല്ല, ശിക്ഷണപരമായ പലതിന്റെയും ശില്പിയായിരുന്ന, കോളജ് ക്രെസ്റ്റ്, മാസിക Excelsior തുടങ്ങിയവ കരുപ്പിടിപ്പിക്കുകയും ഇംഗ്ലീഷ് പ്രൊഫസ്സറായും വൈസ്പ്രിൻസിപ്പലായും ഒന്നര ദശാബ്ദകാലം എന്റെ സെന്റ് ബർക്കുമാൻസിനെ സ്തുത്യർഹമായ വിധം സേവിക്കുകയും ചെയ്ത, സെന്റ് ബർക്കുമാൻസിന് അവിസ്മരണീയനായ, ആർ.പി. കുളത്തൈസ്വാമിപ്പിള്ള ബി.എ. എൽ.റ്റി., എൽ. സി. പി. (ലണ്ടൻ) എം. ആർ. എ. എസും കാലയവനികക്കുള്ളിൽ മറഞ്ഞു.

അന്ത്യം 1964ൽ

തഞ്ചാവൂരുള്ള പൂക്കര സ്ട്രീറ്റിൽ പുരാതനമായ തമിൾ കത്തോലിക്കാകുടുംബത്തിലെ അംഗമായി ജനിച്ച കുളത്തൈ സ്വാമി തൃശ്നാപ്പള്ളി സെന്റ് ജോസഫ്സിൽ നിന്നും ബി.എ. ബിരുദം, മദ്രാസ് യൂണിവേഴ്സിറ്റിയിൽ, ഒന്നാമനായി, കരസ്ഥമാക്കി. കോയമ്പത്തൂരിൽ ഇംഗ്ലീഷ് ലക്ചററായാണു അധ്യാപന ദൗത്യം ആരംഭിച്ചത്. 1903 ൽ പ്രസ്തുത കോളജു നിന്നു പോയി. തുടർന്നു പതിനാറു വർഷം കൊല്ലം - തിരുവനന്തപുരം സെന്റ് ജോസഫ്സ് ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററെന്ന നിലയിൽ അദ്ദേഹം പ്രഖ്യാപിതനായി. 1924 ൽ പുരയ്ക്കലച്ചൻ അദ്ദേഹത്തെ സെന്റ് ബർക്കുമാൻസ് കോളജിലെ ഇംഗ്ലീഷ് പ്രൊഫസറായി കൊണ്ടുവന്നു.

മദ്രാസ്
സർവ്വകലാശാലയിൽ
ബി.എ.യ്ക്ക്
ഒന്നാമൻ

തിരുവനന്തപുരം
സെന്റ് ജോസഫ്സ്
ഹൈസ്കൂളിൽ
ഹെഡ്മാസ്റ്റർ

ലളിതകോമളമായ ഇംഗ്ലീഷും അധ്യാപനപടുത്വവും ശിക്ഷണദക്ഷതയും മൂർത്തിമത്തായ മഹാൻ! കോയമ്പത്തൂരിൽ താമസിച്ചു സാഹിത്യസേവനം ചെയ്യവേയാണ് അദ്ദേഹം ദിവംഗതനായത്.

ലളിതകോമളമായ
ഇംഗ്ലീഷ്

## പ്രൊഫ. എം.പി. പോൾ

വിജ്ഞാനംകൊണ്ടും പ്രാഗത്ഭ്യം കൊണ്ടും അനുഗൃഹീതരായ ഒട്ടനവധി ഗുരുശ്രേഷ്ഠരുടെ സേവനം സെന്റ് ബർക്കുമാൻസിന് എക്കാലവും കൈമുതലായുണ്ടായിരുന്നു. തുടർന്നുള്ള പേജുകളിൽനിന്ന് ഇതു കൂടുതൽ വ്യക്തമാകും. ഒരു കോളജിന്റെ പേരും പ്രശസ്തിയും നിലനിർത്തുന്നത് അതിന്റെ അതുല്യരായ അധ്യാപകപ്രതിഭകളാണ്. ഇന്നും ഒരു നല്ല ശതമാനം മാതാപിതാക്കൾ തങ്ങളുടെ മക്കളെ അയയ്ക്കാൻ ആഗ്രഹിക്കുന്നത് അത്തരം പ്രതിഭകളുള്ള കോളജുകളിലേക്കാണ്. അങ്ങനെയുള്ള അധ്യാപകർ പഠിപ്പിക്കുന്ന സ്കൂളുകൾക്കും കോളജുകൾക്കും അവയുടേതായ ഒരു സംസ്കാരപാരമ്പര്യം (a glorious cultural heritage) തന്നെയുണ്ട്. The 'culture' of my St. Berchmans is unique.

വിജ്ഞാനംകൊണ്ടും
പ്രാഗത്ഭ്യംകൊണ്ടും
അനുഗൃഹീതരായ ഒട്ട
നവധി ഗുരുശ്രേഷ്ഠർ

St. Berchmans
culture unique



**തനതായ autograph**

ഇക്കാര്യത്തിൽ, മറ്റേതൊരു കോളജിനും അവകാശപ്പെടാവുന്നതിനേക്കാൾ, അജഗജാന്തരത്തിലാണ് സെന്റ് ബർക്കുമാൻസ് ഇന്നും നിലകൊള്ളുക. അവളുടെ മക്കൾക്കു തനതായ ഒരു 'autograph' ഉണ്ട്. എവിടെയായാലും അവരത് അവിഷ്കരിക്കുകയും മറ്റുള്ളവർ അതു പെട്ടെന്നു മനസ്സിലാക്കുകയും ചെയ്യും. എന്നെന്നും അങ്ങനെ ആയിരിക്കട്ടെ!

**പണ്ഡിത കേസരി**

We know some persons by name, some by face, and some by fame. തുടർന്നു പരാമർശിക്കുന്ന പണ്ഡിതകേസരിയെ, I know only by name and fame. സെന്റ് ബർക്കുമാൻസ് കോളജിലെ വിഖ്യാതമായ ഇംഗ്ലീഷ് വിഭാഗത്തിലെ മഹാഗുരുവര്യനായിരുന്ന മഹദ്ഗുരു പ്രൊഫ. എം.പി. പോളിനെക്കുറിച്ചാണ് ഈ ചുരുങ്ങിയ വാക്കുകൾ. 'നോവൽ സാഹിത്യം,' 'ചെറുകഥാ സാഹിത്യം' തുടങ്ങിയ ആധികാരിക വിമർശനകൃതികളുടെ കർത്താവായ ഈ മഹാപ്രതിഭ മലയാളം പ്രൊഫസ്സറാണെന്നായിരുന്നു ഹൈസ്കൂൾ വിദ്യാഭ്യാസകാലത്തൊക്കെ ലേഖകൻ കരുതിയിരുന്നത്. ഇംഗ്ലീഷിലും മലയാളത്തിലും അഗാധപാണ്ഡിത്യത്തിന്റെ ഉടമയായിരുന്ന പോൾസാർ സെന്റ് ബർക്കുമാൻസിന് അവിസ്മരണീയനാണ്.

**അവിസ്മരണീയൻ**

**എല്ലാമാനത്തിലും ബഹുമുഖപ്രതിഭ**

പ്രതിഭ, ബഹുമുഖപ്രതിഭ എന്നൊക്കെ ചിലരെക്കുറിച്ചു നാം പറയാറുണ്ട്. തൊണ്ണൂറ്റൊമ്പതു ശതമാനം പ്രസ്താവനകളും അതിശയോക്തി കലർന്നതായിരിക്കും. എന്നാൽ അതിശയോക്തി കൂടാതെ, അക്ഷരാർത്ഥത്തിലും സത്യസന്ധതയോടും നമുക്കു പറയാനാവും പ്രൊഫ. എം.പി. പോൾ ഒരു ബഹുമുഖപ്രതിഭയായിരുന്നുവെന്ന്. He was a Teacher, a Literary critic, a social reformer and a man of convictions par excellence. They were all rolled into one in him. അദ്ദേഹത്തിന്റെ ശിഷ്യനാകാനുള്ള അനുഗ്രഹം ലഭിക്കാതെ പോയതിൽ ഖേദമുണ്ട്. എങ്കിലും, തുടർന്നു വ്യക്തമാകുന്നതുപോലെ, പല മഹാരഥന്മാരുടെയും ശിഷ്യനാകാൻ കനിഞ്ഞനുഗ്രഹിച്ച എന്റെ നല്ല ദൈവത്തിന് ഒരായിരം നന്ദി.

**born teacher**

**ലേഖകന്റെ ഒരു ഗവേഷണവിഷയം**

**Teaching, his sublimest vocation**

Prof. MP Paul was a born teacher. സെന്റ് ബർക്കുമാൻസിൽ ഇംഗ്ലീഷ് വിഭാഗത്തിൽ വിദ്യാർത്ഥിയായിരുന്നപ്പോൾ മുതൽ എന്റെ ഒരു ഗവേഷണവിഷയമായിരുന്നു Prof. MP Paul as a Teacher എന്നത്. അദ്ദേഹത്തിന്റെ പല പ്രഗത്ഭരായ ശിഷ്യരുമായും ഈ വിഷയം ചർച്ച ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഗവേഷണഫലം ഏറ്റം ചുരുങ്ങിയ വാക്കുകളിൽ അവതരിപ്പിക്കാം. പോൾസാർ ആജീവനാന്തം ഒരു വിദ്യാർത്ഥിയായിരുന്നു. തന്റെ അറിവ് ആഴവും പരപ്പുമുള്ളതാക്കാൻ, ആനുകാലികമാക്കാൻ, ആധികാരികമാക്കാൻ, ആകർഷകമാക്കാൻ, ജീവിതഗന്ധിയാക്കാൻ. അനുനിമിഷം അദ്ദേഹം പരിശ്രമിച്ചിരുന്നു. മൂന്നുവാക്കുകളിൽ ആ മഹാഗുരുവിന്റെ ശൈലി നമുക്കു സംഗ്രഹിക്കാം - short, sweet, simple. 'സരസ്വതീപൂജ' അദ്ദേഹത്തിന്റെ ദൈവവിളിയായിരുന്നു. For him teaching was not at all a profession. It was his sublimest vocation. He taught both to teach and to delight. It is no exaggeration to say that every one of his

classes was a masterpiece in itself. He was a genius, coupled with regular, consistent, hard work. Even for a genius it is ninetynine percent perspiration and one percent inspiration. Like every genius, Prof. Paul too burned lots of the midnight oil. ചൊല്ലുള്ളതുപോലെ, 'ഗുണികളുഴിയി'ൽ നീണ്ടുവാഴാ! നാല്പത്തൊന്യാമത്തെ വയസ്സിൽ അദ്ദേഹം കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

**genius**

## നർമ്മം കർമ്മവീഥിയിൽ

സെന്റ് ബർക്കുമാൻസ് കോളജിന്റെ ദ്വിതീയ രക്ഷാധികാരി ആയിരുന്നു നർമ്മഭാഷി കൂടിയായ മാർ ജെയിംസ് കാളാശ്ശേരിപ്പിതാവ്. സെന്റ് ബർക്കുമാൻസിൽ അക്കാലത്ത് ഒരു ഗാലക്സി അതിപ്രഗത്ഭരായ പ്രഫസ്സേഴ്സ് ഉണ്ടായിരുന്നു. അന്നു സെന്റ് ബർക്കുമാൻസിന്റെ യശസ്സ് സമർപ്പിത ചേതസ്സുമാരായ അവരുടെ പ്രയത്നമായിരുന്നു. അവരിൽ അഗ്രഗണ്യനായിരുന്നു ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിലുണ്ടായിരുന്ന പ്രഫ. എം. പി. പോൾ. കല്ലറയ്ക്കൽ ഹോളിൽ, നിറഞ്ഞ സദസ്സിൽ, ഒരു യോഗം നടക്കുകയാണ്. രക്ഷാധികാരി തന്നെയായിരുന്നു അന്നത്തെ യോഗാധ്യക്ഷൻ. പോൾ സാറായിരുന്നു അന്നത്തെ പ്രബന്ധാവതാരകപ്രസംഗകൻ. അക്കാലത്തൊക്കെ അധ്യക്ഷന് ഉപക്രമം, ഉപസംഹാരം എന്നു രണ്ടു പ്രസംഗങ്ങളുണ്ടായിരുന്നു. ഉപക്രമം കാര്യമാത്രപ്രസക്തവും അതിഗംഭീരവുമായ ഒരു പ്രസംഗമായിരിക്കും. ഉപസംഹാരത്തിൽ യോഗപരിപാടികളുടെ ഒരു വിലയിരുത്തൽ, അത്യാവശ്യമായ തിരുത്തലുകൾ, മെച്ചപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ, അനുമോദനങ്ങൾ ഇവയൊക്കെയായിരിക്കും അവതരിപ്പിക്കുക. ജീവൻ പണയം വച്ചും സർ സി.പിയുടെ തെറ്റായ വിദ്യാഭ്യാസ നയങ്ങൾക്കെതിരായി പോരാടിയ ചങ്ങനാശ്ശേരിയുടെ വീരപുത്രനാണ് കാളാശ്ശേരിപ്പിതാവ്. സർ സി.പിയുടെ വിദ്യാഭ്യാസ നയത്തിനെതിരായി പിതാവ് എഴുതിയ ഇടയലേഖനം പിൻവലിക്കണമെന്നു പട്ടർ ശഠിച്ചു. അപ്പോൾ നർമ്മവും ഹാസ്യവും കലർത്തി "ഏൻ എഴുതിയത് എഴുതിയത് തന്നെ" എന്ന് മറുപടി അദ്ദേഹം നല്കിയെന്ന് അപ്പൻ പറഞ്ഞു കേട്ടിട്ടുണ്ട്.

**പോൾസാറായിരുന്നു അന്നത്തെ പ്രബന്ധാവതാരക പ്രസംഗകൻ**

**'ഏൻ എഴുതിയത് എഴുതിയത് തന്നെ'**

'നമ്മുടെ കർത്താവു ചിരിച്ചു കാണു'മെന്ന് എം. പി. പോൾ സാർ തന്റെ പ്രസംഗമധ്യേ അഭിപ്രായപ്പെട്ടിരുന്നു. ഉപസംഹാരത്തിൽ പോൾ സാറിന്റെ പ്രസ്താവനയോട് കാളാശ്ശേരിപ്പിതാവ് ഇങ്ങനെയാണ് പ്രതികരിച്ചത്: "എം. പി. പോൾ സാർ പറഞ്ഞു, നമ്മുടെ കർത്താവു ചിരിച്ചിട്ടുണ്ടാകുമെന്ന്. നാമും വിചാരിക്കുന്നു, നമ്മുടെ കർത്താവ് ചിരിച്ചിട്ടുണ്ടാകുമെന്ന്. പക്ഷേ, ഒന്നെനിക്കുറപ്പുണ്ട്. നമ്മിൽ പലരും ചിരിക്കുന്ന 'വിടലച്ചിരി' ആയിരിക്കുകയില്ല തമ്പുരാൻ കർത്താവ് ചിരിച്ചത്." സദസ്സിൽ മാലപ്പടക്കം പൊട്ടുന്നതുപോലുള്ള ചിരി നീണ്ടു കൊണ്ടേയിരുന്നു!

**'വിടലച്ചിരിയല്ല കർത്താവു ചിരിച്ചത്'**

## പ്രൊഫ. പി. ആർ. കൃഷ്ണയ്യർ

1923ൽ ചരിത്രാധ്യാപകനായാണ് ഇരുപത്തിരണ്ടുകാരനായ കൃഷ്ണയ്യർ സാർ സെന്റ് ബർക്കുമാൻസിൽ നിയുക്തനായത്. അദ്ദേഹം ആരംഭം മുതൽ, സെന്റ്



**മഹാനായ ഗുരുശ്രേഷ്ഠൻ**

ബർക്കുമാൻസിൽ ഉണ്ടായിരുന്നെങ്കിൽ, ശങ്കരമേനോൻ സാറിന്റെ അസാന്നിദ്ധ്യം മൂലമുണ്ടായ ആദ്യത്തെ ഒരാഴ്ചത്തെ അവധി ഒഴിവാക്കാമായിരുന്നു, വിദ്യാർത്ഥികൾ സങ്കടപ്പെട്ടു വീട്ടിൽ ഇരിക്കേണ്ടിവരികയില്ലായിരുന്നു; എത്ര ദിവസത്തെ ക്ലാസ്സുകൾ വേണമെങ്കിലും അനായാസം കൈകാര്യം ചെയ്യാൻ, എന്റെ ഈ മഹാനായ ഗുരുശ്രേഷ്ഠനു കഴിയുമായിരുന്നു.

**ക്ലാസ്സുകൾ അവതരിപ്പിക്കുന്നതിൽ അസാമാന്യ ചതുരത**

1921ൽ അദ്ദേഹം എറണാകുളം മഹാരാജാസ് കോളജിൽ ലെക്ചറർ ആയിരുന്നു. സമഗ്രമായ വിഷയാവബോധത്തോടെ, വസ്തുതകൾ വിശദമായി വിശകലനം ചെയ്ത്, സുശക്തവും സുന്ദരവുമായ ഇംഗ്ലീഷിൽ ഉച്ചാരണശാസ്ത്രത്തിന്റെ നിയമങ്ങളെല്ലാം പാലിച്ച്, ഹൃദയസ്പർശിയായി, നർമ്മരസം കലർത്തി, പാഠ്യഭാഗങ്ങൾ അവതരിപ്പിക്കുന്നതിന് അദ്ദേഹത്തിന് അസാമാന്യമായ ചതുരതയും ചാരുതയും ഉണ്ടായിരുന്നു. അനിതരസാധാരണമായ പ്രതിഭാവിലാസത്തിന്റെ ഉടമയായിരുന്നു എന്റെ ഗുരുനാഥൻ. ഗുരുവര്യരേ, ശിഷ്യന്റെ നമോവാകം!

**ഇക്കണോമിക്സിൽ ദ്രോണാചാര്യർ**

അഭിവന്ദ്യകാവുകാട്ടുപിതാവ്, ബി.എ. യ്ക്കു പഠിക്കാൻ എന്നെ കോളജിൽ അയച്ച സംഭവം നേരത്തെ സൂചിപ്പിച്ചതാണ്. സയൻസിലോ ആർട്സിലോ ഏതു വിഷയവും ഐച്ഛികമായി എടുത്തു പഠിക്കാമായിരുന്നു. ബി.എ.യ്ക്ക് ഇക്കണോമിക്സ് എടുക്കാനാണ് താല്പര്യം തോന്നിയത്. പ്രഗത്ഭരായ അദ്ധ്യാപകർ ആ ഡിപ്പാർട്ടുമെന്റിലുണ്ടായിരുന്നു. പ്രൊഫ. കൃഷ്ണയ്യർ തന്നെയായിരുന്നു 1961 ലും അദ്ധ്യക്ഷൻ. ധനതത്ത്വശാസ്ത്രത്തിലെ ദ്രോണാചാര്യർ എന്ന് ആ മഹാപ്രതിഭയെ വിശേഷിപ്പിക്കുന്നതിൽ ഒട്ടും അതിശയോക്തിയില്ല. ഈടുറ്റ പല ധനതത്ത്വശാസ്ത്രഗ്രന്ഥങ്ങളുടെയും കർത്താവാണദ്ദേഹം. ആ ദ്രോണാചാര്യരുടെ കീഴിൽ കുറച്ചെങ്കിലും അഭ്യസിക്കാൻ കഴിഞ്ഞത് അസുലഭഭാഗ്യം തന്നെയാണ്. കൃഷ്ണയ്യർസാർ ഒരു ഉജ്ജ്വലവാഗ്മിയായിരുന്നു. ഒരിക്കൽ അദ്ദേഹം കല്ലറയ്ക്കൽ ഹാളിൽ നടത്തിയ ഒരു സ്വാഗതപ്രസംഗത്തിലെ ആദ്യ വാക്യങ്ങൾ അനുസ്മരിക്കുന്നു.

**Assumption is the Eve of St. Berchmans!**

"Assumption is the Eve of St. Berchmans. Whenever we are short of an audience, we need just inform the Assumption People and we will have a very substantial audience!"

കാല്പനികതയും നർമ്മവും മർമ്മവും ബൈബിളിലുള്ള അവഗാഹവും സമാഹരിക്കുന്ന രണ്ടു നല്ല കൊച്ചുവാക്യങ്ങൾ! കോളജിന്റെ അന്നത്തെ രക്ഷാധികാരി ജെയിംസ് കാളാശ്ശേരിപ്പിതാവിനെ ഒരു വലിയ മീറ്റിംഗിലേയ്ക്കു കൃഷ്ണയ്യർസാർ സ്വാഗതം ചെയ്തപ്പോൾ പറഞ്ഞ ഒരു വാക്യം കെ. കെ. ഫ്രാൻസിസ് സാർ പറഞ്ഞു കേട്ടിട്ടുണ്ട്.

**St. Berchmans the brightest jewel**

"My Lord Bishop, St. Berchmans is the brightest jewel on your ecclesiastical diadem."

ഷേക്സ്പീരിയൻ നാടകങ്ങളിൽ പ്രസിദ്ധ കഥാപാത്രങ്ങളെ അങ്ങേയറ്റം വിജ

യകരമായി അദ്ദേഹം അവതരിപ്പിച്ചിരുന്നു. കഴിവുറ്റ ഒരു സംഘാടകനും ഓജസ്സുറ്റ അനിഷേധ്യ നേതാവുമായിരുന്നു കൃഷ്ണയ്യർ സാർ.

## ഫാ. ജെയിംസ് കാളാശേരി പി.എച്ച്.ഡി, ഡി.ഡി

താത്വികവിഷയമായ ലോജിക്കാണ്, അധ്യാപകനെന്ന നിലയിൽ, അച്ചൻ പഠിപ്പിച്ചിരുന്നതെങ്കിലും, അദ്ദേഹത്തിന്റെ ക്ലാസുകൾ, അങ്ങേയറ്റം, രസകരമായിരുന്നു. സന്ദർഭോചിതമായ ഫലിതോക്തികൾകൊണ്ടു കുട്ടികളെ അദ്ദേഹം കുടുകുടെ ചിരിപ്പിക്കുമായിരുന്നു. ഇത് അദ്ദേഹത്തിന്റെ അനിതരസാധാരണമായ ഒരു കഴിവുതന്നെയായിരുന്നു. ഏവർക്കും പ്രിയങ്കരനായ അധ്യാപകനുമായിരുന്നു അദ്ദേഹം.

## ഫാ. എബ്രാഹം വടക്കേൽ പി.എച്ച്.ഡി, ഡി.ഡി

കാളാശ്ശേരിലച്ചനു പകരം ലോജിക് പഠിപ്പിക്കാൻ നിയുക്തനായ പ്രഗത്ഭമതിയാണ് വടക്കേലച്ചൻ. സരസനായ ഈ മഹാദ്ധ്യാപകന്റെ ഒരു സരസമായ പ്രസംഗം കേൾക്കാൻ ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. അന്നു ലേഖകൻ ഒന്നാംവർഷ ബിരുദവിദ്യാർത്ഥിയായിരുന്നു. പ്രസ്തുതപ്രസംഗത്തിൽ നിന്നു മായാതെ, മങ്ങാതെ, മനസ്സിൽ പതിഞ്ഞിരിക്കുന്ന ഒരു സൂക്തമുണ്ട്. സത്സ്വഭാവത്തിന്റെ സർവ്വംസ്പർശിയായ പ്രാധാന്യത്തെക്കുറിച്ചുള്ള അമൂല്യപദങ്ങളിവയാണ്. ‘If wealth is lost, practically nothing is lost. If health is lost something is lost. If character is lost, everything is lost.”

നലം തികഞ്ഞ പണ്ഡിതൻ, വിഖ്യാതനായ പ്രഭാഷകൻ, സുപ്രസിദ്ധ സാഹിത്യകാരൻ, സംസ്കൃതപണ്ഡിതൻ. അദ്ദേഹത്തിന്റെ ലോജിക് ക്ലാസ്സുകളിലും സംസ്കൃതശ്ലോകങ്ങളുടെ ആലാപനമാധുരി അലയടിക്കാതിരുന്നില്ല. വൃഥാ ചൊല്ലുകയല്ല, ചില തത്വങ്ങൾ വിശദീകരിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനുംവേണ്ടിയാണ് ആ മഹാനുഭാവൻ സംസ്കൃതശ്ലോകങ്ങൾ ഉദ്ധരിച്ചിരുന്നത്. അദ്ദേഹം വൈസ് പ്രിൻസിപ്പലും കോളജ് മാനേജിംഗ് ബോർഡ് സെക്രട്ടറിയുമായിരുന്നു. ഇദ്ദേഹത്തിന്റെ സംസ്കൃത പാണ്ഡിത്യത്തിൽ അസഹിഷ്ണുവായ, അസൂയാലുവായ ഒരു ആഢ്യബ്രാഹ്മണൻ, ഹാസ്യരൂപത്തിൽ, ചോദിച്ചു: കത്തനാരെങ്ങനെ ഈ സംസ്കൃതമെല്ലാം പഠിച്ചു? കുറിക്കുകൊള്ളുന്ന മറുപടി: കാശുകൊടുത്തു പഠിച്ചെടോ!

ഡോ. പി.ജെ. തോമസ്, റാവു ബഹദൂർ, ഡോ. ആർ. എം. മാത്യു, ഫാ. റോമയോ തോമസ്, ഡോ. കുഞ്ഞൻ രാജു, മുൻ കേരളാ മുഖ്യമന്ത്രി ശ്രീ. സി. കേശവൻ, അമ്പാടി കാർത്യായനിയമ്മ തുടങ്ങിയ ഒട്ടേറെ പ്രഗത്ഭരുടെ

സുപ്രസിദ്ധ ഷേക്സ്പീരിയൻ ആക്റ്റർ

ക്ലാസ്സുകൾ അങ്ങേയറ്റം രസകരം

സരസൻ

**“If character is lost, everything is lost.”**

വൈസ് പ്രിൻസിപ്പൽ

മാനേജിംഗ് ബോർഡ് സെക്രട്ടറി

പി.ജെ., ആർ.എം., ഫാ. റോമയോ, കുഞ്ഞൻ രാജു, സി. കേശവൻ, അമ്പാടി, കാർത്യായനിയമ്മ അങ്ങനെ പ്രഗത്ഭരായ നിരവധി സതീർത്ഥ്യർ



സതീർത്ഥ്യനായിരുന്നു വടക്കേലച്ചൻ. ഇന്റർമീഡിയറ്റിന് ഇംഗ്ലീഷിനു രണ്ടാം സ്ഥാനം നേടിയാണു ജയിച്ചത്. ചങ്ങനാശശേരി സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ ശ്രീ. കെ.സി. ചാണ്ടി, എ.സി. ഈപ്പൻ, കൈനിക്കര പദ്മനാഭപിള്ള തുടങ്ങിയവർ അച്ചന്റെ സഹാധ്യാപകരായിരുന്നു.

**ദൈവാനുഗ്രഹങ്ങൾ നിറഞ്ഞ ജീവിതം**

പ്രൊപ്പഗാന്താ കോളജിൽ ഏഴുകൊല്ലം പഠിച്ച് ഫിലോസഫിയിലും തിയോളജിയിലും വടക്കേലച്ചൻ ഡോക്ടറേറ്റ് സമ്പാദിച്ചു. റോമിലായിരിക്കുമ്പോൾ, പതിനൊന്നാം പീയൂസ് മാർപ്പാപ്പായുടെ അധ്യക്ഷതയിൽ നടന്ന ഒരു യോഗത്തിൽ, സംസ്കൃതത്തിൽ നടത്തിയ പ്രഭാഷണവും മറ്റൊരു യോഗത്തിൽ പിതാവിനെപ്പറ്റി സ്വയം രചിച്ചു പാടിയ ഗാനവും നിധ്യോ സുനഹദോസിന്റെ ശതാബ്ദിയാഘോഷവേളയിൽ ഗാഥവൃത്തത്തിൽ താൻ തന്നെ രചിച്ച ഗാനം ആലപിച്ചതും അച്ചൻ അഭിമാനത്തോടെ ഓർക്കുമായിരുന്നു.

**അവതാരികകളുടെ അവതാരകൻ**

സെന്റ് ബർക്കുമാൻസ് കോളജിന്റെ നടത്തിപ്പിനുവേണ്ടി നടത്തിയിരുന്ന രൂപതച്ചിട്ടിക്ക് ആളെച്ചേർക്കാൻ കല്ലറയ്ക്കലച്ചനോടൊപ്പം വടക്കേലച്ചൻ ധാരാളം സഞ്ചരിച്ചിട്ടുണ്ട്.

**അവിസ്മരണീയ സാഹിത്യ പ്രഭാഷണങ്ങളുടെ ഉടമ**

വളരെക്കാലം വിദ്യാഭ്യാസരംഗത്തു പ്രവർത്തിച്ച വടക്കേലച്ചൻ പ്രത്യേകമായി അറിയപ്പെടുന്നത് ചില സാഹിത്യകൃതികൾക്ക് അദ്ദേഹം എഴുതിയ അവതാരികകളിലൂടെയാണ്. ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ 'രക്തപുഷ്പങ്ങൾ' എന്ന കാവ്യസമാഹാരത്തിന് അദ്ദേഹമെഴുതിയ അവതാരിക ആ നിരൂപകപ്രതിഭയുടെ കാവ്യമർമ്മജ്ഞത നിതരാം വ്യക്തമാക്കുന്നതാണ്. കൈനിക്കര കുമാരപിള്ളയുടെ 'കാൽവരിയിലെ കല്പപാദപം,സി. മേരി ബനീഞ്ഞയുടെ 'കാവ്യസമാഹാരം,' പ്രൊഫ. ഉലഹന്നാൻ മാപ്പിളയുടെ 'പ്രണയ പ്രവാഹം', തുടങ്ങിവേറെയും ധാരാളം കൃതികൾക്കു വടക്കേലച്ചൻ അവതാരിക എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ സാഹിത്യപ്രഭാഷണങ്ങൾ അങ്ങേയറ്റം വിലമതിക്കപ്പെട്ടിരുന്നു. ധാരാളം സാഹിത്യ സദസ്സുകളും സാംസ്കാരിക സമ്മേളനങ്ങളും അദ്ദേഹത്തിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടിട്ടുണ്ട്.

**പോൾ ആറാമൻ മാർപ്പാപ്പായിൽ നിന്നു മോൺസിഞ്ഞോർ പദവി**

വടക്കേലച്ചന്റെ സഭാസേവനങ്ങൾക്ക് അംഗീകാരമായി പോൾ ആറാമൻ മാർപ്പാപ്പാ അദ്ദേഹത്തിനു മോൺസിഞ്ഞോർ പദവി നല്കി ആദരിച്ചു. സഭാസ്നേഹവും അനുസരണവും അദ്ദേഹത്തിന്റെ വിശിഷ്ടഗുണങ്ങളായിരുന്നു. ആതുരസേവനം അച്ചന്റെ ഇഷ്ടവിഷയമായി. ദീനദയാലുവായ ആ പ്രതിഭാശാലി. ജീവിതയശ്ശസ്സിനെക്കാൾ, ആത്മീയസമ്പന്നതകൾക്കും വൈദികവൃത്തിയിലെ അവശ്യം ആവശ്യമായ ആത്മാർത്ഥതയ്ക്കും മുൻതൂക്കം കല്പിച്ചിരുന്ന ആ കലാവല്ലഭൻ, 1980 ഡിസംബർ 31 നു ദിവംഗതനായി. വൈദികലോകത്തെ സമുത്കൃഷ്ടമായ ഒരു അപൂർവ്വതയായി അദ്ദേഹം നിലകൊള്ളുന്നു.

**സർവ്വസാചി**

## പി.ആർ ദ്വൈരെസ്വാമി ശർമ്മ

**പ്രഥമ സംസ്കൃതാധ്യാപകൻ**

സെന്റ് ബർക്കുമാൻസിലെ പ്രഥമസംസ്കൃതാധ്യാപകനായിരന്നു ഇദ്ദേഹം. സുദീർഘമായ ഒരു കാലഘട്ടം അദ്ദേഹം ഇവിടെ അധ്യാപകനായിരുന്നു.

വി. ആർ. ശ്രീനിവാസ ശർമ്മ

അദ്ദേഹം നമ്മുടെ വിദ്യാർത്ഥികൾക്കുവേണ്ടി 1945ൽ, 'A Practical Sanskrit Grammar' എന്ന ഗ്രന്ഥം തയ്യാറാക്കി. ഇതു വളരെ നല്ല ഒരു സംസ്കൃതപാഠഗ്രന്ഥമാണ്. പിന്നീടു സംസ്കൃതലക്ചററായി വന്ന വി.ആർ. ശ്രീനിവാസശർമ്മയുടെ സേവനം മലയാളം എം.എ. തുടങ്ങിയപ്പോൾ വളരെയേറെ പ്രയോജനപ്പെട്ടു.

## കെ. ശങ്കരപ്പിള്ള

Disciplinarian

1923 ജൂൺ 11 നു മലയാളം ലക്ചററായി ചാർജെടുത്ത ശങ്കരപ്പിള്ളസാർ സമർത്ഥനായ ഒരു മലയാളാദ്ധ്യാപകൻ എന്ന പേരും പ്രശസ്തിയും, സി.എം.എസ്. കോളജിൽവച്ചു തന്നെ സമ്പാദിച്ചതാണ്. അവിടെ ആറുകൊല്ലവും, അതിനു മുമ്പു, തിരുവനന്തപുരം വനിതാ കോളജിൽ കുറച്ചുകാലവും പഠിപ്പിച്ച പരിചയസമ്പത്തുമായാണ്, അദ്ദേഹം എന്റെ സെന്റ് ബർക്കുമാൻസിന്റെ പടികയറിയത്. വളരെ അച്ചടക്കമായിരുന്നു അദ്ദേഹത്തിന്റെ ക്ലാസ്സുകളിലെല്ലാം - മൊട്ടുസൂചി വീണാൽ കേൾക്കാവുന്നത്ര നിശ്ശബ്ദത. എവിടെയെങ്കിലും അസ്വസ്ഥതകളുടെയോ, അനാസ്ഥയുടെയോ ലാഞ്ചന കണ്ടാൽ, കരൾ തുളച്ചുകയറുന്ന വാക്ശരങ്ങൾ സാറിന്റെ അധരങ്ങളിൽനിന്നു നിർഗ്ഗളിക്കുമെന്ന് ഏവർക്കും അറിയാമായിരുന്നു.

ഗൗരവം വിടാതെ ഫലിതസമ്മിളിതമായ ക്ലാസ്സുകൾ

ഗൗരവം വിടാതെയും, എന്നാൽ ഫലിതസമ്മിളിതമായും, അദ്ദേഹം ക്ലാസ്സുകൾ നയിക്കുമായിരുന്നു. സെന്റ് ബർക്കുമാൻസ് ഒന്നാം ഗ്രേഡായപ്പോൾ ശങ്കരപ്പിള്ളസാർ വകുപ്പദ്ധ്യക്ഷസ്ഥാനത്തു തുടർന്നു. പൗരസ്ത്യഭാഷകളുടെ സൂപ്രണ്ട് എന്ന പദവിയും അദ്ദേഹത്തിനു ലബ്ധമായി. സാഹിത്യലോകത്തും അറിയപ്പെടുന്ന വ്യക്തിയാണദ്ദേഹം. 'സ്നേഹപ്രവാഹകാരുഷ്യം' എന്ന നോവലും 'ഉണ്ണേരവി' എന്ന നാടകവും അദ്ദേഹത്തിന്റെ കൃതികളാണ്. സ്മര്യപുരുഷന്റെ സ്മരണനിലനിർത്താൻ, ഡിഗ്രിക്കു പാർട്ട് II മലയാളത്തിനു പ്രഥമസ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്കുവേണ്ടി ഒരു ഗോൾഡ്മെഡൽ സെന്റ് ബർക്കുമാൻസിൽ ഏർപ്പെടുത്തിയിരുന്നുവെന്നത് എടുത്തുപറയേണ്ട വസ്തുതയാണ്.

സ്മരണ നിലനിർത്താൻ സ്വർണ്ണമെഡൽ

## പ്രൊഫ. പി. ശങ്കരൻ നമ്പ്യാർ

ലക്ഷണമൊത്തവൻ

1927ൽ സെന്റ് ബർക്കുമാൻസ് ഒരു ഒന്നാംഗ്രേഡ് കോളജായി ഉയർന്നപ്പോൾ, സമർത്ഥനായ ഒരു ഇംഗ്ലീഷ് പ്രൊഫസറുടെ സേവനം അത്യന്താപേക്ഷിതമായിവന്നു. അങ്ങനെയാണ് എറണാകുളം മഹാരാജാസ് കോളജിൽനിന്ന് പി. ശങ്കരൻ നമ്പ്യാർ ഇവിടെ, ഡെപ്യൂട്ടേഷനിൽ, എത്തിയത്. 1928 ജനുവരി പന്ത്രണ്ടിനാണ് (12) ഈ മഹാരഥൻ കോളജിൽ വന്നത്. "ആകാരസദൃശപ്രജ്ഞഃ പ്രജ്ഞയാസദൃശാഗമഃ" എന്ന കവി വാക്യംപോലെ - അദ്ദേഹത്തിന്റെ ബാഹ്യാകാരംപോലെ തന്നെ സൗഷ്ഠവവും സുഗതവും മോടിയും കലർന്നതായിരുന്നു അദ്ദേഹത്തിന്റെ അന്തഃസത്തയും. 'ആനകമനന്ദസ്നിദ്ധമായ' ആ സ്വരം ആരെയും ആകർഷിക്കാൻ പോന്നതായിരുന്നു.

ആരെയും ആകർഷിക്കാൻ പോന്ന സ്വരം

ഇംഗ്ലീഷ് മലയാള സാഹിത്യങ്ങളിൽ അദ്ദേഹം ഒരു സർവ്വസാചി ആയിരു



ന്നു. ഷേക്സ്പിയർ പഠിപ്പിക്കുമ്പോഴും, കാളിദാസകൃതികളിൽ നിന്നു, സാന്ദർഭികമായി പലതും ഉദ്ധരിക്കും. ഇംഗ്ലീഷിലും മലയാളത്തിലും അദ്ദേഹം തുല്യ വാഗ്ധാടിയോടെ പ്രസംഗിക്കുമായിരുന്നു. അദ്ദേഹം മലയാളഭാഷയിലെ പ്രമുഖനായ ഒരു സാഹിത്യകാരനാണ്. 'സാഹിത്യപ്രകാശിക', 'മലയാളസാഹിത്യ ചരിത്രസംഗ്രഹം', പ്രസ്ഥാനത്രയം, തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ വിഖ്യാതകൃതികൾ.

സർവ്വസാചി

## എസ്.ജി. സുബ്രഹ്മണ്യ അയ്യർ

1933ൽ എസ്.ജി. സുബ്രഹ്മണ്യ അയ്യർ ഇംഗ്ലീഷ് വകുപ്പദ്ധ്യക്ഷനായി. ഇതേ വർഷം തന്നെയാണ് പൂർവ്വവിദ്യാർത്ഥിയായ ശ്രീ. വി.വി. ജോൺ ആദ്യത്തെ പ്രാവശ്യം ഇവിടെ ജോലിയിൽ പ്രവേശിക്കുന്നത്. 1935ൽ സുബ്രഹ്മണ്യ അയ്യർ സെന്റ് ബർക്കുമാൻസിൽ നിന്നു പിരിഞ്ഞ ഒഴിവിലാണ് അതുല്യപ്രതിഭയായ ശ്രീ. എം.പി. പോൾ ഇവിടെ നിയമിതനായത്. 1938 ജൂൺ 8-ന് പോൾസാർ, ചില സാങ്കേതിക കാരണങ്ങളാൽ, പിരിഞ്ഞു. പിന്നീടു തൃശൂരിൽനിന്നു ഡെപ്യൂട്ടേഷനിൽ വന്ന ശ്രീ. പി.എസ്. വെങ്കിടേശ്വരനും അനന്തരം എ.പി. ഒബ്രിയനുമാണ്, സെന്റ് ബർക്കുമാൻസിൽ ഇംഗ്ലീഷ് പ്രൊഫസ്സർ പദവി സ്വീകരിക്കുന്നത്.

പൂർവ്വ വിദ്യാർത്ഥി പ്രൊഫ. വി.വി. ജോൺ ഒന്നാം പ്രാവശ്യം സെന്റ് ബർക്കുമാൻസിൽ

ദുഃഖകരമായ വിടപറയൽ

## പി.ജി. സഹസ്രനാമ അയ്യർ

1944 ൽ ഒബ്രിയൻ ഇവിടത്തെ ജോലി രാജിവച്ചുപോയപ്പോൾ യൂണിവേഴ്സിറ്റി കോളജിൽ സുദീർഘകാലം സേവനമനുഷ്ഠിച്ചശേഷം ഗവൺമെന്റ് സർവ്വീസിൽനിന്നും പിരിഞ്ഞ പി.ജി. സഹസ്രനാമ അയ്യരെ (57 വയസ്സ്) സെന്റ് ബർക്കുമാൻസിൽ, ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിൽ, പ്രൊഫസ്സറായി നിയമിച്ചു. എന്നാൽ, അപ്രതീക്ഷിതമായി 1945 ഒക്ടോബർ 15-ന് (ലേഖകന് ഒന്നരവയസ്സുള്ളപ്പോൾ), അദ്ദേഹം, സർ സി.പി.യുടെ സമ്മർദ്ദംമൂലം, രാജിവച്ചു.

സി.പി.യുടെ പ്രതികാരോപകരണമാകാനുള്ള ഗതികേട്

സമ്മർദ്ദംമൂലം രാജി

മാനേജ്മെന്റിന് ഇതു വലിയ ആഘാതമായിരുന്നു. ഇംഗ്ലീഷ് സ്റ്റാഫ് അംഗങ്ങളിൽ പരിചയസമ്പന്നരായി ആരും ഉണ്ടായിരുന്നില്ല. ഷെപ്പേർഡ് സാർ ജോലിയിൽ പ്രവേശിച്ചിട്ട് ഒന്നര വർഷമേ ആയിരുന്നുള്ളു. ഈ വലിയ പ്രതിസന്ധിയിൽ, അപകടത്തിൽ, സെന്റ് ബർക്കുമാൻസിനു നല്ല സമറായനായത് മഹാനും മാന്യനും സഭാസ്നേഹിയുമായ എം.പി. പോൾ സാർ ആണെന്നത് അകൈതവമായ കൃതജ്ഞതയോടും അഭിമാനപുരസ്സരവും അനുസ്മരിക്കുന്നു.

മാനേജ്മെന്റിന്റെ മഹാ ദുഃഖമകറ്റി നല്ല സമറായൻ

## പ്രൊഫ. സി. എ. ഷെപ്പേർഡ്

1961 - 62 ൽ ഞാൻ പ്രഥമവർഷ ബി.എ ക്ലാസ്സിലായിരുന്നു. ഇംഗ്ലീഷ് എല്ലാ വിദ്യാർത്ഥികൾക്കും പഠിക്കണമായിരുന്നു. ഒന്നും രണ്ടും വർഷങ്ങളിൽ മാത്രമേ ഒന്നാം ഭാഷയായ ഇംഗ്ലീഷ് ഉണ്ടായിരുന്നുള്ളൂ. ഞങ്ങളെ A, B, എന്ന രണ്ടു ബാച്ചുകളിലായി തിരിച്ചിരുന്നു. ഓരോ ബാച്ചിലും ശരാശരി 120 കുട്ടികൾ കാണും. ഇക്കണോമിക്സ്കാരെല്ലാം ബി. ബാച്ചിലായിരുന്നു. രണ്ടു ബാച്ചുകളിലും ആദ്യത്തെ ഒന്നും രണ്ടും ക്ലാസ്സുകൾ ഇംഗ്ലീഷ് ആയിരുന്ന ഒരു ദിവസം ഞങ്ങളെ

**Prof. Sheppard is for knowledge**

പഠിപ്പിച്ചുകൊണ്ടിരുന്ന രണ്ടദ്ധ്യാപകരും എന്തോ കാരണത്താൽ, അവധിയെടുത്തു. എന്റെ സെന്റ് ബർക്കുമാൻസിൽ അന്നു വിദ്യാർത്ഥികളെ ഒരിക്കലും ഫ്രീ വിടുകയില്ലായിരുന്നു. ഒന്നാം വർഷ ഡിഗ്രിക്കാരെല്ലാം കല്ലറയ്ക്കൽ ഹോളിലേയ്ക്കു പോകാൻ നിർദ്ദേശമുണ്ടായി. 240 ഓളം യുവതീ യുവാക്കൾ ഒരുമിച്ചു കൂടിയപ്പോൾ അന്തരീക്ഷം അല്പമൊക്കെ ശബ്ദായമാനമായി.

നിമിഷങ്ങൾക്കുള്ളിൽ, ഹോളിൽ പരിപൂർണ്ണ നിശ്ശബ്ദത! ഏററം മുൻ നിരയിൽ ഏതാണ്ട് മധ്യഭാഗത്തായി ഇരുന്നിരുന്ന ഞാൻ ശബ്ദമധ്യത്തിലും വായനയിൽ മുഴുകിയിരിക്കുകയായിരുന്നു. ആ നിശ്ചലനിശ്ശബ്ദതയിൽ ഞാനൊഴികെ എല്ലാവരും ആദരപൂർവ്വം ചാടിയെഴുന്നേററപ്പോൾ ഉണ്ടായ കാൽപെരുമാററം ശ്രദ്ധേയമായി. അപ്പോഴാണ് ഞങ്ങളുടെ വകുപ്പദ്ധ്യക്ഷൻ-തെന്നിന്ത്യ മുഴുവൻ സുപ്രസിദ്ധനായ മാന്യ വ്യക്തി - ഹോളിലേയ്ക്കു കയറി വരുന്നതു കണ്ടത്. പെട്ടെന്ന് ഞാൻ ചാടിയെഴുന്നേററു. അനല്പമായ സന്തോഷം തോന്നി. പി. യു. സി. യിൽ അദ്ദേഹം വല്ലപ്പോഴുമൊക്കെ വന്ന് ഞങ്ങൾക്ക് വ്യാകരണ ക്ലാസ്സുകൾ എടുത്തിട്ടുണ്ട്. എങ്കിലും അല്പം കൂടി പക്വത വന്നിരിക്കുന്ന അവസ്ഥയിൽ ആ അറിവിന്റെ ഭണ്ഡാരത്തിൽ നിന്നു കുറെക്കൂടി ശേഖരിക്കാൻ കഴിയുമല്ലോയെന്നോർത്ത് ഏറെ സന്തോഷിച്ചു.

അദ്ദേഹത്തെക്കുറിച്ചും സി.എസ്. കുര്യൻ സാറിനെക്കുറിച്ചും തന്നെക്കുറിച്ചുതന്നെയും ഒട്ടും അതിശയോക്തി കലരാത്ത ഒരു പ്രസ്താവന നടത്തിയ സെന്റ് ബർക്കുമാൻസിലെ മറ്റൊരദ്ധ്യപകനെക്കുറിച്ചു പലരും കേട്ടുകാണും. അമ്മാൾ കൊലക്കേസിലെ പ്രതിയായി, ജീവപര്യന്തം തടവുശിക്ഷ അനുഭവിച്ച, സണ്ണി (കെ.എ. മത്തായി ബി.എ. (Hons) 1950-1955) സാറാണ് പ്രസ്താവന നടത്തിയ ആൾ. അദ്ദേഹത്തിന്റെ അഭിപ്രായം ശരിയോ എന്ന് അദ്ദേഹത്തെ അറിയാമായിരുന്ന ഡിപ്പാർട്ട്മെന്റിലെ മററദ്ധ്യാപകരോട് അന്വേഷിച്ചപ്പോൾ, പറഞ്ഞത് അക്ഷരാർത്ഥത്തിൽ ശരിയാണെന്ന് അവർ ഐകകണ്ഠ്യേന, തലകുലുക്കി, സമ്മതിച്ചത്, കൃത്യമായി സ്മരിക്കുന്നു.

അദ്ദേഹം ശിക്ഷ ഏറ്റു വാങ്ങി പുറത്തു വന്നു കഴിഞ്ഞ് ഒരു ദിവസം ഡിപ്പാർട്ടുമെന്റിൽ വന്നു. അന്ന് ഞാൻ സ്റ്റാഫിൽ അംഗമായിക്കഴിഞ്ഞിരുന്നു. ഞാൻ ഒന്നാം വർഷ എം.എ.യ്ക്ക് ക്ളാസ്സെടുത്തു കൊണ്ടിരിക്കുമ്പോൾ, അദ്ദേഹവും (കക്ഷിയെ ലേഖകൻ ഒരിക്കലും കണ്ടിരുന്നില്ല.) അന്നത്തെ വകുപ്പദ്ധ്യക്ഷൻ കെ. റ്റി സെബാസ്റ്റ്യൻ സാറും ഒരുമിച്ച് ക്ളാസ്സ് മുറിയുടെ വാതില്ക്കൽ വന്നു. എന്തെങ്കിലും കാരണം കാണുമെന്നു കരുതി, വാതില്ക്കലേക്ക് നടന്നു ചെല്ലാൻ ശ്രമിച്ചപ്പോൾ, സെബാസ്റ്റ്യൻ സാർ ക്ളാസ്സ് തുടരാൻ എന്നെ ആംഗ്യം കാണിച്ചു. ഞാൻ തുടർന്നു.

കുറച്ചു സമയം ഇരുവരും ക്ളാസ്സുകേട്ടു നിന്നിട്ട് മടങ്ങിപ്പോയി. ലെക്ചർ കഴിഞ്ഞ് ഡിപ്പാർട്ട്മെന്റിൽ എത്തിയപ്പോൾ സെബാസ്റ്റ്യൻ സാർ, മറ്റു ചില അദ്ധ്യാപകരോട് സംസാരിച്ചിരിക്കുകയായിരുന്നു. കണ്ടയുടനെ അദ്ദേഹം എന്നോട്

**സെന്റ് ബർക്കുമാൻസിൽ Free period ഒരിക്കലുമില്ല അക്കാലത്ത്**

**തെന്നിന്ത്യ മുഴുവൻ സുപ്രസിദ്ധൻ**

**അനല്പമായ സന്തോഷം**

**ഒട്ടും അതിശയോക്തി കലരാത്ത പ്രസ്താവന (അന്യത്ര രേഖപ്പെടുത്തിയിട്ടുണ്ട്)**

**'അച്ചന്റെ (ലേഖകന്റെ) ലെക്ചർ കേൾക്കാൻ**



ആരാഞ്ഞു:

"അച്ചന്റെ ലെക്ചർ കേൾക്കാൻ വന്ന ആളിനെ മനസ്സിലായോ?"

"ഇല്ല", എന്റെ മറുപടി.

'തിരുവല്ലാക്കാരൻ സണ്ണി'

"അതാണ് തിരുവല്ലാക്കാരൻ സണ്ണി, അമ്മാൾ വധക്കേസിലെ പ്രതി", സെബാസ്റ്റ്യൻസാർ വ്യക്തമാക്കി. ഈ കേസ് വളരെ വാർത്താപ്രാധാന്യം നേടിയ ഒന്നായിരുന്നു. തീരെ ചെറുപ്പമായിരുന്നെങ്കിലും, അതു കൃത്യമായി ഓർത്തിരിക്കുന്നതു രണ്ടു കാരണങ്ങളാലാണ്. ഒന്ന്, അതു കേരളത്തിൽ അത്ര കോളിളക്കം സൃഷ്ടിച്ചിരുന്നുവെന്നത്; രണ്ട്, മാവേലിക്കര സെഷൻസ് കോർട്ടിൽ, കേസിന് തെളിവില്ലെന്ന കാരണത്താൽ, പ്രതിയെ ആദ്യം വെറുതെവിട്ട അന്നത്തെ ജഡ്ജി, ജോസഫ് അഗസ്റ്റിൻ വട്ടക്കളം (MA. BL) എന്റെ അങ്കിൾ ആയിരുന്നുവെന്നത്.

സണ്ണിസാർ, ഷെപ്പേർഡ് സാറിനെക്കുറിച്ച് നടത്തിയ പ്രസ്താവനയെക്കുറിച്ച് സൂചിപ്പിച്ചല്ലോ. അദ്ദേഹം, നിസ്സങ്കോചം, ക്ളാസ്സുകളിൽ ആവർത്തിച്ചു പറഞ്ഞിരുന്ന, സത്യസന്ധമായ, യാതൊരു അതിശയോക്തിയുമില്ലാത്ത, പ്രസ്തുത പ്രസ്താവന ഇതാണ്:

"Prof. Sheppard is for knowledge; Prof. Kurian is for notes; I am for lecture."

നേരിൽ അനുഭവിച്ചറിഞ്ഞത്

ആദ്യത്തെ രണ്ടു കാര്യങ്ങളും ഞാൻ നേരിൽ അനുഭവിച്ചറിഞ്ഞിട്ടുള്ള കാര്യങ്ങളാണ്. മൂന്നാമത്തേത്, അന്വേഷണത്തിൽ നിന്നും ബോധ്യമായ വസ്തുതയും.

ഷെപ്പേർഡ്സാർ ജനറൽ ക്ലാസ്സിൽ വന്ന വസ്തുത സൂചിപ്പിച്ചാണ് ഈ അനുസ്മരണം ആരംഭിച്ചത്. ക്ലാസ്സിൽ പ്രവേശിച്ച ഉടനെ ഞങ്ങൾ നല്കിയ ആദരവു സ്വീകരിച്ച്,

"A very good morning to you all" എന്ന് അദ്ദേഹം പറഞ്ഞു. അടുത്തതായി അദ്ദേഹം പറഞ്ഞത്:

വളരെ നല്ല ഉപന്യാസം

"I am going to finish JB Priestly's 'Televiewing' today" എന്നാണ്.

'ജ്ഞാനസാഗരം' ഒരു ഉപന്യാസം മുഴുവൻ പഠിപ്പിച്ചു തരാൻ പോകുന്നു!

ഞങ്ങൾക്ക് പഠിക്കാനുള്ള ഗദ്യസമാഹാരത്തിലെ വളരെ നല്ല ഒരു ഉപന്യാസമായിരുന്നു അത്. ഈ പ്രസ്താവന കേട്ടപ്പോൾ ഞങ്ങൾ മതിമറന്നു സന്തോഷിച്ചു. ഇതാണ് സന്തോഷത്തിനുകാരണം, 'ജ്ഞാനസാഗര'മായ ഷെപ്പേർഡ് സാർ പ്രധാനപ്പെട്ട ഒരു ഉപന്യാസം മുഴുവൻ പഠിപ്പിച്ചു തരാൻ പോകുന്നു! ഒരു വിദ്യാർത്ഥിക്ക് ഇതിൽപ്പരം എന്തു ഭാഗ്യം ലഭിക്കാൻ!

രണ്ടു മണിക്കൂർ ഞൊടിയിടയിൽ കടന്നുപോയി

ടെക്സ്റ്റിൽനിന്നു വായിച്ചു വിശദീകരിച്ചത് ആദ്യവാചകം മാത്രം

ഞങ്ങളെ സംബന്ധിച്ചിടത്തോളം, ആ രണ്ടുമണിക്കൂർ ഞൊടിയിടയിൽ കടന്നുപോയി. സ്വച്ഛമായി ഒഴുകുന്ന ഒരു കൊച്ചരുവിയുടെ കളകളാരവം പോലെയായിരുന്നു അത്. 'സത്യം, ശിവം, സുന്ദരം'! രണ്ടു മണിക്കൂർ കഴിഞ്ഞപ്പോൾ, ടെക്സ്റ്റിൽ നിന്ന് ആദ്യവാചകം മാത്രമാണ് ഷെപ്പേർഡ് സാർ വായിച്ചു വിശദീകരിച്ചത്!

"Yes, Prof. Sheppard is for knowledge". Ph. D ഇല്ലാതെ Ph.D ക്കാർക്കു ഗൈഡ് ആയിരുന്ന മറ്റാരെയും അറിവില്ല.

ഞങ്ങളുടെ സെമിനാരിക്കാലത്തിനൊക്കെ മുമ്പ് ഒരു സെന്റ് തോമസ് ഡേയ്ക്കു വിശിഷ്ടാതിഥിയായി, ഷെപ്പേർഡ്സാറിനെ ക്ഷണിച്ചുകൊണ്ടു വരാൻ ഒരു ബ്രദർ അയയ്ക്കപ്പെട്ട കഥ കേട്ടിട്ടുണ്ട്. കാർ വാടകയ്ക്കെടുത്ത്, അതിലാണ് അദ്ദേഹം മൂർഹൗസിലേക്കു ചെന്നത്. സാർ ഒരുങ്ങി നില്ക്കുകയായിരുന്നു. അതുകൊണ്ട് ബ്രദർ വേഗം ഇങ്ങനെ പറഞ്ഞുവത്രേ:

"Sir, I ready, You ready? Car ready."

അസുലഭ ഭാഗ്യം

ഷെപ്പേർഡ് സാർ സെന്റ് ബർക്കുമാൻസിലായിരുന്നതും ഞങ്ങളെ പഠിപ്പിച്ചതും അസുലഭഭാഗ്യം തന്നെയാണ്. അക്കാലത്ത് ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിൽ പ്യൂണായിരുന്ന ചെറിയാൻ ചേട്ടന് ഒട്ടുംതന്നെ ഇംഗ്ലീഷ് അറിയില്ലായിരുന്നു. ഷെപ്പേർഡ്സാറിന് ഒട്ടും മലയാളവും അറിയില്ലായിരുന്നു. ഇവർ തമ്മിലൊരു സംഭാഷണം നടന്നതാണു പ്രതിപാദ്യം. കോമ്പസിഷൻ മണിക്കൂറിൽ ചിലപ്പോഴേ സാർ എഴുതിക്കുമായിരുന്നുള്ളൂ. ആ മണിക്കൂർ കൂടി പഠിപ്പിക്കാൻ അദ്ദേഹം ഉപയോഗിച്ചിരുന്നു. ഉണ്ടെങ്കിൽ, കുട്ടികളുടെയെല്ലാം നോട്ടുബുക്കുകൾ, ചെറിയാൻ ചേട്ടൻ, ക്ലാസിലെത്തിക്കണം. പല പ്രാവശ്യം രണ്ടാംനിലയിലേക്കും മൂന്നാം നിലയിലേക്കും നടന്നെങ്കിലേ ബുക്കുകളെല്ലാം അവിടെ എത്തുമായിരുന്നുള്ളൂ. ചെറിയാൻ ചേട്ടന് ഈ ജോലി ചെയ്യുന്നതിൽ നൂറു ശതമാനം സന്തോഷമുണ്ടായിരുന്നോ? നമുക്കറിഞ്ഞുകൂടാ. എങ്കിലും കൃത്യനിർവ്വഹണത്തിൽ നല്ല നിഷ്ഠയുണ്ടായിരുന്നു ചെറിയാൻ ചേട്ടന്. അതുകൊണ്ട് ഒരു കോമ്പസിഷൻ ക്ലാസ്സിനു മുമ്പ് അദ്ദേഹം ഷെപ്പേർഡ് സാറിനെ സമീപിച്ചു ചോദിച്ചു:

ചെറിയാൻ ചേട്ടൻ

കൃത്യനിർവഹണത്തിൽ നല്ല നിഷ്ഠ

"Sir, today, 'yes' composition or 'no' composition?" ചെറിയാൻ ചേട്ടന്റെ മംഗ്ലീഷ് ഷെപ്പേർഡ് സാറിനു ശരിക്കു മനസ്സിലായി!

'മംഗ്ലീഷ്' സാറിനു ശരിക്കു മനസ്സിലായി!

സാർ ചെറിയാൻ ചേട്ടനോട് ഇങ്ങനെ മറുപടി പറഞ്ഞു:

"Mr. Cherian, today no composition". ചെറിയാൻ ചേട്ടൻ സസന്തോഷം മടങ്ങിപ്പോയെന്നാണു കഥ.

## പ്രൊഫ. സി.എസ്. കുര്യൻ

സി. എസ്. കുര്യൻ സാറിന്റെ പേരു സാന്ദർഭികമായി പറഞ്ഞു കഴിഞ്ഞു. "Prof. Kurian is for notes" എന്ന പ്രസ്താവനയാണ് സപ്ലിസാർ നടത്തിയത്. സി. എസ്. കുര്യൻസാറാണ് ഷേക്സ്പിയറിന്റെ വിശ്വവിഖ്യാതനാടകങ്ങളിലൊന്നായ 'The Tempest' ഞങ്ങളെ പഠിപ്പിച്ചത്. അദ്ദേഹത്തിന്റെ 'notes' നന്നായി പ്രയോജനപ്പെടുത്തിയ എനിക്കായിരുന്നു 1963ൽ, സെന്റ് ബർക്കുമാൻസിൽ, സെക്കന്റ് ബി.എ. ഇംഗ്ലീഷിന്, ഏറ്റവും കൂടുതൽ മാർക്ക്. ദൈവമേ നന്ദി! ദൈവമേ സ്തുതി! ദൈവമേ ആരാധന! കുര്യൻ സാറിന്റെ 'നോട്സ്' സെന്റ് ബർക്കുമാൻസിൽ മാത്രമല്ല, കേരളത്തിലെ നിരവധി കോളജുകളിലെ വിദ്യാർത്ഥികൾ അവ നന്നായി പ്രയോജനപ്പെടുത്തിയിരുന്നു. അവ പഠിക്കാൻ വളരെ എളുപ്പമാ

1963 ൽ സെക്കന്റ് ബിഎ ഇംഗ്ലീഷിനു highest mark

നിരവധി കോളജുകളിലെ വിദ്യാർത്ഥികൾ കുര്യൻ സാറിന്റെ notes ഉപയോഗിച്ചിരുന്നു.



യിരുന്നു. 'Short, sweet, simple' ഈ മൂന്നു പദങ്ങൾ മതിയാവും സവിശേഷതകളൊക്കെ വ്യക്തമാക്കാൻ.

**ജയിക്കാൻ ആദ്യത്തെ ഖണ്ഡിക മതിയാകും**

സന്ദർഭം കുറിച്ച് ആശയം വ്യക്തമാക്കുക എന്ന ചോദ്യത്തിന് അദ്ദേഹം തരുന്ന 'നോട്സി'ന്റെ ഘടന ഇതാണ്. ആദ്യം സാമാന്യം ദീർഘമായ ഒരു ഖണ്ഡിക. അതു തന്നു കഴിഞ്ഞിട്ട് അദ്ദേഹം പറയും, 'Those who want a second class, may write the following paragraph also.' ഇതിൽ നിന്ന് ഒരു വസ്തുത വ്യക്തമാകണം, ജയിക്കാനുള്ള മാർക്കു കിട്ടാൻ അദ്ദേഹത്തിന്റെ 'നോട്സി' ന്റെ ആദ്യത്തെ ഖണ്ഡിക മതിയാവും. സെക്കന്റ് ക്ലാസു കിട്ടാൻ അദ്ദേഹം തന്നിരിക്കുന്ന രണ്ടു ഖണ്ഡികകൾ എഴുതണം. അങ്ങനെ രണ്ടു ഖണ്ഡികകൾ തന്നതിനു ശേഷം കുര്യൻ സാർ പറയും:

"Now, those who want a first class may write the following paragraph as well."

**ശരിക്കുപയോഗിച്ചാൽ ക്ലാസ് ഉറപ്പ്**

ഇങ്ങനെ അദ്ദേഹം പഠിപ്പിക്കുന്ന ഭാഗങ്ങൾക്കെല്ലാം 'നോട്സ്' തന്നിരിക്കും. സാധ്യതയുള്ള ഉപന്യാസങ്ങളെഴുതാൻ സുന്ദരമായ ആമുഖത്തോടു കൂടി, നൂതനാശയങ്ങൾ ചേർത്ത്, സമഗ്രമായ ഉത്തരം നല്കി, അങ്ങേയറ്റം അനുയോജ്യമായ ഒരു ഉപസംഹാരവും കൂട്ടിച്ചേർത്തുതരും. അതു ശരിക്കു വിനിയോഗിച്ചാൽ ക്ലാസ് ഉറപ്പാണ്.

**അങ്ങേയറ്റം നന്നായി പഠിപ്പിച്ചതിനുശേഷം notes**

**ഷേക്സ്പിയറിന്റെ തത്ത്വശാസ്ത്ര സംക്ഷേപം**

ഇവിടെ ഒരു വസ്തുത വ്യക്തമാക്കേണ്ടതുണ്ട്. വളരെ നന്നായി പഠിപ്പിച്ചതിനു ശേഷമാണ് കുര്യൻസാർ നോട്സ് തന്നിരുന്നത്. പറയുന്ന കാര്യങ്ങൾ നമ്മുടെ മനസ്സിൽ ആഞ്ഞു പതിയും. 'The Tempest' ലെ വളരെ ഹൃദയസ്പർശിയായ ഒരു ഭാഗമുണ്ട്. അദ്ദേഹം അതു വിശദീകരിക്കാൻ വേണ്ടി രണ്ടു മൂന്നു പ്രാവശ്യം വായിച്ചു കഴിഞ്ഞപ്പോൾ, അതു മനസ്സിൽ ആഞ്ഞു പതിഞ്ഞു. ഷേക്സ്പിയറിന്റെ തത്ത്വശാസ്ത്രം സംക്ഷേപിക്കുന്ന ഈ വാക്കുകൾ ഒരിയ്ക്കലും വിസ്മൃതിയിലാണ്ടു പോയിട്ടില്ല. ഉദ്ധരിക്കട്ടെ.

**Our life is rounded with a sleep!**

"We are such stuff,
As dreams are made on;
And our little life,
Is rounded with a sleep." (Act IV Sec.I)

**The paths of glory lead, but to the grave.**

ഈ വാക്കുകളുടെ പ്രതിദ്ധ്വനികളുൾക്കൊള്ളുന്ന മറ്റു ചില ഭാഗങ്ങളും സാഹിത്യശാഖകളിലുണ്ട്. ഉദാഹരണത്തിന് തോമസ് ഗ്രേയുടെ 'The paths of glory lead, but to the grave'

സിസ്റ്റർ മേരി ബനീഞ്ജയുടെ മാസ്റ്റർപീസായ 'ലോകമേയാത്ര' എന്ന പ്രശസ്തവും ഹൃദയസ്പർശിയുമായ കവിതാശില്പത്തിലെ ഈരടികൾ,

**സകലരും മരിക്കും**

"സമർത്ഥനായ സീസറും പ്രസിദ്ധനായ ഹോമറും
സമത്വമറ്റ സോളമൻ തുടങ്ങിയുള്ള വിജ്ഞരും
കാലചക്രവിഭ്രമത്തിലമർന്ന്....'

"മനുഷ്യാ, നീ നിന്റെ അന്ത്യത്തെക്കുറിച്ചു ചിന്തിക്കുക; എങ്കിൽ നീ പാപം ചെയ്യുക യില്ല" (പ്രഭാഷകൻ)

കുമാരനാശാന്റെ വീണപൂവിലെ,

'കണ്ണേ മടങ്ങുക,
കരിഞ്ഞുമലിഞ്ഞുമാശു
മണ്ണാകുമീ മലരു
വിസ്മൃതമാകുമിപ്പോൾ
എണ്ണീടിലാർക്കും
ഇതു താൻ ഗതി
അവനിവാഴ്‌വ്
കിനാവു കഷ്ടം.'

അവനി വാഴ്‌വ് കിനാവു കഷ്ടം

തുടങ്ങിയവയൊക്കെ ഷേക്സ്പിയറിന്റെ വാക്കുകളോടു സാധർമ്മ്യമുള്ളവയും അങ്ങേയറ്റം ഹൃദയസ്പർശിയുമാണല്ലോ.

സി. എസ്. കുര്യൻസാർ അസാമാന്യമായ അർപ്പണമനോഭാവത്തിന്റെയും ദൈവപരിപാലനയിലുള്ള അചഞ്ചലമായ വിശ്വാസത്തിന്റെയും അനിതരസാധാരണമായ വിനയത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും പ്രതീകമായിരുന്നു. അദ്ദേഹത്തിന് അദ്ധ്യാപനം ഒരു ജോലി ആയിരുന്നില്ല. പ്രത്യുത, ഒരു ദൈവവിളിയായിരുന്നു. വിദ്യാർത്ഥികളിൽ സന്മാർഗ്ഗബോധം, അനുസരണം, ഗുരുഭക്തി, പിതൃഭക്തി, മാതൃഭക്തി, ദേശഭക്തി തുടങ്ങിയവ വളർത്തിയെടുക്കാനുള്ള ആത്മാർത്ഥമായ പരിശ്രമം അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യർക്ക്, ഒരു നല്ല അദ്ധ്യാപകൻ എങ്ങനെയായിരിക്കണം, ഒരു നല്ല വിദ്യാർത്ഥി എങ്ങനെയായിരിക്കണം എന്നുള്ള ഉൾക്കാഴ്ച അദ്ദേഹത്തിൽ നിന്നു ലഭിച്ചിരുന്നു. നന്മ മാത്രമേ അദ്ദേഹത്തിൽ ഞങ്ങൾക്കു കാണാൻ കഴിഞ്ഞിട്ടുള്ളു. ദൈവമേ,

ദൈവപരിപാലനയിലുള്ള അചഞ്ചല വിശ്വാസം, വിനയം

## പ്രൊഫ. ഉലഹന്നാൻ മാപ്പിള

ഉലഹന്നാൻ മാപ്പിളസാർ ലേഖകനെ ഔപചാരികമായി പഠിപ്പിച്ചിട്ടില്ല. പക്ഷേ, അദ്ദേഹത്തിന് എന്നെ പഠിപ്പിക്കാമായിരുന്നു, ഞാൻ മലയാളം രണ്ടാം ഭാഷയായി പിയുസി, ബിഎ ക്ലാസ്സുകളിൽ എടുത്തിരുന്നെങ്കിൽ. അതുകൊണ്ടാവാം അദ്ദേഹം പറഞ്ഞിട്ടുണ്ട്, മറ്റുള്ളവരോടും പറയുമായിരുന്നു: 'അച്ചൻ എനിക്കു ശിഷ്യസമാനനാണ്' എന്ന്. മാപ്പിളസാർ ക്ലാസ്സെടുക്കുന്നതു, ക്യാമ്പസിലൂടെ നടന്നുപോകമ്പോൾ, ഞാൻ കേട്ടിട്ടുണ്ട്. പ്രൗഢഗംഭീരമായ ആ സ്വരം എന്നെ ഹഠാദാകർഷിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വിശ്രമജീവിതകാലത്ത് അദ്ദേഹവുമായി ഞാൻ ധാരാളം സംസാരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഉച്ചാരണശുദ്ധി, സ്ഫടികസ്ഫുടത, ആഢ്യത്വം തുളുമ്പുന്ന സംസാരശൈലി, എല്ലാം ഞാൻ, നന്നായി, ആസ്വദിച്ചിട്ടുണ്ട്. സാധാരണസംസാരത്തിൽപ്പോലും ഭാഷയുടെ നിയമങ്ങളും തത്വങ്ങളുമെല്ലാം പാലിക്കാനും ഉയർന്ന നിലവാരം കാത്തുസൂക്ഷിക്കാനും അദ്ദേഹം അത്യധികം ശ്രമിച്ചിരുന്നു.

ലേഖകൻ ശിഷ്യസമാനൻ

ഉച്ചാരണശുദ്ധി, സ്ഫടികസ്ഫുടത ആഢ്യത്വം

മകളേ ആനന്ദവല്ലി

മാപ്പിളസാറിന്റെ ഈ സവിശേഷതകളെ നർമ്മവും അതിശയോക്തിയും



കലർത്തി അനുകരിച്ച്, പലരും പലതും ആവർത്തിച്ചുകേട്ടിട്ടുണ്ട്. ഒരു ഉദാഹരണം കോറിയിടാം. മൂത്തമകൾ ആനന്ദവല്ലിച്ചേച്ചി വിദ്യാർത്ഥിനിയായിരുന്ന കാലത്തെ സംഭവമായാണ് പറയപ്പെടുക. മാപ്പിളസാർ മകളോടു വാത്സല്യത്തോടെ വിളിച്ചുപറഞ്ഞുവത്രേ: 'മകളേ, ആനന്ദവല്ലീ, പുരയുടെ പുരോഭാഗത്ത് ഏതോ ഒരു തസ്കരവീരൻ കടന്നുകയറി മോഷണത്തിനു കോപ്പുകൂട്ടുന്നുവെന്ന് ഉൾക്കാമ്പിൽ സംശയമുദിച്ചിരിക്കുന്നു. സശ്രദ്ധം ജനാലയിലൂടെ കണ്ണുനട്ട് , സംശയം സ്ഥാനത്തോ, അസ്ഥാനത്തോ എന്ന് ശീഘ്രശ്രമത്തിൽ നിശ്ചയനിർണ്ണയത്തിലെത്തൂ.'

കൈരളീമങ്കയുടെയും ആംഗ്ലേയവനിതയുടെയും സമഞ്ജസസമ്മിളിതത്തിൽ

മാപ്പിളസാറിനു കൈരളീദേവിയുടെയും ആംഗ്ലേയഭാഷാമഹിളയുടെയും മേൽ പരമാധിപത്യമുണ്ടായിരുന്നു. മലയാളത്തിലുള്ള വിശദീകരണത്തിനുശേഷം, അതേ കാര്യം അദ്ദേഹം ഇംഗ്ലീഷിലും ആവർത്തിക്കുമായിരുന്നു. എം.എ. ക്ലാസ്സുകളിലാണ് ഈ രീതി കൂടുതലായി അദ്ദേഹം അവലംബിച്ചിരുന്നത്. മറ്റു ഭാഷകൾ ഐച്ഛികമായി എടുത്തിരുന്ന വിദ്യാർത്ഥികളിൽപ്പലരും അവർ പോകേണ്ടിയിരുന്ന ക്ലാസ്സുകൾ ബഹിഷ്കരിച്ചു മാപ്പിളസാറിന്റെ ക്ലാസ്സുകൾ കേൾക്കാൻ പോകുക സർവ്വസാധാരണമായിരുന്നു. ഇപ്രകാരം കടന്നുകയറുന്നവരെ അദ്ദേഹം അധികമൊന്നും ബഹിഷ്കരിച്ചിരുന്നില്ലെന്നാണു മനസ്സിലാകുക. പക്ഷേ, അവരിലാരെങ്കിലും ക്ലാസ്സിൽ അശ്രദ്ധമായിരുന്നാൽ 'കഠിനപദങ്ങളുപയോഗിച്ച് അവനെ നിർത്തിപ്പൊരിക്ക'ുമായിരുന്നു.

കടന്നുകയറ്റക്കാരോടു മൃദുലസമീപനം

പ്രൊഫ. പി. ആർ.സി. നായർ, തന്റെ ഗുരുനാഥൻ മാപ്പിളസാറിനെക്കുറിച്ച് എഴുതുന്നു: "ഉലഹന്നാൻ മാപ്പിളസാറിന്റെ ക്ലാസ്സുകളിൽ താനനുഷ്ഠിച്ച ഭാഷാകൈകാര്യവും അദ്ദേഹത്തിൽനിന്നും ലഭിച്ച ഭാഷാ ശിക്ഷണവുമാണ് എല്ലാറ്റിനും ചുവട് എന്നത് ഞാനെന്നുമോർമ്മിക്കുന്ന കാര്യങ്ങളാണ്? അദ്ദേഹം തുടരുന്നു, "മാപ്പിളസാറിന്റെ ധാരമട്ടിലുള്ള ഉടുപ്പും നടപ്പും, ഇടയ്ക്കിടെ ഇംഗ്ലീഷ് കലർത്തിയുള്ള സംഭാഷണവും അദ്ദേഹത്തെ ഒരധ്വരയാക്കിയിരുന്നു. അതായിരിക്കണം, ആർട്ട്സിലെ പ്രൊഫസ്സർക്ക് ശാസ്ത്രകാരന്മാരുടെ ഇടയ്ക്ക് ഒരു സമുന്നതപദവി ഉണ്ടാക്കിക്കൊടുത്തത്."

ലൈബ്രറി സയൻസിൽ ബിരുദം

ലൈബ്രറി ഡയറക്ടർ

ലൈബ്രറി സയൻസിൽ ബിരുദമെടുത്ത മാപ്പിളസാർ കോളജിന്റെ ലൈബ്രറി ഡയറക്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ആ ജോലിയും സ്തുത്യർഹമായവിധത്തിൽ നിർവ്വഹിച്ചു. നാല്പതു വർഷം ഈ മഹാപ്രതിഭ സെന്റ് ബർക്കുമാൻസ് മാതാവിന് ഉപാസന ചെയ്തു.

മാപ്പിളസാറിനെക്കുറിച്ച് 'ചങ്ങനാശ്ശേരി അതിരൂപത ഇന്നലെ, ഇന്ന്,' എന്ന ഗ്രന്ഥത്തിൽ ആമുഖമായി പറഞ്ഞിരിക്കുന്നത് 'ഭാഷാസ്നേഹിയും മലയാളം എം. എ. ബിരുദമെടുത്ത തിരുവിതാംകൂറിലെ ആദ്യത്തെ ക്രിസ്ത്യാനിയുമായ പ്രൊഫ. പി. വി. ഉലഹന്നാൻ മാപ്പിള എന്നാണ്. 'നല്ലൊരു വാഗ്മിയും ഭാഷാപണ്ഡിതനും ഗ്രന്ഥകാരനുമെന്നും, കൂട്ടിച്ചേർത്തിരിക്കുന്നു.

## പ്രൊഫ. സി. ഇസഡ് സ്കറിയ

സുപ്രസിദ്ധ വിദ്യാഭ്യാസവിചക്ഷണനും ധനതത്ത്വശാസ്ത്രത്തിലെ ഉന്നതശീർഷനുമായ സി. ഇസഡ് സ്കറിയാ സാറാണ് സെന്റ് ബർക്കുമാൻസിൽ കൃഷ്ണയ്യർ സാറിനു പിൻഗാമിയായത്. "The mantle of Elijah fell upon an experienced Elisha' (2 രാജ 2: 13-17) ഞങ്ങൾ അവസാനവർഷ ബി.എ. വിദ്യാർത്ഥികളായിരുന്നപ്പോഴാണ് സാരഥിയായി സക്കറിയാസാർ ചാർജെടുക്കുന്നത്.

**The mantle of Elijah fell upon an experienced Elisha**

കേരളാ സിൻഡിക്കേറ്റംഗവും പ്രമുഖവിദ്യാഭ്യാസവിചക്ഷണനും സുപ്രസിദ്ധവാഗ്മിയും പ്രതിഭാശാലിയായ സംഘാടകനും വിജ്ഞാനം കൊണ്ടും അധ്യാപനപാടവം കൊണ്ടും അനന്യവ്യക്തിപ്രഭാവം പുലർത്തിയ അധ്യാപകശ്രേഷ്ഠനായിരുന്നു അദ്ദേഹം. ട്രിച്ചി സെന്റ് ജോസഫ്സിൽ ബി.എ. (Hons) നു തിളങ്ങിനിന്ന വ്യക്തിത്വമായിരുന്നു സി. ഇസഡ് സ്കറിയാ സാറിന്റേത്. അവിടെ, സമ്മേളനങ്ങൾക്കു, വലിയ പ്രസംഗകരെയാണു ക്ഷണിച്ചിരുന്നത്. ആർക്കെങ്കിലും, മതിയായ കാരണത്താൽ, എത്താൻ കഴിയാതെ പോയാൽ, പ്രസ്തുത വിടവു നികത്തിയിരുന്നത് സി.ഇസഡ് സ്കറിയയായിരുന്നു! ഇംഗ്ലീഷ് ഭാഷ ഇത്രയേറെ ആധികാരികതയോടെ കൈകാര്യം ചെയ്തിരുന്ന മറ്റൊരു ശാസ്ത്രാധ്യാപകനെയും പരിചയപ്പെട്ടിട്ടില്ല.

**ബഹുമുഖപ്രതിഭ**

**അനന്യ വ്യക്തിപ്രഭാവത്തിന്റെ ഉടമ**

**ഏതു വിടവും എപ്പോഴും നികത്താൻ വിദഗ്ദ്ധൻ**

എത്ര ജോലിത്തിരക്കാണെങ്കിലും ക്ലാസ്സുകൾ ഏറ്റം നന്നായി ഒരുങ്ങി, നോട്സും തയ്യാറാക്കിയേ, അദ്ദേഹം ക്ലാസ്സിൽ വരുമായിരുന്നുള്ളു. ഓരോ ക്ലാസ്സും ഓരോ 'മാസ്റ്റർ പീസ്' തന്നെയായിരുന്നു. അദ്ദേഹത്തിന്റെ അതിപ്രഗത്ഭമായ ക്ലാസ്സുകളിൽ ലേഖകനു കിട്ടിയ ഒരു അസുലഭഭാഗ്യം രേഖപ്പെടുത്താം. എല്ലാ ക്ലാസ്സുകളുടെയും അതിസുന്ദരമായ നോട്സ് അദ്ദേഹം തയ്യാറാക്കിയിരുന്നെന്നു പറഞ്ഞല്ലോ. തെരക്കിന്റെ നടുവിൽ അവയെല്ലാം പറഞ്ഞുതരാൻ അദ്ദേഹത്തിനു സമയം ലഭിച്ചിരുന്നില്ല. പകരം, ആ മഹാനുഭാവൻ ചെയ്ത ക്രമീകരണം ഇതാണ്. ഓരോ ക്ലാസും കഴിയുമ്പോൾ ലേഖകനോടു പറയും: Brother, you assume the role of the 'dictator'. ക്ലാസ്സില്ലാത്ത മണിക്കൂറുകളിലും അവധിദിവസങ്ങളിലുമാണ് 'ഡിക്റ്റേഷൻ' നടന്നിരുന്നത്. എന്നെ സംബന്ധിച്ചിടത്തോളം ഇത് വലിയ പ്രോത്സാഹനവും സഹായവുമായിരുന്നു. ഈ പരിചയം (Practice) എന്നുമെന്നും എന്നെ സഹായിച്ചിട്ടുണ്ട്. സഖറിയാസാറിനും എന്റെ സതീർത്ഥ്യർക്കും നന്ദി! ദൈവത്തിനു മഹത്വം!!

**ഓരോ ക്ലാസ്സും ഓരോ മാസ്റ്റർപീസ്**

**Brother, you assume the role of the 'dictator'**

ഏറ്റം പ്രധാനപ്പെട്ട വിഷയം, Principles of Economics, ആണ് അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചിരുന്നത്. പ്രസ്തുത വിഷയത്തിന്റെ സാർ തയ്യാറാക്കിയ അതിസുന്ദരമായ നോട്ട്സ് സതീർത്ഥ്യർക്കു, സസന്തോഷം പറഞ്ഞുകൊടുക്കാൻ, അങ്ങനെ മഹാനായ എന്റെ ഗുരുനാഥന്റെ മഹത്തരമായ യജ്ഞത്തിൽ, തപസ്യയിൽ, നുറുങ്ങൊന്നു സഹകരിക്കാൻ സാധിച്ചതു സർവ്വേശ്വരന് എന്നോടുള്ള കരുണയും കരുതലും കൊണ്ടു മാത്രമാണ്.

**അധ്യാപനം മഹത്തരമായ യജ്ഞം**



**a glorious past**

സാർ ഒരിക്കൽ ക്ലാസിൽ പറഞ്ഞ അവിസ്മരണീയമായ പ്രസ്താവന അന്യത്ര, പ്രസ്താവിച്ചിട്ടുണ്ട്. "We have a glorious past" എന്ന ഈ പ്രസ്താവന, സാന്ദർഭികമായി, അന്യത്ര ചിലയിടങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. പ്രൊഫ. റ്റി. കെ. ശങ്കരമേനോൻ, പ്രൊഫ. എം. പി. പോൾ, സഹസ്രനാമ അയ്യർ, രാഘവാചാരി, ശതഗോപൻ, എസ്. എൽ. തോമസ്, എം. റ്റി. കുര്യൻ, ഉലഹന്നാൻ മാപ്പിള, ഒബ്രിയൻ, ഷെപ്പേർഡ്, റ്റി. റ്റി. ചാക്കോ, ഒ. ജെ. കുരുവിള, പി. സി. മാത്യു, സി. എസ്. കുര്യൻ, രാമചന്ദ്രപൈ-ഇവരൊക്കെയായിരിക്കണം സക്കറിയസാർ മനസ്സിൽ കണ്ടിരുന്നത്. ആ ലിസ്റ്റിൽ സ്കറിയാ സാർ, അഗസ്റ്റിൻ സാർ, കെ. വി. ജോസഫ് സാർ, വി. ജെ. അഗസ്റ്റിൻ അച്ചൻ, കണയംപ്ലാവൻ സാർ, കെ. റ്റി. സെബാസ്റ്റ്യൻ സാർ ഇവരെയൊക്കെ നമുക്ക് ഉൾപ്പെടുത്താം. സെന്റ് ബർക്കുമാൻസിന്റെ യശസ്സ് വാനോളം ഉയർത്തിയവരാണ് ഇവരൊക്കെ.

**എളിയപരിശ്രമം**

'We have a glorious past!' ഈ പ്രസ്താവനയിൽ അണുപോലും അതിശയോക്തിയില്ലെന്നു പരിപൂർണ്ണമായി വിശ്വസിക്കുന്നയാളാണു ഞാൻ. നൂറുശതമാനവും സെന്റ് ബർക്കുമാൻസിന്റെ സന്താനമായ ഞാൻ, സത്യസന്ധമായ ഈ പ്രസ്താവന നടത്താൻ, എന്റെ വന്ദ്യഗുരുനാഥനെ പ്രേരിപ്പിച്ച വ്യക്തികൾ ഇനിയുമുണ്ടോ എന്നു തുടർന്നു പരിശോധിക്കാൻ ഒരു പരിശ്രമമെങ്കിലും നടത്തണമല്ലോ.

അതിനുമുമ്പ്, സക്കറിയാസാർ ക്ലാസ്സിൽ പറഞ്ഞ രസകരമായ, എന്നാൽ വളരെ സംഗതവും മനശാസ്ത്രപരവുമായ, ഒരു കാര്യം ഓർമ്മിക്കുന്നതുകൂടി രേഖപ്പെടുത്തിക്കൊള്ളട്ടെ. ഒരു ആമുഖത്തോടുകൂടിയാണ് അദ്ദേഹം ഇതു പറഞ്ഞത്:

**ബ്രദറിനു ബാധകമല്ല**

"ഞാനിപ്പോൾ പറയുന്ന കാര്യം ബ്രദറിനു (ഞാനാണ് ക്ലാസ്സിൽ അപ്പോൾ ബ്രദറായുണ്ടായിരുന്നത്) ബാധകമല്ല". നിങ്ങൾ പ്രായപൂർത്തിയായി വിവാഹം കഴിച്ചു കഴിഞ്ഞു കുടുംബജീവിതം നയിക്കുമ്പോൾ, നിങ്ങൾക്കു തനിച്ചും, പലപ്പോഴും കുടുംബസമേതവും, കല്യാണങ്ങൾക്കു പോകേണ്ടി വരും. കല്യാണം കഴിഞ്ഞു മടങ്ങിവരുമ്പോൾ, നിങ്ങളുടെ ജീവിതസഖി 'പെണ്ണെങ്ങനെയുണ്ട്?' എന്നു നിങ്ങളോടു ചോദിക്കും. അപ്പോൾ നിങ്ങൾ, ചാടിക്കയറി, 'മിടുക്കിയാണെന്നോ, കൊള്ളാമെന്നോ, കുഴപ്പമില്ലെന്നോ' എന്നൊന്നും പറയരുത്. പകരം എപ്പോഴും നിങ്ങൾ ഇങ്ങനെ പറഞ്ഞുകൊള്ളണം - 'ഓ! നിന്നോളം ഒന്നും വരികയില്ല!"

**'ഓ, നിന്നോളമൊന്നും വരികയില്ല**



## പ്രൊഫ. കെ. ജെ. ഫ്രാൻസിസ്

**അതിപ്രഗത്ഭനായ അധ്യാപകൻ**

സെന്റ് ബർക്കുമാൻസിലെ ഇംഗ്ലീഷ് വിഭാഗത്തിലെ അതിപ്രഗത്ഭനായ അധ്യാപകനും കാലക്രമത്തിൽ വകുപ്പദ്ധ്യക്ഷനുമായ അന്തരിച്ച പ്രൊഫ. കെ. ജെ. ഫ്രാൻസിസ് കുട്ടമ്പേരൂർ അവിസ്മരണീയനാണു ലേഖകന്. ഒന്നാംവർഷ ഡിഗ്രി ക്ലാസ്സിലായിരുന്നപ്പോൾ കല്ലറയ്ക്കൽ ഹോളിൽ യു. എൻ. ഒ. യുടെ ഒരു മോക്ക് അസംബ്ലി സംഘടിപ്പിക്കപ്പെട്ടതും കെ. ജെ. ഫ്രാൻസിസ് സാർ മാക്മില്ലന്റെ വേഷമിട്ടതും നന്നായി ഓർക്കുന്നു. വളരെ ആകർഷകവും ഉപകാരപ്രദവുമായ ഒരു പരിപാടിയായിരുന്നു ആമോക്ക് അസംബ്ലി. സെന്റ് ബർക്കുമാൻസിന്റ അതിപ്രഗത്ഭരായ അധ്യാപകരാണ് അതിൽ പങ്കെടുത്തത്. മഹാന്മാരുടെ സംഭാഷണരീതി, പെരുമാറ്റം, പ്രവർത്തനങ്ങൾ, പ്രതികരണങ്ങൾ, പ്രബോധനങ്ങൾ തുടങ്ങിയവയെക്കുറിച്ചു നല്ലൊരാശയം രൂപപ്പെടുത്താൻ ആ പരിപാടി ഉപകരിച്ചു.

**മാക്മില്ലനെ അവതരിപ്പിച്ചത് അവിസ്മരണീയം**

**മഹാരഥന്മാർ ഏങ്ങനെയെന്നും മറ്റും**

ഗദ്യസാഹിത്യത്തിലും ഷേക്സ്പിയറിലും കവിതാവിഭാഗത്തിലും അഗാധ പാണ്ഡിത്യത്തിന്റെ പര്യായമായിരുന്നു പ്രൊഫ. ഫ്രാൻസിസ്. ഏറ്റം ആകർഷകവും ഈടുറ്റവയുമായിരുന്നു അദ്ദേഹത്തിന്റെ ക്ലാസ്സുകൾ. തനിമ, തന്മയത്വം, യുക്തിഭദ്രത, സാഹിത്യസരണിക്കാവശ്യമായ ഒഴുക്ക്, ഇവയൊക്കെയെങ്കിലും കെ. ജെ. എഫിന്റെ ക്ലാസ്സുകളുടെ സവിശേഷതകളിൽ ഉൾപ്പെടുത്തിയേ മതിയാവൂ. അദ്ദേഹത്തിന്റെ ഉച്ചാരണശുദ്ധി, സ്ഫുടത, അവതരണഗാംഭീര്യം ഇവയുമൊക്കെ എടുത്തു പറയപ്പെടേണ്ടവയാണ്. സെന്റ് ബർക്കുമാൻസ് കോളജിന്റെ മഹനീയഭൂതകാലത്തിലെ ഒരു സവിശേഷകണ്ണിയാണദ്ദേഹം.

**അദ്ദേഹത്തിന്റെ ശിഷ്യനും സഹപ്രവർത്തകനുമായതു ദൈവാനുഗ്രഹം**

അദ്ദേഹത്തിന്റെ ശിഷ്യനും സഹപ്രവർത്തകനുമാകാൻ സാധിച്ചത് വലിയ ഭാഗ്യമായാണ് ഈ ശിഷ്യൻ കരുതുക. സാറിന്റെ മക്കളെ പഠിപ്പിക്കാനുള്ള ഭാഗ്യവും കൈവന്നു. ദൈവമേ നന്ദി! ദൈവമേ സ്തുതി! ദൈവമേ ആരാധന! അദ്ദേഹം വകുപ്പദ്ധ്യക്ഷനായിരുന്നപ്പോഴാണ് ഞാൻ ഡിപ്പാർട്ടുമെന്റിൽ നിയമിതനായത്. സാറിന്റെ അകമഴിഞ്ഞ സ്നേഹവും സഹകരണവും സഹായവും എന്നും എനിക്കു തുണയായിരുന്നു. വന്ദ്യഗുരോ, നന്ദിയുടെ നറുമലരുകൾ! ഒപ്പം ആദരാഞ്ജലികളും! ഫ്രാൻസിസ് സാറിനെക്കുറിച്ച് അനുസ്മരണപ്രസംഗം നടത്താൻ അഖിലേശൻ നിയോഗിച്ചതും ലേഖകനു കിട്ടിയ അനുഗ്രഹങ്ങളിലൊന്നാണ്.

## വലിയവീട്ടിലച്ചൻ

1948ൽ വൈദികനായി. പ്രാർത്ഥനയും പഠനവും അതിനുമുമ്പുതന്നെ പ്രബോധനവും രചനയും തപസ്യായി സ്വീകരിച്ച വലിയവീട്ടിലച്ചൻ സെന്റ് ബർക്കുമാൻസിൽ ഇന്റർമീഡിയറ്റിനു പഠിച്ചു. "തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽനിന്നും മലയാളസാഹിത്യത്തിൽ ബിഎയും പ്രൈവറ്റായി എംഎയും പാസ്സായി. യൂണിവേഴ്സിറ്റി കോളജിൽ പഠിച്ചിരുന്ന കാലത്ത് സചിവോത്തമ ഗോൾഡ് മെഡൽ കരസ്ഥമാക്കി. തുടർന്നു സെന്റ് ബർക്കുമാൻസ് കോളജിൽ അധ്യാപകനായി 1953 മുതൽ '56വരെ പഠിപ്പിച്ചു. 1956-'61 കാലഘട്ടത്തിൽ ഈശ്വരസായുജ്യത്തിനായി കപ്പൂച്ചിൻ സഭയിൽ ചെലവഴിച്ചു. 1961ൽ സെന്റ് ബർക്കുമാൻസിൽ വീണ്ടും അധ്യാപകനായി നിയമിക്കപ്പെട്ടു. എസ്.എച്ച്. ഹോസ്റ്റലിൽ വാർഡനുമായിരുന്നു.

പ്രാർത്ഥന, പഠനം, പ്രബോധനം, രചന - തപസ്യ

കപ്പൂച്ചിൻ സഭയിൽ

ഗവേഷണോത്സുകനും സാഹിത്യാഭിജ്ഞനുമായിരുന്ന വലിയവീട്ടിലച്ചൻ, അതിരൂപതാ ചരിത്രക്കമ്മറ്റിയുടെ സജീവാംഗമായിരുന്നു. കാളാശ്ശേരിപ്പിതാവിന്റെ കാലഘട്ടത്തിലെ ചരിത്രത്തിന്റെ സഹരചയിതാവാണദ്ദേഹം. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ അച്ചന്റെ തൂലിക തിളങ്ങിനിന്നിരുന്നു. ക്രിസ്തുസഹസ്രനാമവ്യാഖ്യാനം, തിരുമുൽക്കാഴ്ച, ബൈബിൾ ചരിത്രപശ്ചാത്തലത്തിൽ, രത്നബാല്യം, സാംസ്കാരികപാരമ്പര്യങ്ങൾ, കർദ്ദിനാൾ വിൻസെന്തി, ആധ്യാത്മിക സന്ദേശം തുടങ്ങിയവ വലിയവീട്ടിലച്ചന്റെ ചിന്താസന്താനങ്ങളാണ്.

ഗവേഷണോത്സുകൻ സാഹിത്യാഭിജ്ഞൻ ചരിത്രകാരൻ തൂലിക എപ്പോഴും തിളങ്ങി

ഒരുകാലഘട്ടത്തിൽ സെന്റ് ബർക്കുമാൻസിൽ പഠിച്ചുപോയ മലയാളം വിദ്യാർത്ഥികളുടെ സ്മൃതിപഥങ്ങളിൽ നിറഞ്ഞുനില്ക്കുന്ന, തികഞ്ഞ അർപ്പണബോധമുണ്ടായിരുന്ന അധ്യാപകശ്രേഷ്ഠനാണ് വലിയവീട്ടിലച്ചൻ. അദ്ദേഹത്തിന്റെ നിഷ്കളങ്കതയും സഹനശീലവും സഹിഷ്ണുതയും ശാന്തതയും നിസ്സംഗഭാവവും കൃത്രിമത്വത്തിന്റെ പൊടിപോലും പുരളാത്ത ലളിതജീവിതവുമൊക്കെ നന്നായി അറിയാമായിരുന്ന ഒരു വിരുതൻ ഒരിക്കൽ ക്ലാസ്സിൽ "ബോധം കെട്ടു വീണു." നല്ലവരിൽ നല്ലവനായ വലിയവീട്ടിലച്ചൻ ഒരു പാവം വിദ്യാർത്ഥിയെ വിളിച്ച്, പോക്കറ്റിൽനിന്നും പണമെടുത്തുകൊടുത്ത്, (ഒരു കട്ടൻകാപ്പി വാങ്ങിക്കൊണ്ടു വരുക' എന്ന നിർദ്ദേശവുമായി അയച്ചു). അദ്ദേഹം പുറത്തേക്കു പോകുമ്പോൾ വിരുതൻ പറഞ്ഞുവത്രെ, "രണ്ടു പരിപ്പുവടകൂടെ വാങ്ങിക്കൊള്ളൂ" എന്ന്.

വിദ്യാർത്ഥികളുടെ മനസ്സിൽ നിറഞ്ഞു നില്ക്കുന്ന അധ്യാപക ശ്രേഷ്ഠൻ കൃത്രിമത്വത്തിന്റെ പൊടിപോലും പുരളാതെ

വലിയവീട്ടിലച്ചനെന്ന മനുഷ്യസ്നേഹിയുടെ ജീവിതനൗക 1994 സെപ്റ്റംബർ 13നു സ്വർഗ്ഗതീരമണഞ്ഞു.

## പ്രൊഫ. കെ. റ്റി. സെബാസ്റ്റ്യൻ, സഭാതാരം

കേരള കത്തോലിക്കാ ലോകത്തിനു സുപരിചിതനാണ് എന്റെ ഗുരുനാഥൻ കെ. റ്റി. സെബാസ്റ്റ്യൻ സാർ. ചങ്ങനാശ്ശേരിയുടെ മണ്ണിൽപ്പിറന്ന സെന്റ് ബർക്കുമാൻസിന്റെ ഈ അരുമസുതൻ 1951 മുതൽ, രണ്ടു വർഷത്തെ ഇടവേള ഒഴിച്ചാൽ, (അമേരിക്കയിൽ എം. എഡ്. ചെയ്യുന്ന കാലം) 1983വരെ ആത്മവിദ്യാലയത്തിൽ അധ്യാപനം നടത്തി, ആയിരങ്ങളെ ജ്ഞാനപ്രകാശം കൊണ്ടു ജ്വലിപ്പിക്കാൻ ആത്മാർത്ഥമായി അത്യദ്ധ്വാനം ചെയ്ത സാത്വികനാണ്.

മണ്ണിന്റെ മകൻ

ശിഷ്യർക്കും സഭയ്ക്കും സമൂഹത്തിനും വേണ്ടി

സെബാസ്റ്റ്യൻ സാറിനുണ്ടായ ഹൃദയസ്പർശിയായ ഒരു സംഭവം അദ്ദേഹം ഡിപ്പാർട്ടുമെന്റിൽ വച്ചു ഞങ്ങളുമായി പങ്കുവച്ചത് ഓർക്കുന്നു. അദ്ദേഹം കോയമ്പത്തൂരിൽ ഏതോ ശുശ്രൂഷയ്ക്കു പോയതായിരുന്നു. ആ പ്രദേശത്ത് സെന്റ് ബർക്കുമാൻസിന്റെ നിരവധി മക്കൾ സേവനമനുഷ്ഠിച്ചിരുന്നു. അവരെല്ലാവരും തന്നെ സെബാസ്റ്റ്യൻ സാർ താമസിച്ചിരുന്ന വീട്ടിൽ (പ്രേഷ്ഠശിഷ്യൻ ഹരിഹരന്റെ) അദ്ദേഹത്തെ സന്ദർശിക്കുകയും അദ്ദേഹത്തെ യാത്രയയ്ക്കാൻ റെയിൽവേ സ്റ്റേഷനിൽ എത്തുകയും ചെയ്തിരുന്നു. ട്രെയിൻ പുറപ്പെട്ടു കഴിഞ്ഞപ്പോൾ, അവരിൽ സീനിയറായ ശ്രീ ഹരിഹരൻ ഉറക്കെ വിളിച്ചു പറഞ്ഞു കൊണ്ടിരുന്നുവത്രേ: Sir, please tell the principal, "We will ever hold the torch of St. Berchmans aloft. We'll make the flag of St. Berchmans fly high." ഈ വാക്കുകൾ പ്രിയപ്പെട്ട സെബാസ്റ്റ്യൻ സാറിനെ വികാരതരളിതനാക്കിക്കളഞ്ഞു. ഹരിഹരൻ ഇന്ത്യൻ കോഫി ബോർഡിന്റെ ചെയർമാനായിരുന്നുവെന്നും അദ്ദേഹം രണ്ടുവർഷം മുമ്പ് ഇഹലോകവാസം വെടിഞ്ഞുവെന്നും അടുത്തൊരുദിവസം (ഒരു സ്വകാര്യ സംഭാഷണത്തിൽ) സങ്കടത്തോടെ സാർ ലേഖകനോടു പറഞ്ഞപ്പോൾ ദുഃഖവും നഷ്ടബോധവും തോന്നി. നല്ലവനായ കെ.റ്റി. സെബാസ്റ്റ്യൻസാറിന്റെ മക്കളെ പഠിപ്പിക്കാനുള്ള കൃപ നൽകിയതിന് ഞാൻ ദൈവത്തിനു നന്ദി പറയുന്നു.

**We will make the flag of St. Berchmans fly high!**

ആഗോളസഭയിലും കേരളസഭയിലും ചങ്ങനാശ്ശേരി അതിരൂപതയിലും സെന്റ് ബർക്കുമാൻസ് കോളജിലും ചങ്ങനാശ്ശേരി പട്ടണത്തിലും കുരിശുങ്കൽപ്പറമ്പിൽ കുടുംബത്തിലും നിർണ്ണായകമായ നല്ല സ്വാധീനങ്ങൾ ചെലുത്താൻ സാധിച്ചിട്ടുള്ള എന്റെ പ്രിയപ്പെട്ട ഗുരുനാഥന് ആയുരാരോഗ്യങ്ങൾ നേരുന്നു. ജീവിതത്തിലുടനീളം നന്മകൾ മാത്രം ആയിരിക്കട്ടെയെന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

അഭിലഷണീയമായ എല്ലാ മേഖലകളിലും അതികായൻ

സീറോമലബാർ സിനഡ് സെബാസ്റ്റ്യൻ സാറിന് 'സഭാതാരം' എന്ന ബഹുമതി നല്കി ആദരിച്ചിരിക്കുന്നു. അല്മായർക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിൽ അംഗമായിരുന്നത്, 'ഇറ ഓഫ് ദ ലെയ്റ്റി' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്, അറിയപ്പെടുന്ന പ്രഭാഷകൻ, അല്മായ പ്രേഷിതൻ, ദീർഘകാലം ചങ്ങനാശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിലംഗം, വിദ്യാഭ്യാസമേഖലയിലെ അദ്ദേഹത്തിന്റെ സംഭാവനകൾ, ഇവയൊക്കെ കണക്കിലെടുത്തായിരിക്കണം, സീറോമലബാർ സഭാ സമൂഹത്തിന്റെ പേരിൽ, ഈ വലിയ അംഗീകാരം അദ്ദേഹത്തിനു നല്കപ്പെട്ടത്.

സഭാതാരം

ആഗോളസഭയിലും വിദ്യാഭ്യാസരംഗത്തും ചെയ്ത സേവനങ്ങൾക്ക് അംഗീകാരം

## പ്രൊഫ. എസ്. ഏബ്രഹാം

സെന്റ് ബർക്കുമാൻസ് കോളജിന്റെയും ഹൈസ്കൂളിന്റെയും അഭിമാനമായ, ലേഖകന്റെ ഗണിതശാസ്ത്രപഠനത്തിൽ സഹായിച്ച 'രക്ഷ' പെടുത്തിയ പ്രിയ ബഹുമാനപ്പെട്ട എന്റെ ഗുരുശ്രേഷ്ഠൻ മഹാദേവഅയ്യർ സാർ പഠിപ്പിച്ചപ്പോൾ മാത്രമാണ്, കണക്ക് ഒരു കീറാമുട്ടിയല്ലെന്ന് ഈയുള്ളവനു തോന്നിത്തുടങ്ങിയ

ത്. നൂറിൽ വെറും നാല്പത്തെട്ടു മാർക്കു മാത്രം വാങ്ങിയാണു ഞാൻ എസ്. എസ്. എൽ. സി. പാസ്സായത്. കണക്കിനു ജയിക്കാൻ വേണ്ടി, ഹൈസ്ക്കൂളിലെ മലയാളം പണ്ഡിതനായിരുന്ന ശ്രീമാൻ വയലുങ്കൽ സാറിന്റെ പ്രചോദനമനുസരിച്ചു, കുമരങ്കരിയിൽ നിന്നു നടന്നു വന്നു, ചങ്ങനാശ്ശേരി വലിയ പള്ളിയിലെ ശനിയാഴ്ച തോറുമുള്ള നൊവേനയിൽ പങ്കുചേർന്ന്, ഉള്ളുരുകി പ്രാർത്ഥിച്ചതിന്റെ ഫലമായാണ്, 48 ശതമാനമെങ്കിലും മാർക്ക് ലഭിച്ചത് എന്നു പറഞ്ഞുകൊള്ളട്ടെ.

കണക്കു കീറാമുട്ടിയല്ല

എസ്എസ്എൽസിക്കു 48 ശതമാനം മാത്രം!

മഹാദേവഅയ്യർ സാറിന്റെ പിൻമുറക്കാരനായി എന്റെ സെന്റ് ബർക്കുമാൻസിൽ എന്നെ ഗണിതശാസ്ത്രം പഠിപ്പിച്ച ഏക അധ്യാപകനാണ്, അധ്യാപക - വിദ്യാർത്ഥി സമൂഹത്തിനു മുഴുവൻ ആദരണീയനായ, സമ്മതനായ, ശാന്തശീലനും വിനീതഹൃദയനുമായ, പുഞ്ചിരിച്ചുകൊണ്ടു പഠിപ്പിക്കുന്ന, പ്രഗത്ഭമതി എസ്. ഏബ്രഹാംസാർ. അദ്ദേഹം പഠിപ്പിച്ചിരുന്നപ്പോൾ മാത്രമാണ് ലേഖകനു ഫസ്റ്റ് ക്ലാസ്സിൽ കൂടുതൽ മാർക്കു കണക്കിനു കിട്ടിയിട്ടുള്ളത്. ദൈവമേ നന്ദി! സെന്റ് ബർക്കുമാൻസിൽ 1953-91 കാലത്ത്, ഡിപ്പാർട്ടുമെന്റിലെ ഇരുപത്തൊന്നാമത്തെ അംഗമായി (21) വിശിഷ്ട സേവനം ചെയ്ത എന്റെ ഗുരുനാഥൻ ഒരിക്കൽപ്പോലും ലീവ് എടുത്തിട്ടില്ല! എത്ര അധ്യാപകർ കാണും ഇങ്ങനെ ഒരു ബഹുമതി സ്വന്തമാക്കിയവർ? ഈ സമർപ്പിതാധ്യാപകന്റെ സ്വന്തം സഹോദരനും സെന്റ് ബർക്കുമാൻസിന്റെ പൂർവ്വ വിദ്യാർത്ഥിയുമായ ഡോ. എ. എസ്. മാത്യുവിനെക്കുറിച്ച് അന്യത്ര പ്രതിപാദിച്ചിട്ടുണ്ട്.

ആദരണീയൻ; പുഞ്ചിരിച്ചുകൊണ്ടു പഠിപ്പിക്കുന്ന എസ്. ഏബ്രാഹം സാർ

## പ്രൊഫ. എം. എം. സെബാസ്റ്റ്യൻ

എന്റെ സെന്റ് ബർക്കുമാൻസിന്റെ സന്താനവും അധ്യാപകനെന്ന നിലയിൽ 'അമ്മ' യുടെ അഭിമാനവും കാഴ്ചയ്ക്ക് ഗൗരവം സ്ഫുരിക്കുന്ന മുഖമെങ്കിലും ശിശുസഹജമായ നിഷ്കളങ്കതയും തികഞ്ഞ ആത്മാർത്ഥതയും, അധ്യാപനം എന്ന തന്റെ ദൈവവിളിയോടു നൂറുശതമാനം പ്രതിബദ്ധനും, കെലിപ്പുറ്റവനും, കഴിവുറ്റവനും, ആത്മവിദ്യാലയത്തെ ജീവനു തുല്യം സ്നേഹിച്ചവനും, വിദ്യാർത്ഥികളോടു ഏറെ സ്നേഹവും വാത്സല്യവും ഉണ്ടായിരുന്നവനും, അച്ചടക്കത്തിനും കഠിനാദ്ധ്വാനത്തിനും അങ്ങേയറ്റം പ്രാധാന്യം കല്പിച്ചിരുന്നവനും, നല്ലം തികഞ്ഞ സംഘാടകനും, നന്മ ചെയ്തു ചുറ്റി സഞ്ചരിച്ചവനും, അന്യരിൽ നന്മ കണ്ടിരുന്നവനും, കണ്ടു സന്തോഷിച്ചിരുന്നവനും, അന്യരെ അകമഴിഞ്ഞു സഹായിച്ചിരുന്നവനും, അകാലത്തിൽ നിത്യസൗഭാഗ്യത്തിനു പോയവനും സെന്റ് ബർക്കുമാൻസിന്റെ ജന്മദിനമായ ജൂൺ 19 നു (1960) കലാലയവിദ്യാർത്ഥിയായി, ഈ സരസ്വതീക്ഷേത്രത്തിന്റെ നടുമുറ്റത്തു ലേഖകൻ കാൽ ചവുട്ടിയ ആ ദിവസം, ആദ്യമണിക്കൂറിൽ, സുവോളജി പഠിപ്പിക്കുകയും ചെയ്ത, ശ്രേഷ്ഠാചാര്യനാണ് പ്രൊഫ. എം.എം. സെബാസ്റ്റ്യൻ, മുകുന്ദങ്കരി. ആ ആത്മബന്ധം എന്റെ പ്രിയപ്പെട്ട ഗുരുനാഥൻ നിത്യതയിലേക്കു യാത്രയായതിനുശേഷവും ഇന്നുവരെയും അഭംഗുരം തുടരുവാൻ അഖിലേശൻ അനുഗ്രഹിച്ചു. പ്രിയപ്പെട്ട സെബാസ്റ്റ്യൻ സാറിന് ഈ പ്രിയപ്പെട്ട ശിഷ്യന്റെ ആദരാ

'അമ്മ'യുടെ അഭിമാനം'

അകാലത്തിൽ കൊഴിഞ്ഞുവീണ നറുസൂനം

കലാലയ പ്രവേശനത്തിന്റെ ആദ്യദിനം ആദ്യ മണിക്കൂറിൽ ലേഖകനെ പഠിപ്പിച്ച മഹർഗുരു



**മക്കളെ പഠിപ്പിച്ചു, ലേഖകൻ അവരെ മക്കളെപ്പോലെ കാണുന്നു**

ഞ്ജലികൾ! സാറിന്റെ മൂന്നുമക്കളിൽ ഡോണാ, ബിജി ഇവരെ സെന്റ് ബർക്കുമാൻസിൽ പഠിപ്പിക്കാനും രോഷിണിയെ വേദപാഠക്ലാസുകളിൽ പഠിപ്പിക്കാനും, അവരെ മക്കളെപ്പോലെ കാണാനും കരുതാനും കഴിയുന്നതിലും ഏറെ സന്തോഷമുണ്ട്.

## പ്രൊഫ. കെ. ജെ. ജോൺ

**എല്ലാം രണ്ടായി!**

ഒരിക്കൽ ജോൺ സാറും കുടുംബാംഗങ്ങളും പി. ജെ. ദേവസ്യാ സാറിന്റെ വീട്ടിൽ ഒരു സുഹൃദ്സന്ദർശനം നടത്തി. ഏറെ സമയം അവർ സ്നേഹം പങ്കുവച്ചുകൊണ്ടിരുന്നു. സമയം വൈകുന്നതു കണ്ട ജോൺസാർ ദേവസ്യാ സാറിനോടും കുടുംബത്തോടും യാത്ര പറഞ്ഞു കാറിൽ കയറി. കൂടെയുള്ള എല്ലാവരും യാത്ര പറഞ്ഞു വണ്ടിയിൽ കയറിക്കഴിഞ്ഞപ്പോൾ ജോൺസാർ വണ്ടി സ്റ്റാർട്ടു ചെയ്തു. പക്ഷേ, സാറിനു മുമ്പോട്ടു പോകാൻ കഴിയുന്നില്ല. എല്ലാം രണ്ടായാണ് അദ്ദേഹം കാണുന്നത്. വിവരം എല്ലാവരെയും അറിയിച്ചു. ബുദ്ധിമുട്ടേറി വന്നപ്പോൾ വണ്ടി നിർത്തി. തന്റെ കണ്ണുകൾക്കു രണ്ടിനും കാര്യമായ എന്തോ തകരാറ് സംഭവിച്ചെന്നു സാറിനു തോന്നി. ചെറിയ തലവേദനയും അനുഭവപ്പെടുന്നുണ്ട്. കാര്യമെന്തെന്നറിയാതെ സകലരും കുഴങ്ങി.

**മൂക്കിന്മേൽ രണ്ടു കണ്ണടകൾ!**

എല്ലാവരും ഇതികർത്തവ്യതാമൂഢരായി നില്ക്കുകയാണ്. അന്നു മൊബൈൽ വില്ലൻ അവന്റെ താണ്ഡവനൃത്തം തുടങ്ങിയിരുന്നില്ല. നേരം മയങ്ങിക്കഴിഞ്ഞിരുന്നു. ഇത്രയുമായപ്പോൾ സാറിന്റെ ഒരു കൊച്ചുമകൻ, കൊച്ചുമിടുക്കൻ, വല്യപ്പന്റെ കണ്ണാടിയൊന്നു പരിശോധിക്കാൻ തീരുമാനിച്ചു. അവൻ പരിശോധിച്ചപ്പോൾ അത്ഭുതമേ, വല്യപ്പച്ചന്റെ മൂക്കിന്മേൽ രണ്ടു കണ്ണടകൾ സസുഖം വാഴുന്നു. ഒന്നു 'വരത്ത' നാണെന്ന് അവനു മനസ്സിലായി. അവനെ 'നിഷ്കരുണം' ആ കുരുന്നു വലിച്ചു പുറത്തെടുത്തു. പ്രശ്നങ്ങളെല്ലാം പരിഹൃതവുമായി!

**professorial absent-mindedness**

എന്താണു സംഭവിച്ചതെന്ന് അറിയണ്ടേ? ജോൺസാറും ദേവസ്യാസാറും സംസാരം നിർത്തി എഴുന്നേറ്റപ്പോൾ, ദേവസ്യാസാർ മേശപ്പുറത്ത് ഊരിവച്ചിരുന്ന കണ്ണട, തന്റേതാണെന്നു കരുതി, ജോൺസാർ അത് എടുത്തു. തന്റെ മൂക്കേൽ പ്രതിഷ്ഠിച്ചതാണ്. Isn't the incident a very fine example for the oft-quoted professorial absent- mindedness?

**കെ.ആർ. നാരാണന്റെ സതീർത്ഥ്യനും ആത്മസുഹൃത്തും**

ഇന്ത്യയുടെ മുൻപ്രസിഡന്റ് അന്തരിച്ച ശ്രീ. കെ. ആർ. നാരായണന്റെ സഹപാഠിയും ഉറ്റ സുഹൃത്തുമായിരുന്നു ജോൺസാറെന്ന വസ്തുത വെളിപ്പെടുത്തി അദ്ദേഹത്തെക്കുറിച്ച് അന്യത്ര പരാമർശിച്ചിട്ടുണ്ട്. "ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്നു പഠിക്കുകയും ചെയ്യുവിൻ" എന്ന നാഥന്റെ ഹൃദയസ്പർശിയായ വാക്കുകൾ ഞങ്ങളുടെ ജോൺസാറിനെക്കുറിച്ചു നൂറുശതമാനവും അന്വർത്ഥമാണ്. ഈ മഹാനുഭാവന്റെ ശിഷ്യനും സഹപ്രവർത്തകനുമാകാൻ കഴിഞ്ഞത് ദൈവാനുഗ്രഹം തന്നെയാണ്. ദൈവമേ നന്ദി!

ജോൺസാർ ഞങ്ങളെ പഠിപ്പിച്ചതു സർ ഫിലിപ്പ് സിഡ്നിയുടെ സുപ്രസിദ്ധ

മായ ഒരു ഉപന്യാസമാണ്. ഒരു ദിവസം ക്ലാസ്സെടുത്തുകൊണ്ടിരുന്നപ്പോൾ സിഡ്നിയുടെ ജീവിതത്തിലെ അവിസ്മരണീയമായ ഒരു സംഭവം അദ്ദേഹം ഞങ്ങളോടു പറഞ്ഞത് എന്റെ ഹൃദയത്തിൽ ആലേഖനം ചെയ്തിട്ടുണ്ട്. യുദ്ധക്കളത്തിൽ മാരകമായി മുറിവേറ്റ സിഡ്നി, മരണത്തോടു മല്ലടിച്ച്, മരണം കാത്തു, കുറേ സാധാരണ ഭടന്മാരുടെ ഇടയിൽ, നിലത്തു കിടക്കുകയാണ്. സിഡ്നിക്ക് അതികഠിനമായ ദാഹം തോന്നി. ഇതു മനസ്സിലാക്കിയ ഒരു പട്ടാളക്കാരൻ ശീഘ്രം പോയി എവിടെ നിന്നോ ഒരു ഗ്ലാസ്സു വെള്ളം സംഘടിപ്പിച്ചുകൊണ്ടുവന്നു സിഡ്നിയുടെ കൈയിൽ കൊടുത്തു. ആ വെള്ളം അതിവേഗം പാനം ചെയ്തു ദാഹം ശമിപ്പിച്ചു മരിക്കാൻ ആ മഹാനുഭാവൻ ഗ്ലാസ്സ് തന്റെ ചുണ്ടുകളോട് അടുപ്പിച്ചു.

അപ്പോൾ ഒരു സാധാരണ പട്ടാളക്കാരൻ ദാഹത്താൽ വലഞ്ഞ് വളരെ ദയനീയമായി, ആ ഗ്ലാസ്സിലേക്കു നിർന്നിമേഷനായി നോക്കുന്നതു സിഡ്നി കാണുന്നു. അദ്ദേഹം തന്റെ ചുണ്ടിനോടടുപ്പിച്ച ആ വെള്ളം, ആ അമൃത്, തുള്ളിപോലും രുചിച്ചു നോക്കാതെ 'Brother, thy need is greater than mine' എന്നു പറഞ്ഞ്, ആ സാധാരണ പട്ടാളക്കാരനു സസന്തോഷം സമ്മാനിച്ചിട്ട് സിഡ്നി ദാഹാർത്തനായിത്തന്നെ മരിച്ചു. എന്തൊരു മഹാമനസ്ക്കത? എന്തൊരു ജീവകാരുണ്യം? എന്തൊരു ത്യാഗം? എന്തൊരു നിസ്വാർത്ഥത? എന്തൊരു കരുതൽ? എന്തൊരു കാരുണ്യം? എന്തൊക്കെ കൂട്ടിച്ചേർത്താലും സർ ഫിലിപ്പ് സിഡ്നിയുടെ സ്വഭാവവൈശിഷ്ട്യത്തെ പൂർണ്ണമായി ആവിഷ്ക്കരിക്കാനാവില്ല. ജോൺസാറിന് ഒരായിരം നന്ദി! ആദരാഞ്ജലികളും!

കെ. ജെ. ജോൺ സാറിനെക്കുറിച്ച് ഓർക്കുമ്പോൾ ഓർമ്മയിൽ ഓളം തല്ലുന്ന ചില യാഥാർത്ഥ്യങ്ങളുണ്ട്. അദ്ദേഹത്തിന്റെ ദൈവസ്നേഹം, സഹോദരസ്നേഹം, സഭാസ്നേഹം, മാതൃ-പിതൃ-ഗുരുഭക്തി, നിഷ്കളങ്കത, നീതിബോധം, ആത്മാർത്ഥതയിൽ നിന്നുരുത്തിരിയുന്ന വിനയം, വിശുദ്ധി, വിശ്വാസം, വിശ്വസ്തത, സഹാനുഭൂതി, 'പാവങ്ങളോടു പക്ഷംചേരലും പങ്കുവയ്ക്കലും, ആർദ്രത തുടങ്ങിയവ.

## പ്രൊഫ. ഡി. വർഗീസ്

"ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ. 13:34-35) വായനക്കാർ ഒരുപക്ഷേ, ചിന്തിക്കുന്നുണ്ടായിരിക്കും, ഇതെന്താ ആമുഖമൊന്നുമില്ലാതെ, പരമപ്രധാനമാണെങ്കിൽത്തന്നെ, ഈ തിരുവചനങ്ങൾ ലേഖകൻ രേഖപ്പെടുത്തിയത് എന്ന്. അവിസ്മരണീയനായ മറ്റൊരു ഗുരുനാഥനെ, സമ്യക്കായി അവതരിപ്പിക്കാൻ, ഏറ്റവും അനുയോജ്യമായ വചനങ്ങളായതുകൊണ്ടാണ് ആമുഖമായി അവ ഉദ്ധരിച്ചത്.

**ശാന്തൻ, വിനയാന്വിതൻ**

**'Brother, thy need is greater than mine'**

**വിശുദ്ധി, വിശ്വാസം, വിശ്വസ്തത**

**യഥാർത്ഥ ക്രിസ്തുശിഷ്യൻ**

**ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ**



**കറയറ്റ മനുഷ്യൻ**

ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും പ്രതീകമായിരുന്നു അദ്ദേഹം. ഈ തലമുറയിലെ നീതിമാൻ, കറയറ്റ മനുഷ്യൻ എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാം. (ഉൽപ്പ. 6:9) ആരെയും വേദനിപ്പിക്കാതെ, സാധിക്കുന്ന നന്മ എല്ലാവർക്കും ചെയ്ത്, വിനയാന്വിതനായി ജീവിച്ച്, അദ്ദേഹം മരിച്ചു. പണക്കാർ, പാവപ്പെട്ടവർ, പണ്ഡിതർ, പാമരർ എന്നീ വ്യത്യാസങ്ങൾ അശ്ശേഷമില്ലാതെ ജാതി മത, വർഗ്ഗ, വർണ്ണവ്യത്യാസമില്ലാതെ വീട്ടുകാരെയും അയൽക്കാരെയും നാട്ടുകാരെയും വിദ്യാർത്ഥികളെയും എന്നല്ല സകലരെയും നിസ്വാർത്ഥമായി സ്നേഹിച്ച്, സേവിച്ച്, അദ്ദേഹം നീതിയുടെ കിരീടമണിഞ്ഞു (2 തിമോ 4: 7-8).

**നിസ്വാർത്ഥമായി സ്നേഹിച്ചു**

**മഹാമനസ്കതയും നിറപുഞ്ചിരിയും**

മക്കൾക്ക് അദ്ദേഹം ഈ ലോകത്തിലെ ഏറ്റവും നല്ല അപ്പൻ, മരുമക്കൾക്ക് ഏറ്റവും നല്ല അമ്മായിയപ്പൻ, ജീവിതസഖിക്ക് ഏറ്റവും നല്ല പ്രാണസഖി, കൊച്ചുമക്കൾക്ക് ഏറ്റവും നല്ല മുത്തച്ഛൻ, പ്രാർത്ഥനയുടെ മനുഷ്യൻ, മഹാമനസ്ക്കതയുടെ പര്യായം, മക്കളെക്കുറിച്ചും വിദ്യാർത്ഥികളെക്കുറിച്ചും മറ്റെല്ലാവരെക്കുറിച്ചും കരുതലും പരിഗണനയുമുള്ള, ഉത്സാഹവും നിറപുഞ്ചിരിയും നർമ്മവും കർമ്മവും സമഞ്ജസമായി സമ്മേളിപ്പിച്ച, അസാധാരണ വ്യക്തിത്വമായിരുന്നു എന്റെ ഈ ഗുരുനാഥൻ.

**സെന്റ് ഡൊമിനിക്സിന്റെ പ്രിൻസിപ്പൽ**

സെന്റ് ബർക്കുമാൻസിൽ ഒരേസമയം ഒരു വകുപ്പദ്ധ്യക്ഷനും മറ്റൊരു വകുപ്പിലെ അംഗവുമായിരുന്ന അപൂർവ്വപ്രതിഭാസത്തിന്റെ ആവിഷ്ക്കാരമായിരുന്നു അദ്ദേഹം. വെളിപ്പെടുത്തൽ ഇനി ദീർഘിപ്പിക്കുന്നതു ശരിയല്ല. ആ മഹാനുഭാവനാണ് എല്ലാവർക്കും പ്രിയങ്കരനായിരുന്ന അതുല്യനായ ഡി. വർഗ്ഗീസ് സാർ. കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളജിന്റെ പ്രിൻസിപ്പലായും അദ്ദേഹം നിസ്തുലസേവനം കാഴ്ചവച്ചിട്ടുണ്ട്. വന്ദ്യഗുരോ, നന്ദിയുടെ ഒരായിരം നറുമലരുകൾ! ഒപ്പം ആദരാഞ്ജലികളും!

**എല്ലാവർക്കും പ്രിയങ്കരൻ**

## പ്രൊഫ. റ്റി. വി. ഏബ്രഹാം

**അറിവിൽ വലിയവൻ**

റ്റി. വി. ഏബ്രഹാം സാർ ആളിൽ കുറിയവനെങ്കിലും അറിവിൽ വലിയവനായിരുന്നു. ഏതു വിദ്യാർത്ഥിക്കും ഉൾക്കൊള്ളാൻ കഴിയുംവിധം ക്ലാസുകൾ അവതരിപ്പിക്കുന്നതിൽ അതിസമർത്ഥനായിരുന്നു ആ ' little great man'. ബാങ്കിംഗ്, കറൻസി, പബ്ലിക് ഫിനാൻസ് ഇവയൊക്കെ പാദാദികേശം, കേശാദിപാദം എന്റെ ഗുരുനാഥന്റെ അധരപുടങ്ങളിൽ തുള്ളിക്കളിക്കുന്ന കാഴ്ച കണ്ണിനും കാതിനും കുളിർമ്മയേകുന്നതും വിദ്യാർത്ഥികളുടെ ബൗദ്ധികചക്രവാളത്തിൽ നിറനക്ഷത്രം പോലെ തെളിഞ്ഞു പ്രകാശിക്കുന്നവയുമായിരുന്നു. ആകാരസൗഷ്ഠവത്തിൽ അദ്ദേഹത്തിന്റെ തനിപ്പകർപ്പായിരുന്ന ഏകജ്യേഷ്ഠസഹോദരൻ ഫാ. ജോസഫ് തൈപ്പറമ്പിൽ. പെറ്റിസെമിനാരിയിൽ അദ്ദേഹം ഞങ്ങളുടെ ആത്മീയപിതാവും പിന്നീടു റെക്ടറുമായിരുന്നു. ഞാൻ അറിയുന്ന മറ്റൊരു പ്രതിഭയായിരുന്നു അദ്ദേഹം. ഇരു ഗുരുനാഥന്മാർക്കും ആദരാഞ്ജലികൾ!

**പ്രഗത്ഭനായ അധ്യാപകൻ**

## പ്രൊഫ. ജോസഫ് അഞ്ചനാട്

കോളജിൽ രണ്ടാം ഭാഷയായി പഠിച്ചത് സുറിയാനിയാണ്. സെമിനാരിയിലും

പിന്നീടു സുറിയാനി പഠിച്ചു. ഈ പഠനത്തിന്റെ ബലത്തിലാണ് പില്ക്കാലത്ത് എടത്വാ സെന്റ് അലോഷ്യസ് കോളജിൽ സുറിയാനി പ്രഫസറായി കുറച്ചൊരുകാലം സേവനമനുഷ്ഠിക്കാൻ അവസരമുണ്ടായത്. അങ്ങനെ സുറിയാനി മാത്രം പഠിച്ചിരുന്ന എനിക്ക് പ്രഗത്ഭനായ, ഈശ്വരഭക്തനായ, സഹോസ്നേഹിയായ, വിനയാന്വിതനായ, കഠിനാദ്ധ്വാനിയായ, അർപ്പണമനോഭാവത്തെ സന്തതസഹചാരിയായിരുന്ന, ലളിതസുന്ദരമായ മുഖഭാവമുണ്ടായിരുന്ന, ഒരു മഹാപ്രതിഭയായ ഒരു മലയാള അധ്യാപകന്റെ ശിഷ്യനാകാൻ എങ്ങനെ സാധിച്ചുവെന്നതു വായനക്കാരുടെ മനസ്സിൽ ഉയർന്നു വരാവുന്ന ഒരു ചോദ്യമാണ്. ദൈവനിയോഗമെന്ന ഒറ്റവാക്കിൽ ഉത്തരം പറയാം. ഞങ്ങൾക്ക് ഒന്നാംവർഷ ബി.എ. ബി ബാച്ചിൽ അദ്ദേഹമാണ് മതബോധനക്ലാസ്സുകൾ കൈകാര്യം ചെയ്തിരുന്നത്. ഈ ക്ലാസ് അദ്ദേഹത്തിന് ഏറ്റം ഇഷ്ടമായിരുന്നു; ഞങ്ങൾക്കും. ആവേശത്തോടെയാണ് അദ്ദേഹം റിലിജൻ ക്ലാസ്സ് എടുത്തിരുന്നത്. എനിക്കു മതബോധനക്ലാസ്സെടുത്ത് എന്നിൽ അവിസ്മരണീയമായ ഓർമ്മകൾ അവശേഷിപ്പിച്ചു കടന്നുപോയ ജോസഫ് അഞ്ചനാട്ടു സാറിനെക്കുറിച്ചു. 'ചങ്ങനാശ്ശേരി അതിരൂപത ഇന്നലെ, ഇന്ന്' ആമുഖമായി പറയുന്നതിങ്ങനെയാണ്. 'പ്രഗത്ഭനായ കലാലയാദ്ധ്യാപകൻ, പ്രശസ്തനായ ഭാഷാപണ്ഡിതൻ, അനുഗൃഹീതനായ കവി, വാഗ്മി, ചിന്തകൻ എന്നീ നിലകളിൽ സമർത്ഥവും സമർപ്പിതവുമായ ഒരു ജീവിതത്തിനുടമയാണ് അദ്ദേഹം.' ഉരുക്കി വാർത്ത, കടഞ്ഞെടുത്ത ഈ വാക്യം അഞ്ചനാട്ടു സാറിനെ അവികലമായി അവതരിപ്പിക്കുന്നു.

വിനയാന്വിതനും കഠിനാദ്ധ്വാനിയും

പ്രഗത്ഭനായ കലാലയാദ്ധ്യാപകൻ

## പ്രൊഫ. ഫാ. വി. ജെ. അഗസ്റ്റിൻ

ഞങ്ങൾ എം. എ. ഇംഗ്ലീഷിനു പഠിക്കുമ്പോൾ ഒൻപതു പേപ്പറുകളും വൈവയുമാണ് ഉണ്ടായിരുന്നത്. ഓരോ പേപ്പറിനും 150 മാർക്ക് വീതവും, വൈവയ്ക്ക് 100 മാർക്കും. രണ്ടാം വർഷം അവസാനം മാത്രമാണ് യൂണിവേഴ്സിറ്റി പരീക്ഷ ഉണ്ടായിരുന്നത്. ഇത്രയും പേപ്പറുകൾ ഒരുമിച്ച്, ഏതാണ്ട് അടുപ്പിച്ചടുപ്പിച്ചു തന്നെ, തൃപ്തികരമായി എഴുതുക അത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല. പുരോഹിതപഠനം കഴിഞ്ഞ് രണ്ടു വർഷത്തിലധികം അജപാലനശുശ്രൂഷയ്ക്കുശേഷം പെറ്റിസെമിനാരിയിലും പിസിയിലും പഠിപ്പിച്ചും കഴിഞ്ഞ് പായിപ്പാട് സെന്റ് തോമസ് പള്ളിയിൽ ശുശ്രൂഷ ചെയ്യുമ്പോഴാണ് ഞാൻ എം. എയ്ക്കു പഠിക്കാൻ ഇടയായത്. രണ്ടു മൂന്നു മാസം കഴിഞ്ഞ് പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ, പടിയറപ്പിതാവ് അനുവദിച്ചു. ആദ്യ വർഷം, അവശേഷിച്ചകാലം, ഭദ്രാസന ദൈവാലയത്തിലെ ഒരു കൊച്ചു മുറിയിലും, രണ്ടാംവർഷം, പാറേലുള്ള പെറ്റി സെമനാരി കെട്ടിടത്തിലെ ഒരു മുറിയിലും, താമസിച്ചാണു ഞാൻ എം.എയ്ക്കു പഠിച്ചത്.

അജപാലന ശുശ്രൂഷകളും

വൈദികനെന്ന നിലയിൽ, അത്യാവശ്യ ശുശ്രൂഷകൾക്ക് ഇടയ്ക്കൊക്കെ ഇടവകളിൽ, പോകേണ്ടിയിരുന്നു. അത്യാവശ്യം സംബന്ധിക്കേണ്ടിയിരുന്ന സംസ്കാരശുശ്രൂഷകളിലും മറ്റും പങ്കെടുത്തിരുന്നു. എങ്കിലും, നന്നായി പഠിക്കാൻ കഠിനമായി പരിശ്രമിച്ചിരുന്നു. അദ്ധ്യാപകരിൽ നിന്ന് എല്ലാവിധ പ്രോത്സാഹനവും സഹായവും ലഭിച്ചിട്ടുണ്ട്. ഞങ്ങളുടെ വകുപ്പധ്യക്ഷൻ പ്രൊഫ. വി.ജെ. അഗ

അധ്യാപകരിൽനിന്ന് എല്ലാ സഹായവും



സ്റ്റിൻ ഞങ്ങളുടെ അപ്പന്റെയും അമ്മയുടെയും സ്ഥാനത്തു നിന്നു പ്രവർത്തിച്ചിരുന്നു. അദ്ദേഹത്തിന്റെ അതുല്യസേവനങ്ങളും കരുതലും കാവലും കരുണയും ഞങ്ങൾക്ക് വിസ്മരിക്കാനാവില്ല.

**അപ്പന്റെയും അമ്മയുടെയും സ്ഥാനത്ത്**

ഞങ്ങളുടെ പഠനാവസാനപരീക്ഷയാരംഭിച്ചു. 1 മുതൽ 7 വരെയുള്ള പേപ്പറുകൾ വലിയ ബുദ്ധിമുട്ടു കൂടാതെ എഴുതി. 8ാമത്തെ പേപ്പറിന്റെ ദിവസം ഞാൻ ഏറെ ക്ഷീണിതനായിരുന്നു. പരീക്ഷാദിവസങ്ങളിൽ താമസിക്കാൻ, കുര്യാളശ്ശേരിലച്ചൻ സ്റ്റാഫ് ഹോസ്റ്റലിൽ ഒരു മുറി തന്നിരുന്നത്, വലിയ അനുഗ്രഹമായി. അദ്ദേഹം എന്നുമെനിക്ക് അനുഗ്രഹമായിരുന്നു.

എട്ടാമത്തെ പരീക്ഷയെഴുതാൻ കഴിയുമോ എന്നു സംശയം തോന്നത്തക്ക വിധം ഞാൻ പരിക്ഷീണനായിരുന്നു. പടിക്കൽ കൊണ്ടുവന്നു കലമുടയ്ക്കമോ, എന്നുതന്നെ ചിന്തിച്ച നിമിഷങ്ങളുണ്ട്. അപ്പോഴൊക്കെ, ഉള്ളുരുകി പ്രാർത്ഥിക്കുമായിരുന്നു. പലരോടും പ്രാർത്ഥന അഭ്യർത്ഥിച്ചിരുന്നു. തലേ രാത്രിയിൽ, കുറച്ചൊക്കെ വായിച്ചു. പരീക്ഷയ്ക്കു പോകാൻ സമയമായി. രാവിലെ കാര്യമായി ഒന്നും കഴിക്കാനുള്ള വിശപ്പ് തോന്നിയില്ല. മുറിയിൽ നിന്നിറങ്ങി, ചാപ്പലിൽ കയറി പ്രാർത്ഥിച്ചിറങ്ങി. ബയോളജി ബ്ലോക്കിൽ എഴുപത്തിരണ്ടാം ഹോളിലായിരുന്നു പരീക്ഷ. ഹോളിലേക്കു സാവകാശം നടന്നുകയറി. പതിവുപോലെ പ്രാർത്ഥിച്ചിട്ട്, ചോദ്യക്കടലാസ് വായിച്ചു നോക്കി. എഴുതാൻ സാധിക്കുമെന്നുതന്നെയാണ് തോന്നിയത്. എപ്പോഴും എവിടെയും ദൈവപരിപാലനയുടെ പ്രകാശനം! പതിവുള്ള പ്രാർത്ഥനകൾ ചൊല്ലി. സാവകാശം എഴുതിത്തുടങ്ങി. മൂന്നു മണിക്കൂറും എഴുതി. എങ്കിലും പേപ്പർ കെട്ടിവയ്ക്കാൻ സാധിച്ചില്ല. എന്റെ സഹപാഠി ജയിംസ് അതു ചെയ്തു തന്നു.

ഹോളിൽ നിന്നും പുറത്തിറങ്ങിയപ്പോൾ നടക്കാൻ വളരെ വിഷമം തോന്നി. ഒരോ അടിയും വളരെ വിഷമത്തോടെയാണ് മുമ്പോട്ടുവച്ചത്. ആശുപത്രിയിൽ പോകാൻ തന്നെ തീരുമാനിച്ചു. ഇക്കാര്യങ്ങളൊന്നും 'ഒരാൾ' അറിയരുതെന്ന് തീവ്രമായി ആഗ്രഹിച്ചു. ഒരോ പരീക്ഷയും കഴിഞ്ഞിറങ്ങുമ്പോൾ അദ്ദേഹം, പുറത്തു, വരാന്തയിൽ, കാത്തു നില്ക്കുമായിരുന്നു. അദ്ദേഹത്തിന് അന്നെങ്ങോ അത്യാവശ്യമായി പോകേണ്ടിയിരുന്നതുകൊണ്ടു വരാന്തയിൽ കണ്ടില്ല. അത് ആശ്വാസമായി. വിവരമറിഞ്ഞാൽ അദ്ദേഹം അങ്ങേയറ്റം വേദനിക്കും.

**ഓരോ പരീക്ഷയും കഴിഞ്ഞിറങ്ങുമ്പോൾ ഞങ്ങളെ കാത്ത് വരാന്തയിൽ!**

വേഗം ഒരു കാറു വരുത്തി അതിൽ കയറി ചെത്തിപ്പുഴ ആശുപത്രിയിലേക്ക് പുറപ്പെട്ടു. ചങ്ങനാശ്ശേരി കവല വഴിയാണ് കാറുകാരൻ വണ്ടിവിട്ടത്. വാഹനം സെന്റ്രൽ സ്റ്റുഡിയോയോട് അടുക്കുന്നു. ആര് അറിയരുതെന്നു ഞാൻ ആത്മാർത്ഥമായി ആഗ്രഹിച്ചുവോ, ആര് ഞങ്ങൾക്കുവേണ്ടി ചോര നീരാക്കിക്കൊണ്ടിരുന്നുവോ, ആ ദിവ്യതേജസ്സ്, ആ വെയിലത്തു നടന്നു, തൊട്ടുമുമ്പിലുള്ള പമ്പിനു സമീപമെത്തിയിരിക്കുന്നു! കാറു നിർത്തുകയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ലായിരുന്നു. ഡ്രൈവറോട് ഞാൻ വിവരം പറഞ്ഞു. വണ്ടിനിർത്തി. വിവരം മുഴുവൻ കേൾക്കുന്നതിനുമുമ്പ്, ഞങ്ങളുടെ ആരാധനാപാത്രം മുൻവശത്തെ ഡോർ തുറന്നതും അകത്തു പ്രവേശിച്ചു സീറ്റിൽ ഇരുന്നതുമെല്ലാം ഒരു

**ദിവ്യതേജസ്സ്**

**ഞങ്ങളുടെ ആരാധനാപാത്രം**

സെക്കന്റിൽ പൂർത്തിയായി. വാഹനം, സൂക്ഷിച്ച്, എത്രയും വേഗം വിടാൻ, വി.ജെ. അഗസ്റ്റിൻ സാർ ഡ്രൈവർക്കു നിർദ്ദേശവും നല്കി.

നാലഞ്ചു മിനിട്ടിനുള്ളിൽ ഞങ്ങൾ ചെത്തിപ്പുഴ സെന്റ് തോമസ്സ് ആശുപത്രിയിലെത്തി. എന്നെ കാഷ്വാൽറ്റിയിലാക്കിയിട്ട്, അദ്ദേഹം ഓടി. ഒരു മുറി സജ്ജീകരിക്കുകയാണ് ലക്ഷ്യം. 1975-ൽ ചെത്തിപ്പുഴ ആശുപത്രിയിൽ ഇന്നത്തേതിന്റെ നാലിലൊന്ന് സൗകര്യങ്ങൾ ഉണ്ടായിരുന്നോ എന്നു സംശയമാണ്. മുറിയൊന്നുമില്ലെന്നാണ് അദ്ദേഹത്തിന് ആദ്യം കിട്ടിയ അറിവ്. അപ്പോൾ ആരോ അദ്ദേഹത്തോടു പറഞ്ഞു, അച്ചന്മാരുടെ മുറി (അന്ന് ഒരു മുറി മാത്രമേ അച്ചന്മാർക്ക് റിസർവ്വ് ചെയ്തിരുന്നുള്ളൂ) യിലും ഒരച്ചനുണ്ടെന്ന്. അദ്ദേഹം ആ മുറിയിലേക്കു കുതിച്ചു. തന്റെ ശിഷ്യൻ, (ഇപ്പോൾ സീറോ മലബാർ സഭാസമൂഹത്തിന്റെ മേജർ ആർച്ചു ബിഷപ്പും കർദ്ദിനാളുമായ) ജോർജ് ആലഞ്ചേരിലച്ചനായിരുന്നു ആ മുറിയിൽ ഉണ്ടായിരുന്നത്. അദ്ദേഹം ആ ശിഷ്യനോട് വിവരമെല്ലാം പറഞ്ഞു കേൾപ്പിച്ചു. അദ്ദേഹം ആ മുറിയിൽ ഒരു കട്ടിൽ കൂടി ഇട്ടു.

**മൂന്നു മണിക്കൂർ ആശുപത്രി മുറിയിൽ ശിഷ്യന്മാരോടൊപ്പം**

ഏകദേശം മൂന്നു മണിക്കൂർ, അദ്ദേഹം ആ മുറിയിൽത്തന്നെ, ഞങ്ങളോടൊപ്പമായിരുന്നു. ഇടയ്ക്ക് മേഴ്സി ഹോമിൽ ചെന്ന് അവിടെയുള്ള സിസ്റ്റേഴ്സിനോട്, പ്രത്യേകിച്ച് അന്ന് ഒന്നാം വർഷ എം.എ. യ്ക്കു പഠിച്ചിരുന്നു സി. റിഡംറ്റാ എസ്. ഡിയോടും, വിവരം പറഞ്ഞ് എനിക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടു. ദൈവകൃപയാൽ, കിട്ടിയ മുറിയിലെ താമസം വളരെ സൗകര്യമായിത്തോന്നി. ക്ഷീണമൊക്കെ കുറഞ്ഞു തുടങ്ങി. ഏകദേശം രാത്രി 7.30 വരെ ആ 'ദിവ്യശക്തി' ഞങ്ങളോടൊപ്പമായിരുന്നു. എന്റെ ആരോഗ്യസ്ഥിതി, തൃപ്തികരമായി, മെച്ചപ്പെടുന്നുവെന്നു ബോധ്യമായിക്കഴിഞ്ഞപ്പോഴാണ് ആ മനുഷ്യസ്നേഹി, ആ ശിഷ്യവത്സലൻ, മടങ്ങിപ്പോയത്.

**ശിഷ്യവത്സലൻ**

എനിക്ക് ഒരു പരീക്ഷയും വൈവയും അവശേഷിച്ചിരുന്നു. ആ പരീക്ഷയ്ക്കുള്ള ഹ്രസ്വ ചോദ്യങ്ങളുടെയും ഉത്തരങ്ങളുടെയും മാതൃക അന്നുച്ചകഴിഞ്ഞു തയ്യാറാക്കാമെന്നതായിരുന്നു സാറിന്റെ കണക്കു കൂട്ടൽ. വിദ്യാർത്ഥികളുടെ നന്മയ്ക്കു വേണ്ടി എന്തൊക്കെ ചെയ്യണമായിരുന്നോ അവയൊക്കെ അക്ഷരശഃ നിർവ്വഹിക്കുന്നതിൽ നിന്ന് ഒരു ശക്തിക്കും അദ്ദേഹത്തെ പിന്തിരിപ്പിക്കാൻ സാധിക്കുമായിരുന്നില്ല. അന്നു രാത്രി മുഴുവനിരുന്ന് മോഡൽ ചോദ്യങ്ങളുണ്ടാക്കി, ഉത്തരങ്ങളുമായി ടൈപ്പു ചെയ്തു, കുട്ടികളെ ഏല്പിച്ചു കഴിഞ്ഞിട്ടേ, അദ്ദേഹം ഉറങ്ങിയുള്ളൂ.

**ശിഷ്യർക്കുവേണ്ടി ഉഴിഞ്ഞുവച്ച ജീവിതം**

രണ്ടോ മൂന്നോ കോപ്പികളെടുത്തു വദ്യാർത്ഥികൾക്കു കൊടുക്കുക, അവർ അവ കൈമാറി എഴുതിയെടുക്കുക, എന്നതാണു പതിവ്. എന്തായാലും, അന്ന് എനിക്ക് ഒരു പ്രത്യേക കോപ്പി, ആരോ വശം, അദ്ദേഹം കൊടുത്തുവിട്ടു. മൂന്നു ദിവസം മുഴുവൻ ആശുപത്രിയിൽ കഴിയേണ്ടിവന്നു. അതിനിടയ്ക്കു പലപ്രാവശ്യം അദ്ദേഹം അരുമശിഷ്യനെ ആശുപത്രിയിൽ സന്ദർശിക്കുകയും അനവധി പേരെക്കൊണ്ട് പ്രാർത്ഥിപ്പിക്കുകയും, പ്രാർത്ഥനയുടെ മനുഷ്യനായിരുന്ന



**ക്ഷീണിതനായ ശിഷ്യനു പ്രത്യേക പരിഗണന**

**പ്രാർത്ഥനയുടെ മനുഷ്യൻ**

അദ്ദേഹം മാതാവിനോടു (മാതാവിന്റെ പ്രത്യേക ഭക്തനാണ്) മുട്ടിപ്പായി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. അദ്ദേഹം പറഞ്ഞറിഞ്ഞു പലരും രോഗിയെ സന്ദർശിക്കാനും എത്തിയിരുന്നു. ദൈവത്തിന്റെ പരിപാലനം അത്ഭുതാവഹവും ആരാധ്യവുമാണല്ലോ. ഡിസ്ചാർജു ചെയ്തതിനുശേഷം, രണ്ടുദിവസം കഴിഞ്ഞായിരുന്നു അവസാനപരീക്ഷ. ദൈവകൃപയാൽ അതും എഴുതി. അവസാനത്തെ രണ്ടു പരീക്ഷകളും പ്രയാസമായിരുന്നു. എങ്കിലും ഫലം വന്നപ്പോൾ a decent second class (അങ്ങനെയാണ് ആചാര്യൻ പ്രഖ്യാപിച്ചത്) ഉണ്ടായിരുന്നു.

**ശിഷ്യനു 'breakdown'**

**ഞങ്ങളുടെ സതീർത്ഥ്യനുമായി മെഡിക്കൽ കോളജിലേയ്ക്ക്**

അദ്ദേഹത്തെ മഥിച്ചതും ലേഖകന് അവിസ്മരണീയവുമായ മറ്റൊരു സംഭവം കൂടി പറയട്ടെ. എന്റെ ഒരു സഹപാഠി പഠിച്ചു പഠിച്ചു breakdown ആയി. പരീക്ഷ തുടങ്ങുന്നതിന് ഏതാനും ദിവസങ്ങൾ മുമ്പാണിത്. അദ്ദേഹത്തെ താമസ്ഥലത്തു ചെന്നു കണ്ടപ്പോൾ വലിയ സങ്കടം തോന്നി. അർദ്ധബോധാവസ്ഥയിൽ കിടന്നു കൈകാലുകൾ എപ്പോഴും ചലിപ്പിച്ചുകൊണ്ടിരിക്കുന്നു. ഞങ്ങൾ വേഗം ഞങ്ങളുടെ എല്ലാമായ പ്രിയപ്പെട്ട ഗുരുനാഥനെ വിവരം അറിയിച്ചു. അദ്ദേഹം സത്വരം, കാർപിടിച്ചു ഞങ്ങളുടെ കൂട്ടുകാരനുമായി കോട്ടയം മെഡിക്കൽ കോളജിലേക്കു പാഞ്ഞു. ഏറ്റവും കൂടിയ വേഗത്തിൽ വണ്ടി വിട്ട് മെഡിക്കൽ കോളജിലെത്തി. സെന്റ് ബർക്കുമാൻസിന്റെ മക്കളെത്താത്ത സ്ഥലങ്ങളൊന്നും ലോകത്തിലില്ല. മെഡിക്കൽ കോളജിലെ നിരവധി ഡോക്ടേഴ്സും ധാരാളം വിദ്യാർത്ഥികളും സെന്റ്ബർക്കുമാൻസിന്റെ സന്താനങ്ങളായി അന്നവിടെ ഉണ്ടായിരുന്നു. (ഇന്നുമുണ്ട്).

**സെന്റ് ബർക്കുമാൻസിന്റെ മക്കൾ സർവ്വസന്നാഹത്തോടെ രംഗത്ത്!**

**'വളർത്തു പിതാവി'ന്റെ പ്രാർത്ഥനയിൽ പരീക്ഷയെഴുതി സെക്കന്റ് ക്ലാസ്സ്, ബാങ്കുമാനേജരായി വിരമിച്ചു. കുടുംബത്തിനു താങ്ങും തണലും**

വാർത്ത അവരുടെയിടയിൽ കാട്ടുതീപോലെ പടർന്നു. വളരെപ്പേർ രംഗത്തെത്തി. സാധ്യമായ എല്ലാ സഹായങ്ങളും ഞങ്ങളുടെ സഹപാഠിക്കു അവരിൽ നിന്നും മറ്റുള്ളവരിൽനിന്നും ലഭിച്ചു. അദ്ദേഹം ഏതാനും ദിവസങ്ങൾ അവിടെ താമസിച്ചു, ചികിത്സക്കു വിധേയനായി. ആ ദിവസങ്ങളിൽ മെഡിക്കൽ കോളജിലും പരിസരങ്ങളിലുമായി എപ്പോഴും കാണാമായിരുന്നു, ഞങ്ങളുടെ 'വളർത്തുപിതാവിനെ'. ആസമയമെല്ലാം, അദ്ദേഹം മറ്റു കാര്യങ്ങളെല്ലാം ക്രമീകരിക്കുന്നതോടൊപ്പം, പ്രാർത്ഥനയിൽ ആയിരിക്കുകയും ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ breakdown ആയ ഞങ്ങളുടെ സഹപാഠി സുഖം പ്രാപിച്ചു പരീക്ഷയെഴുതി, സെക്കൻഡ്ക്ലാസ്സു നേടി. അനതിവിദൂരഭാവിയിൽ ഫെഡറൽ ബാങ്കിൽ അദ്ദേഹം ഉദ്യോഗസ്ഥനായി. അങ്ങനെ, സാമ്പത്തികപരാധീനത അനുഭവിച്ചിരുന്ന തന്റെ കുടുംബത്തിനു, ഞങ്ങളുടെ സഹപാഠി, താങ്ങും തണലുമായിമാറി. ഞങ്ങളുടെ ആരാധ്യനായ ഗുരുനാഥന്റെ കരങ്ങളാണ് ആ മകനെ സംബന്ധിച്ച ദൈവപരിപാലന പ്രായോഗികമാക്കാൻ ഉപയോഗിക്കപ്പെട്ടത്.

55 തികഞ്ഞപ്പോൾ സെന്റ് ബർക്കുമാൻസ് കോളജിലെ ഇംഗ്ലീഷ് വിഭാഗത്തിന്റെ അദ്ധ്യക്ഷസ്ഥാനത്തുനിന്ന് അദ്ദേഹം വിരമിച്ചു. അതിനുശേഷം ട്രിച്ചി സെന്റ് ജോസഫ്സിൽ പോസ്റ്റ്ഗ്രാജ്വേറ്റ് പ്രൊഫസ്സർ ആയി നിയമിക്കപ്പെട്ടു. അവിടെയായിരുന്നപ്പോൾ, ചങ്ങനാശ്ശേരിയിൽ നിന്നുള്ള ഒരു വിദ്യാർത്ഥിയും,

കാഞ്ഞിരപ്പള്ളിയിൽ നിന്നുള്ള ഒരു വിദ്യാർത്ഥിയും, അദ്ദേഹത്തിന്റെ ലോക്കൽ ഗാർഡിയൻഷിപ്പിൽ സെന്റ് ജോസഫ്സിൽ ചേർന്നു. അവർ അവിടെയായിരുന്നപ്പോഴാണ് ബാംഗ്ലൂരിലും പരിസരപ്രദേശത്തും അനിതരസാധാരണവും അത്യപൂർവ്വവുമായ വെള്ളപ്പൊക്കമുണ്ടായത്. ആ വെള്ളപ്പൊക്കത്തിൽപ്പെട്ട് ചങ്ങനാശ്ശേരിക്കാരൻ വിദ്യാർത്ഥി (എൻ.& ജി കോഫി ഉടമയുടെ ഏകമകൻ) മുങ്ങിമരിച്ചു. അവന്റെ ശവശരീരം കിട്ടാൻ ഞങ്ങളുടെ ഗുരുനാഥൻ അശ്രാന്തപരിശ്രമം നടത്തി. നിരവധിപേരുടെ സഹായം അഭ്യർത്ഥിച്ചു. എന്തു പ്രതിഫലം കൊടുക്കുന്നതിനും അദ്ദേഹം സന്നദ്ധനായിരുന്നു. എങ്ങുനിന്നും ആരിൽനിന്നും ഒരു സഹായവും കിട്ടിയില്ല. വെള്ളം കുറച്ചു താണപ്പോഴെങ്കിലും ആരെയെങ്കിലും കിട്ടുമെന്നുകരുതി. വൻതുകകൾ വാഗ്ദാനം ചെയ്തു. ആരും ധൈര്യപ്പെട്ടില്ല. പണവും പ്രതാപവും ഒന്നുമല്ലെന്ന് ആ ദൈവമകനു നേരിട്ടുമനസ്സിലായി.

അദ്ദേഹം മുട്ടിന്മേൽവീണു കരങ്ങൾ വിരിച്ചുപിടിച്ചു ദൈവത്തോടുപ്രാർത്ഥിക്കാൻ തുടങ്ങി. പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യവും തേടി. കുട്ടിയുടെ ശവശരീരം കണ്ടെത്തി മാതാപിതാക്കളെ ഏല്പിക്കാനുള്ള കൃപ നല്കണമേ, എന്നതായിരുന്നു എന്റെ ഗുരുനാഥന്റെ നിരന്തരമായ പ്രാർത്ഥന.

രണ്ടു ദിവസം കഴിഞ്ഞപ്പോൾ, വെള്ളം പൊങ്ങിയവേഗത്തിൽ താണു. കോളജിന്റെ പരിസരങ്ങളിൽ നടന്നുനോക്കാറായി. ഞങ്ങളുടെ ഗുരുജി തന്നെ കുട്ടിയുടെ മൃതശരീരം, ഒരു കുറ്റിച്ചെടിയിൽ ഉടക്കി, നിലത്തടിഞ്ഞു കിടക്കുന്നതു കണ്ടുപിടിച്ചു! പ്രാർത്ഥന ശക്തിയാണ്. ദൈവത്തിന് അസാധ്യമായി ഒന്നുമില്ല. കൈയിൽകിട്ടിയ മൃതശരീരം വീട്ടിലെത്തിക്കാൻ യാതൊരു മാർഗ്ഗവുമില്ലാതെ അദ്ദേഹം വിഷമിച്ചു. അവസാനം അവിടെ അടുത്തെവിടെയോ അതു ദഹിപ്പിച്ച് ഭസ്മം ഒരു കലശത്തിലാക്കി സൂക്ഷിച്ചു. ട്രെയിൻയാത്ര പുനരാരംഭിച്ച അന്നുതന്നെ അദ്ദേഹം ചങ്ങനാശ്ശേരിയിൽ എത്തി കുട്ടിയുടെ മാതാപിതാക്കളെ കലശം ഏല്പിച്ചു. ആ  മാതാപിതാക്കളുടെ ഏകസന്താനമായിരുന്നു ആ മകനെന്നു സൂചിപ്പിച്ചതാണല്ലോ.

ഈ ദാരുണദൗത്യം നിർവ്വഹിച്ച ശേഷം അദ്ദേഹം ചങ്ങനാശ്ശേരി കവലയിലേക്കു നടന്നു വരുകയാണ്. ആ നിമിഷം ലേഖകൻ അദ്ദേഹത്തെ കാണുന്നു. അദ്ദേഹം എന്റെ വലതുകൈയ്ക്ക് ഇറുക്കിപ്പിടിച്ച്, എന്നോട് ആവേശഭരിതനായി പറയുകയാണ്:

"Father, man is nothing; money is nothing; power is nothing; God is Everything.

ഈവാക്കുകൾ എന്നെ അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പിച്ചു. ആമുഖമൊന്നുമില്ലാതെയാണ് വികാരഭരിതനായി, നടുറോഡിൽ വച്ച്, ആ അനന്യഗുരുനാഥൻ,

ട്രിച്ചി സെന്റ് ജോസഫ്സിൽ പോസ്റ്റ് ഗ്രാജ്വേറ്റ് പ്രൊഫസ്സർ

ലോക്കൽ ഗാർഡിയൻഷിപ്പിലുള്ള കുട്ടിയുടെ മൃതശരീരത്തിനുവേണ്ടിയുള്ള അവിശ്രമ പരിശ്രമവും പ്രാർത്ഥനയും

നിരന്തര പ്രാർത്ഥന

ദൈവത്തിന്റെ അനന്ത പരിപാലന കുട്ടിയുടെ മൃതദേഹം കുറ്റിച്ചെടിയിൽ ഉടക്കിക്കിടക്കുന്നു!

പ്രാർത്ഥന ശക്തിയാണ്

ദൈവത്തിന് എല്ലാം സാധ്യം

ഞെട്ടിപ്പിച്ച വാക്കുകൾ



എന്നോട് ഉദ്ധൃതവാക്കുകൾതന്നെ പറഞ്ഞത്. തുടർന്നു ഞങ്ങൾ കോളജിലേക്കു നടന്നു. വഴിയിലും കോളജിലുമായി അദ്ദേഹം വികാരഭരിതനായിത്തന്നെ വിശദാംശങ്ങളെല്ലാം എന്നോടു പറഞ്ഞു.

**ജോർജ്ജുകുട്ടിയുടെ വേർപാട്**

**പുതിയ സൃഷ്ടി**

**റൊസേരിയൻ സന്ന്യാസ സമൂഹത്തിൽ**

**ക്രിസ്തുവിന്റെ പുരോഹിതൻ**

**ലേഖകൻ ആയിരങ്ങളുടെ പ്രതിനിധി**

കാഞ്ഞിരപ്പള്ളിക്കാരൻ വിദ്യാർത്ഥിയുടെ വീട്ടിലും ഒരു വലിയ ദുരന്തമുണ്ടായി. ആ കുട്ടിയുടെ പിതാവു ഹൃദ്രോഗം മൂലം പെട്ടെന്നു മരിച്ചു. (എന്റെ ശ്രേഷ്ഠശിഷ്യ പ്രഗത്ഭയായ മീരാ കാതറിൻ ജോർജിന്റെ പിതാവാണദ്ദേഹം.) ഈ രണ്ടു സംഭവങ്ങൾ എന്റെ ഗുരുനാഥനെ ഉടച്ചു വാർത്ത് പുതിയൊരു സൃഷ്ടിയാക്കി. അദ്ദേഹം അദ്ധ്യാപനം രാജി വച്ചു. അനന്തരം ഏറ്റം കർക്കശമായ ജീവിതരീതിയും നിയമങ്ങളുമുള്ള ഒരു സന്ന്യാസസമൂഹത്തിൽ ചേർന്നു. എട്ടുമണിക്കൂർ പ്രാർത്ഥന, എട്ടുമണിക്കൂർ അദ്ധ്വാനം, എട്ടുമണിക്കൂർ വിശ്രമം - ഇതാണ് അവരുടെ പൊതുകാര്യപരിപാടി. ആശ്രമത്തിൽ ചേർന്ന് അദ്ദേഹം നൊവിഷ്യേറ്റു കഴിച്ചു. മറ്റു പഠനങ്ങളും പൂർത്തിയാക്കി. ആ സന്ന്യാസസമൂഹത്തിന്റെ പേര് റൊസേരിയൻ കോൺഗ്രിഗേഷൻ എന്നാണ്. ഇതൊരു Brotherhood ആണ്. അവരിൽ നിന്നു യോഗ്യരെന്നു തോന്നുന്ന ഏതാനും പേരെ മാത്രം, അധികാരികൾ, സമൂഹത്തിന്റെ വിവിധ ഭവനങ്ങളിൽ, ആദ്ധ്യാത്മിക ശുശ്രൂഷ ചെയ്യാൻ വേണ്ടി, വൈദികരാക്കുക പതിവാണ്. ഞങ്ങളുടെ ഗുരുനാഥൻ ഒരു വൈദികനാകാൻ സർവ്വാത്മനാ യോഗ്യനാണെന്നു മനസ്സിലാക്കി അധികാരികൾ അദ്ദേഹത്തെ ക്രിസ്തുവിന്റെ പുരോഹിതനായി അഭിഷേചിച്ചു. വ്രതവാഗ്ദാനത്തിനും പൗരോഹിത്യസ്വീകരണത്തിനും അദ്ദേഹത്തിന്റെ ആയിരക്കണക്കിനു ശിഷ്യരെ പ്രതിനിധീകരിച്ച് ഈ ശിഷ്യൻ പങ്കുകൊണ്ട് അദ്ദേഹത്തിനു വേണ്ടിയും (വ്രതവാഗ്ദാന സമയത്ത്) അദ്ദേഹത്തോടൊപ്പവും (പൗരോഹിത്യസ്വീകരണം കഴിഞ്ഞയുടനെ) ദിവ്യബലിയർപ്പിച്ചു.

**അമ്മയ്ക്കുവേണ്ടി**

**കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ**

പുത്തൻകുർബാനയുടെ സമയത്ത് അദ്ദേഹം രണ്ടു കാര്യങ്ങൾ പരിശുദ്ധ അമ്മയോടു പ്രാർത്ഥിച്ചു. ഒന്ന്, തന്റെ ഏറ്റം പ്രിയപ്പെട്ട മാതാവിന്റെ മരണം വരെ ജീവിച്ചിരുന്ന്, അമ്മയുടെ അന്തിമശുശ്രൂഷ നടത്താനുള്ള അനുഗ്രഹം. രണ്ട്, 20 വർഷം ജീവിച്ചിരുന്നു കർത്താവിന്റെ മുന്തിരത്തോട്ടത്തിൽ അത്യദ്ധ്വാനം ചെയ്യാനുള്ള കൃപ. മഹാമനസ്ക്കതയോടെ നല്ല ദൈവം രണ്ടാഗ്രഹങ്ങളും, എന്റെ പ്രിയപ്പെട്ട ഗുരുനാഥന്, അനുവദിച്ചു കൊടുത്തു.

**എന്റെ ഗുരുനാഥൻ സ്വർഗ്ഗത്തിൽ**

ഏതാണ്ട് 22 വർഷത്തെ പൗരോഹിത്യ ശുശ്രൂഷയ്ക്കു ശേഷമാണ് ഒന്നര വർഷം മുമ്പ് 'bone cancer' ബാധിച്ച് ആ മഹാനുഭാവൻ സ്വർഗ്ഗം പൂകിയത്. തൃശൂരടുത്തു കൊടുങ്ങ എന്ന സ്ഥലത്തുള്ള റൊസേരിയൻ ആശ്രമത്തിൽ, അദ്ദേഹം തന്നെ, തന്റെ സാന്നിദ്ധ്യത്തിൽ, പണികഴിപ്പിച്ച കല്ലറയിൽ, ആ പാവ

നാത്മാവ് അന്ത്യവിശ്രമം കൊള്ളുന്നു. ആശുപത്രിയിൽ അതിവേദന അനുഭവിച്ചിരുന്ന സമയത്ത്, മരിക്കുന്നതിന് ഏതാനും ദിവസങ്ങൾക്കു മുമ്പ്, അവിടെയെത്തി അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കാനും അദ്ദേഹത്തിന്റെ അനുഗ്രഹം പ്രാപിക്കാനും, സാധിച്ചത്, അനുഗ്രഹങ്ങളുടെ അനുഗ്രഹമാണ്.

God bless you father!

## പ്രൊഫ. കെ. കെ. ഫ്രാൻസിസ്

അവിസ്മരണീയനായ എന്റെ മറ്റൊരു ഗുരുനാഥനാണ് പ്രൊഫ. കെ. കെ. ഫ്രാൻസിസ്. അദ്ദേഹത്തിന്റെ മരണവാർത്ത എന്നെ ഞെട്ടിപ്പിച്ച മറ്റൊരു സംഭവമാണ്. അദ്ദേഹം മരിച്ചത് ഒരു സായംകാലത്തായിരുന്നു. അന്നു രാവിലെ, ചെത്തിപ്പുഴ ആശുപത്രിയിൽ, രോഗശയ്യയിലായിരുന്ന, എന്റെ വന്ദ്യപിതാവിനെ കാണാൻ ഞാൻ എത്തി. അച്ചായനോടു സംസാരിച്ചു കഴിഞ്ഞു ഞാൻ പുറത്തേക്കിറങ്ങി. അപ്പോൾ, പ്രീ യൂണിവേഴ്സിറ്റി മുതൽ ബി.എ. അവസാനം വരെ എന്നെ വിവിധവിഷയങ്ങൾ പഠിപ്പിച്ച ഫ്രാൻസിസ് സാർ, എന്നെ ഏറ്റം കൂടുതൽ മണിക്കൂറുകൾ സെന്റ് ബർക്കുമാൻസിൽ പഠിപ്പിച്ച എന്റെ ഫ്രാൻസിസ് സാർ, അകലെയല്ലാതെ ഒരു മുറിയുടെ വാതിൽക്കൽ നില്ക്കുന്നതു കണ്ടു. വേഗം നടന്നു ചെന്ന് സാറിനെ വണങ്ങി വിവരമന്വേഷിച്ചു. മകളുടെ അപ്പൻഡിക്സ് ഓപ്പറേഷൻ കഴിഞ്ഞ് ആ മുറിയിൽ വിശ്രമത്തിലാണെന്നു വന്ദ്യഗുരുനാഥൻ പറഞ്ഞു. മുറിയിൽ കയറി മകൾക്കു വേണ്ടി പ്രാർത്ഥിച്ചു.

ലേഖകനെ ഏറ്റം കൂടുതൽ മണിക്കൂറുകൾ പഠിപ്പിച്ച അധ്യാപകൻ

അനന്തരം എന്നോടൊപ്പം മുറിക്കു പുറത്തിറങ്ങിയ അദ്ദേഹം നടന്നു വന്ന് എന്റെ അപ്പനോടു കുശലങ്ങൾ പറഞ്ഞ് അദ്ദേഹത്തെ ആനന്ദിപ്പിച്ചതിനു ശേഷം, മകളുടെ മുറിയിലേക്കു പോയി; ഞാൻ കോളജിലേക്കും. അന്നു വൈകിട്ടും ഞാൻ അച്ചായനെ കാണാൻ ആശുപത്രിയിലെത്തി. അച്ചായനെ കണ്ടുമടങ്ങുമ്പോൾ, താഴത്തെ നിലയിലെ മറ്റൊരു മുറിയുടെ വാതിലിക്കൽ, എന്റെ mentor എ.ഇ. അഗസ്റ്റിൻ സാർ നില്ക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ശ്വശുരൻ രോഗിയായി ആ മുറിയിൽ ശയ്യാവലംബിയായിരുന്നു. വാർദ്ധക്യത്തിലെത്തിയിരുന്ന ആ പിതാവിനെ കണ്ടു പ്രാർത്ഥിച്ചതിനു ശേഷം മുറിക്കു വെളിയിൽ ഞങ്ങളിരുവരും അല്പസമയം സംസാരിച്ചുനിന്നു.

തത്സമയം എനിക്കു നന്നേ പരിചയമുള്ള ഒരു ചങ്ങനാശ്ശേരിക്കാരൻ യുവാവ് ആ വഴി വന്നു. അയാൾ, വളരെ ലാഘവത്തോടെ, എന്നോടായി പറഞ്ഞു: അച്ചാ, ആ ആനന്ദാശ്രമത്തിനടുത്തു താമസിക്കുന്ന സാർ ഐ.സി.യു. വിൽ മരിച്ചു. ഞാനെങ്ങനെ ഞെട്ടാതിരിക്കും? അഗസ്റ്റിൻസാറിനോട് ഞെട്ടലിൽ നിന്നും വിമുക്തി പ്രാപിക്കാതെ, ഇടറിയ സ്വരത്തിൽ ഞാൻ പറഞ്ഞു: സാറേ, അത് കെ. കെ. ഫ്രാൻസിസ് സാറാണ്. ഇരുവരും ഉറ്റസുഹൃത്തുക്കളാണെന്ന് എനിക്ക് അറിയാമായിരുന്നു. ഞങ്ങൾ പിന്നീടൊന്നും പറയാതെ അതിവേഗം നടന്ന് ഐ.സി.യു.വിലെത്തി.

സാറേ, അതു കെ.കെ. ഫ്രാൻസിസ് സാറാണ്

കെ. ഇ. പൗലോസ്സാർ, സെന്റ് ബർക്കുമാൻസിൽ അർപ്പണമനോഭാവത്തോടെ ഗണിതശാസ്ത്രം പഠിപ്പിച്ചിരുന്ന മഞ്ഞപ്രക്കാരൻ, ഫ്രാൻസിസ്



**മകനെയും താങ്ങി അയൽക്കാരൻ പൗലോസ് സാർ പുറത്തേയ്ക്ക്**

**ഹൃദയഭേദകമായ ദൃശ്യങ്ങൾ**

സാറിന്റെ മകനെ സ്നേഹപൂർവ്വം താങ്ങി, പുറത്തേക്കു കൊണ്ടുവരുന്ന കാഴ്ച കണ്ടപ്പോൾ, പിന്നെ സംശയത്തിനു യാതൊരിടവുമില്ലായിരുന്നു. അന്നത്തെ ഐസിയുവിൽ വടക്കുകിഴക്കേ അറ്റത്തുള്ള കിടക്കയിൽ, കെ. കെ. ഫ്രാൻസിസ് സാർ ചേതനയറ്റു കിടക്കുന്ന കാഴ്ച ഹൃദയഭേദകമായിരുന്നു. കാലാന്തരത്തിൽ, എ.ഇ.അഗസ്റ്റിൻ സാർ അതേ ഐസിയുവിൽ, അതേ ബഡിൽ, ഒരു കണ്ണുകൂടി അടയാനുള്ള അവസ്ഥയിൽ, നിത്യഉറക്കം ഉറങ്ങുന്നതു കണ്ടത് ജീവിതത്തിലെ ഏറ്റം ഹൃദയഭേദകമായ മറ്റൊരു സംഭവമാണ്.

**ജോസഫ് തോമസ്സ് (മണിമുറി സാർ)**

മണിമുറി സാർ മരിച്ച വിവരമറിഞ്ഞു ഞാൻ അദ്ദേഹത്തിന്റെ വീട്ടിലെത്തിയപ്പോൾ അഗസ്റ്റിൻ സാർ ആ വീട്ടിലുണ്ടായിരുന്നു. അപ്പച്ചനും (മണിമുറിസാർ) ബേബിച്ചനും (അഗസ്റ്റിൻ സാർ) ഏറ്റം ഏറ്റം ഉറ്റസുഹൃത്തുക്കളായിരുന്നുവെന്നത് സെന്റ് ബർക്കുമാൻസിലെ ഒട്ടനവധി അധ്യാപകർക്ക് അറിയാവുന്ന സത്യമാണ്. തലേദിവസം മണിമുറിസാർ മരിച്ച വിവരമറിഞ്ഞ ഉടനെ, അഗസ്റ്റിൻ സാർ പ്രിയതമയോടു പറഞ്ഞു: 'അപ്പച്ചൻ പോയി. അടുത്തതു ഞാനായിരിക്കും' എന്ന്. പിറ്റേദിവസം, മണിമുറിസാറിനെ പാറേൽ പള്ളി സെമിത്തേരിയിൽ സംസ്കരിക്കാൻ, അഗസ്റ്റിൻ സാർ ആ ദിവസം മുഴുവൻ ആ വീട്ടിൽ കാത്തിരുന്ന് വിലാപയാത്രയിൽ, നടന്നു, പാറേൽ പള്ളിയുടെ മുറ്റത്തുവരെ എത്താനേ അദ്ദേഹത്തിനു കഴിഞ്ഞുള്ളൂ. അവിടെ കുഴഞ്ഞുവീണു!

**ഇരുമെയ്, ഒരു കരൾ, നിത്യതയിലേക്ക് ഒരുമിച്ചുതന്നെ യാത്ര!**

ഇരുവരുടെയും ശിഷ്യനായ ഞാനാണ് അന്നു സെന്റ് ബർക്കുമാൻസ് നൗകയുടെ ഒന്നാം അണിയം കയ്യേന്തിയിരുന്നത്. ഓഫീസിൽ അത്യാവശ്യം ക്രമീകരണങ്ങൾ വരുത്തിയിട്ട് 10.30 കഴിഞ്ഞാണ് മണിമുറിസാറിനു വേണ്ടി ഒപ്പീസു ചൊല്ലാൻ ചെന്നത്. പ്രാർത്ഥന കഴിഞ്ഞപ്പോൾ, അഗസ്റ്റിൻ സാറിനോടു ഞാൻ പറഞ്ഞു: സാറേ, നമുക്കു കോളജിലേക്കു പോകാം. ഓഫീസിൽ കുറച്ചു സമയം വിശ്രമിച്ചിട്ട്, ഉച്ചയ്ക്ക് എന്തെങ്കിലും കഴിച്ചതിനു ശേഷം, സംസ്കാരശുശ്രൂഷയ്ക്കായി മടങ്ങി വരാം, എന്ന്. അപ്പോൾ അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു. അച്ചാ, I will come to the office on a more convenient day and we will talk for some time. അദ്ദേഹം എന്നോടു പറഞ്ഞ അവസാന വാക്കുകൾ! അന്ന് ഉച്ചകഴിഞ്ഞു ഞാൻ എന്റെ മണിമുറി സാറിന്റെ ചരമ പ്രസംഗം പറയാൻ നിയോഗിതനായി. പിറ്റേദിവസം എന്റെ അഗസ്റ്റിൻ സാറിന്റെയും. Inscrutable are the ways of God.

**Inscrutable are the ways of God.**

കെ.കെ. ഫ്രാൻസിസ്സാറിനെക്കുറിച്ചു പറഞ്ഞുവന്നപ്പോഴാണ് മണിമുറി സാറിനെയും എ.ഇ. അഗസ്റ്റിൻ സാറിനെയും, സാന്ദർഭികമായി, അനുസ്മരിച്ചു പോയത്. ഇക്കണോമിക്സിലെ ഏറ്റം പ്രധാനഭാഗം, പ്രിൻസിപ്പിൾസ് ഓഫ് ഇക്കണോമിക്സ്, ഒന്നും രണ്ടും വർഷ ഡിഗ്രി ക്ലാസ്സുകളിൽ, ഞങ്ങളെ പഠിപ്പിച്ചത്, മഹാനുഭാവനായ ഗുരുശ്രേഷ്ഠൻ കെ. കെ.എഫ്. ആണ്. ഇക്കണോമിക്സിന്റെ ആദ്യാക്ഷരങ്ങൾ അദ്ദേഹത്തിന്റെ പൂജ്യപാദത്തിങ്കലാണ്. ഞങ്ങളിരുന്നു പഠിച്ചത്. 'Economics is a science' എന്ന് അദ്ദേഹം ആദ്യം പറഞ്ഞപ്പോൾ, അംഗീക

രിക്കാൻ വിഷമം തോന്നിയെങ്കിലും, പിന്നീട് അദ്ദേഹം ഞങ്ങളെ അതു ബോധ്യപ്പെടുത്തി. ഇക്കണോമിക്സിന്റെ പിതാവായ ആഡംസ്മിത്തിന്റെയും മറ്റും നിർവചനങ്ങൾ പൂർത്തിയായപ്പോൾ അദ്ദേഹം അവതരിപ്പിച്ച നിർവചനം ശരിയെന്നു വ്യക്തമായി. നർമ്മരസം തുളുമ്പുന്ന ഒരു നിർവ്വചനവും അദ്ദേഹം ഞങ്ങളോടു പറഞ്ഞു. (പല പണ്ഡിതന്മാർക്കും ഇതു ദഹിക്കുമെന്ന് തോന്നുന്നില്ല.) പുഞ്ചിരിയോടെ അദ്ദേഹം ഞങ്ങളോടു പറഞ്ഞു: 'After all, Economics is common sense made difficult.' ഈ നിർവ്വചനത്തിന് ഏറെ പ്രസക്തിയുണ്ട്. വിസ്താരഭയത്താൽ വിശദീകരിക്കുന്നില്ല.

**Economics is common sense made difficult**

പി.യു.സി. ക്കു ഞങ്ങൾക്ക് നാലു വേദങ്ങളെക്കുറിച്ചും അല്പാല്പം പഠിക്കാനുണ്ടായിരുന്നു. ക്ലാസ്പരീക്ഷയ്ക്ക് അവയെക്കുറിച്ച് ഒരു ചോദ്യവുമുണ്ടായിരുന്നു. പല സഹപാഠികളും 'Veda' യിലെ 'e' യ്ക്കു പകരം 'a' ആണ് എഴുതിയിരുന്നത്. അപ്രകാരം എഴുതിയവരുടെയെല്ലാം ഉത്തരക്കടലാസുകൾ മാറ്റി സൂക്ഷിച്ചു വെച്ചിട്ട്, ഫ്രാൻസിസ് സാർ മറ്റുള്ളവരുടെയെല്ലാം വിതരണം ചെയ്തു. അതിനു ശേഷം, ഈ കുട്ടികളെ ഓരോരുത്തരെയായി വിളിച്ചെഴുന്നേൽപ്പിച്ച് ഓരോരുത്തരുടെയും പേപ്പറെടുത്ത് 'റിഗ് വഡാ', 'സാമവഡാ', 'അഥർവവഡാ', 'യജുർവഡാ' എന്നു വായിച്ചു, കളിയാക്കി, കൊടുത്തത് ഇന്നും ഓർത്തോർത്തു ചിരിക്കാൻ വക നൽകുന്നു.

കുര്യാളശ്ശേരി ബ്ലോക്കിന്റെ 15-ാം ഹോളിൽ പഠിപ്പിക്കാൻ കൃത്യസമയത്ത്, ഒന്നാംനിലയിൽ നിന്നു കയറുന്നതു മുതൽ 'ടക് ടക്' എന്ന ഷൂസിന്റെ സ്വരം ഞങ്ങൾക്കു തിരിച്ചറിയാമായിരുന്നു. ഒരു സ്പോർട്സ്മാന്റെ ഉശിരും ഉയിരുമായാണ് അദ്ദേഹം കയറി വന്നിരുന്നത്. Immaculately white പാന്റ്സും ഷർട്ടുമായിരുന്നു ഓരോ ദിവസത്തെയും ഡ്രസ്. ഇസ്ത്രിയുടെ വടിവൊട്ടും നഷ്ടപ്പെടുകയില്ല. ഓരോ ദിവസവും പുതുതായിരിക്കുന്നതുപോലെ, അദ്ദേഹത്തിന്റെ വേഷവും ഓരോ ദിവസവും പുതിയതായിരുന്നു. തിങ്ങിനിബിഡമായിരുന്ന കറുത്ത, ചുരുണ്ട മുടി ആകാരസൗഷ്ഠവമാർന്ന അദ്ദേഹത്തിന്റെ ശരീരസൗന്ദര്യത്തിനു മാറ്റു കൂട്ടിയിരുന്നു.

**Every day is a new day**

അന്നത്തെ ധനതത്വശാസ്ത്രം അദ്ധ്യാപകരെല്ലാവരും ഇംഗ്ലീഷ് ഭാഷ ഏറ്റം നന്നായി കൈകാര്യം ചെയ്യാൻ കഴിവുള്ളവരായിരുന്നു. അവരുടെ ഇംഗ്ലീഷ് കേൾക്കുക അങ്ങേയറ്റം ആസ്വാദ്യകരമായിരുന്നു. ഫ്രാൻസിസ് സാറിന്റെ ഭാഷാശൈലി അനന്യസുന്ദരമായിരുന്നു. ഉച്ചാരണമാകട്ടെ, ഏറ്റം ശുദ്ധവും. എന്റെ ഈ പ്രിയപ്പെട്ട ഗുരുനാഥൻ അതുല്യനായ ഒരു ഷേക്സ്പീരിയൻ ആക്ടർ കൂടിയായിരുന്നു. ഷൈലോക്ക്, ഇയാഗോ, ലേഡിമാക്ബത്ത് ! ഇവരെയൊക്കെ അവതരിപ്പിക്കാൻ ഫ്രാൻസിസ് സാറിനു മാത്രമേ കഴിയുമായിരുന്നുള്ളു. ഈ രംഗത്ത് എന്ത് ത്യാഗവും സഹിക്കാൻ അദ്ദേഹം സന്നദ്ധനുമായിരുന്നു. ഒരു മികച്ച സംഘാടകൻ എന്ന നിലയിലും അദ്ദേഹം ഏവരുടേയും പ്രശംസ പിടിച്ചുപറ്റിയിരുന്നു.

**കെ.കെ. എഫിന്റെ ഇംഗ്ലീഷ് അങ്ങേയറ്റം ആസ്വാദ്യകരം**

**അതുല്യ ഷേക്സ്പീരിയൻ ആക്ടർ**

പി.യു.സി., ബി.എ. നാലു വർഷങ്ങളിലായി എന്നെ ഏറ്റം കൂടുതൽ മണിക്കൂറുകൾ പഠിപ്പിച്ചത് കെ. കെ. ഫ്രാൻസിസ് സാറാണെന്നത് സൂചിപ്പിച്ചിട്ടുള്ള



താണ്. എനിക്ക് അവിസ്മരണീയനായ എന്റെ ഗുരുനാഥന്റെ ഓർമ്മയുടെ മുമ്പിൽ ശിരസ്സു നമിക്കുന്നു.

## പ്രൊഫ. എ. ഇ. അഗസ്റ്റിൻ

**The world and the West**

ഒന്നാംവർഷ ഡിഗ്രിക്ലാസിൽ ആണ് അഗസ്റ്റിൻസാർ എന്നെ ആദ്യമായി പഠിപ്പിച്ചത്. അന്നു സംഭവിച്ച ഒരു കാര്യം അനുസ്മരിക്കട്ടെ. അഗസ്റ്റിൻ സാറാണ് ആ വർഷത്തെ ഒരു നല്ല ഗദ്യസമാഹാരമായ 'The world and the West' എന്ന ടോയിൻബിയുടെ അവിസ്മരണീയമായ ലേഖനസമാഹാരം ഞങ്ങളെ പഠിപ്പിച്ചിരുന്നത്. ചരിത്രവും തത്ത്വശാസ്ത്രവും മനഃശാസ്ത്രവും രാഷ്ട്രമീമാംസയുമെല്ലാം അത്ഭുതാവഹമായ രീതിയിൽ സമ്മേളിക്കുന്ന ആ ഗ്രന്ഥം, അത്ര ആധികാരികമായി അവതരിപ്പിക്കാൻ എ. ഇ. അഗസ്റ്റിൻ എന്ന അനുപമപ്രതിഭയ്ക്കല്ലാതെ മറ്റാർക്കും കഴിയുമായിരുന്നുവെന്നു തോന്നുന്നില്ല. എന്നെ സംബന്ധിച്ചിടത്തോളം അദ്ദേഹം പഠിപ്പിച്ച അനേകം പാഠഭാഗങ്ങളിൽ ' The world and the West' ന്റെ ആഖ്യാനമാണ് അദ്ദേഹത്തിന്റെ 'മാസ്റ്റർപീസ്.'

'The drama of modem history is the panorama of the encounter between the world and the west. The 'World' here is the whole of the earth, except of course, the western hemisphere.

1961 ൽ ടോയിൻബിയുടെ കളക്ഷന് ആമുഖമായി അഗസ്റ്റിൻ സാർ പറഞ്ഞ ആദ്യവാക്കുകളാണിവ. എന്റെ സഹപാഠികളിൽ ആരെങ്കിലുമൊക്കെ ഈ വാക്കുകൾ അനുസ്മരിക്കുന്നുണ്ടാവും.

**acting period**

ഞങ്ങൾ പി.യു.സി.ക്കും, ബി.എ.യ്ക്കും പഠിക്കുന്ന കാലത്ത് കോളജിൽ ഒരു പീരിയഡു പോലും ഫ്രീ വരുമായിരുന്നില്ല. ഏതെങ്കിലും അധ്യാപകൻ അവധിയെടുത്താൽ മറ്റേതെങ്കിലും അധ്യാപകൻ വന്ന് ഞങ്ങളെ പഠിപ്പിക്കുമായിരുന്നു. അന്ന് 'direct payment' അല്ലായിരുന്നു! നിറഞ്ഞ ആത്മാർത്ഥതയും അർപ്പണമനോഭാവവും ഉള്ളവരായിരുന്നു എല്ലാ അധ്യാപകരും തന്നെ. ആരെങ്കിലും അപവാദമായാൽ, വേഗം അവർ മുഖ്യധാരയിലേക്കു വരാൻ നിർബന്ധിതരാകുമായിരുന്നു. ഇവിടെ പല ഘടകങ്ങൾ ഏകോപിച്ചു പ്രവർത്തിച്ചിട്ടുണ്ടാകും. 120 വിദ്യാർത്ഥികളുള്ള ഒരു ബാച്ചു ഫ്രീ ആയാൽ ഒരു മണിക്കൂറല്ല 120 മണിക്കൂറുകളാണ് നഷ്ടപ്പെടുന്നതെന്ന് സാമാന്യബുദ്ധിയെങ്കിലുമുള്ളവർക്കു മനസിലാകും. ഞങ്ങളുടെ അധ്യാപകരൊക്കെ ഇതു മനസ്സിലാക്കിയിരുന്നു.

**അഗസ്റ്റിൻസാർ ദുഃഖിതൻ**

ആഴ്ചയിൽ ഒരു ദിവസം ഞങ്ങൾ 'ബി' ബാച്ചുകാർക്കു രാവിലെയും ഉച്ചകഴിഞ്ഞും ഓരോ മണിക്കൂർ ഇംഗ്ലീഷിന് ഉണ്ടായിരുന്നു. അങ്ങനെയുള്ള ഒരു ദിവസം രാവിലെ പഠിപ്പിക്കേണ്ടിയിരുന്ന അധ്യാപകൻ അവധിയിലായിരുന്നു. ഉച്ചകഴിഞ്ഞുള്ള ക്ലാസ് ബഹുമാനപ്പെട്ട എ.ഇ. അഗസ്റ്റിൻ സാറിന്റേതുമായിരുന്നു. അന്നു രാവിലെ രണ്ടാമത്തെ പീരിഡിൽ അദ്ദേഹം തന്നെ ക്ലാസ്സിൽ വന്നു. ആ മണിക്കൂറിൽ അനവധി കുട്ടികളുടെ അസാന്നിധ്യമുണ്ടായിരുന്നു. അദ്ദേഹം പതിവുപോലെ, കൃത്യമായി ഹാജരെടുത്തു.

ഈ സങ്കടകരമായ അവസ്ഥയെ പരാമർശിച്ച് അപ്പോൾ അദ്ദേഹം ഒരക്ഷരവും പറഞ്ഞില്ല. പക്ഷേ മുഖത്തു ദുഃഖം പ്രസ്ഫുരിച്ചിരുന്നു. അദ്ദേഹത്തിന്റെ ക്ലാസ്സിൽ എല്ലാവരും സന്നിഹിതരായിരിക്കുമെന്നു സാറിനും മറ്റുള്ളവർക്കും ഉറപ്പാണ്. ആ ക്ലാസ്സുകഴിഞ്ഞു, സാർ ഡിപ്പാർട്ടുമെന്റിലേക്കു പോയി. ഉച്ചകഴിഞ്ഞ് അഗസ്റ്റിൻ സാറിന്റെ ക്ലാസ്സ്, പതിവുപോലെ, എല്ലാവരും സന്നിഹിതർ. ഉച്ചകഴിഞ്ഞു സാർ കൃത്യസമയത്ത് ക്ലാസ്സിൽ വന്നപ്പോൾ മുഖം, പതിവിലും ഗൗരവമായിരുന്നു. സാധാരണപോലെ ഹാജർ എടുത്തു. അനന്തരം ടെക്സ്റ്റ് ബുക്കിൽ നിന്ന്, രാവിലെ ക്ലാസ്സിൽ ഹാജരാകാതിരുന്നവരുടെ ലിസ്റ്റ്, സഗൗരവം വലിച്ചെടുത്തു. തുടർന്നു, ഗൗരവത്തോടു കൂടിത്തന്നെ ഇങ്ങനെ പറഞ്ഞു:

"The following numbers, please stand up." മുപ്പതിലധികം പേർ എഴുന്നേറ്റു നിന്നു. എല്ലാവരെയും അദ്ദേഹം രൂക്ഷമായി വീക്ഷിച്ചിട്ട്, പതിവിലും ഉയർന്ന സ്വരത്തിൽ പറഞ്ഞു:

അഗസ്റ്റിൻ സാറിന്റെ ക്ലാസ്സിൽ ആരും absent ആകുകയില്ല

"You come here when you like You sit here like tin gods set on high pedestals. At home, your parents sweat their blood for you. Meet me, all of you, in the department, after the last hour."

**Your parents sweat their blood for you!**

അദ്ദേഹം രാവിലെ അവസാനിപ്പിച്ചിടത്തു നിന്നു തുടർന്നു ക്ലാസ്സെടുത്തു. ആ വിദ്യാർത്ഥികൾ ഒന്നൊഴിയാതെ അഗസ്റ്റിൻ സാറിനെ, ക്യൂ നിന്ന്, ഓരോരുത്തരായി, കണ്ടുവെന്ന് പിന്നീട് മനസ്സിലാക്കി. അദ്ദേഹം ഡിപ്പാർട്ടുമെന്റിൽ വെച്ച് എന്തുപറഞ്ഞുവെന്ന് അറിഞ്ഞുകൂടാ. പക്ഷേ, ഒന്നറിയാം - ആ വർഷം പിന്നീടാരും ഇംഗ്ലീഷ് ക്ലാസ്സിൽ ഹാജരാകാതിരുന്നിട്ടില്ല. അനുസരിച്ചു ശീലിച്ചിട്ടുള്ള, കഠിനാദ്ധ്വാനം ചെയ്തു കുട്ടികളെ പഠിപ്പിക്കുന്ന, അദ്ധ്യാപകരെ, വിദ്യാർത്ഥികൾ ആദരിക്കുകയും അനുസരിക്കുകയും അനുകരിക്കുകയും ചെയ്യും.

അനുസരിച്ചു ശീലിച്ചവർക്ക് അനുസരണം പഠിപ്പിക്കാൻ അവകാശം

ഡിഗ്രിക്കു പഠിക്കുമ്പോൾ കോളജിൽ ഒരു വലിയ പ്രശ്നമെന്തോ ഉണ്ടായി. സെമിനാരിവിദ്യാർത്ഥിയായിരുന്നതുകൊണ്ടു വിശദാംശങ്ങൾ അന്വേഷിച്ചറിയാൻ അവസരമോ, അനുവാദമോ, ഉണ്ടായിരുന്നില്ല. കലാലയത്തിന്റെ ചരിത്രത്തിൽ അതിനു മുമ്പോ പിമ്പോ ഉണ്ടാകാത്ത, മാനേജ്മെന്റിനെതിരായ, ഒരു സമരമായിരുന്നു അത് എന്നറിയാം. ഏതാനും പഠനദിനങ്ങൾ നഷ്ടപ്പെട്ടു. അദ്ധ്യാപക-വിദ്യാർത്ഥികളിൽ ഭൂരിപക്ഷം പേർക്കും ഇത് വളരെ വേദനാജനകമായ ഒരു അനുഭവമായിരുന്നു.

വേദനാജനകമായ അനുഭവം

സമരമങ്ങനെ തുടരുമ്പോൾ ഒരു ദിവസം വിദ്യാർത്ഥികൾ കോളജിൽ എത്തി അല്പം കഴിഞ്ഞ് '10.30 നു കല്ലറയ്ക്കൽ ഹാളിൽ ഒരു പൊതുയോഗമുണ്ടായിരിക്കും. എല്ലാ വിദ്യാർത്ഥികളും അതിൽ സംബന്ധിക്കണം' എന്നൊരു അറിയിപ്പുണ്ടായി. ഓർക്കാൻ കഴിയുന്നിടത്തോളം, ഒരു 97 ലധികം ശതമാനം കുട്ടികൾ ആ യോഗത്തിൽ സംബന്ധിച്ചു. പ്രിൻസിപ്പൽ രംഗത്തെത്തിയേയില്ല. സ്റ്റേജിൽ ആരും ഉണ്ടായിരുന്നില്ല. കൃത്യം 10. 30 നു കൃശഗാത്രനായ ഒരു പ്രൊഫസർ,

സഗൗരവം ഉറച്ച കാലടികളോടെ



സൗഗരവം, ഉറച്ച കാലടികൾ വച്ച്, സ്റ്റേജിലേക്കു ചാടിക്കയറിയെന്നു തന്നെ പറയട്ടെ. എല്ലാവരും ആത്മാർത്ഥതയോടെ, ആദരവോടെ എഴുന്നേറ്റു ദീർഘമായ കൈയടി നല്കി, അദ്ദേഹത്തെ സ്വീകരിച്ചു. അദ്ദേഹം വളരെ ആധികാരികതയോടെ ഇപ്രകാരം പറഞ്ഞു തന്റെ പ്രസംഗം ആരംഭിച്ചു:

**അഗസ്റ്റിൻസാർ മലയാളത്തിൽ!**

"My dear students, please be seated." എല്ലാവരും നിശ്ശബ്ദരായിരുന്നു. തുടർന്ന് അദ്ദേഹം മലയാളത്തിലാണ് സംസാരിച്ചത്. അഗസ്റ്റിൻ സാർ മലയാളത്തിൽ പ്രസംഗിക്കുന്നത് ഇദംപ്രഥമമായാണു ലേഖകൻ കേട്ടത്. ആവേശം അലതല്ലുന്ന ചെറിയൊരു പ്രസംഗം.

**സെന്റ് ബർക്കുമാൻസ് വളരണമോ, രാഷ്ട്രീയം വളരണമോ? (പ്രശ്നം)**

**സ്നേഹവാത്സല്യങ്ങളോടെ**

"പ്രിയപ്പെട്ട വിദ്യാർത്ഥികളേ, ദീർഘമായ ഒരു പ്രസംഗം നടത്താനല്ല ഞാനിവിടെ നില്ക്കുന്നത്. അതിനുള്ള സമയമല്ലിത്. നമ്മെ നേരിട്ടിരിക്കുന്ന ഗൗരവമായ പ്രശ്നമെന്തെന്ന് ഒറ്റവാക്യത്തിൽ ഞാൻ നിങ്ങളോട്, വളരെ ലഘുവെന്നു തോന്നാവുന്ന ഒരു ചോദ്യം അവതരിപ്പിച്ചു, വ്യക്തമാക്കാം. 'സെന്റ് ബർക്കുമാൻസ് വളരണമോ? രാഷ്ട്രീയം വളരണമോ?; ഇതാണ് നമ്മെ നേരിടുന്ന അതിഗുരുതരമായ പ്രശ്നം.' ഇതു പരിഹരിക്കാൻ അഞ്ചു നിർദ്ദേശങ്ങൾ എനിക്കു നിങ്ങളുടെ മുമ്പിൽ വയ്ക്കാനുണ്ട്. തുടർന്ന് അദ്ദേഹം അഞ്ചുനിർദ്ദേശങ്ങൾ മുന്നോട്ടു വച്ചു. അനന്തരം പ്രവാചകൻ അല്പസമയം നിശബ്ദനായി സ്റ്റേജിൽ നിന്നു. ഹോളിൽ പരിപൂർണ്ണമായ നിശബ്ദതയോടെയും അച്ചടക്കത്തോടെയും വിദ്യാർത്ഥികൾ ഇരിക്കുകയാണ്. അദ്ദേഹം എല്ലാവരെയും വളരെ സ്നേഹപൂർവ്വം, വാത്സല്യത്തോടെ. നന്നായി ഒന്നു നോക്കി. അനന്തരം അദ്ദേഹം ഇത്രയും കൂടി കൂട്ടിച്ചേർത്തു:

**സദസ്സിൽ നീണ്ട അംഗീകാര കയ്യടി**

"ഈ അഞ്ചു കാര്യങ്ങൾ ചെയ്യാൻ നിങ്ങൾക്കു സമ്മതമെങ്കിൽ, ദയവായി എല്ലാവരും കൈയടിക്കുക". സദസ്സിൽ നീണ്ട ഒരു കൈയടി ഉയർന്നു. അപ്പോൾ സമയം. അവസാനമായി നിറഞ്ഞ സംതൃപ്തിയോടെ, സന്തോഷത്തോടെ, അദ്ദേഹം ഇങ്ങനെ പറഞ്ഞു: "Then, go to your respective classes." എല്ലാവരും വളരെ ശാന്തമായി, അവരവരുടെ ക്ലാസ്സുകളിലേക്ക്, അതിവേഗം നടന്നു നീങ്ങി. ആളിൽ കുറിയ, കൃശഗാത്രനായ, ഇത്ര കാന്തികശക്തിയുള്ള ഈ മഹാനുഭാവൻ ആരെന്ന് പലരും ഊഹിച്ചെടുത്തു കാണും. ബാക്കിയുള്ളവർക്കു വേണ്ടി പറയാം: അതാണ് സെന്റ് ബർക്കുമാൻസിന്റെ 'അത്ഭുതമനുഷ്യൻ,' ഞങ്ങളുടെ പ്രിയപ്പെട്ട എ.ഇ. അഗസ്റ്റിൻ സാർ, the Junior Sheppard.

സാറിനെ പരിചയമില്ലാത്തവരുടെ മനസ്സുകളിലെങ്കിലും ഇപ്പോൾ ഇങ്ങനെയൊരു ചോദ്യമുയരാൻ സാധ്യതയുണ്ട്! ഈ 'ചെറിയ മനുഷ്യന് ഈ ശക്തിയെല്ലാം എവിടെ നിന്ന്'? വ്യക്തവും കൃത്യവും സത്യസന്ധവുമായ ഉത്തരമുണ്ട്. തന്റെ ആഴമേറിയ ആദ്ധ്യാത്മികത, അവികലമായ അർപ്പണമനോഭാവം, അത്യദ്ധ്വാനം, അഗാധപാണ്ഡിത്യം, ഏവരോടും പ്രത്യേകിച്ചു, തന്റെ വിദ്യാർത്ഥികളോടുമുള്ള അതിനിസ്വാർത്ഥമായ സ്നേഹം, പരിഗണന, കാവൽ, കരുതൽ, പരിത്യാഗമനോഭാവം, നീതിബോധം, ആത്മവിദ്യാലയത്തോടുള്ള അത്യഗാധ

മായ സ്നേഹം, വരും തലമുറയെക്കുറിച്ചുള്ള ആശങ്ക - ഇവയൊക്കെയാണ് അഗസ്റ്റിൻസാറിന്റെ കാര്യക്ഷമതയ്ക്കു നിദാനമായി വർത്തിച്ചിരുന്നത്.

**ദിവസവും ദിവ്യബലി അർപ്പണത്തിന്**

എല്ലാദിവസവും അഗസ്റ്റിൻസാർ അതിരാവിലെ ഇടവകപ്പള്ളിയിൽ പോയി ദിവ്യബലി അർപ്പിച്ച്, ദിവ്യകാരുണ്യ ഈശോയെ ഹൃദയത്തിൽ സ്വീകരിച്ച്, ദിവസം മുഴുവൻ, ആ അനുഭവത്തിലാണു ജീവിച്ചിരുന്നത്. കോളജിൽ ദിവ്യബലിയുള്ള ദിവസങ്ങളിൽ അവിടെ വിദ്യാർത്ഥികളോടൊപ്പം ദിവ്യബലിയർപ്പിച്ച് ഈശോയെ കൈക്കൊള്ളുന്നതിൽ അദ്ദേഹത്തിന് അതീവതാല്പര്യമായിരുന്നു. ഇതു കാണുന്നത് അസ്മാദൃശർക്കു വലിയ പ്രചോദനവുമായിരുന്നു. ഒരു നല്ല പ്രവൃത്തിയുടെ, ഒരു നല്ല മാതൃകയുടെ, ഫലം എത്ര ദൂരവ്യാപകമാണെന്നോ? അതുപോലെ തന്നെ ദൂരവ്യാപകവും നശീകരണകാരിയുമാണ് ദുർമ്മാതൃക. ഒരുവന്റെ നന്മ നിരവധിയാളുകളെ നന്മയിലേക്കു നയിക്കും. അതുപോലെ മറിച്ചും.

**നല്ല മാതൃകയുടെ ഫലം ദൂരവ്യാപകം**

സന്മാതൃകകൾ മാത്രമേ ഒരുവന്റെ ഭാഗത്തുനിന്ന് ഉരുത്തിരിയാവൂ. ഇടവകപ്പള്ളിയിലെ എല്ലാ ആദ്ധ്യാത്മികശുശ്രൂഷകൾക്കും ബഹുമാനപ്പെട്ട അഗസ്റ്റിൻ സാർ മുമ്പന്തിയിലായിരുന്നു. അദ്ദേഹം വികാരിയച്ചൻമാർക്ക് എന്നും പ്രചോദനവും പ്രോത്സാഹനവുമായിരുന്നു. ഇടവകയുടെ സാമൂഹിക, സാമ്പത്തിക മേഖലകളിലും, തിരക്കേറിയ കലാലയശുശ്രൂഷയ്ക്കിടയിൽ, അദ്ദേഹം സജീവമായി തന്നെ സഹകരിച്ചിരുന്നു. ആരോരുമറിയാതെ ചെയ്ത അനേകം ദിവ്യകാരുണ്യ പ്രവൃത്തികൾ അഗസ്റ്റിൻസാറിനു സ്വർഗ്ഗീയജീവിതത്തിനു പാതയൊരുക്കിയ പൊൻമുത്തുകൾ, നിധികൾ, തന്നെയെന്നതു തീർച്ച.

**എ.ഇ.എയ്ക്ക് സെന്റ് ബർക്കുമാൻസ്**

സെന്റ് ബർക്കുമാൻസ് കോളജ് അഗസ്റ്റിൻസാറിന്റെ 'home away from home' അഥവാ 'second home' ആയിരുന്നു. പ്രഗത്ഭയായ ഈ 'അമ്മ'യെ അദ്ദേഹം ജീവനുതുല്യം സ്നേഹിച്ചിരുന്നു. അദ്ദേഹത്തെ അന്വേഷിച്ച് ആരും അലഞ്ഞുതിരിയേണ്ടി വന്നിട്ടില്ല. അവധി ദിവസങ്ങളിൽ അദ്ദേഹം ആലുമ്മൂട്ടിൽ (സ്വഭവനം) ഉണ്ടായിരിക്കും. സാധ്യായ ദിവസങ്ങളിൽ 8 മണി വരെ അദ്ദേഹം വീട്ടിലായിരിക്കും. 8 കഴിഞ്ഞു കോളജിലേക്ക്. ആദ്യകാലങ്ങളിൽ സൈക്കിളിൽ! പിന്നീടു കാൽനടയായാണു സഞ്ചരിച്ചിരുന്നത്.

**'home away from home'**

**ക്ലാസ്സിനുള്ള ഏറ്റം അടുത്ത ഒരുക്കം**

യാതൊരു സംശയത്തിന്റെയും സന്ദേഹത്തിന്റെയും ആവശ്യമില്ല, സെന്റ് ബർക്കുമാൻസിൽ ആദ്യം എത്തുന്നത് എ. ഇ. അഗസ്റ്റിൻസാറായിരിക്കും. ഡിപ്പാർട്ട്മെന്റിൽ പ്രവേശിക്കുന്ന നിമിഷം മുതൽ ടെക്സ്റ്റും കുറിപ്പുകളും വച്ച് വീണ്ടും വായിച്ചൊരുങ്ങിക്കൊണ്ടിരിക്കും. ഏറ്റവും അടുത്ത ഒരുക്കം! അധികം തമാശിനൊന്നും ഇരുന്നുകൊടുക്കുകയില്ല. ആരെങ്കിലും എന്തെങ്കിലും പറയുന്നതു കേട്ടാൽ മുഖത്തു പ്രസന്നത കാണാൻ സാധിക്കുമായിരുന്നു. ഒരു വാക്കോ മറ്റോ അവസരോചിതമായി പറഞ്ഞെന്നുമിരിക്കും. അതും അങ്ങേയറ്റം കരുതലോടെ മാത്രം.

**കരുതലോടെ മാത്രം**

ക്ലാസിനുള്ള ബെൽ കേൾക്കുമ്പോൾ അഗസ്റ്റിൻ സാർ ക്ലാസ്റൂമിന്റെ വാതില്ക്കൽ കാണും. സെക്കന്റ് വേണ്ടാ അകത്തു കയറാൻ. പിന്നെ ഒരു മണി



ക്കൂർ 'വചനാഘോഷ'മാണ്. പാഠഭാഗങ്ങൾ ഏറ്റം ചാതുര്യത്തോടെ, ചാരുതയോടെ, ഏവർക്കും മനസ്സിലാവുന്ന വിധത്തിൽ, ഒരു വാചകം തന്നെ പലഘടനയിലും, പര്യായപദങ്ങളുപയോഗിച്ചും, പല പ്രയോഗങ്ങൾ കൂട്ടിച്ചേർത്തും, ശൈലീസൗന്ദര്യത്തോടെ, അതിശുദ്ധവും ആകർഷകവുമായ ഉച്ചാരണത്തോടെ, അവതരിപ്പിക്കുക അഗസ്റ്റിൻ സാറിന്റെ ധിഷണാശക്തിയേയും അതില്യുപരി തന്റെ പ്രതിഭയേയും പ്രതിഫലിപ്പിക്കാൻ പോന്നതായിരുന്നു. അദ്ദേഹത്തിന് എല്ലാ ക്ലാസുകളും ഒരു പോലെയായിരുന്നു. ഏതു ഗ്രേഡുകൾക്കും, അവരുടെ പ്രയത്നത്തിനും അറിവിനും കഴിവിനുമനുസരിച്ചു, ക്ലാസ്സുകൾ നല്കണമെന്നു, നല്ലവരിൽ നല്ലവനായ, അഗസ്റ്റിൻസാറിനു നിർബന്ധമുണ്ടായിരുന്നു.

**ക്ലാസിനുള്ള ബെൽ കേൾക്കുമ്പോൾ അഗസ്റ്റിൻ സാർ പ്ലാറ്റ്ഫോമിലുണ്ടായിരിക്കും.**

കോളജിൽ നിന്ന് ഏറ്റം ഒടുവിലായിരിക്കും അഗസ്റ്റിൻസാർ പുറപ്പെടുക. കുട്ടികൾക്ക് സാറിനെ നേരിൽ കണ്ട് സംശയങ്ങൾ തീർക്കാനും  പഠനവിഷയങ്ങളിൽ കൂടുതൽ അവഗാഹം സമ്പാദിക്കാനും ഏറ്റം സഹായകമായിരുന്നു, സാറിന്റെ 'the first to come, the last to go' എന്ന രീതി. ഇതു വിദ്യാർത്ഥികൾക്കു വലിയ അനുഗ്രഹമായിരുന്നു. ഞങ്ങളിൽപ്പലരും അത് അങ്ങേയറ്റം പ്രയോജനപ്പെടുത്തിയിട്ടുമുണ്ട്.

**നല്ലവരിൽ നല്ലവൻ**

**'the first to come, the last to go'**

പവിത്രാശയൻ, കർമ്മകുശലൻ, പ്രതിഭാശാലി, കഠിനാദ്ധ്വാനി (ഒരു ദിവസം നാലുമണിക്കൂർ മാത്രമാണ് അദ്ദേഹം ഉറങ്ങിയിരുന്നത്) ശിഷ്യവത്സലൻ, സഭാസ്നേഹി, മൂല്യങ്ങൾ മുറുകെപ്പിടിക്കുന്നവൻ, ഇംഗ്ലീഷ്ഭാഷയെയും സാഹിത്യത്തെയും പ്രണയിച്ചവൻ, നിത്യേന ബലിയർപ്പിച്ച് ഈശോയെ ഹൃദയത്തിൽ സ്വീകരിച്ച്, എപ്പോഴും ക്രിസ്ത്വനുഭവത്തിൽ ജീവിച്ചവൻ, വിശ്വാസം വഴി ദൈവത്തിൽ നങ്കൂരമുറപ്പിച്ചിരുന്നവൻ, ദൈവപരിപാലനയിൽ അടിയുറച്ചു വിശ്വസിച്ചിരുന്നവൻ, ഏവർക്കും എപ്പോഴും പ്രോത്സാഹനവും പ്രചോദനവും നല്കിയിരുന്നവൻ, ഇവയെല്ലാമായിരുന്നു ഞങ്ങളുടെ പ്രിയങ്കരനായ, അത്യാദരണീയനായ, അലൗകികപ്രതിഭയായിരുന്ന, എ. ഇ. അഗസ്റ്റിൻ സാർ. ഓർമ്മയുടെ തീരങ്ങളിൽ പാദമുദ്ര പതിപ്പിച്ച് ആരെയും ഒരു നിമിഷത്തേക്കെങ്കിലും വിഷമിപ്പിക്കാതെ, വേദനിപ്പിക്കാതെ നിത്യസൗഭാഗ്യത്തിന്റെ തീരത്ത് സുരക്ഷിതനായി അദ്ദേഹം എത്തി.

**സദ്ഗുണ സമ്പന്നൻ**

**നിത്യതയുടെ തീരത്തു സുരക്ഷിതനായി**

എ.ഇ. അഗസ്റ്റിൻ സാർ ഒരക്ഷരം പോലും എന്നോടു പറയാതെ, ഒന്നും പ്രത്യക്ഷമായോ പരോക്ഷമായോ സൂചിപ്പിക്കുക പോലും ചെയ്യാതെ, എന്നെ ഇക്കണോമിക്സിന്റെ കരയിൽ നിന്ന് ഇംഗ്ലീഷിന്റെ തീരത്തേക്ക് മാറ്റി പാർപ്പിച്ചു എന്നു പറഞ്ഞുനിർത്തട്ടെ.

## പ്രൊഫ. കെ. വി. ജോസഫ്

ഒരു സാദ്ധ്യായദിവസം. തലേദിവസം തയ്യാറാക്കിയ ക്ലാസ്സുകൾ മെച്ചപ്പെടുത്താൻ ശ്രദ്ധാപൂർവ്വം ശ്രമിച്ചുകൊണ്ടു മുറിയിലിരിക്കുമ്പോൾ കതകിൽ ഒരു മുട്ടു കേട്ടു. കതകു തുറന്നപ്പോൾ കണ്ടത് ഞങ്ങളുടെ ആരാധ്യനായ ഗുരുശ്രേഷ്ഠൻ കെ. വി. ജോസഫ് സാറിനെയാണ്. എല്ലാവരിലും നന്മ കാണുന്ന, കണ്ടു സന്തോ

**ആരാധ്യനായ ഗുരുശ്രേഷ്ഠൻ**

ഷിക്കുന്ന, നന്മയ്ക്കു മുമ്പിൽ നിർന്നിമേഷനാകുന്ന, സംതൃപ്തിയടയുന്ന ആ അസാധാരണ ശുഭാപ്തിവിശ്വാസി ഒരു ചെറിയ കഷണം കടലാസ് കൈയിൽത്തന്നു; തുടർന്ന് ഇങ്ങനെയൊരു പ്രസ്താവനയും.

**നന്മകളുടെ നിറകുടം**

"വിശുദ്ധഗ്രന്ഥത്തിൽ എന്നെ ഏറ്റം സ്വാധീനിക്കുന്ന വചനമാണിത്."

കുറിപ്പിൽ രേഖപ്പെടുത്തിയിരുന്ന ആ കൊച്ചുവാക്യം അത്യാകാംക്ഷയോടെ, അഗാധതാല്പര്യത്തോടെ, ഞാൻ വായിച്ചു. അതിനു മതിയായ കാരണമുണ്ട്. അതു വെളിപ്പെടുത്തിയ വ്യക്തി അത്രയേറെ, നന്മകളുടെ നിറകുടവും എന്റെ അഭ്യുദയകാംക്ഷികളിൽ അഗ്രഗണ്യനും പുണ്യപുരുഷനുമാണെന്നതു തന്നെ. തിരുവചനം ഇതായിരുന്നു:

'ഇതാ, നിന്നെ ഞാൻ എന്റെ ഉള്ളം കൈയ്യിൽ രേഖപ്പെടുത്തിയിരിക്കുന്നു.' (ഏശ. 49:16)

**കർത്താവിന്റെ ഉള്ളം കയ്യിൽ**

പെട്ടെന്ന് അതിനു തൊട്ടുമുമ്പുള്ള വചനവും അപ്പോൾ ഓർമ്മയിൽ വന്നു:

'മുല കുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാവുമോ? പുത്രനോടു പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല' (ഏശ. 49:15).

ഈ വചനങ്ങൾ രണ്ടും കൂട്ടിവായിച്ചപ്പോൾ, കുറിപ്പു കൈയിൽത്തന്ന മഹാനുഭാവന്റെ ദൈവസ്നേഹാനുഭവത്തെക്കുറിച്ചാണു ഞാൻ ചിന്തിച്ചത്.

**ദൈവ സ്നേഹാനുഭവം**

അദ്ധ്യാപനരംഗത്തെ അതുല്യപ്രതിഭതന്നെയാണ്, ദൈവത്തിന്റെ മനുഷ്യനായ, കെ. വി. ജോസഫ് സാർ. സമാനചിന്താഗതികൾ വച്ചു പുലർത്തിയവരും കഴിവുകളിൽ കറയറ്റ സാധർമ്മ്യമുണ്ടായിരുന്നവരുമാണ് എ.ഇ. അഗസ്റ്റിൻ സാറും കെ. വി. ജോസഫ് സാറും; അദ്ധ്യാപനചക്രവാളത്തിലെ ജ്വലിക്കുന്ന നക്ഷത്രങ്ങൾ! നിരവധി നല്ല കാര്യങ്ങളിൽ ആത്മാർത്ഥമായി സഹകരിച്ച്, ഏകോദര സോദരരെപ്പോലെ ഒരു മനസ്സോടെ, ഒരു ഹൃദയത്തോടെ, ഒരാത്മാവോടെയാണ് അവർ ജീവിച്ചിരുന്നത്. ഇരുവരും അനിഷേധ്യവൈയാകരണന്മാർ! ഈ വിഷയത്തിലും ഇതരവിഷയങ്ങളിലുമുള്ള അവരുടെ നിരവധി ഗ്രന്ഥങ്ങൾ, ഇരുവർക്കും തങ്ങളുടെ തൊപ്പികളിലെ സുന്ദരസുരഭില സുമോഹനതൂവലുകളല്ലേ? ഇരുവരും സെന്റ് ബർക്കുമാൻസ് കോളജിലെ പേരുപെറ്റ ഇംഗ്ലീഷ് വകുപ്പിന്റെ തിലകക്കുറികൾ! പ്രഗത്ഭരായ പൂർവ്വവിദ്യാർത്ഥികൾ! ഇംഗ്ലീഷ് സാഹിത്യ വിദ്യാർത്ഥികൾക്കെല്ലാം സുപരിചിതരാണ് Wordsworth -Coleridge, Shelley - Kears, Yeats - Eliof, Tagore - Aurobinda തുടങ്ങിയ ഇരട്ടകൾ. അവരോടൊപ്പം പ്രതിഷ്ഠിക്കട്ടെ Augustine - Joseph. അതുല്യപ്രതിഭകൾ! ഏവരുടെയും കണ്ണിലുണ്ണികൾ! ഇംഗ്ലീഷ് ഭാഷയിലും സാഹിത്യത്തിലും ആധികാരികതയുടെ ആൾരൂപങ്ങൾ! ഇരുവരും അദ്ധ്യാപകരുടെ അദ്ധ്യാപകർ, ഗുരുക്കന്മാരുടെ ഗുരുക്കൾ!

**Augustine and Joseph, 'the twin'**

മാതാപിതാക്കൾ, സഹോദരങ്ങൾ, ജീവിതപങ്കാളികൾ, മക്കൾ, ശിഷ്യർ, സഹപ്രവർത്തകർ, അയൽക്കാർ, ബന്ധുമിത്രാദികൾ, സുഹൃത്തുക്കൾ ഇവരോ



ടൊക്കെയും, ആദരവ്, സ്നേഹം, വാത്സല്യം, കരുതൽ ഇവയെല്ലാം അഗസ്റ്റിൻ സാറിനും കെ. വി. ജോസഫ് സാറിനും അതിസമൃദ്ധമാണ്. കഠിനാദ്ധ്വാനം ഇരുവരുടെയും കനത്ത കൈമുതലാണ്!

കഠിനാദ്ധ്വാനത്തിന്റെ പ്രതീകങ്ങൾ

റോസപ്പൂക്കൾ വാരിവിതറുന്നു

പ്രിയപ്പെട്ട അഗസ്റ്റിൻസാറും കെ. വി. ജോസഫ്സാറും പരമപരിശുദ്ധ കുർബാനയുടെ പ്രത്യേകഭക്തരാണെന്നത് എടുത്തു പറഞ്ഞുകൊള്ളട്ടെ. അഗസ്റ്റിൻ സാർ നിത്യകിരീടം ചൂടിയ അന്നു പ്രഭാതത്തിലും, എന്നുമെന്നതു പോലെ, ബലിയർപ്പിച്ചു ദിവ്യനാഥനെ തിരുപ്പാഥേയമായി സ്വീകരിച്ചിരുന്നു. അദ്ദേഹത്തിന് ഏറ്റം പ്രിയപ്പെട്ട പാറേൽപള്ളിയിലേക്കു നടന്നുകയറി, കുഴഞ്ഞുവീണു, നിമിഷങ്ങൾക്കകം അദ്ദേഹം ദൈവത്തിൽ വിലയം പ്രാപിച്ചു. എന്തൊരനർഘഭാഗ്യം മരം എങ്ങോട്ടു ചാഞ്ഞു നില്ക്കുന്നുവോ അങ്ങോട്ടേ വീഴൂ. കെ. വി. ജോസഫ് സാർ ഈ മഹാമഹാപുണ്യാഭ്യസനം (ബലിയർപ്പിക്കുക, ദിവ്യകാരുണ്യ ഈശോയെ, സർവ്വസ്നേഹാദരവുകളോടെ ഹൃദയത്തിൽ സ്വീകരിക്കുക) അഭംഗുരം തുടർന്നു കൊണ്ടിരിക്കുന്നു. അഗസ്റ്റിൻസാർ സ്വർഗ്ഗത്തിൽ നിന്നും കെ. വി. ജോസഫ് സാർ ഭൂമിയിൽ പദമൂന്നിചിന്തകൾ സ്വർഗ്ഗത്തിൽ നിക്ഷേപിച്ച്, വിശുദ്ധ കൊച്ചുത്രേസ്യായെപ്പോലെ, റോസപ്പൂക്കൾ ഈ പാരിൽ വാരിവിതറിക്കൊണ്ടിരിക്കുന്നു.

## പ്രൊഫ. റ്റി. പി. മാധവൻ പിള്ള

ലേഖകൻ ഡിഗ്രികോഴ്സിന്റെ ദ്വിതീയവർഷത്തിൽ പഠിക്കുന്ന സമയം. യൂണിവേഴ്സിറ്റി പരീക്ഷ അടുത്തു വരുന്നു. ഇംഗ്ലീഷ് ഭാഷയോട് എന്നും ആഭിമുഖ്യമുണ്ടായിരുന്ന ഞാൻ അതു നന്നായി പഠിക്കുമായിരുന്നു. ഇതിന്റെ ഭാഗമായി ഞാൻ കുറേയേറെ ഉപന്യാസങ്ങളും അനട്ടേഷൻസും (annotations) ഒരു വലിയ ബുക്കു നിറയെ എഴുതിപ്പൂർത്തിയാക്കി. അപ്പോൾ ഇങ്ങനെ ഒരാശയം തോന്നി. നോട്ട്ബുക്ക് പ്രൊഫസർമാർ ആരെയെങ്കിലും ഏല്പിച്ച് കറക്ട് ചെയ്യിക്കുക. അനുയോജ്യനായ അദ്ധ്യാപകനെ കണ്ടുപിടിക്കാൻ ഏറെ സമയമൊന്നും വേണ്ടി വന്നില്ല. മനോമുകുരത്തിൽ തെളിഞ്ഞുവന്നത് പ്രിയപ്പെട്ട മാധവൻപിള്ള സാറാണ്. സെന്റ് ബർക്കുമാൻസിനു തൊട്ടടുത്തായിരുന്നു അദ്ദേഹത്തിന്റെ വീട്. സാറിനെക്കണ്ട് എന്റെ ആഗ്രഹം അറിയിച്ചു. ആ സമയത്ത് അദ്ദേഹത്തിൽക്കണ്ട സന്തോഷവും ഉത്സാഹവും എനിക്കു വലിയ പ്രചോദനമായി. ശിശുസഹജമായ നിഷ്കളങ്കതയും നിറപുഞ്ചിരിയുമാണ് അദ്ദേഹത്തിന്റെ രണ്ടു പ്രത്യേക സവിശേഷതകൾ. കുഞ്ഞുങ്ങളെപ്പോലെ ആയി, മഞ്ഞിന്റെ നൈർമ്മല്യം അണിയുന്നവർക്കാണല്ലോ സ്വർഗ്ഗരാജ്യം.

വിദ്യാർത്ഥികളോടുള്ള വ്യക്തിഗത താത്പര്യവും ശിശുസഹജമായ നിഷ്കളങ്കതയും നിറപുഞ്ചിരിയും

കറക്ഷനുവേണ്ടി തടിയൻ നോട്ട്ബുക്കു സാറിനെ ഏല്പിച്ചു. വ്യാകരണപ്പിശകില്ലാതെയും, ഏതാണ്ട് ശൈലീഭംഗം വരാതെയും എഴുതാനുള്ള കൃപ നല്ല ദൈവം നല്കിയിരുന്നു. എന്നാൽ, ഖണ്ഡികകളുടെ ക്രമീകരണം, ആമുഖം, ഉപസംഹാരം മുതലായവയിലൊക്കെ മെച്ചപ്പെടണമായിരുന്നു. ഒരു ഗണിതശാസ്ത്രജ്ഞന്റെ വൈദഗ്ധ്യത്തോടും സൂക്ഷ്മതയോടും എല്ലാം ശരിയാക്കി, അനുമോ

ദനങ്ങളോടും ആശംസകളോടും അനുഗ്രഹാശിസ്സുകളോടും കൂടി, തിരുത്തിയ ബുക്ക് ആ മഹാനുഭാവനായ ആ ശ്രേഷ്ഠാചാര്യൻ മടക്കിത്തന്നു.

ഗണിതശാസ്ത്രജ്ഞന്റെ വൈദഗ്ധ്യത്തോടും സൂക്ഷ്മതയോടും

മാധവൻപിള്ള സാർ പ്രമേഹം മൂർച്ഛിച്ചു, കാലിലെ വിരലിന്റെ അഗ്രം ഛേദിച്ചു. പുഷ്പഗിരിയിലായിരുന്ന സമയത്തു, സാറിനെ സന്ദർശിച്ചപ്പോൾ, അദ്ദേഹം വേദനയുടെ നീർക്കയത്തിലായിരുന്നു. എങ്കിലും സ്വതസ്സിദ്ധമായ നിറപുഞ്ചിരിയോടെ തന്നെ ഈ ശിഷ്യനെ അദ്ദേഹം സ്വാഗതം ചെയ്തു, സ്വീകരിച്ചു; പ്രയാസങ്ങൾ പങ്കുവച്ചു. 'Suffering shared halves it; sorrow too.' സഹിഷ്ണുവായ ക്രിസ്തുവിനെയാണു ഞാൻ ആ മുഖത്തു ദർശിച്ചത്. യാത്ര പറഞ്ഞു പിരിയുന്നതിനു മുമ്പു ഗുരുപാദം വണങ്ങി, ഇരുകരങ്ങളും ഓപ്പറേഷൻ നടത്തിയ പാദത്തിൽ വച്ചു തീക്ഷ്ണമായി പ്രാർത്ഥിച്ചു. കുമ്പിട്ടു നിന്നു പ്രാർത്ഥന ആരംഭിച്ചപ്പോൾ മുതൽ ആ നിഷ്കളങ്കനയനങ്ങളിൽ നിന്നു കണ്ണുനീർത്തുള്ളികൾ ആമലകീഫലം പോലെ അടർന്നു വീണു കൊണ്ടിരുന്നു. ആയിരക്കണക്കിനു വിദ്യാർത്ഥികളെ അതീവവൈദഗ്ധ്യത്തോടും, ആത്മാർത്ഥതയോടും കൂടി, ഷേക്സ്പിയർ പഠിപ്പിച്ച അദ്ദേഹത്തിനു, സീസറിനെപ്പറ്റി ആന്റണി പറയുന്നത് തികച്ചും അനുയോജ്യമാണ്.

വേദനയുടെ നീർക്കയത്തിൽ

സഹിഷ്ണുവായ ക്രിസ്തുവിനെ കണ്ടു

ഗുരുപാദം വണങ്ങി

"His life was gentle and the elements
So mixed in him that nature might stand up
And say to all the world, 'This was a man.'
(Julius Caesar, Act 5, Sc.5 L 72-74)

'This was a man'

മാധവൻപിള്ള സാറിന്റെ ഓമനപ്പേരു പ്രസന്നൻ എന്നായിരുന്നു. 'പ്രസന്നനാമുണ്ണി' എന്നു തുടങ്ങുന്ന ഒരു കവിത സാറിന്റെ യതിവര്യനായ പിതാവു രചിച്ചിരുന്ന കാര്യം കേശവമംഗലത്തെ ചേച്ചി ലേഖകനോടു പറഞ്ഞിട്ടുണ്ട്. ഓമനപ്പേര് അക്ഷരാർത്ഥത്തിൽ അന്വർത്ഥമാക്കുന്ന വിധത്തിൽ സദാ 'പ്രസന്നൻ' ആയാണ് അദ്ദേഹം ജീവിച്ചത്. സങ്കീർത്തകൻ പറയുന്നതുപോലെ,

'നിഷ്കളങ്കനായി ജീവിക്കുന്ന,
നീതി മാത്രം പ്രവർത്തിക്കുന്ന,
ഹൃദയം തുറന്നു സത്യം പറയുന്ന,
പരദൂഷണം പരിപൂർണ്ണമായി പരിവർജ്ജിക്കുന്ന,
സ്നേഹിതനെയെന്നല്ല,
ആരെയും ദ്രോഹിക്കാത്ത, വേദനിപ്പിക്കാത്ത,
ദൈവഭക്തനെ അങ്ങേയറ്റം മാനിക്കുന്ന,
നഷ്ടം സഹിച്ചുപോലും വാഗ്ദാനം പാലിക്കുന്ന, (സങ്കീ. 15:2-4)
വ്യക്തിക്കു മാത്രമേ എപ്പോഴും പ്രസന്നനായിരിക്കാൻ കഴിയൂ.

നിഷ്കളങ്കൻ, നീതിമാൻ, സുതാര്യൻ നന്മ മാത്രം കാണുന്നവൻ അഹിംസാപരമോ ധർമ്മ:

പ്രസന്നൻ

മാധവൻപിള്ളസാർ യാത്രയായി ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ലേഖകന് ഒരു സ്വപ്നമുണ്ടായി. ചിതയിൽ വച്ച അദ്ദേഹത്തിന്റെ ശരീരം, 'ഉയിർ'ത്തെഴുന്നേൽക്കുന്നു. ദൈവസന്നിധിയിൽ അദ്ദേഹം നീതിമത്ക്കരിക്കപ്പെട്ടുവെന്ന

ഉയിർത്തെഴുന്നേറ്റു!



പ്രസന്നനാമുണ്ണി ദൈവത്തിനും മനുഷ്യർക്കും കണ്ണിലുണ്ണി

താണ് ആ സ്വപ്നം എന്നെ ബോദ്ധ്യപ്പെടുത്തിയത്. 'പ്രസന്നനാമുണ്ണി' ഏവർക്കും കണ്ണിലുണ്ണി ആയിരുന്നു. സാർ ഏവരെയും, വിശിഷ്യാ ശിഷ്യരെയും കണ്ണിലെ കൃഷ്ണമണി പോലെയാണ് കരുതിയിരുന്നത്, സ്നേഹിച്ചിരുന്നത്, ലാളിച്ചിരുന്നത്. സ്വയംദാനമായിരുന്നു അദ്ദേഹത്തിന്റെ അദ്ധ്യാപനം. കണ്ണുകളടച്ച്, ഋഷിതുല്യനായി നിന്നുമാത്രമേ, അദ്ദേഹം ക്ലാസ്സെടുത്തിരുന്നുള്ളൂ. തമാശയൊക്കെ പ്പറഞ്ഞിട്ട്, കണ്ണുതുറന്നു കുട്ടികളെ നോക്കി ഹൃദ്യമായി പുഞ്ചിരിക്കുമായിരുന്നു. കുട്ടികളുടെ ചില വികൃതികളൊക്കെ ഇഷ്ടപ്പെട്ടിരുന്നു. നല്ലവർ എന്തിലും എപ്പോഴും നന്മ കണ്ടുപിടിക്കുമല്ലോ.

താനൊരു കാത്തലിക് കോളജിലാണ് അദ്ധ്യാപനശുശ്രൂഷ നടത്തുന്നതെന്നും അതിന്റെ അരൂപിക്കു ചേരാത്തതൊന്നും തന്നിൽ നിന്നോ, മറ്റദ്ധ്യാപകരിൽ നിന്നോ, വിദ്യാർത്ഥികളിൽ നിന്നോ, രക്ഷാകർത്താക്കളിൽ നിന്നോ, നാട്ടുകാരിൽ നിന്നോ, അയൽക്കാരിൽ നിന്നോ, ഒരിക്കലും ഉണ്ടാകരുതെന്നും അദ്ദേഹം അതിതീവ്രമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. കോളജിലെ പ്രധാനപ്പെട്ട ആദ്ധ്യാത്മികശുശ്രൂഷകൾ (Mass of the Holy Spirit) ഓർമ്മയിൽ സൂക്ഷിച്ച്, ബന്ധപ്പെട്ടവരെയൊക്കെ കാലേകൂട്ടി അദ്ദേഹം അനുസ്മരിപ്പിക്കുമായിരുന്നു, സെന്റ് ബർക്കുമാൻസിന്റെ വാത്സല്യസന്താനമായ അദ്ദേഹം! He was really proud of St. Berchmans.

**proud of his alma mater**

## മഹാകവി പ്രൊഫ. തോമസ് കണയംപ്ലാവൻ

ചൈന, ഇന്ത്യയെ ആക്രമിച്ചത് ആർഷഭാരതത്തിനു വലിയ ആഘാതമായിരുന്നു. അന്ന് ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഭാരതജനതയെ അഭിസംബോധന ചെയ്ത് ആദ്യം പറഞ്ഞ വാക്കുകൾ, Never have I prayed; but today I am in a praying mood' എന്നാണ്. അതിനടുത്ത ദിവസം തന്നെ സെന്റ് ബർക്കുമാൻസിൽ അവിസ്മരണീയമായ ഒരു പ്രതിഷേധയോഗം സംഘടിപ്പിക്കപ്പെട്ടു. അന്നത്തെ പ്രസംഗകരെല്ലാം പ്രഗത്ഭരായിരുന്നു. എങ്കിലും ഒരു പ്രസംഗം മാത്രമേ ഒളിമങ്ങാതെ മനസ്സിൽ തങ്ങി നില്പുള്ളൂ. അത്, എന്റെ പ്രിയങ്കരനായ ഗുരുവര്യൻ, തോമസ് കണയംപ്ലാവൻസാറിന്റേതാണ്. അത് അദ്ദേഹത്തിന്റെ 'മാസ്റ്റർ പീസ്' ആണെന്നാണ് എന്റെ ഉറച്ച ബോധ്യം.

**Nehru**

**Today, I am in a praying mood**

**അവിസ്മരണീയ പ്രതിഷേധ യോഗം**

**മാസ്റ്റർപീസ്**

കണയംപ്ലാവൻസാറിന്റെ പ്രസംഗസമയത്ത് കല്ലറയ്ക്കൽ ഹാളിലും പരിസരങ്ങളിലും പരിപൂർണ്ണ നിശ്ശബ്ദത തളം കെട്ടി നിന്നിരുന്നു. തദവസരത്തിലാണ് 'ആവേശം കൊള്ളുക' 'ആവേശം കൊള്ളിക്കുക' എന്നീ പ്രയോഗങ്ങളുടെ അർത്ഥം ശരിയായി മനസ്സിലായത്. 'അച്ചൻകുഞ്ഞാ' യിരുന്ന എനിക്കു പോലും, സാറിന്റെ പ്രസംഗം കേട്ടപ്പോൾ, യുദ്ധക്കളത്തിൽ പോയി യുദ്ധം ചെയ്ത്, ചൈനാക്കാരെ എന്റെ ജന്മഭൂമിയുടെ അതിർത്തിയിൽ നിന്നുപോലും തുരത്തണമെന്നു തോന്നിപ്പോയി. അഭിസംബോധന പോലുമില്ലാതെ, അത്ര ആവേശത്തോടെയാണ് അദ്ദേഹം ഓരോ കുഞ്ഞു കുഞ്ഞു വാചകവും ഉരുവിട്ടുകൊണ്ടിരുന്നത്. ഓരോ വാക്കും യുവജനങ്ങളുടെ രക്തം തിളപ്പിക്കാൻ പോന്നതായിരുന്നു. കനത്ത നിശ്ശ

**ആവേശംകൊള്ളിച്ചു ആവേശം കൊണ്ടു**

**യുവരക്തം തിളപ്പിക്കുന്ന പ്രഭാഷണം**

ബ്ദതയിൽ കണയംപ്ലാവൻ ആരംഭിച്ചു:

ആർഷഭാരതം ആക്രമിക്കപ്പെട്ടു;
ഹരിശ്ചന്ദ്രന്റെ നാട് ആക്രമിക്കപ്പെട്ടു;
ജീമൂതവാഹനന്റെ നാട് ആക്രമിക്കപ്പെട്ടു;
പ്രഹ്ളാദന്റെ നാട് ആക്രമിക്കപ്പെട്ടു;
ശ്രീബുദ്ധന്റെ നാട് ആക്രമിക്കപ്പെട്ടു;
ശ്രീരാമപരമഹംസന്റെ നാട് ആക്രമിക്കപ്പെട്ടു;
വാല്മീകിയുടെ നാട് ആക്രമിക്കപ്പെട്ടു;
വിവേകാനന്ദന്റെ നാട് ആക്രമിക്കപ്പെട്ടു;
രവീന്ദ്രനാഥടാഗോറിന്റെ നാട് ആക്രമിക്കപ്പെട്ടു;
അരവിന്ദന്റെ നാട് ആക്രമിക്കപ്പെട്ടു;
അഹിംസയുടെ നാട് ആക്രമിക്കപ്പെട്ടു;
അഹിംസയുടെ പ്രാണേതാവിന്റെ നാട് ആക്രമിക്കപ്പെട്ടു.

Let me say it: Prof. Kanayamplavan took the audience by storm. He was at his best and he was certainly the man of the day.

**man of the day**

കണയംപ്ലാവൻസാർ അധ്യാപനം എന്ന തന്റെ ഔപചാരികതപസ്യയിൽ നിന്നു വിരമിച്ചിട്ട് രണ്ടു ദശാബ്ദങ്ങൾ കഴിഞ്ഞു. എങ്കിലും ഇന്നും അദ്ദേഹം, ഒരു പരിധി വരെ, പ്രത്യക്ഷമായും അവശേഷിക്കുന്നതു പരോക്ഷമായും അതിശ്രേഷ്ഠമായ തന്റെ തപസ്യ, പ്രബോധനം, തുടർന്നുകൊണ്ടേയിരിക്കുന്നു. തിരക്കിനിടയിലും തന്റെ പ്രാർത്ഥനാജീവിതത്തിനും അനുദിനബലിയർപ്പണത്തിനും ദിവ്യകാരുണ്യസ്വീകരണത്തിനുമൊന്നും ഒരിക്കലും മുടക്കു വരുത്തുകയില്ല. സഭയ്ക്കും, സമൂഹത്തിനും, രാഷ്ട്രത്തിനും, മനുഷ്യന്റെ നിത്യരക്ഷയ്ക്കും, വേണ്ടി അദ്ദേഹം തന്റെ അനുഗൃഹീതതൂലിക അനുസ്യൂതം ചലിപ്പിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ ഗുരുനാഥൻ നീണാൾ വാഴട്ടെ! നന്മ ചെയ്ത്, നന്മ ചെയ്ത്, പരമനന്മയിൽ നിർവൃതി കണ്ടെത്തട്ടെ!

**തപസ്യ തുടർന്നുകൊണ്ടേയിരിക്കുന്നു**

## പ്രൊഫ. എൻ. ശിവശങ്കരൻ നായർ

1952 മുതൽ '87 വരെ സെന്റ് ബർക്കുമാൻസിൽ ഒരു മണൽത്തരിയെപ്പോലും നോവിക്കാതെ, ഏറ്റം അർപ്പണമനസ്സോടെ, തന്റെ ആത്മവിദ്യാലയത്തിന്റെ നന്മ മാത്രം മുന്നിൽക്കണ്ട്, ആരെയും ഭയപ്പെടാതെ, ആരോടും പ്രത്യേകപരിഗണന കാണിക്കാതെ, സുസ്മേരവദനവുമായി അധ്യാപനം നടത്തി, ആയിരങ്ങളുടെ ഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടിയിരിക്കുന്ന, ഈശ്വരചിന്തയിലും പരോപകാരതല്പരതയിലും വ്യാപരിക്കുന്ന, പരാതിയില്ലാതെ, പരിഭവം കൂടാതെ, ജീവിതം ജീവിതവ്യമാണെന്ന ബോധ്യത്തിൽ, അനുനിമിഷം സംതൃപ്തിയിൽ, സന്തോഷത്തിൽ, സമയം ഫലപ്രദമായി ചെലവഴിച്ചു, കൃതകൃത്യനായിരിക്കുന്ന സ്നേഹനിധിയായ, എന്റെ ഗുരുനാഥൻ ശിവൻസാറിന് ആയുരാരോഗ്യങ്ങൾ നേരുന്നു, എല്ലാ ദൈവാനുഗ്രഹവും പ്രാർത്ഥിക്കുന്നു.

**ഒരു മണൽത്തരിയെപ്പോലും നോവിക്കാതെ**

**കൃതകൃത്യൻ**



## പ്രൊഫ. കെ. കെ. ജോൺ

ഞങ്ങളുടെ വലിയ ഗുണകാംക്ഷി

ചങ്ങനാശ്ശേരിയുടെ അരുമസന്താനവും പൂർവ്വവിദ്യാർത്ഥിയുമാണ് എന്റെ പ്രിയപ്പെട്ട ഗുരുനാഥൻ കെ. കെ. ജോൺസാർ. എന്റെയും എന്റെ കുടുംബത്തിന്റെയും ഒരു വലിയ ഗുണകാംക്ഷിയുമാണ് ചങ്ങനാശ്ശേരി മണ്ണിന്റെ ഈ മകൻ. 1955-'93 കാലഘട്ടത്തിലാണ് സെന്റ് ബർക്കുമാൻസ് സരസ്വതീക്ഷേത്രത്തിൽ ജോൺസാർ സ്നേഹശുശ്രൂഷ ചെയ്തത്. 1960-'61 ൽ അദ്ദേഹവും ശിവൻസാറുമാണ് (എൻ. ശിവശങ്കരൻ നായർ, എം.എസ്.സി. പൂർവ്വവിദ്യാർത്ഥി) പ്രീയൂണിവേഴ്സിറ്റി ക്ലാസ്സിൽ ലേഖകനെ ഫിസിക്സ് പഠിപ്പിച്ചത്. ഈ പ്രഗത്ഭരുടെ ക്ലാസുകൾ ഞങ്ങൾ വളരെയേറെ ആസ്വദിച്ചിട്ടുണ്ട്. Newton's The Three Laws of Motion, The Law of Gravitation തുടങ്ങിയവ ഇപ്പോഴും ഓർക്കുന്നുണ്ട്.

For every action, there is an equal and opposite reaction

For every action, there is an equal and opposite reaction എന്ന നിയമത്തിന്റെ ഒരു Practical Application രേഖപ്പെടുത്താൻ ശ്രമിക്കുകയാണ്. മലയാളസാഹിത്യത്തിലെ ഒരു സംഭവമാണ് പശ്ചാത്തലം. രണ്ടു കവികളുടെ ഒരു ജീവിതാനുഭവം. ഉണ്ണായിവാര്യരും കുഞ്ചൻനമ്പ്യാരുമായിരിക്കണം പരാമർശിതകവികൾ. ഇവർ പരസ്പരം കണ്ടിരുന്നില്ല. ഇരുവരും പരസ്പരം വായിച്ചും കേട്ടും അറിഞ്ഞിരുന്നു. ഇരുവർക്കും പരസ്പരം കാണണമെന്നും തോന്നിയിരുന്നു.

പൊട്ടക്കണ്ണന്റെ മാവേലേറുപോലെ

ഒരു ശിവരാത്രിയുടെ അവസരം! ഇരുവർക്കും തോന്നുന്നു, മറ്റേ ആൾ ശിവരാത്രിക്ക് വരാൻ സാധ്യതയുണ്ടെന്ന്. ഒത്തെങ്കിൽ ഒക്കട്ടെ എന്നുകരുതി ഇരുവരും ഒരേ ദിവസം തന്നെ ആലുവമണൽപ്പുറത്തെത്തിയത്രേ. പക്ഷേ, പരസ്പരം കണ്ടുമുട്ടാനുള്ള മാർഗ്ഗം ഇരുവർക്കും നിശ്ചയമില്ലായിരുന്നു. ആലുവാമണൽപ്പുറത്തെ തിരക്ക് കണ്ടിട്ടുള്ളവർക്കറിയാം, ആ ജനസഞ്ചയത്തിൽ നിന്ന് അറിയാത്ത ഒരാളെ തപ്പിയെടുക്കുക എളുപ്പമല്ലെന്ന്.

ഒരാൾക്ക് ഒരുപായം മനസ്സിൽ തോന്നുന്നു. മണൽപ്പുറത്തുകൂടെ 'തരുന്നതെല്ലാം ഗുരുവെന്ന് കരുതണം' എന്ന് ഉറക്കെപ്പറഞ്ഞുകൊണ്ടോടുക. ഓട്ടത്തിൽ പലരുടെ കാലിൽ ചവിട്ടേണ്ടിവരും. മറ്റേക്കവി ആൾക്കൂട്ടത്തിൽ ഉണ്ടെങ്കിൽ, തന്റെ ചവിട്ടുകൊള്ളുകയാണെങ്കിൽ അദ്ദേഹം രസകരമായി പ്രതികരിക്കുമെന്ന് action നടത്തുന്ന കവിക്ക് ഉറപ്പായിരുന്നു.

തരുന്നതെല്ലാം ഗുരുവെന്നു കരുതണം

'Action' തുടങ്ങി. 'തരുന്നതെല്ലാം ഗുരുവെന്ന് കരുതണം' എന്നു തെരുതെരെ കഥാപുരുഷൻ ആവർത്തിക്കുന്നുണ്ട്. പെട്ടെന്ന് ഒരാൾ തന്റെ കാലിൽ ചവിട്ടിയവന്റെ കരണക്കുറ്റിക്ക് ഒരടി കൊടുത്തുകൊണ്ടു പറഞ്ഞു: 'കിട്ടുന്നതെല്ലാം ദക്ഷിണയാണെന്നു കരുതണം'. ഓടിയ കവി, തന്റെ കരണക്കുറ്റിക്ക് തീർകടകം അടിച്ച വ്യക്തിയെ, ആശ്ലേഷിച്ചുകൊണ്ടുപറഞ്ഞു: 'അങ്ങയെയാണ് ഞാൻ അന്വേഷിച്ചുകൊണ്ടിരുന്നത്. ഓടിയ കവിക്കെങ്കിലും, ന്യൂട്ടന്റെ നിയമം For every action, there is an equal and opposite reaction നന്നായി മനസ്സിലായിക്കാണും!'

കിട്ടുന്നതെല്ലാം ദക്ഷിണയെന്നു കരുതണം

ജോൺസാറിന് ഒരായിരം നന്ദിയുടെ നറുമലരുകൾ! ആയുഷ്മാൻ ഭവ!!

## പ്രൊഫ. പി. ജെ. ദേവസ്യ

എന്റെ പ്രിയപ്പെട്ട ഗുരുനാഥൻ പി.ജെ.ഡി. സെന്റ് ബർക്കുമാൻസ് മാതാവിന്റെ അരുമസന്താനമാണ്. സെന്റ് ബർക്കുമാൻസിൽ എം.എ. ഇംഗ്ലീഷ് തുടങ്ങിയപ്പോൾ സി.എം.എസ്സിൽ നിന്നു പ്രത്യേക ക്ഷണിതാവായി മാതൃകലാലയത്തിൽ വന്ന്, വിരമിക്കുന്നതു വരെ, എം. എ. ക്ലാസ്സുകളിൽ ആധുനിക സാഹിത്യശാഖ കൈകാര്യം ചെയ്തിരുന്നത് ഇദ്ദേഹമാണ്.

സെന്റ് ബർക്കുമാൻസിന്റെ അരുമസന്താനം

ടി.എസ്.എലിയട്ടിന്റെ 'ഊഷരഭൂമി' (The Waste Land) പി. ജെ. ഡി. യുടെ ഇഷ്ടകാവ്യമാണ്. നന്നായി പഠിപ്പിക്കുകയും, സാന്ദർഭികമായി ചില വിമർശന ശകലങ്ങൾ, മേമ്പൊടിയായി അദ്ദേഹം ചേർക്കുകയും ചെയ്യുമായിരുന്നു. വിദ്യാർത്ഥികളിൽ താത്പര്യം ജനിപ്പിക്കാൻ അത്തരം മേമ്പൊടികൾ സഹായകമായിരുന്നിരിക്കണം. അറിവും അറിയാമെന്നുള്ള അറിവും അദ്ദേഹത്തിനു സ്വന്തമായിരുന്നു. He who knows and knows he knows is a teacher, follow him' എന്ന് അദ്ദേഹം തന്നെയല്ലേ ഞങ്ങളുടെ ക്ലാസ്സിൽ പറഞ്ഞതെന്ന സംശയം ഉള്ളിലില്ലായ്കയില്ല. ഏവർക്കും പ്രചോദനമായിരുന്ന പി. ജെ. ദേവസ്യാ സാറേ, നന്ദിയുടെ നറുമലരുകൾ ആദരവോടെ സമർപ്പിക്കട്ടെ!

He who knows and knows he knows is a teacher, follow him'

## കരിക്കമ്പള്ളിലച്ചൻ

**1953–1968 വരെയുള്ള കാലഘട്ടങ്ങളിൽ**

ബർസാറച്ചൻ എന്നു നാമം കേട്ടാലുടൻ ഗ്രിഗറി കരിക്കമ്പള്ളിലച്ചനാണെന്ന് ആളുകൾ മനസ്സിലാക്കിയിരുന്നു. ലേഖകനു പിതൃസ്ഥാനീയനും ഗുരുശ്രേഷ്ഠനുമായിരുന്നു ഈ മഹാത്മാവ്. ശാന്തനും ശാലീനനും ആധ്യാത്മികതയുടെ ആൾരൂപവും സുറിയാനി ഭാഷാപണ്ഡിതനും സെന്റ് ബർക്കുമാൻസിനെ കണ്ണിലുണ്ണിപോലെ കരുതിയിരുന്നവനുമായ കരിക്കമ്പള്ളിലച്ചൻ 1953 മുതൽ 1968 വരെയാണ് കോളജിൽ സുറിയാനി പ്രൊഫസ്സറായിരുന്നത്. സെന്റ് ബർക്കുമാൻസിൽ സുറിയാനി പഠിപ്പിച്ചിരുന്ന പ്രഗത്ഭരിൽ സുറിയാനിയിൽ ബിരുദമുണ്ടായിരുന്ന നാലുപേരിൽ ഒരാളാണ് അദ്ദേഹം. ഫാ. ജോസഫ് പര്യാരം (1939–51) ഫാ. ജോസഫ് കുര്യാസ് (1944–53), ലേഖകന്റെ കസിൻ ഫാ. മാത്യു കാട്ടടി (1956–'60 – 1964––70) ഇവരാണു മറ്റു മൂന്നു പ്രഗത്ഭർ.

ലേഖകനു പിതൃസ്ഥാനീയൻ

ശാന്തൻ, ശാലീനൻ

ആധ്യാത്മികതയുടെ ആൾരൂപം

## ഏണേക്കാട്ടച്ചൻ

ക്ലാസ്സിൽ കാര്യമാത്രപ്രസക്തനും ഡിപ്പാർട്ടുമെന്റിലും സ്വകാര്യസംഭാഷണങ്ങളിലും എല്ലാവരെയും കുടുകുടെ ചിരിപ്പിച്ചു രസിക്കുന്നവനും രസിപ്പിക്കുന്നവനും ശിഷ്യവത്സലനും ശിഷ്യരെ 'വളർത്തു'ന്നതിൽ അതീവതത്പരനും മനുഷ്യസ്നേഹിയും അതിഥിസത്ക്കാരപ്രിയനും ഏവരുടെയും അഭ്യുദയകാംക്ഷിയും സ്നേഹസമ്പന്നനും, ഇരുപത്തിനാലുമണിക്കൂറും സ്വതഃസിദ്ധമായ ശൈലിയിൽ ക്രിസ്തുവിന്റെ പൗരോഹിത്യം 'ജീവിച്ചവനും,' 'One who made others laugh, rejoiced at his own expense, with malice to none and charity to all' എന്ന തത്ത്വം അനുനിമിഷം അഭ്യസിച്ച പുരോഹിതശ്രേഷ്ഠനും എപ്പോഴും

ക്ലാസ്സിൽ കാര്യമാത്രപ്രസക്തൻ

അതിഥിസത്കാരപ്രിയൻ



അഗാധപണ്ഡിതൻ

With malice to none and with charity to all

പൗരോഹിത്യം, അതിന്റെ മാധുര്യം, അക്ഷരാർത്ഥത്തിൽ, മട്ടോളം ആസ്വദിച്ചവനും, ആരെയും വേദനിപ്പിക്കാതെ എല്ലാവരെയും നർമ്മത്തിനു വിധേയനാക്കുന്നവനും, ഉല്ലാസം അങ്ങേയറ്റം ഇഷ്ടപ്പെട്ട് ആസ്വദിച്ചിരുന്നവനും, മറ്റുള്ളവരെ ഉള്ളുതുറന്നുല്ലസിക്കാൻ പ്രോത്സാഹിപ്പിച്ചിരുന്നവനും, കൊച്ചു കൊച്ചു സന്തോഷങ്ങളിൽ അതീവതല്പരനും, അഗാധപാണ്ഡിത്യത്തിന്റെ ഉടമയും, നലം തികഞ്ഞ സഭാസ്നേഹിയും, മാതൃ-പിതൃ-സഹോദരസ്നേഹത്തിൽ മുന്നിട്ടു നിന്നവനും മറ്റുമായിരുന്നു എന്റെ പ്രിയ ബഹുമാനപ്പെട്ട ഗുരുനാഥൻ, ഏണേക്കാട്ടച്ചൻ.

ആദ്യമായി ഇംഗ്ലീഷിൽ രചിച്ച ലേഖനം എഡിറ്ററെ ഏല്പിക്കാൻ ലേഖകനു രണ്ടുപ്രാവശ്യം ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിൽ പോകേണ്ടി വന്നു. പ്രഥമതഃ, എഡിറ്റർ സ്ഥലത്തില്ലായിരുന്നു. അതു ദൈവപരിപാലനയായിരുന്നു. ഒന്നാം വർഷം ബി. എ.യ്ക്കു ഞങ്ങളെ ഗദ്യം പഠിപ്പിച്ചുകൊണ്ടിരുന്ന ഏണേക്കാട്ടച്ചൻ അപ്പോൾ ഡിപ്പാർട്ടുമെന്റിൽ ഉണ്ടായിരുന്നു. സ്വതസ്സിദ്ധമായ സ്നേഹത്തോടും സന്തോഷത്തോടും പുഞ്ചിരിയോടും ഒപ്പം കുസൃതിയോടും അദ്ദേഹം ചോദിച്ചു;

സ്നേഹത്തോടും സന്തോഷത്തോടും പുഞ്ചിരിയോടെ കുസൃതിയോടെ

"എന്താ, ഈ വലിയ സമ്പാദ്യം?"

തീർച്ചയായും എനിക്കതു വലിയ സമ്പാദ്യമായിരുന്നു. ആദ്യത്തെ 'കൺമണി'യല്ലേ?

വലിയസമ്പാദ്യം

മാഗസിനു കൊടുക്കാനുള്ള ലേഖനമാണെന്നു മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് അച്ചൻ അങ്ങനെ ചോദിച്ചത്. ലേഖനത്തെക്കുറിച്ച് ഒരു ലഘുവിവരണം ഞാൻ അദ്ദേഹത്തിനു നല്കി.

"കാണട്ടെ"

എന്നുപറഞ്ഞ് ലേഖനം അദ്ദേഹം എന്റെ കൈയ്യിൽ നിന്നു വാങ്ങി. അന്ന് അച്ചൻ സെന്റ് ബർക്കുമാൻസിന്റെ Prestigious hostel ആയ സെന്റ് ജോസഫ്സിന്റെ വാർഡനായിരുന്നു. അങ്ങോട്ടുപോകാനുള്ള ഒരുക്കത്തിനിടയിലാണ് ഞങ്ങൾ തമ്മിൽ കാണുന്നത്. ഹോസ്റ്റലിനെ ലക്ഷ്യമാക്കി നടന്നുകൊണ്ട് അദ്ദേഹം ലേഖനം വായിച്ചു തുടങ്ങി. തലക്കെട്ടിൽത്തന്നെ അല്പം പോരായ്മ അദ്ദേഹം കണ്ടുപിടിച്ചു. ഇതായിരുന്നു തലക്കെട്ട്.

Religion and morals : A sine qua non in schools and colleges'

പുഞ്ചിരി തൂകി പ്രോത്സാഹിപ്പിച്ചുകൊണ്ടദ്ദേഹം പറഞ്ഞു; ടൈറ്റിൽ അല്പം വിവരണാത്മകവും ദീർഘവും സാധാരണവുമാണ്. അല്പം കൂടി ഹ്രസ്വവും catchy യും ആകണം. ഇപ്രകാരമാക്കുക: 'A sine qua non in schools and colleges'. തിരുത്തലുകളിലൂടെ മാത്രമേ നാം ആദ്ധ്യാത്മികമായും ബൗദ്ധികമായും മാനസികമായും വളരുകയുള്ളൂ. പലർക്കും തിരുത്തലുകൾ ഉൾക്കൊള്ളാൻ വളരെ വിഷമമാണ്. ഇതു സകലമേഖലകളിലുമുള്ള വളർച്ചയെ മുരടിപ്പിക്കുന്നു. അദ്ധ്യാപകർ നല്കുന്ന തിരുത്തലുകൾ വിദ്യാർത്ഥികൾ ഉൾക്കൊള്ളണം. അങ്ങനെ ജീവിതത്തിലും പഠനത്തിലും മാറ്റങ്ങൾ വരുത്തണം. തിരു

എന്തിനും ഒരു അസാധരണത്വം വേണം!

ത്താൻ തക്ക ജ്ഞാനവും ആത്മധൈര്യവുമൊക്കെ ഉള്ളവരായിരിക്കണം അധ്യാപകരും.

**തിരുത്തലുകൾ ഉൾക്കൊണ്ടു വളരണം**

ഏണേക്കാട്ടച്ചൻ, എന്റെ ആദ്യഉപന്യാസത്തിന്റെ തലക്കെട്ടു തിരുത്തിയ ശേഷം, ഓരോ വാക്യവും വായിച്ചു, ശൈലിയും പ്രയോഗങ്ങളും മെച്ചപ്പെടുത്തി. അദ്ദേഹം തന്ന നിർദ്ദേശങ്ങളെല്ലാം അക്ഷരശഃ സ്വീകരിച്ചു ലേഖനം വീണ്ടും എഴുതി, ടൈപ്പു ചെയ്യിച്ചാണു മാഗസിനു കൊടുത്തത്. അതുമുതൽ, എഴുതുക എന്റെ യഥാർത്ഥ ഹോബിയായി. പല ലേഖനങ്ങൾ, ഏതാനും പുസ്തകങ്ങൾ, ചില ലഘുലേഖകൾ, പി. എച്ച്. ഡി. പ്രബന്ധം (അത് തിരുവനന്തപുരത്തുള്ള സെന്റ് ജോസഫ്സ് പ്രസ്സുകാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.) എല്ലാം എഴുതാൻ ദൈവം അനുവദിച്ചു. ഇപ്പോഴും അനുവദിച്ചും അനുഗ്രഹിച്ചും കൊണ്ടിരിക്കുന്നു. ദൈവമേ, നന്ദി!

**നിർദ്ദേശങ്ങൾ അക്ഷരശഃ സ്വീകരിച്ച് ലേഖനം പുതുതാക്കി**

തന്റെ ശിഷ്യരെല്ലാം വലിയവരായിക്കാണണമെന്നതാണ് ഓരോ നല്ല അധ്യാപകന്റെയും ആത്മാർത്ഥമായ ആഗ്രഹം. ദൈവകൃപയാൽ എന്റെ ഗുരുനാഥൻ ഏണേക്കാട്ടച്ചന് അതു വളരെ കൂടുതലുണ്ടായിരുന്നുവെന്നു മാത്രം.

**ശിഷ്യർ വലിയവരായി കാണാനുള്ള അദമ്യമായ ദാഹം**

## കാട്ടടിലച്ചൻ

1956 മുതൽ 1960 വരെയും 1964 മുതൽ 1970 വരെയുമാണ് സെന്റ് ബർക്കുമാൻസിന്റെ സന്താനമായ, കരുത്തനായ ഈ ജനനേതാവ്, ചങ്കുറ്റമുണ്ടായിരുന്ന ഈ അജപാലകൻ, ദീർഘവീക്ഷണപടുവും വിദ്യാഭ്യാസവിചക്ഷണനുമായ ഈ സമർപ്പിതാത്മാവ്, സെന്റ് ബർക്കുമാൻസിൽ സുറിയാനി പ്രൊഫസ്സറായിരുന്നത്. അച്ചൻ എസ്.എച്ചിന്റെ വാർഡനായിരുന്നപ്പോഴാണ് മന്ത്രി പി.ജെ. ജോസഫ് സെന്റ് ബർക്കുമാൻസിൽ പഠിച്ചിരുന്നത്.

**സമർപ്പിതാത്മാവ് കരുത്തനായ ജനനേതാവ് നലംതികഞ്ഞ അജപാലകൻ വിദ്യാഭ്യാസ വിചക്ഷണൻ നന്മ ചെയ്തു ചുറ്റിസഞ്ചരിച്ചു കർത്താവിനു നിത്യബലി**

അദ്ദേഹം നന്മ ചെയ്തു ചുറ്റി സഞ്ചരിച്ചു. ചങ്ങനാശേരി അതിരൂപതയിലും മാനന്തവാടി രൂപതയിലുമായി തന്റെ ജീവിതം കർത്താവിനു നിത്യബലിയായി അർപ്പിച്ചിരുന്ന ഈ അതിസമർത്ഥനായ സംഘാടകൻ, ഇന്നു വളർന്നു പന്തലിച്ചു, ശാഖോപശാഖകളായി മാനംമുട്ടെ എത്തിനില്ക്കുന്ന തിരുവനന്തപുരം ലൂർദ്ദു ഫൊറോനാ ഇടവകയുടെ ജീവശക്തിയും പരമാത്മാവുമായിരുന്നു. ഒരു വിധത്തിൽ, ഏറെ സന്തോഷം പകരുന്ന ഒരനുഭവമായിരുന്നു എന്റെ സഹോദരന് അവിടത്തെ സേവനമെങ്കിലും, കണ്ണീരിന്റെ ഒരു കഥ കൂടി അതിനു പറയാനുണ്ട്. വിശദാംശങ്ങളിലേക്കു കടക്കുന്നില്ല.

നിരവധി ആളുകൾക്ക് അഭയമായിരുന്നിട്ടുള്ള, ഇപ്പോഴും അങ്ങനെയായിരിക്കുന്ന, ലൂർദ്ദ് ഇടവകയുടെ തിലകക്കുറിയായ, ലൂർദ്ദ് സെന്റർ കാട്ടടിയച്ചന്റെ കഠിനാധ്വാനത്തിന്റെയും സംഘാടക വൈദഗ്ദ്ധ്യത്തിന്റെയും ശക്തവും നിരന്തരവുമായ പ്രാർത്ഥനയുടെയും ശാശ്വത പ്രതീകമാണ്. അച്ചൻ തന്റെ യാത്രാമൊഴിയിൽ ഒരു മലിപിടുത്തത്തിന്റെ കഥ വിവരിച്ചിരിക്കുന്നത് ആരുടെയും കണ്ണുകളെ ഈറനണിയിക്കും. ലൂർദ് സെന്ററിന്റെ പണിയുടെ ഒരു സ്റ്റേജിൽ, കുറച്ചു ഭാഗം വാർക്കാൻ തട്ടടിച്ചു കമ്പിയും കെട്ടിയിട്ടു, കുറച്ചു ദിവസങ്ങളാകുന്നു.

**മല്പിടുത്തം**



വാർപ്പുകാർ എന്നു വാർക്കണം എന്നു ചോദിച്ചുകൊണ്ടേയിരിക്കുകയാണ്. മഴക്കാലമായിരുന്നു. അതു പറഞ്ഞു, പല ദിവസത്തേയ്ക്കു വാർപ്പ് മാറ്റിവച്ചു.

**500 ഉറുപ്പിക കൈവശമില്ലാതിരുന്നതിനാൽ**

ഇപ്രകാരം മാറ്റിവയ്ക്കുന്നതിനുള്ള പ്രധാന കാരണം ആയതിലേയ്ക്ക് ആവശ്യമായ 500 ഉറുപ്പിക കൈവശമില്ലായിരുന്നുവെന്നതാണ്. ഒരു നല്ല തെളിവുള്ള ദിവസം. വാർപ്പുകാർ അന്നുതന്നെ വാർക്കണമെന്നു ശഠിച്ചു. അവർക്കു പല കാരണങ്ങൾ കാണും. മാറ്റിവച്ചാൽ കൂടുതൽ അസൗകര്യങ്ങൾ ഉണ്ടാകുമെന്ന് അച്ചനും അറിയാം. അച്ചൻ വാർപ്പുകാർക്കു ഗ്രീൻസിഗ്നൽ കൊടുത്തു. എട്ടു മണിക്കു മുമ്പു തന്നെ അവർ എത്തി. പത്തുമണിക്ക് അവർക്കു കാപ്പിക്കു 100 ഉറുപ്പിക കൊടുക്കണം; സായംകാലത്തു ബാക്കി നാനൂറും. പണിക്കാർ പണി തുടങ്ങി.

**പ്രാർത്ഥിച്ചു പ്രാർത്ഥിച്ച് ഇവിടെ വീണു മരിക്കും**

അവർ വന്നപ്പോൾ മുതൽ, അന്നത്തെ ചെറിയ പള്ളിയുടെ തെക്കുവശത്തുണ്ടായിരുന്ന ഒരു തെങ്ങിന്റെ തണലിൽ നിന്ന്, സൈഡ് ജനാലയിലൂടെ സക്രാരിയിലേക്കു നോക്കി, കണ്ണീരോടെ കുഞ്ഞിച്ചായൻ കർത്താവിനോടു പറഞ്ഞു: 500 രൂപാ തരാതെ ഞാനിവിടെ നിന്നു മാറുകയില്ല. തരുന്നില്ലെങ്കിൽ, മരിച്ചുവീഴുന്നതുവരെ ഞാനിവിടെ നിന്നു പ്രാർത്ഥിക്കും. 8 മണിക്ക് ആരംഭിച്ച ആ പ്രാർത്ഥന, ആ 'മല്പിടുത്തം', 9.30 വരെ നീണ്ടു. പത്തു മണിയാകാൻ ഇനി മുപ്പതു മിനിട്ടേ ഉള്ളൂ. ഓരോ നിമിഷവും ഉള്ളുരുകിയുള്ള പ്രാർത്ഥനയിൽ മുമ്പോട്ടു നീങ്ങുകയാണ്. നിമിഷങ്ങൾ വർഷങ്ങൾ പോലെയാണ് കുഞ്ഞിച്ചായനു തോന്നിയത്. എങ്കിലും പ്രത്യാശയുടെ തിരിനാളം ഹൃദയത്തിൽ കത്തിക്കൊണ്ടേയിരുന്നു. 8.15, 8.30, 8.40, 8.50, 9, 9.5, 9.10, 9.15, 9.20, No sign! 9.25 ആയപ്പോൾ ഒരു ഇടവകാംഗം വരുന്നു. അദ്ദേഹം ഒരുമിനിട്ട് അച്ചന്റെ അടുത്തു നിശ്ശബ്ദതയിൽ നിന്നു.

**നിമിഷങ്ങൾ വർഷങ്ങൾപോലെ**

**അച്ചൻ പ്രാർത്ഥിക്കുകയാണല്ലേ?**

അനന്തരം, അദ്ദേഹം ചോദിച്ചു, "അച്ചൻ പ്രാർത്ഥിക്കുയാണല്ലേ?" കുഞ്ഞിച്ചായൻ ശ്രദ്ധിച്ചു. അതെ, എന്ന് ആംഗ്യം കാണിച്ചു. കണ്ണുകളിൽനിന്ന് കണ്ണീര് ധാരധാരയായി ഒഴുകുന്നുണ്ടായിരുന്നു. സംസാരിക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. ഇതു ശ്രദ്ധിച്ച ആഗതൻ ഗദ്ഗദത്തോടെ പറഞ്ഞു: "അച്ചാ, സെന്ററിന്റെ പണിക്ക് ഇതുവരെയും ഒന്നും തരാൻ സാധിച്ചില്ല. 500 രൂപായുടെ ഒരു ചെക്കു കൊണ്ടുവന്നിട്ടുണ്ട്." അല്പാല്പം വിറയ്ക്കുന്ന അച്ചന്റെ കരങ്ങളിലേക്ക് അദ്ദേഹം ആദരപൂർവ്വം ചെക്കു വച്ചുകൊടുത്തു. സമയം 9.30 ! ദൈവമേ, നന്ദി.

**500 രൂപായുടെ ഒരു ചെക്ക്**

**പിന്നീടു സംസാരിക്കാം**

പിന്നീടു സംസാരിക്കാമെന്നു പറഞ്ഞതിനുശേഷം കുഞ്ഞിച്ചായൻ ഞങ്ങളുടെ കസിൻ അപ്പച്ചി (അന്നു ബ്ര. അഗസ്റ്റിൻ കാട്ടടി, പിന്നീട് ഫാ. അഗസ്റ്റിൻ കാട്ടടി-ഇരുവരും തങ്ങളുടെ നിത്യസൗഭാഗ്യത്തിനു വിളിക്കപ്പെട്ടു)യുടെ മുറിയിലേക്ക് അതിശീഘ്രം നടന്ന് ചെക്കു കൊടുത്തിട്ട്, അടുത്തുള്ള ബാങ്കിൽ പോയി ക്യാഷ് ആക്കി വേഗം കൊണ്ടുവരാൻ നിർദ്ദേശിച്ചു. 9.55 ന് അപ്പച്ചി പണവുമായി വന്നു. പണിക്കാർക്കുള്ള കാപ്പിക്കു 100 രൂപാ അവർക്കു കൊടുക്കാൻ അപ്പച്ചിയോടു കുഞ്ഞിച്ചായൻ നിർദ്ദേശിച്ചു. കൃത്യം പത്തുമണിക്കു തന്നെ നൂറു രൂപാ തലയാളിന്റെ കൈവശമെത്തി!

**കൃത്യം പത്തുമണിക്കു തലയാളിന്റെ കൈവശം നൂറു രൂപാ!**

ദൈവത്തിന് അസാധ്യമായി ഒന്നുമില്ലെന്ന്, ദൈവപരിപാലന ഒരിക്കലും പരാജയപ്പെടുകയില്ലെന്ന്, കുഞ്ഞിച്ചായൻ, ഒരു കൊച്ചു കുഞ്ഞിന് തന്റെ പെറ്റമ്മയിലുള്ള സമ്പൂർണ്ണ ആശ്രയബോധത്തോടെ, വിശ്വസിച്ചിരുന്നു. ഈ വിശ്വാസമാണ് ലൂർദ്ദ് ഇടവകയിൽ അത്ഭുതങ്ങൾ പ്രവർത്തിക്കാനും, എസ്.എച്ച്. ഇംഗ്ലീഷ് മീഡിയം സ്കൂളിനെ ഒരു നിലവാരമുള്ള, പേരും പെരുമയുമുള്ള വിദ്യാഭ്യാസ സ്ഥാപനമാക്കാനും, മാനന്തവാടി രൂപതയുടെ ബാലാരിഷ്ടതകളിൽനിന്ന്, അതിനെ വളർത്തി വലുതാക്കുന്നതിന് അത്യധ്വാനം ചെയ്യാനും, നോർബർട്ടൈൻ സന്യാസസമൂഹത്തെ മാനന്തവാടിയിൽ എത്തിച്ച്, അവരെ വളർത്തി വലുതാക്കാനും, സ്വന്തം പേരിൽ ആ അവികസിത പ്രദേശത്ത് നിലവാരമുള്ള ഒരു ഹയർസെക്കന്ററി സ്കൂൾ സ്ഥാപിച്ചു വളർത്തിക്കൊണ്ടുവരാനും, അവസാനം, അതു താൻ നട്ടുവളർത്തിയ സന്യാസസമൂഹത്തിനു, നിരുപാധികം, സമ്മാനിക്കാനും ഒട്ടനവധി ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്താനും, കുഞ്ഞിച്ചായന്റെ കരങ്ങൾക്കു ശക്തി പകർന്നത്, മനസ്സിനു ധൈര്യം നല്കിയത്. എന്റെ ഈ ജ്യേഷ്ഠസഹോദരൻ സംതൃപ്തിയോടെ, നല്ല യുദ്ധം ചെയ്തു, നല്ല ഓട്ടം ഓടി, വിശ്വാസം സംരക്ഷിച്ച്, സഹോദരർക്കു നേതൃത്വം നല്കി, നിത്യകിരീടം അവകാശപ്പെടുത്തി. എന്റെ ഈ വലിയ ഗുണകാംക്ഷിയെ, എന്റെ ദൈവവിളിക്കു വഴിയൊരുക്കിയ, എപ്പോഴും എല്ലാവിധത്തിലും എന്നെ പ്രോത്സാഹിപ്പിച്ചിരുന്ന, കുഞ്ഞിച്ചായന് ആദരാഞ്ജലികൾ! ദൈവമേ, സ്തോത്രം!

ദൈവത്തിന്
അസാധ്യമായി
ഒന്നുമില്ല

അത്യധ്വാനം

നിരുപാധികം

## ചാവറയച്ചൻ

1977 ഫെബ്രുവരിയിൽ സെന്റ് ബർക്കുമാൻസിൽ ഇംഗ്ലീഷ് വകുപ്പിൽ അധ്യാപകനായി. ഏതാനും മാസങ്ങൾ കഴിഞ്ഞ്, ഞങ്ങൾ വൈദികരെല്ലാവരും ഉച്ചഭക്ഷണം കഴിക്കുന്ന സമയം! ഏറ്റം ഇളയ ആളായിരുന്നതുകൊണ്ട് ഊണുമേശയുടെ തെക്കേ അറ്റത്താണു ഞാനിരുന്നത്. പ്രിൻസിപ്പൽ പുളിക്കപ്പറമ്പിലച്ചൻ വടക്കേ അറ്റത്ത്. പെട്ടെന്ന് ആജാനുബാഹുവായ ഒരാൾ, നല്ല കപ്പടാമീശയുമുണ്ട്, ഞാനിരുന്നതിന്റെ പുറകിലുള്ള വാതിലിലൂടെ ഭാഗികമായി അകത്തു കയറി, ആമുഖമൊന്നുമില്ലാതെ, "ചാവറയച്ചനിവിടില്ലേ?" എന്ന് എന്നോടായി ചോദിച്ചു. ഞാനൊഴികെ മറ്റു വൈദികർക്കെല്ലാം ആഗതൻ സുപരിചിതനായിരുന്നു. അയാളുടെ സ്വരം കേട്ടപ്പോൾത്തന്നെ പുളിക്കപ്പറമ്പിലച്ചന് ആളെ പിടികിട്ടി.

ഉച്ചഭക്ഷണസമയം

"എടോ, ചാവറയച്ചൻ തന്നെ ഒത്തിരി ചാടിച്ചിട്ടുള്ളതല്ലേ?".

പുളിക്കപ്പറമ്പിലച്ചൻ സ്വതഃസിദ്ധമായ സന്തോഷത്തോടും പുഞ്ചിരിയോടുംകൂടെ ആഗതനോടു ചോദിച്ചു. അപ്പോഴാണ് അയാൾ അച്ചനെ ശ്രദ്ധിച്ചത്. അയാൾ മറുപടി പറഞ്ഞു:

ആഗതൻ
ആജാനബാഹു

"അതെ അച്ചാ, പക്ഷേ ഹൃദയമുണ്ട്." ഇത്രയുമായപ്പോൾ ബ. ചാവറയച്ചൻ, ഭക്ഷണം മതിയാക്കി, എഴുന്നേറ്റു, ഇരുവരും പുറത്തേക്കിറങ്ങി. ആഗതന്റെ 'വീരകൃത്യ' ങ്ങളോർത്ത് മറ്റച്ചന്മാരൊക്കെ ചിരിക്കുന്നുണ്ടായിരുന്നു. അവർ പോയിക്കഴിഞ്ഞപ്പോൾ, ആഗതനെക്കുറിച്ചു ചില കാര്യങ്ങൾ അങ്ങോട്ടുമിങ്ങോട്ടും അവർ

ചാവറയച്ചൻ
ഇവിടില്ലേ?



*'ഹൃദയമുണ്ടച്ചാ'*

പറഞ്ഞു തുടങ്ങി. വന്നയാൾ സഹൃദയഹോസ്റ്റലിൽ ചാവറയച്ചന്റെ വാർഡ് ആയിരുന്നു. അയാളുടെ കല്യാണമായിരുന്നു. അച്ചനെ കാര്യമായി ക്ഷണിച്ചിരുന്നെങ്കിലും, തിരക്കുകൊണ്ട്, അച്ചന് എത്താൻ കഴിഞ്ഞില്ല. അതുകൊണ്ട്, അയാൾ, ജീവിതപങ്കാളിയുമായി, അച്ചന്റെ ആശീർവ്വാദം വാങ്ങാൻ വന്നതാണ്.

*വീരകൃത്യങ്ങൾ*

അവർക്കു തിരക്കുള്ള ദിവസങ്ങളായിരുന്നതുകൊണ്ട്, ആശീർവ്വാദം വാങ്ങി, അവർ തിടുക്കത്തിൽ പോയി. അഞ്ചുമിനിട്ടിനുള്ളിൽ ചാവറയച്ചൻ മടങ്ങി വന്നു. അച്ചൻ എന്നെ നോക്കി ചിരിച്ചുകൊണ്ടാണു വന്നത്. ആഗതന്റെ രീതി എനിക്കത്ര ഇഷ്ടപ്പെട്ടില്ലെന്ന് അച്ചനു മനസ്സിലായി. അച്ചൻ എന്നോടായി പറഞ്ഞു:

*ചാവറയച്ചന്റെ ആശീർവ്വാദം വാങ്ങാൻ*

"വട്ടക്കളത്തിലച്ചന് ആ മഹാനെ പിടി കിട്ടിയില്ല, അല്ലേ? ഞാനൊരു കൂശയുടെ കഥ അച്ചനോടു പറഞ്ഞത് ഓർക്കുന്നില്ലേ? അതിലെ കഥാപാത്രമാണ് ആഗതൻ."

*മഹാനെ പിടികിട്ടിയില്ല, അല്ലേ! കൂശയുടെ കഥ ഓർക്കുന്നില്ലേ."*

ഞാൻ പൊട്ടിച്ചിരിച്ചു. കൂശയുടെ കഥയോർത്താണ് പൊട്ടിച്ചിരിച്ചത്

*വെളുത്ത വെള്ളം സംഭരിച്ചുകൊണ്ടു പോയ കൂശയുടെ കഥ*

കഥ കേൾക്കണ്ടേ? ഒരു സായംകാലം. ഈ മഹാൻ സാമാന്യം വലിയ ഒരു കൂശയിൽ 'വെള്ളം' നിറച്ച് ഭദ്രമായി, ഒതുക്കിപ്പിടിച്ചു മുറിയിലേക്കു പോകുകയാണ്. ചാവറയച്ചൻ ആ പോക്കു ശ്രദ്ധിച്ചു. എന്തോ പന്തികേടുണ്ടെന്ന് അച്ചനു പെട്ടെന്നു മനസ്സിലായി. കൈ കൊട്ടി, കൂശക്കാരനെ വിളിച്ചു. തികച്ചും അപ്രതീക്ഷിതമായിരുന്നു, ആ വിളി. ചെല്ലാതിരിക്കാനും വയ്യാ, ചെല്ലാനും വയ്യാ. അയാൾ, സാവകാശം, അച്ചന്റെ അടുത്തേയ്ക്കു നീങ്ങി. സമയം കളയാതെ അച്ചൻ വേഗം നടന്ന് അയാളുടെ അടുത്തെത്തി. കൂശയ്ക്കു മൂടിയുണ്ടായിരുന്നു. 'വെള്ള'ത്തിൽ 'ഹിംസ്രജന്തുക്കളൊ'ന്നും വീഴരുതല്ലോ! ഇരുകരങ്ങൾ കൊണ്ടുമാണ് അയാൾ കൂശ വഹിച്ചിരുന്നത്. അച്ചൻ തന്നെ 'മൂടി' യെടുത്തു. അദ്ദേഹം പ്രത്യേക 'ഗന്ധ' മുള്ള വെളുത്ത വെള്ളം കാണുന്നു! നിറയെ ഉണ്ട്. ആദ്യമായാണ്, സെന്റ് ബെർക്കുമാൻസിൽ ഇങ്ങനെയൊരു സംഭവം. മുൻകോപം അടക്കി, അയാളെ മുറിയിലേക്കു കൊണ്ടുപോയി. കൂശയിലെ 'വെള്ളം' അച്ചന്റെ കുളിമുറിയിലെ കമ്മോഡിൽ ഒഴുപ്പിച്ച് ഫ്ളഷ് ചെയ്യിച്ചു.

"ഉടൻ തന്നെ വീട്ടിൽ പൊയ്ക്കൊള്ളുക", അച്ചൻ കല്പിച്ചു. 'ദാഹജല'വുമായി വന്ന ആൾ അച്ചന്റെ കാല്ക്കൽ വീണു.

*ഉടൻതന്നെ വീട്ടിൽപ്പൊയ്ക്കൊള്ളുക*

"അച്ചാ, രക്ഷിക്കണം. അച്ചൻ ഇപ്പോൾ എന്നെ വീട്ടിൽ വിട്ടാൽ ഞാനെങ്ങനെ പഠിക്കും അച്ചാ? ഞാനെവിടെ പോകുമച്ചാ? വീട്ടിൽ നിന്ന് വരവ് ഒരിക്കലും നടക്കുകയില്ല. അച്ചൻ എന്നെ വിട്ടാൽ അപ്പന്റെ അടി എനിക്ക് പാർസൽ ആയിട്ടു കിട്ടുകയും ചെയ്യും. അച്ചാ, ചാവറയച്ചാ, എന്റെ പൊന്നു ചാവറയച്ചാ, എന്നോടു കരുണയായിരിക്കണമേ!"

*പൊന്നു ചാവറയച്ചാ, കരുണയായിരിക്കണേ!*

ഇത്രയുമൊക്കെ ആയപ്പോൾ ചാവറയച്ചന്റെ മനസ്സലിഞ്ഞു. ചിരി വരുന്നുണ്ട്. എങ്കിലും ഗൗരവം നടിച്ചു നില്ക്കുകയാണ്. 'ദാഹക്കാരൻ' തുടർന്നു:

"അച്ചാ, ഞാൻ ഒരു കാര്യം പറയട്ടെ. അച്ചൻ കോപിക്കരുത്. പറയട്ടെ, ഞങ്ങൾ

വീട്ടിലെല്ലാവരും കൂടെ വല്ലപ്പോഴുമൊക്കെ അല്പം മോന്തുമച്ചാ. ആ ഓർമ്മയുടെ പ്രലോഭനം പിടിച്ചു നില്ക്കാനാവാതെ വന്നപ്പോഴാണ് ഞാനീ 'വെള്ളം' വാങ്ങിപ്പിച്ചത്. മാപ്പാക്കണേ, അച്ചാ. ഇനി ഒരിക്കലും കോളജിലും ഹോസ്റ്റലിലും വച്ചു 'ദാഹം' തീർക്കാൻ ശ്രമിക്കുകയില്ല. കർത്താവു പറഞ്ഞത് എഴുപത് പ്രാവശ്യം ക്ഷമിക്കണമെന്നല്ലേ, അച്ചാ? ഇതൊന്നല്ലേ, ആയുള്ളു."

വാർഡിന്റെ പരിദേവനം കേട്ട് വാർഡൻ ചിരിച്ചു പോയി. ഒരു അപ്പോളജി എഴുതി വാങ്ങിയതിനു ശേഷം ദാഹക്കാരനോടു പൂർണ്ണമായി ക്ഷമിച്ചു. ഈ ക്ഷമയായിരിക്കണം ചാവറയച്ചനെ 'ഹൃദയമുള്ളവനാ' യിക്കാണാൻ പരാമർശിതനായ പൂർവ്വവിദ്യാർത്ഥിയെ പ്രേരിപ്പിച്ചത്.

പൂർണ്ണക്ഷമ

'To err is human; but to forgive is divine

ഒരിക്കൽ ഉച്ചഭക്ഷണം കഴിഞ്ഞ്, ഉച്ചകഴിഞ്ഞ് ക്ലാസുണ്ടായിരുന്നതുകൊണ്ട്, നേരത്തെ എഴുന്നേറ്റ്, കോളജ് ചാപ്പലിൽ പ്രാർത്ഥിക്കാനായി പോകുകയായിരുന്നു. ചാപ്പലിനോടു വളരെയടുത്ത്, ഒരിക്കലും പതിവില്ലാത്തതുപോലെ, ഒരു കാർ നിർത്തിയിരിക്കുന്നു. ഒരാൾ പുറത്തും ഒരാൾ ഫ്രണ്ട് സീറ്റിലും ആണ്. ചെറുപ്പക്കാരാണ്. ഇരിക്കുന്നയാൾ യാതൊരു പ്രതികരണവും ഇല്ലാത്ത അവസ്ഥയിൽത്തന്നെ ഇരിക്കുകയാണ്. എന്തോ പന്തികേടുണ്ടെന്നു തോന്നി.

യാതൊരു പ്രതികരണവുമില്ലാതെ

ഞാൻ അദ്ദേഹത്തെ സമീപിച്ച് അല്പം ഗൗരവത്തിൽ, എന്താ ഇങ്ങനെ ഇരിക്കുന്നതെന്നു ചോദിച്ചു. അദ്ദേഹത്തെ ഒന്നു സൂക്ഷിച്ചു നിരീക്ഷിച്ചു കഴിഞ്ഞപ്പോൾ എന്റെ ഗൗരവമൊക്കെ പമ്പ കടന്നു. ഞാൻ അതിവേഗം അനുകമ്പയുടെ ഭാവത്തിലായി. അദ്ദേഹം എന്നോടു വിവരിക്കാൻ തുടങ്ങി.

"ഞാൻ വലിയൊരു അപകടത്തിൽപ്പെട്ടു. എന്റെ കാൽ അരയ്ക്കു താഴോട്ടു മുറിച്ചു മാറ്റപ്പെട്ടിരിക്കയാണ്. ബ. ചാവറയച്ചൻ നിരവധി തവണ എന്നെ സന്ദർശിച്ചിരുന്നു. ആശുപത്രിയിൽ നിന്നു വീട്ടിലെത്തിയപ്പോൾ എന്റെ ആദ്യത്തെ തീരുമാനം അച്ചനെ ഇവിടെ വന്നു കാണുകയെന്നതായിരുന്നു. ഇതെന്റെ സുഹൃത്താണ്. അദ്ദേഹത്തോട് എന്റെ ആഗ്രഹം പറഞ്ഞപ്പോൾ സന്തോഷത്തോടെ എന്നെ സഹായിക്കാമെന്നു സമ്മതിക്കുകയും ചെയ്തു. ഞങ്ങൾ രാവിലെ പുറപ്പെട്ടതാണ്. ചാവറയച്ചൻ സ്ഥലത്തുണ്ടോ?

അപകടത്തെത്തുടർന്ന് എന്റെ ഒരു കാൽ മുറിച്ചു മാറ്റിയിരിക്കയാണ്

"ഉണ്ടല്ലോ", വളരെ സഹാനുഭൂതിയോടെ ഞാൻ പറഞ്ഞു. ഒറ്റ ഓട്ടത്തിനു ഞാൻ ഞങ്ങളുടെ ഊട്ടുമുറിയിലെത്തി. തിടുക്കംമൂലം സംസാരിക്കാൻ തന്നെ അല്പം വിഷമമുണ്ടായി. എന്റെ ആമുഖത്തിൽനിന്നു തന്നെ ചാവറയച്ചന് ആളെ മനസ്സിലായി. എന്നെക്കാൾ വേഗത്തിലാണ് അച്ചൻ ആ യുവാവിന്റെ അടുത്തേയ്ക്ക് പാഞ്ഞത്. അച്ചൻ അവനെ കോരിയെടുത്ത് ഊട്ടുമുറിയിലെത്തിച്ചു. സുഹൃത്തുക്കൾക്കു രണ്ടു പേർക്കും ഞങ്ങൾ ഭക്ഷണം വിളമ്പിക്കൊടുത്തു. ഒരു അമ്മയുടേതിനേക്കാൾ വലിയ സ്നേഹവും പരിഗണനയും കരുതലുമാണ് അച്ചൻ ആ ഹൈന്ദവയുവാവിനു നല്കിയത്. അയാൾക്കു പിന്നീട് പാളിച്ചകൾ സംഭവിച്ചതും മരിച്ചുപോയതുമെല്ലാം അച്ചൻ പിന്നീട് എന്നെ അറിയിച്ചു.

യുവാവിനടുത്തേക്കു പാഞ്ഞ്, അവനെ കോരിയെടുത്ത് ഊട്ടു മുറിയിലെത്തിച്ചു



അമ്മയുടേതിനേക്കാൾ വലിയ സ്നേഹം

ജീവിക്കുന്ന വിശുദ്ധൻ

മനോഗുണപ്രവൃത്തികൾ പതിന്നാലും അവയുടെ പൂർണ്ണതയിൽ അഭ്യസിച്ചിരുന്ന, ഇപ്പോഴും ആവുന്നിടത്തോളം അഭ്യസിക്കുന്ന (അച്ചൻ ഇപ്പോൾ വളരെ ക്ഷീണിതനാണ്) ചാവറയച്ചൻ ഒരു അനന്യവ്യക്തിത്വത്തിന്റെ ഉടമയാണ്. 'ജീവിക്കുന്ന വിശുദ്ധൻ' എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത് എന്റെ ഉറച്ച ബോദ്ധ്യത്തിൽ നിന്നാണ്.

ചാവറയച്ചൻ എനിക്ക് ശ്രേഷ്ഠാചാര്യനാണ്. അദ്ദേഹം എന്നെ സുറിയാനി പഠിപ്പിച്ചതുകൊണ്ട് മാത്രമല്ല, അദ്ദേഹത്തിന്റെ ജീവിതം എനിക്കു സന്ദേശമായതുകൊണ്ടു കൂടിയാണ്. ഗാന്ധിജി പറഞ്ഞിട്ടുണ്ടല്ലോ, "My Life is my message" എന്ന്.

ക്ലാസ്സിൽ പഠിപ്പിച്ചതിനേക്കാൾ പതിന്മടങ്ങ്, അല്ല നൂറു മടങ്ങു കാര്യങ്ങൾ എന്നോടൊന്നും പറയാതെ തന്നെ, അദ്ദേഹം എന്നെ പഠിപ്പിച്ചിട്ടുണ്ട്. എല്ലാവരുടേയും എന്നപോലെ, എന്നാൽ അല്പം കൂടുതലായി, അച്ചൻ എന്റേയും എന്റെ കുടുംബത്തിന്റേയും വഴികാട്ടിയും ഗുണകാംക്ഷിയും സുഹൃത്തുമാണ്. (Guide Philosepher & Friend)

വഴികാട്ടിയും ഗുണകാംക്ഷിയും സുഹൃത്തും

സഹനപുത്രൻ!

അച്ചനു ജീവിതത്തിൽ ഏറെ സഹനങ്ങൾ ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. സഹനസുതനാണദ്ദേഹം. സഹിക്കുന്നവരോട് ഇത്രയേറെ സഹതാപമുള്ള മറ്റൊരു പുരോഹിതനെയും പരിചയപ്പെട്ടിട്ടില്ല.

## ആലഞ്ചേരിലച്ചൻ

സെന്റ് ബർക്കുമാൻസിൽ സിറിയക് പ്രൊഫസ്സർ ധ്യാന പ്രസംഗകൻ

1969 മുതൽ 1987 വരെ സെന്റ് ബർക്കുമാൻസിൽ സിറിയക് ഡിപ്പാർട്ടുമെന്റിൽ സേവനമനുഷ്ഠിച്ച ആലഞ്ചേരിലച്ചൻ സിറിയക് പ്രൊഫസ്സറായിരിക്കുമ്പോൾത്തന്നെ, വാർഡൻ, കോളജു ചാപ്ലിൻ, ഐക്കഫ് ചെയർമാൻ തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിരുന്നു. ചങ്ങനാശ്ശേരി കരിസ്മാറ്റിക് സോണിന്റെ ചെയർമാനായി, വലിയ അർപ്പ ണമനോഭാവത്തോടെ പല വർഷം പ്രശംസനീയമാംവിധം കടമകൾ നിർവ്വഹിക്കുകയും ചെയ്തിരുന്നു. കരിസ്മാറ്റിക്ക്ധ്യാന പ്രസംഗകനായ അച്ചൻ, തന്റെ സകല ശ്രദ്ധയും കഴിവുകളും സിദ്ധികളും ഇപ്പോൾ കേന്ദ്രീകരിക്കുന്നതു ദൈവത്തിന്റെ മഹത്ത്വം വെളിപ്പെടുത്തുന്നതിനും ആത്മാക്കളുടെ രക്ഷയ്ക്കുമായാണ്.

ആലഞ്ചേരിലച്ചന്റെ ആധ്യാത്മികത അദ്ദേഹംതന്നെ ഒരു പ്രസംഗത്തിലൂടെ ലേഖകനു വെളിപ്പെടുത്തിത്തന്ന, വ്യക്തമാക്കിത്തന്ന, താഴെപ്പറയുന്ന അഞ്ചു രഹസ്യങ്ങളിൽനിന്നു വ്യക്തമാകും.

1. The secret of (Christian) discipleship is fruit-bearing.
2. The secret of fruit-bearing is abiding (in Christ)
3. The secret of abiding is obeying (the Lord's commandments).
4. The secret of obeying is loving (the Trinitarian God and our fellow men).

5. The secret of loving is knowing (God and our fellow men)

നിരവധി നല്ല നല്ല ആധ്യാത്മികഗ്രന്ഥങ്ങളുടെ കർത്താവും വാഗ്മിയും ചിന്തകനും സ്നേഹനിധിയുമായ ആലഞ്ചേരിലച്ചൻ ഇപ്പോൾ ആരാധനാസന്യാസിനീസമൂഹം നടത്തുന്ന എടത്വാ പച്ചയിലെ ആശുപത്രിയുടെയും അവിടത്തെ മഠത്തിന്റെയും ചാപ്ലിനാണ്. അതിരൂപതയിലെ സീനിയർമോസ്റ്റ് വൈദികനുമാണ് അച്ചൻ. അച്ചന് ആയുരാരോഗ്യങ്ങൾ നേരുന്നു; ദൈവാനുഗ്രഹം പ്രാർത്ഥിക്കുന്നു.

**നിരവധി ആധ്യാത്മിക ഗ്രന്ഥങ്ങളുടെ കർത്താവ് വാഗ്മി, ചിന്തകൻ, സ്നേഹനിധി**

## മറ്റപ്പള്ളിലച്ചൻ

സെന്റ് ബർക്കുമാൻസിന്റെ അനർഘസമ്പത്താണ് അതിന്റെ പഞ്ചനില ലൈബ്രറി. 1933 ലാണ് ലൈബ്രറിസയൻസിൽ ഡിപ്ലോമായുള്ള ഒരു ലൈബ്രേറിയന്റെ കീഴിൽ ഇതു പ്രവർത്തനം ആരംഭിച്ചത്. ഇ.എം. ജോസഫ് എന്നായിരുന്നു ആ മാന്യദേഹത്തിന്റെ പേര്. 1933 മുതൽ 1967 വരെ അദ്ദേഹം ആ തസ്തികയിൽ കോളേജിനു നിസ്തുലമായ സേവനം കാഴ്ചവച്ചിട്ടുണ്ട്. ലേഖകന്റെ കലാലയവിദ്യാഭ്യാസത്തിന്റെ ആദ്യത്തെ നാലു വർഷങ്ങളിലും അദ്ദേഹമായിരുന്നു ലൈബ്രേറിയൻ. അന്ന് സയൻസ് ബ്ലോക്കിന്റെ രണ്ടാംനിലയുടെ വടക്കുഭാഗത്തുള്ള ഹോളിലായിരുന്നു ലൈബ്രറി പ്രവർത്തിച്ചിരുന്നത്.

**ഇ.എം. ജോസഫ്**

ഇ.എം. ജോസഫ് സാർ വളരെ ദയാദാക്ഷിണ്യത്തോടെ ഇടപെട്ട അനുഭവമാണുള്ളത്. അന്നത്തെ നിബന്ധനകൾക്കുള്ളിൽ നിന്നുകൊണ്ടു മാത്രമേ ഇടപെടുമായിരുന്നുള്ളുവെങ്കിലും പുസ്തകങ്ങൾ ആവശ്യത്തിനും അത്യാവശ്യത്തിനും അദ്ദേഹം ഇഷ്യൂ ചെയ്യുകയും തിരികെക്കൊടുക്കുന്ന തീയതിയുടെ കാര്യത്തിൽ, ന്യായമായ ഒരു അഭ്യർത്ഥന വച്ചാൽ ദാക്ഷിണ്യപൂർവ്വം പെരുമാറുകയും ചെയ്യുമായിരുന്നു. എന്നുമാത്രമല്ല അച്ചടക്കത്തിന്റെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ഇല്ലായിരുന്നു. ആ മേഖലയിൽ ഒരിക്കലും ഒരിടത്തും വീഴ്ച വരുത്താതിരിക്കാൻ വല്ലഭൻ അദ്ദേഹത്തെ കനിഞ്ഞനുഗ്രഹിച്ചു. 'നേരേവാ, നേരേപോ' എന്ന തത്വം എന്നും നിഷ്ഠയോടെ അദ്ദേഹം പാലിച്ചിരുന്നു.

**ദയാദാക്ഷിണ്യത്തോടെ**

**അച്ചടക്കത്തിന്റെ കാര്യത്തിൽ വിട്ടുവീഴ്ചയില്ല**

ഇത്രയും പറഞ്ഞത് സെന്റ് ബർക്കുമാൻസിനും വ്യക്തിപരമായി ലേഖകനും അവിസ്മരണീയനായ മറ്റപ്പള്ളിലച്ചനെ ഔപചാരികമായും അത്യാദരവോടെയും അനുസ്മരിക്കാൻ വേണ്ടിയാണ്. ഇ.എം. ജോസഫ് സാറിനു പിൻഗാമിയായാണു പ്രിയപ്പെട്ട മറ്റപ്പള്ളിലച്ചൻ 1967 ഏപ്രിലിൽ സെന്റ് ബർക്കുമാൻസിന്റെ ലൈബ്രേറിയൻ പദവി ഏറ്റെടുത്തത്.

**അത്യാദരവോടെ**

കുര്യാളശ്ശേരിലച്ചനോടു തോളോടുതോളു ചേർന്നുനിന്ന്, അച്ചൻ അശ്രാന്തം പരിശ്രമിച്ചതിന്റെ ഫലമാണ്, രജതജൂബിലിയോടനുബന്ധിച്ചു, പണി പൂർത്തിയാക്കി, വെഞ്ചരിച്ച്, ദൈവത്തിനും ദൈവമക്കൾക്കുമായി, സമർപ്പിക്കപ്പെട്ടപഞ്ചനിലക്കെട്ടിടം. യുജിസിയുടെ കുറച്ചൊരു സഹായം ഈ സൗധത്തിനുണ്ടായിരുന്നു. അവയൊക്കെ ലഭ്യമാക്കുന്നതിൽ മറ്റപ്പള്ളിലച്ചൻ വഹിച്ചിട്ടുള്ള പങ്ക് നിസ്തുലമാണ്.

**തോളോടുതോളു ചേർന്നുനിന്ന്**



അശ്രാന്തപരിശ്രമം

ഉത്തമ സഭാതനയൻ

കേരളത്തിലെ ഏറ്റം നല്ല, ഏറ്റം സമ്പന്ന ലൈബ്രറി

ഒരു പഞ്ചനക്ഷത്ര ലൈബ്രറിക്കു മാത്രമല്ല അച്ചൻ കാരണഭൂതനായത്, അത് കേരളത്തിലെ ഏറ്റം നല്ല, ഏറ്റം സമ്പന്നമായ ലൈബ്രറിയുമാക്കി. മുപ്പതു (30) നീണ്ട സംവത്സരങ്ങളാണ്, ഈ ഉത്തമസഭാതനയൻ, സഭാസ്നേഹി, നമ്മുടെ ലൈബ്രറിക്കും നൂറുകണക്കിന് അധ്യാപകർക്കും, പതിനായിരക്കണക്കിനു സെന്റ് ബർക്കുമാൻസ് മക്കൾക്കുംവേണ്ടി ചോരനീരാക്കിയത്. ലൈബ്രേറിയൻ പദവി മറ്റപ്പള്ളിലച്ചന് ഒരു വിളിയായിരുന്നു. അദ്ദേഹത്തിന് അതൊരു പ്രതിബദ്ധതയായിരുന്നു. മുപ്പതുവർഷം തന്റെ തലയിലിരുന്ന ഒരു മുൾക്കിരീടം തന്നെയായിരുന്നു, അത്. അത്രയും കാലംകൊണ്ട് അദ്ദേഹം അതിലെ മുള്ളുകൾ മുറിച്ചു മാറ്റുകതന്നെ ചെയ്തു. ചേർത്തു പറയട്ടെ, ഇത്രയധികം ഗ്രന്ഥങ്ങൾ വായിച്ചിട്ടുള്ള, അവഫലപ്രദമായിപ്രയോജനപ്പെടുത്തിയ, മറ്റൊരാളെ അറിവില്ല.

മുള്ളുകൾ മുറിച്ചു മാറ്റി

പുണ്യശ്ലോകൻ ആശീർവ്വദിച്ചു

കേരളത്തിലെ ഏതൊരു കോളജിലെയും ലൈബ്രറിയെ വെല്ലുന്ന ഒന്നാണു സെന്റ് ബർക്കുമാൻസ് ലൈബ്രറി. 1972 മേയ് 28-നു പവ്വത്തിൽ പിതാവു ശിലാസ്ഥാപനം നിർവ്വഹിച്ച കെട്ടിടം 1973 മാർച്ച് 19നു, പുണ്യശ്ലോകനായ അയിലൂപ്പറമ്പിൽ ഈപ്പച്ചൻ, ആശീർവ്വദിച്ചു പ്രവർത്തനക്ഷമമാക്കി. അത് അസുലഭമായ ഒരു അനുഗ്രഹം തന്നെയാണ്. ഒരു വർഷംകൊണ്ട് ബ്രഹത്തായ ഒരു പഞ്ചനില സൗധം, സർവ്വസജ്ജീകരണങ്ങളോടുംകൂടി, പടുത്തു, പൂർത്തിയാക്കിയത് ദൈവദാസൻ കാവുകാട്ടു പിതാവിന്റെയും ഈപ്പച്ചന്റെയുമൊക്കെ പ്രാർത്ഥനയുടെ പിൻബലത്തിലായിരിക്കണം.

One reading room, a general stack, P.G. Reference Section, Departmental, stack- അങ്ങനെയാണ് ഈ സ്ഥാപനത്തെ തിരിച്ചിരിക്കുന്നത്. ഇന്ന് യു.ജി.സി. വളരെയേറെ മഹാമനസ്ക്കയാണ്. പണം കോളജുകളിലേയ്ക്കൊഴുക്കുന്നത് അതിനു ഹോബിയാണ്. പക്ഷേ, മറ്റപ്പള്ളിലച്ചന്റെ സമയത്ത് കാര്യമായി ഒന്നും തന്നെ ലഭിക്കുമായിരുന്നില്ല. അങ്ങനെയുള്ള സാഹചര്യങ്ങളിൽ 1,70,000 ഈടുറ്റ ഗ്രന്ഥങ്ങൾ വാങ്ങുവാൻ കഴിഞ്ഞത് ഭഗീരഥപ്രയത്നം കൊണ്ടുമാത്രമാണ്. 1992-ൽ ഔപചാരികമായി വിരമിച്ചെങ്കിലും 1998 വരെ അദ്ദേഹം ബുദ്ധിമുട്ടി, യാത്ര ചെയ്തുവന്ന്, ലൈബ്രറിയിലും ഗൈഡൻസ് ആന്റ് കൗൺസലിംഗ് സെന്ററിലും സേവനമനുഷ്ഠിച്ചിരുന്നു. മറ്റപ്പള്ളിലച്ചാ, ചെയ്ത നന്മകളെല്ലാം സ്വർഗ്ഗത്തിൽ അങ്ങേക്കു നിക്ഷേപങ്ങൾ ആണ്. ദീർഘായുഷ്മാൻ ഭവ:

സെന്റ് ബർക്കുമാൻസ് അധികാരികളും അധ്യാപകരും 1967-'97 കളിൽ പഠിച്ചുപോയ സകല വിദ്യാർത്ഥികളുമെങ്കിലും ഏറെ നന്ദിയോടെ മറ്റപ്പള്ളിലച്ചനെ അനുസ്മരിക്കണം. അങ്ങനെ ചെയ്യാതിരുന്നാൽ, അത് അക്ഷന്തവ്യമായ ഒരു അപരാധമായിരിക്കും.

മറ്റപ്പള്ളിലച്ചനാകുന്ന ദീനദയാലുവിന്റെ സഹായഹസ്തങ്ങൾ, അദ്ദേഹത്തെ സമീപിച്ചവരിലേയ്ക്കൊക്കെ, നീട്ടപ്പെട്ടിട്ടുണ്ട്. നിരവധി കുടുംബങ്ങൾ, ആരോരുമറിയാതെ, അച്ചനെ ആശ്രയിച്ചാണു ജീവിച്ചിരുന്നത്. അച്ചന്റെ വലതുകൈ

ചെയ്തിരുന്നതൊന്നും ഇടതുകൈപോലും അറിഞ്ഞിരുന്നില്ല! പെരുമ്പറ മുഴക്കി പുണ്യം ചെയ്യാത്തതിൽ ഒത്തിരി സന്തോഷമുണ്ട്. പലവിധ സഹനങ്ങളുടെ ബലിവേദിയായിരുന്ന സഹപുരോഹിതരുടെ, ഇടയിൽ, ഇരുചെവി അറിയാതെ, ആശ്വാസവചസ്സുകളുമായി, ഒരുപക്ഷേ, ഇതരസഹായങ്ങളുമായിപ്പോലും, ഓടിയെത്തുന്നതിൽ മറ്റപ്പള്ളിലച്ചൻ പ്രദർശിപ്പിച്ചിരുന്ന മഹാമനസ്കത മഹോന്നതമാണ്. ഹൃദയവിശാലതയുടെ ആൾരൂപമായാണു മറ്റപ്പള്ളിലച്ചനെ ഈയുള്ളവൻ മനസ്സിലാക്കിയിട്ടുള്ളത്.

**വലതുകൈ ചെയ്തിരുന്നത് ഇടതുകൈ അറിയാതെ**

അച്ചന്റെ മഹാമനസ്കതകൊണ്ടാണു ലേഖകനു പി.എച്ച്.ഡി. ചെയ്ത്, അതിന്റെ ബലത്തിൽ, ദൈവനീതി നിറവേറ്റാൻ, എന്റെ സെന്റ് ബർക്കുമാൻസിന്റെ പ്രിൻസിപ്പൽ കസേരയിൽ ഇരിക്കാൻ കഴിഞ്ഞത്.

## കാഞ്ഞിരത്തുമ്മൂട്ടിലച്ചൻ

നവരത്നങ്ങളിൽ നവമെന്നപോലെയോ നവരസങ്ങളിൽ നവമെന്നപോലെയോ, നവഗ്രഹങ്ങളിൽ നവമെന്നപോലെയോ സെന്റ് ബർക്കുമാൻസിൽ നവവത്സരങ്ങൾ സുറിയാനി പ്രൊഫസ്സറായിരുന്ന ലേഖകന്റെ 'guide, philosopher and friend', ആയിരിക്കുന്ന കുഞ്ഞുഞ്ഞച്ചൻ ലേഖകന് അവിസ്മരണീയനാണ്. കോളജിൽ വന്ന അന്നുമുതൽ അദ്ദേഹം ഹോസ്റ്റൽ വാർഡനായും സേവനമനുഷ്ഠിച്ചിരുന്നു. സെന്റ് ബർക്കുമാൻസിന്റെ പ്രിയസുതനുമാണ് ഈ മകൻ. 'With malice to none and charity to all' എന്ന തത്വത്തിലധിഷ്ഠിതമായി പുരോഹിതശുശ്രൂഷ ചെയ്യുന്ന ഈ മകൻ, നാല്പത്തെട്ടുവർഷം, പുരോഹിത ശുശ്രൂഷ ചെയ്തു, പതിനായിരങ്ങളെ ഈശോയുടെ സ്വന്തമാക്കിയിട്ടുണ്ട്.

**ലേഖകന്റെ guide, philosopher and friend**

**പതിനായിരങ്ങളെ ഈശോയുടെ സ്വന്തമാക്കി**

അച്ചനോടുള്ള എന്റെ കടപ്പാട് വാക്കുകളിൽ ഒതുക്കാവുന്നതല്ല. തന്റെ അജഗണങ്ങൾക്കെല്ലാം പ്രിയങ്കരനായ ഈ അതുല്യ അജപാലകൻ തന്റെ പൗരോഹിത്യത്തിന്റെ മാധുര്യം ആസ്വദിച്ചാണു ജീവിക്കുക. ഭവനസന്ദർശനം കുഞ്ഞുഞ്ഞച്ചന്റെ പ്രത്യേക നിഷ്ഠയാണ്. വൈദികർ ഇടവകയിലേക്ക് ഇനിയും കൂടുതൽ ഇടവകജനങ്ങളിലേക്ക്, ഇറങ്ങിച്ചെല്ലണം, ഇല്ലെങ്കിൽ കത്തോലിക്കാവിശ്വാസം അവതാളത്തിലാകും.

ബ്രഹ്മാണ്ഡദൈവാലയങ്ങളോ, കെട്ടിടങ്ങളോ കുഞ്ഞുഞ്ഞച്ചൻ പണിയിച്ചതായി അറിവില്ല. സ്കൂട്ടറിലോ, ബൈക്കിലോ, ലക്ഷങ്ങൾ വിലയുള്ള കാറുകളിലോ സഞ്ചരിച്ചുകണ്ടിട്ടില്ല. അദ്ദേഹത്തിനു സ്വന്തമായി ഒരു സൈക്കിൾ പോലുമില്ല. അദ്ദേഹം ഇരുന്ന ഇടവകകളിൽ നിന്ന് ആരും മഴയ്ക്കു കുരുത്ത തകരകൾ പറിക്കാൻ പോയതായി അറിവില്ല. ഒരു കാര്യംകൂടി. കുഞ്ഞുഞ്ഞച്ചൻ ജനഹൃദയങ്ങളിൽ ധാരാളം ദൈവാലയങ്ങൾ പണിതിട്ടുണ്ട്. എല്ലാവരും ഇതിനായി ശ്രമിച്ചിരുന്നെങ്കിൽ!

**'ബ്രഹ്മാണ്ഡ'ങ്ങളൊന്നുമില്ല**

**സിമന്റിനും പെട്രോളിനും കമ്പിക്കും വില വർദ്ധിപ്പിച്ചിട്ടില്ല!**

കുഞ്ഞുഞ്ഞച്ചാ, കത്തോലിക്കാ തിരുസ്സഭയ്ക്കും സെന്റ് ബർക്കുമാൻസ് കോളജിനും അച്ചൻ സേവനമനുഷ്ഠിച്ച ഇടവകകളിലെ ജനങ്ങൾക്കും സവിശേഷമായി ഈ അനുജനും, ചെയ്ത ആയിരമായിരം നന്മകൾക്കു നന്ദിയുടെ



ജനഹൃദയങ്ങളിൽ ദൈവാലയങ്ങൾ പണിതിട്ടുണ്ട്

നന്ദിയുടെ നറുമലരുകൾ

സ്വന്തം അനുജനെപ്പോലെ

സഹായവും മാതൃകയും

നമുക്കൊന്നു നടക്കാൻ പോകാം

നറുമലരുകൾ! ഈ കുഞ്ഞനുജന്റെ അനുമോദനങ്ങൾ! ദൈവത്തിനു സ്തുതി. ഇനിയും മനുഷ്യഹൃദയങ്ങളിൽ ധാരാളം 'ബ്രഹ്മാണ്ഡ ദൈവാലയങ്ങൾതന്നെ പണിതുയർത്താൻ പരാപരൻ അങ്ങയെ അനുഗ്രഹിക്കട്ടെ. ആദരവോടെ നമോവാകം!

## കടവിലച്ചൻ

എന്നെ സ്വന്തം അനുജനെപ്പോലെ സ്നേഹിക്കുകയും കരുതുകയും പരിഗണിക്കുകയും ചെയ്ത, എനിക്ക് അവിസ്മരണീയനായ ഒരു പുരോഹിതസത്തമനാണ് കടവിലച്ചൻ. എല്ലാക്കാര്യങ്ങളിലും അദ്ദേഹവും എനിക്ക് സഹായവും മാതൃകയുമായിരുന്നു. ഞാൻ കോളജിൽ അധ്യാപകനായി എത്തിയ അന്നുമുതൽ ഇന്നുവരെയുള്ള ഞങ്ങളുടെ ബന്ധത്തിൽ അദ്ദേഹം എനിക്ക് സർവ്വസഹായിയാണ്.

ഒരിക്കൽ അദ്ദേഹം നാലുമണിക്കു ശേഷം എന്റെ മുറിയിൽ വന്നു. "വട്ടക്കളത്തിലച്ചാ, നമുക്കൊന്നു നടക്കാൻ പോകാം," എന്നു പറഞ്ഞു. ഞാൻ വേഗം അച്ചനോടൊപ്പം ഇറങ്ങി. ഞങ്ങൾ നടന്ന് കാവുകാട്ടുഹോളിന്റെ മുൻവശത്തെത്തി. അടുത്തെങ്ങും ആരുമില്ലായിരുന്നു. അപ്പോൾ അദ്ദേഹം എന്നോടു ചോദിച്ചു: "അച്ചന് ഏതെങ്കിലും ബാങ്കിൽ ഫിക്സഡ് ഡിപ്പോസിറ്റ് വല്ലതുമുണ്ടോ?"

"ഇല്ല", എന്റെ മറുപടി

"ഏതെങ്കിലും ബാങ്കിൽ അക്കൗണ്ട് ഉണ്ടോ?"

"ഉണ്ട്," ഞാൻ സമ്മതിച്ചു

"അക്കൗണ്ടിൽ എത്ര രൂപാ കാണും?"

"അക്കൗണ്ട് തുടങ്ങാൻ ആവശ്യമായ ചെറിയ തുകമാത്രം."

എന്റെ മറുപടി കേട്ടപ്പോൾ അദ്ദേഹം പറഞ്ഞു:

"എന്നാൽ നടപ്പ് മതിയാക്കാം."

ഞങ്ങൾ സാവകാശം തിരിഞ്ഞു നടന്നു.

"എന്താ അച്ചാ, പതിവില്ലാതെ (യഥാർത്ഥത്തിൽ ആദ്യമായി) അച്ചനിതൊക്കെ എന്നോട് ചോദിച്ചത്? ഞാൻ ആരാഞ്ഞു:

"അച്ചന് 1.50 ലക്ഷം രൂപാ ബാങ്കിൽ നിക്ഷേപമുണ്ടെന്നും മറ്റും പറഞ്ഞ് ഏതാനുമാളുകൾ കുറ്റപ്പെടുത്തുന്നതു കേട്ടു. നിജസ്ഥിതി അവരെ അറിയിക്കാനാണ്.

28 വർഷങ്ങൾക്ക് മുമ്പ് 1.50 ലക്ഷം വലിയ തുകയാണ്. പക്ഷേ, ഈ ആരോപണം ഉണ്ടാകുമ്പോൾ എന്റെ അക്കൗണ്ടിൽ പതിനാറു ഉറുപ്പികയേ ഉണ്ടായിരുന്നുള്ളൂ. വാസ്തവത്തിൽ എനിക്കു വലിയ സങ്കടവും കെട്ടുകഥയുണ്ടാക്കിയവരോട് സഹതാപവും (അവർ എന്തിന് അത് ചെയ്തെന്നോ, അവർ ആരൊക്കെയായിരുന്നെന്നോ ഇന്നും എനിക്കറിഞ്ഞുകൂടാ. കടവിലച്ചനോട് ചോദിച്ചിട്ടുപോ

ലുമില്ല.) പ്പം വളരെയേറെ സന്തോഷവും തോന്നി. ആദ്യത്തെ രണ്ടു കാര്യങ്ങളുടെ കാരണം ആർക്കും ഊഹിച്ചെടുക്കാം. എന്തുകൊണ്ട് ഏറെ സന്തോഷം തോന്നിയെന്ന് എളുപ്പം ഊഹിച്ചെടുക്കാൻ സാധിച്ചെന്നു വരില്ല. എനിക്കിങ്ങനെയൊരു ജ്യേഷ്ഠസഹോദരനുണ്ടല്ലോ എന്ന ചിന്തയാണ് എന്നെ സന്തോഷിപ്പിച്ചത്.

**അച്ചനെ കുറ്റപ്പെടുത്തുന്നവരെ നിജസ്ഥിതി അറിയിക്കാനാണ്**

എന്റെ ഗുരുനാഥനും ഗുണകാംക്ഷിയും അപ്പോഴത്തെ പ്രിൻസിപ്പലുമായിരുന്ന പ്രിയപ്പെട്ട പുളിക്കപ്പറമ്പിലച്ചനോടു മാത്രമേ എന്റെ മനോവേദന പങ്കുവച്ചിട്ടുള്ളൂ. അദ്ദേഹം തന്ന മറുപടി, ഉണ്ടെങ്കിൽത്തന്നെ ആർക്കാണ് ഇത്ര "ആകുലത" എന്നാണ്. ദൈവമേ, നന്ദി!

**എനിക്കിങ്ങനെയൊരു ജ്യേഷ്ഠസഹോദരനുണ്ടല്ലോ!**

## പരുവപ്പറമ്പിലച്ചൻ

സെന്റ് ബർക്കുമാൻസിന്റെ റാങ്കുജേതാക്കളിൽ ഒരാളായിരുന്ന പി.ജെ. ഗ്രിഗറിയാണു പരുവപ്പറമ്പിലച്ചനായതെന്ന് അന്യത്ര സൂചിപ്പിച്ചിട്ടുണ്ട്. ഡോ. റ്റി.വി. ജോസിനെക്കുറിച്ചു പരാമർശിക്കുന്നിടത്ത്, 25 വർഷത്തെ അച്ചന്റെ ജീവിതം, ദൈവപരിപാലനയുടെ പ്രത്യേക ആവിഷ്കാരമാണെന്നും, അതിനു നിമിത്തമായതു റ്റി.വി. ആണെന്നും പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തോടൊപ്പം ന്യൂമാൻ ഹോസ്റ്റലിലാണു ലേഖകൻ വാർഡൻ ജോലിയിൽ പ്രവേശിച്ചത്. അദ്ദേഹം വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ 'home away from home' ആക്കുന്നതിൽ സർവ്വഥാ വിജയിച്ചിരുന്നു; ഇങ്ങനെ ആക്കിത്തീർക്കുന്നതിന് അദ്ദേഹം 'സാമം, ദാനം, ഭേദം ദണ്ഡം' എല്ലാം പ്രയോഗിച്ചിരുന്നു. വിദ്യാർത്ഥികൾ അദ്ദേഹത്തെ അകമഴിഞ്ഞു സ്നേഹിച്ചിരുന്നു.

**റാങ്കുജേതാവ്**

**അച്ചനോടൊപ്പം ന്യൂമാനിൽ സഹവാർഡൻ**

മാനുഷികമൂല്യങ്ങൾക്കും ബന്ധങ്ങൾക്കും വലിയ വില കല്പിച്ചിരുന്ന ഒരു മനുഷ്യസ്നേഹിയായിരുന്നു പരുവപ്പറമ്പിലച്ചൻ. ആളുകളോട് അദ്ദേഹത്തിനുണ്ടായിരുന്ന അടുപ്പം മൂലം അദ്ദേഹം പലപ്പോഴും അനുസ്മരണാപ്രസംഗങ്ങൾക്ക് volunteer ചെയ്തിരുന്നു. അവരുടെ നന്മകൾ ഹൃദയംഗമമായി ജനമധ്യേ ആവിഷ്കരിക്കാനാണ് അങ്ങനെ ചെയ്തിരുന്നത്. 'അന്യരിൽ നന്മകാണാൻ, കണ്ടു സന്തോഷിക്കാൻ' അച്ചനുകഴിഞ്ഞിരുന്നുവെന്നതു എത്ര ചാരിതാർത്ഥ്യജനകം! അനുസ്മരിക്കുന്ന പരേതരുടെ വ്യക്തിസവിശേഷതകളിലേക്കും ഗുണഗണങ്ങളിലേക്കും ചൂഴ്ന്നിറങ്ങി പ്രസംഗിക്കാൻ അദ്ദേഹത്തിനുണ്ടായിരുന്ന കഴിവ് ഒന്നു വേറെ തന്നെയായിരുന്നു. വൈയക്തികബന്ധങ്ങൾ അത്രയേറെ കാത്തുസൂക്ഷിക്കുന്നവർക്കല്ലേ ഇതിനു കഴിയൂ?

**ബന്ധങ്ങൾക്കും മൂല്യങ്ങൾക്കും വലിയ വില കല്പിച്ചിരുന്നു**

**അന്യരിൽ നന്മ കണ്ടു സന്തോഷിച്ചു**

സെന്റ് ബർക്കുമാൻസിൽ ഫിസിക്സ് പ്രൊഫസ്സർ, വാർഡൻ, എടത്വാ സെന്റ് അലോഷ്യസ് കോളജിൽ പ്രിൻസിപ്പൽ, ചങ്ങനാശ്ശേരി അതിരൂപതയുടെ പ്രൊക്യുറേറ്റർ, രാമങ്കരി, വെട്ടിത്തുരുത്ത് പള്ളികളിൽ വികാരി തുടങ്ങിയ തസ്തികകളിൽ ഏറ്റം സ്തുത്യർഹമായ സേവനമാണ് അച്ചൻ കാഴ്ചവച്ചിരുന്നത്. സെന്റ് തോമസ് ഹോസ്പിറ്റലിലെ നേഴ്സിംഗ് കോളജിന്റെ ഡയറക്ടർ, വെട്ടിത്തുരുത്തു പള്ളി വികാരി, എന്നീ തസ്തികകളിൽ ഒരേസമയം, ഏവർക്കും തൃപ്തിക



വേർപാട് ആകസ്മികം

രമായി, ശുശ്രൂഷ ചെയ്യുമ്പോഴാണ്, പരുവപ്പറമ്പിലച്ചൻ, ആകസ്മികമായി, തന്റെ നിത്യസമ്മാനത്തിനു വിളിക്കപ്പെട്ടത്. ജ്യേഷ്ഠസഹോദരാ, ആദരാഞ്ജലികളും പ്രാർത്ഥനയും.

## പ്രൊഫ. എൻ. എസ്. സെബാസ്റ്റ്യൻ

തിളക്കമാർന്ന ജീവിതസാക്ഷ്യം

ആക്ടിംഗ് പ്രിൻസിപ്പൽ

പ്രൊഫ. എൻ. എസ്. സെബാസ്റ്റ്യൻ എനിക്കു മാതുലനാണ്. അദ്ദേഹത്തിനു ചങ്ങനാശ്ശേരി അതിരൂപത നല്കുന്ന മഹനീയസ്ഥാനത്തിന് അകൈതവമായ നന്ദി അറിയിക്കട്ടെ. 'തികഞ്ഞ സഹൃദയൻ, പണ്ഡിതൻ, വാഗ്മി, എഴുത്തുകാരൻ, മാതൃകാദ്ധ്യാപകൻ, സഭാസ്നേഹി, ഗ്രന്ഥകർത്താവ് എന്നീ നിലകളിൽ തിളക്കമാർന്ന ഒരു ജീവിതസാക്ഷ്യമായിരുന്നു പ്രൊഫ. എൻ. എസ്. സെബാസ്റ്റ്യന്റേത്.' എന്നു 'ചങ്ങനാശ്ശേരി അതിരൂപത: ഇന്നലെ ഇന്ന്,' എന്ന് ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്ന പ്രസ്താവന കറതീർന്ന സത്യമാണ്. ഞാൻ സെന്റ് ബർക്കുമാൻസിൽ നിന്നും അവധിയെടുത്ത് പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് വിദേശപര്യടനം നടത്തിയപ്പോൾ, അദ്ദേഹം കോളജിൽ ആക്ടിംഗ് പ്രിൻസിപ്പലായിരുന്നിട്ടുണ്ട്.

## പ്രൊഫ. റ്റി.ജെ. മത്തായി

മത്തായി സാർ

ഉപ്പുതറയിൽ നിന്നു ദൈവം വിളിച്ചു ചങ്ങനാശ്ശേരിയിലെത്തിച്ചു

സെന്റ് ബർക്കുമാൻസിൽ മലയാളവിഭാഗത്തിൽ, വിദ്യാർത്ഥിനീ-വിദ്യാർത്ഥികൾ, എൻ.എസ്.എസ്. തുടങ്ങിയ സാരംഭങ്ങളിലെ അംഗങ്ങൾ, ചങ്ങനാശ്ശേരിയിൽത്തന്നെയും ആവർത്തിച്ചു പറയപ്പെടുന്ന ഒരു നാമമാണ് മത്തായിസാർ. കട്ടപ്പനയ്ക്കടുത്ത്, ഉപ്പുതറ എന്ന ഗ്രാമത്തിൽ ജനിച്ചുവളർന്ന ഇദ്ദേഹം സെന്റ് ബർക്കുമാൻസിലെ ഒരു വിദ്യാർത്ഥിയാകാൻ അദ്ദേഹത്തിന്റെ സഹപാഠികളേക്കാൾ അല്പസമയം കൂടുതൽ എടുത്തു. അതുകൊണ്ടുതന്നെ, സെന്റ് ബർക്കുമാൻസിലെ പ്രഗത്ഭനായ ഈ പ്രൊഫസ്സർക്ക് സഹപാഠികളേക്കാൾ അല്പം നേരത്തെ, സേവനത്തിൽനിന്നു വിരമിക്കേണ്ടതായും വന്നു.

അബ്രാഹത്തെ പ്പോലെ

1968ൽ സെന്റ് ബർക്കുമാൻസിൽ അധ്യാപകൻ

പ്രിയതമ ലീലാമ്മ ലൂയീസ്

വിശ്വാസത്തിന്റെ പിതാവായ അബ്രാഹത്തെ അനുസ്മരിപ്പിക്കുന്നതാണ് മത്തായിച്ചന്റെ ജീവിതം. അദ്ദേഹത്തെ ദൈവം വിളിച്ചു, ചങ്ങനാശ്ശേരിയിൽ കൊണ്ടുവന്നു. പ്രീയൂണിവേഴ്സിറ്റി മുതൽ എം.എ. വരെ സെന്റ് ബർക്കുമാൻസിൽ പഠിച്ച ഇദ്ദേഹം വിദ്യാർത്ഥിയായിരുന്നപ്പോൾത്തന്നെ തന്റെ മികവു തെളിയിച്ചുകൊണ്ട് എം.എ. പാസ്സായി, വൈകാതെ, ആത്മവിദ്യാലയത്തിൽ അധ്യാപകനായി നിയമിതനായി (1968). അങ്ങനെ സെന്റ് ബർക്കുമാൻസ് അദ്ദേഹത്തെ ദത്തുപുത്രനാക്കി. വൈകാതെ തന്നെ മറ്റൊരു ബന്ധുതയും ചങ്ങനാശ്ശേരിയോടുണ്ടായി. ഈ നാട്ടിലെ പുരാതന കുടുംബങ്ങളിൽ ഒന്നായ തേവലക്കര ശ്രീ. ലൂയീസിന്റെ സദ്ഗുണസമ്പന്നയായ മകൾ അദ്ദേഹത്തിന്റെ സഹധർമ്മിണിയായി.

വിദ്യാഭ്യാസരംഗത്ത്, സാമൂഹികസാംസ്കാരിക രംഗങ്ങളിൽ, സഭാതലത്തിൽ, ജീവകാരുണ്യപ്രവർത്തനങ്ങളിൽ, നവീകരണമേഖലയിൽ, എല്ലാം പ്രവർത്തിക്കുകയും മനസ്സാക്ഷിയുടെ സ്വരത്തിനു ചെവികൊടുത്ത്, അഭിപ്രായ

ങ്ങൾ തുറന്നുപറയാൻ നെഞ്ചുറപ്പു കാട്ടുകയും ചെയ്ത ഈ സെന്റ് ബർക്കുമാൻസ് സുതൻ, ആരുടെയെങ്കിലും അംഗീകാരത്തിനോ, കൈയ്യടിക്കോ, യാതൊരു വിലയും കല്പിക്കുന്നില്ല.

നെഞ്ചുറപ്പുള്ള സെന്റ് ബർക്കുമാൻസ് സുതൻ

അസംപ്ഷൻ സണ്ടേസ്കൂളിൽ ദീർഘകാലം വേദപാഠം പഠിപ്പിക്കാനും മതബോധനരംഗത്തു സജീവനായി നേതൃത്വം നല്കാനുമുള്ള ഹൃദയവിശാലത പ്രകടിപ്പിച്ച മത്തായിച്ചൻ ലേഖകന്റെ സഹപാഠിയാണ്. ഇന്നും മത്തായിച്ചൻ മേല്പറഞ്ഞ മിക്കരംഗങ്ങളിലും സജീവനാണ്. ജീവിതത്തെ അർഹിക്കുന്ന ഗൗരവത്തിൽ കാണുന്ന എന്റെ സുഹൃത്തുമത്തായിച്ചൻ സരസനും രസികനുമാണെന്ന വസ്തുതയും അനുസ്മരിക്കുന്നു. പുരാതനമായ തേനമ്മാക്കൽ കുടുംബത്തിലെ പ്രഗത്ഭനായ ഈ പുത്രൻ തേവലക്കര കുടുംബത്തിന്റെ ചരിത്രവുമായി, 'പണിപ്പുര'യിലാണ് ഇപ്പോൾ. മത്തായിച്ചാ, എല്ലാ നന്മകൾക്കും നന്ദിയും അനുമോദനവും. കൗദാശികജീവിതത്തിൽ കാലൂന്നി ജീവിക്കുന്ന പ്രിയപ്പെട്ട മത്തായിച്ചനും നല്ലവരിൽ നല്ലവളായ പ്രിയതമയ്ക്കും - പ്രൊഫ. ലീലാമ്മ ലൂയീസിനും മക്കൾക്കും എല്ലാ ദൈവാനുഗ്രഹവും പ്രാർത്ഥിക്കുന്നു.

സരസനും രസികനും

'പണിപ്പുരയിൽ'

## പ്രൊഫ. ജോസഫ് മാടപ്പള്ളി

എം. എ. യ്ക്കുമാത്രം എന്നെ പഠിപ്പിച്ചിട്ടുള്ള വേറിട്ടൊരു അധ്യാപകശ്രേഷ്ഠനാണ് മാടപ്പള്ളിസാർ. ചങ്ങനാശ്ശേരിക്കടുത്തു മാടപ്പള്ളിയെന്നൊരു സ്ഥലമുണ്ട്. ആ സ്ഥലമോ മറ്റേതെങ്കിലും പ്രദേശത്തുള്ള സ്ഥലമാണോ അതോ ജെ. എം. ന്റെ വീട്ടുപേരാണോ പരാമർശിക്കുക എന്ന് തിട്ടം കിട്ടുന്നില്ല. ഇതു ചോദിച്ചു മനസ്സിലാക്കാനുള്ള ജിജ്ഞാസ ഈയുള്ളവന് ഇല്ലാതെയും പോയി. മാടപ്പള്ളി സാർ ഒരു ബഹുമുഖ പ്രതിഭയാണ്. അദ്ദേഹം കൈവയ്ക്കാത്ത മേഖലകൾ അത്യപൂർവ്വം! അല്പം ദേഹാസ്വാസ്ഥ്യം അലട്ടുന്നുണ്ടെങ്കിലും അദ്ദേഹം കഠിനാദ്ധ്വാനത്തിന്റെ പ്രതീകമായി തുടരുന്നു. ഇംഗ്ലീഷ് വകുപ്പിൽ കുറിക്കുകൊള്ളുന്ന മർമ്മം പറയുന്നതിൽ ഒരാളായിരുന്നു അദ്ദേഹം. ഇന്ന് അദ്ദേഹം അധ്യാപനവും തൂലികാപ്രേഷിതത്വവും ഏകോപിപ്പിച്ചു തുടർന്നുകൊണ്ടേയിരിക്കുന്നു.

കഠിനാദ്ധ്വാനത്തിന്റെ പ്രതീകം

## പ്രൊഫ. കെ. എം. കുര്യൻ

'Man is a rational and social animal; no man is an island; if ever one manages to live alone he must either be a god or a beast.' 'The Indian peasant is born in debt; he lives in debt; he dies in debt; he bequeathes debt' തുടങ്ങി നിരവധി കാര്യങ്ങൾ, ത്രിവത്സര ഡിഗ്രി ക്ലാസ്സുകളിൽ മൂന്നു വർഷവും, ഞങ്ങളെ പഠിപ്പിച്ചു ധന്യരാക്കിയ, കെ. എം. കുര്യൻസാർ ഞങ്ങൾക്ക് അവിസ്മരണീയനാണ്. അനാരോഗ്യം വേട്ടയാടിക്കൊണ്ടിരുന്ന കുര്യൻസാർ, അധികം സഹിക്കാതെ സ്വർഗ്ഗംപൂകി. 1951-'88 ൽ ഇക്കണോമിക്സ് ഡിപ്പാർട്ടുമെന്റിലായിരുന്ന് എന്റെ സെന്റ് ബർക്കുമാൻസിനെ ഉപാസിച്ച്, ആയിരങ്ങൾക്ക് വിദ്യാവെളിച്ചം പകർന്നുകൊടുത്ത എന്റെ ഗുരുനാഥൻ പ്രിയ ബഹുമാനപ്പെട്ട കുര്യൻ സാർ, അക്ഷരാർത്ഥത്തിൽ ചങ്ങനാശ്ശേരിയുടെ വത്സലപുത്രനാണ്.

No man is an island

എന്റെ ഗുരുനാഥന്, എന്റെ വലിയ ഗുണകാംക്ഷിക്ക്, സ്നേഹവും നന്ദിയും, ആദരാഞ്ജലികളും!

കുര്യൻ സാറിന്റെ ശിഷ്യസമ്പത്ത് ഈടുറ്റതാണ്. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി, കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി, മാർ ജോർജ്ജ് കോച്ചേരി, മുൻ മന്ത്രി പ്രൊഫ. എൻ. എം. ജോസഫ്, ഡോ. സിബി മാത്യു ഐപിഎസ്സ്, കെ. മാധവൻ നായർ ഐഇഎസ്സ്, പ്രഗത്ഭനായ സി എസ്സ് കുര്യൻ സാറിന്റെ മകൻ, ലേഖകന്റെ സതീർത്ഥ്യൻ പ്രൊഫ. ജോയി കുര്യൻ, ഇത്രയും പേരുകൾ പലരിൽ ചിലർ മാത്രം.

## പ്രൊഫ. റ്റി. വി. വർക്കി

ഡിഗ്രി ക്ലാസുകളിൽ ഞങ്ങളെ ലോകചരിത്രം പഠിപ്പിച്ച റ്റി. വി. വർക്കി സാറും ഒരു ബഹുമുഖപ്രതിഭയാണ്. ധനതത്ത്വശാസ്ത്രം, നിയമം, ലോകചരിത്രം, ഇവയെല്ലാം അദ്ദേഹത്തിന് തുല്യവശമാണ്. പലപ്പോഴും, വിശ്വാസികളുടെ പിതാവായ അബ്രഹാമിനെക്കുറിച്ചുള്ള ഓർമ്മ അദ്ദേഹം എന്നിൽ ഉണർത്തിയിട്ടുണ്ട്. ജന്മദേശമായ പോത്താനിക്കാട്ടു നിന്ന് ദൈവം അദ്ദേഹത്തെ വിളിച്ചു വേർതിരിച്ച്, ചങ്ങനാശ്ശേരിയിലെത്തിച്ച്, സെന്റ് ബർക്കുമാൻസിൽ പ്രൊഫസറായി അവരോധിച്ചു. സന്തുഷ്ടമായ ഒരു കുടുംബജീവിതം നൽകി അവിടുന്ന് അദ്ദേഹത്തെ അനുഗ്രഹിച്ചു. വർക്കിസാർ വലിയ ശിഷ്യവൽസലനാണ്. കർത്താവ് അദ്ദേഹത്തിനു വേണ്ടി ഒരു ഭവനം പണിതു പൂർത്തിയാക്കിയപ്പോൾ അതിന്റെ ആശീർവാദകർമ്മം നിർവ്വഹിക്കാൻ അദ്ദേഹത്തിന്റെ ആദ്യശിഷ്യന്മാരിലൊരാളായ ലേഖകനെത്തന്നെയാണ് അദ്ദേഹം നിയോഗിച്ചത്. തന്റെ സഹധർമ്മിണിയുടെ ഓർമ്മക്കുർബ്ബാനയും ഈ ശിഷ്യൻ തന്നെ ചൊല്ലണമെന്ന് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. ഈ ശിഷ്യവാൽസല്യത്തിനു മുമ്പിൽ നമ്രശിരസ്കനായി നിൽക്കാനേ ഈയുള്ളവനു കഴിയൂ. ഗുരുശിഷ്യബന്ധം, അനന്യമായ വിധത്തിൽ, ആഴമേറിയതാണ്.

## പ്രൊഫ. കെ. കെ. മാത്യു

പ്രഗത്ഭനായ പ്രൊഫ. എം. റ്റി. കുര്യന്റെ പുത്രനാണ് എന്റെ സാത്വികനായ ഗുരുനാഥൻ കെ. കെ. മാത്യു സാർ. അദ്ദേഹവും കെ. റ്റി. സെബാസ്റ്റ്യൻ സാറും ഒരു ഞെട്ടിൽ വിരിഞ്ഞ രണ്ടു പുഷ്പങ്ങളെന്നു പറയാമല്ലോ എന്നു തോന്നിയിട്ടുണ്ട്. അവരിരുവരും ദിവസേന ഇടവകപ്പള്ളിയിൽ (ചങ്ങനാശ്ശേരി ഭദ്രാസനദൈവാലയം) പോയി ബലിയർപ്പിച്ച്, ദിവ്യ ഈശോയെ ഹൃദയത്തിൽ സ്വീകരിക്കുന്നവരാണ്. കോളജിലെ എല്ലാ പരിപാടികളിലും അവരിരുവരും ഒരുമിച്ചു വന്നു സംബന്ധിക്കും. ഇരുവരും തങ്ങളുടെ വിദ്യാർത്ഥികളെ പുത്രസഹജം സ്നേഹിക്കുന്നവരാണ്. ഇരുവരെയും ഏവർക്കും ഇഷ്ടമാണ്. ഇരുവരും ഗുരുക്കന്മാരുടെ ഗുരശ്രേഷ്ഠരാണ്. ഇരുവരും വിശാലഹൃദയരും വിനീതരും നലംതികഞ്ഞ കത്തോലിക്കാവിശ്വാസത്തിനുടമകളുമാണ്. സെന്റ് ബർക്കു

മാൻസിനെ ഇരുവരും കണ്ണിലുണ്ണി പോലെ കരുതുന്നു.

*The trio'*

ഇരുവരും എം. എ. യ്ക്കു മാത്രമേ എന്നെ പഠിപ്പിച്ചിട്ടുമുള്ളൂ. കെ. കെ. മാത്യു സാർ ഞങ്ങളെ ഗദ്യഭാഗമാണ് പഠിപ്പിച്ചിരുന്നത്. പഠിപ്പിക്കുന്ന ഭാഗം ഏറ്റം വിദഗ്ധമായും ആധികാരികമായും അദ്ദേഹം കൈകാര്യം ചെയ്യുമായിരുന്നു. ഇടയ്ക്കിടയ്ക്ക് ചെറിയ നർമ്മങ്ങളും മേമ്പൊടി ചേർക്കുമായിരുന്നു. ഒരിക്കൽ ഒരു വൃത്തത്തെക്കുറിച്ച് അദ്ദേഹം ക്ലാസ്സിൽ പരാമർശിക്കാനിടയായി. മാത്യു സാർ ഡിഗ്രി ക്ലാസ്സിൽ പഠിപ്പിച്ച ചുരുക്കം ചിലർ എം. എ. യ്ക്കു ഞങ്ങളോടൊപ്പമുണ്ടായിരുന്നു. അവരിലൊരാളുടെ പേര് അല്പം കവിതാത്മകമാണ്. 'ബവുസാലി' എന്നുച്ചരിക്കാമെന്നു തോന്നുന്നു. അങ്ങനെ തന്നെയാണു കെ. കെ. എം. അദ്ദേഹത്തെ വിളിച്ച് ഒരു പ്രത്യേക റൈം സ്കീം പറയാൻ ആവശ്യപ്പെട്ടത്. വിദ്യാർത്ഥിയെസംബന്ധിച്ചിടത്തോളം അതു വിസ്മൃതിയുടെ വിഹായസ്സിലായിരുന്നു.

കെ. കെ. മാത്യുസാർ കോപിച്ചു ഞാൻ കണ്ടിട്ടില്ല. എന്നാൽ തന്റെ വിദ്യാർത്ഥി താൻ മുൻവർഷം പഠിപ്പിച്ചതു മറന്നതിൽ, ഏതു ഇംഗ്ലീഷ് സാഹിത്യവിദ്യാർത്ഥിയും ഓർമ്മയിൽ സൂക്ഷിക്കേണ്ട ആ റൈം സ്കീം മറന്നതിൽ, അദ്ദേഹത്തിന്, അല്പം കോപം തോന്നിയില്ലേയെന്നു സംശയിക്കുന്നു. ആ വിദ്യാർത്ഥിയോട് അദ്ദേഹം ഇങ്ങനെ പ്രതികരിച്ചു: Bousally, don't your remember me telling you last year 'അബ്ബാ, അബ്ബാ കിടു കിട്'. റൈം സ്കീമിന്റെ രസകരമായ ഒരു mock അനുകരണമാണത്. The rhyme scheme reads: abba, abba, cde cde. 34 കൊല്ലം മുമ്പു കെ. കെ. മാത്യു സാർ പറഞ്ഞ നർമ്മം ഇപ്പോഴും ഓർക്കുന്നതിനു കാരണം അതിൽ ഞാൻ കണ്ട originality ആണ്. നന്ദി! ഗുരോ, നന്ദി!

## ഡോ. സ്കറിയ സക്കറിയാ

സെന്റ് ബർക്കുമാൻസിന്റെ മറ്റൊരു പൂർവ്വവിദ്യാർത്ഥിയാണ് ഓർമ്മയിലേയ്ക്ക് ഓടിവരുന്ന ഡോ. സ്കറിയാ സക്കറിയാ. ദീർഘകാലം അദ്ദേഹം ഇവിടെ അധ്യാപകനുമായിരുന്നു. എന്റെ ഗുരുനാഥനും 'ബർസാർ' അച്ചനെന്ന് പരക്കെ അറിയപ്പെടുകയും ചെയ്തിരുന്ന പ്രിയപ്പെട്ട കരിക്കമ്പള്ളിലച്ചന്റെ സഹോദരപുത്രനാണ് കറിയാച്ചൻ.

*ദീർഘകാലം സെന്റ് ബർക്കുമാൻസിൽ അധ്യാപകൻ*

*ബർസാറച്ചന്റെ nephew*

പ്രഗത്ഭനായ അധ്യാപകൻ, പ്രസിദ്ധനായ വാഗ്മി, അഗാധപാണ്ഡിത്യത്തിന്റെ ഉടമ, കഴിവുറ്റ സംഘാടകൻ, മികവുറ്റ സാഹിത്യവിമർശകൻ, വിദ്യാർത്ഥികൾക്ക് ഏറ്റം പ്രിയങ്കരൻ, ചിന്തകൻ, സാമൂഹികപരിഷ്കർത്താവ് ഈ നിലകളിലൊക്കെ വ്യക്തിമുദ്ര പതിപ്പിച്ച കറിയാച്ചൻ തന്റെ അധ്യാപനത്തിന്റെ അവസാനഘട്ടത്തിൽ കാലടി ശ്രീ. ശങ്കരാ കോളജിൽ, റീഡർ തസ്തികയിൽ സേവനമനുഷ്ഠിച്ചു. വിരമിച്ചു വിശ്രമജീവിതം നയിക്കുകയാണ്. കറിയാച്ചനു ഭാവുകങ്ങൾ! ദൈവാനുഗ്രഹം!

*വിദ്യാർത്ഥികൾക്കു പ്രിയങ്കരൻ ശ്രീ. ശങ്കരായിൽ*



## എ.ജെ. ഫ്രാൻസിസ്, പി. സി. ജെയിംസ്, കെ.എ. ജോർജ്

**The 'comic trio'**

**ഡിപ്പാർട്ടുമെന്റ് സജീവമാക്കിയിരുന്നവർ**

**ആത്മാർത്ഥമായി പാഠഭാഗം സ്ഫടിക സ്ഫുടതയോടെ അവതരിപ്പിക്കാനുള്ള തന്മയത്വം**

ഞാൻ സെന്റ് ബർക്കുമാൻസ് കോളജിൽ ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിലംഗമായപ്പോൾ അന്ന് അവിടെയുണ്ടായിരുന്ന യുവത്രയത്തെക്കുറിച്ചു സൂചിപ്പിക്കുക ന്യായവും യുക്തവുമാകുന്നു. ഇവരുടെ സാന്നിദ്ധ്യം അറിയിക്കാനല്ല, എന്റെ അദ്ധ്യാപകരെന്ന നിലയിൽ, എനിക്ക് അവരോടുള്ള കടപ്പാടു സൂചിപ്പിക്കാൻ, ഈ ചുരങ്ങിയ വാക്കുകൾ സഹായിക്കട്ടെ. ഡിപ്പാർട്ടുമെന്റ് എപ്പോഴും സജീവമായിരുന്നു. ഈ നല്ല അനുഭവം ഉളവാക്കുന്നതിൽ ഇവർ ഏറെ സഹായിച്ചിരുന്നു. ഇവരുടെ നർമ്മം അധികമാരെയും ഒഴിവാക്കിയിരുന്നില്ല. അവരെയും നർമ്മവിധേയരാക്കാൻപോന്ന സീനിയേഴ്സുണ്ടായിരുന്നുവെന്നതു മറ്റൊരുകാര്യം. എ.ജെ. ഫ്രാൻസിസ് സാർ പ്രായത്തിൽ എനിക്ക് ജൂണിയറെങ്കിലും മാതുലനാണ്. അദ്ദേഹം ഞങ്ങളെ ചാൾസ് ലാമ്പാണ് പഠിപ്പിച്ചത്. ലാമ്പിന്റെ 'മിസ്റ്റിഫിക്കേഷനും' മറ്റും അദ്ദേഹത്തിന്റെ നാവിൽ ജീവൻ പ്രാപിച്ചിരുന്നു. ക്ലാസ്സിൽ അധികം നർമ്മമില്ല. നന്നായി, ആത്മാർത്ഥമായി പാഠഭാഗം അവതരിപ്പിക്കുക, സ്ഫടിക സ്ഫുടതയോടെ വിശദീകരിക്കുക ഇവയൊക്കെയാണു സവിശേഷതകൾ. ശാന്തൻ, ശാലീനൻ, നിസ്വാർത്ഥൻ, കാര്യമാത്രപ്രസക്തൻ ഇവയൊക്കെ ഈ അദ്ധ്യാപകന്റെ തൊപ്പിയിൽ തുന്നിച്ചേർത്തിരിക്കുന്ന തൂവലുകളാണ്.

**എമേഴ്സണും തോറോയും അജയ്യരാകുന്ന കാഴ്ച**

ഇനിയുള്ള ദ്വന്ദ്വം ഏതാണ്ട് എന്റെ സമപ്രായക്കാരാണ്. എമേഴ്സൺ, തോറോ ഓക്കെ കെ. എ. ജോർജ്സാറിന്റെ അധരങ്ങളിൽ അജയ്യരാകുന്ന കാഴ്ച രസകരമായിരുന്നു. അദ്ധ്യാപനത്തിൽ അദ്ദേഹത്തിന്റെ ആത്മാർത്ഥത നമുക്ക് തൊട്ടനുഭവിക്കാമായിരുന്നു. അധരങ്ങളുടെ ചലനങ്ങളിൽപ്പോലും അതു വ്യക്തമായിരുന്നു. ഇത്ര ആത്മാർത്ഥതയോടെ, ഏറ്റം ആകർഷകമായി, അവരെ അവതരിപ്പിച്ചിരുന്നപ്പോഴും, കാലക്രമത്തിൽ അതിൽ അല്പം വിരസത തോന്നിയ നിമിഷങ്ങളിൽ, അദ്ദേഹത്തിന്റെ ഷൂസിലേക്കു കയറിനില്ക്കാൻ ഭാഗ്യം സിദ്ധിച്ചതിൽ ഈ ശിഷ്യന് അനല്പമായ സന്തോഷമുണ്ട്.

**ഗുരുവിന്റെ ഷൂസിലേക്ക്**

**Wedded to the department**

അത്ഭുതങ്ങൾ തന്നെ സൃഷ്ടിച്ച മാന്യദേഹമാണ് എന്റെ അദ്ധ്യാപകൻ പി. സി. ജെയിംസ് സാർ. ഞങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട പി. സി. മത്തായിച്ചന്റെ പിന്മുറക്കാരനാണ് അദ്ദേഹം. ഡിപ്പാർട്ടുമെന്റുമായി പലവിധത്തിൽ അദ്ദേഹം 'wedded' ആയി. ഒന്നുരണ്ടെണ്ണം പറയാം. ഡിപ്പാർട്ടുമെന്റിന്റെ സുഗമമായ ഒഴുക്കിന് വലിയൊരു ഭാഗം അദ്ദേഹം വഹിച്ചിട്ടുണ്ട്. ടൈംടേബിൾ പണ്ഡിതൻ എന്ന നിലയിൽ വർഷങ്ങളാണ് അദ്ദേഹം അദ്ധ്വാനിച്ചിട്ടുള്ളത്. അന്ന്, അദ്ദേഹത്തിനു മാത്രമേ, അക്കാര്യം, അത്ര തന്മയത്വത്തോടെ കൈകാര്യം ചെയ്യുവാൻ, കഴിയുമായിരുന്നുള്ളു. രണ്ടാമതായി, അല്പം ആലങ്കാരികമായിപ്പറഞ്ഞാൽ, ഡിപ്പാർട്ടുമെന്റ് അനായാസം അദ്ദേഹത്തിന്റെ 'ബന്ധുവീടു' മായി എന്റെ ഗുരുനാഥനും വകുപ്പിലെ സീനിയൽ പ്രൊഫസ്സറുമായിരുന്ന കെ.ജെ. ജോൺ സാറിന്റെ സീമന്തപുത്രിയാണു ജയിംസ് സാറിന്റെ ജീവിതപങ്കാളി. ആ ദാമ്പത്യവല്ലരിയിൽ രണ്ടു നറുസൂനങ്ങൾ (ത്രയത്തിലെ ഇതരരുടെ കാര്യത്തിലും ഇങ്ങനെതന്നെ) പൊട്ടിവിടർന്നു. എന്റെ 'teacher -in-law' യുടെ വല്യമ്മയുടെ ഓർമ്മക്കുർബാന

കഴിഞ്ഞു ഞങ്ങൾ വൈദികർ (മറ്റു പല അദ്ധ്യാപകരും) കെ. ജെ. ജോൺ സാറിന്റെ വീട്ടിൽ 'മന്ത്ര' നടത്താനും, പ്രഭാതഭക്ഷണം കഴിക്കാനും എത്തിയിരിക്കുകയാണ്. 'മന്ത്ര' കഴിഞ്ഞു. ഭക്ഷണം ആരംഭിക്കുകയാണ്. അപ്പോൾ ജെയിംസ് സാറിന്റെയും ആ ഭവനത്തിലെ ആദ്യജാതയായ അദ്ദേഹത്തിന്റെ സഹധർമ്മിണിയുടെയും രണ്ടു മക്കളും, ചെറുവരാന്തയിൽ, മണ്ണുവാരിക്കളിക്കാൻ തുടങ്ങി. ജോൺസാർ അതിലെ നടന്നപ്പോൾ ഇതുകണ്ടു. അദ്ദേഹം അതേക്കുറിച്ച് അവരോടു ചോദിച്ചപ്പോൾ, വിരുതന്മാരിൽ ഒരാൾ വല്യപ്പനോടു പറഞ്ഞത് ഇങ്ങനെയാണ്:

"സാറ് ആ അരികുപറ്റി അങ്ങുപോയാട്ടെ". നാലഞ്ചുവയസ്സു കാണും അന്ന് ആ വിരുതന്. സാർ ഹൃദ്യമായി ചിരിച്ച് നടന്നുപോയി. ഞങ്ങൾ ശ്രോതാക്കളും ചിരിച്ചു.

ജെയിംസ് സാറിന്റെ മുഖത്തും വാക്കുകളിലും വോൾട്ട് വിറ്റ്മനും റോബർട്ട് ഫ്രോസ്റ്റും ഇതര അമേരിക്കൻകവികളും സജീവരാകുന്നത്, ജീവിക്കുന്നതു കാണുക ആസ്വാദ്യകരമായിരുന്നുവെന്നുമാത്രം പറഞ്ഞു വയ്ക്കട്ടെ.

**വോൾട്ട് വിറ്റ്മനും ഫ്രോസ്റ്റുമൊക്കെ സജീവരായി കാണപ്പെടുന്നത് രസകരവും ആസ്വാദ്യകരവും**

## ഡോ. റൂബിൾ രാജ്

സെന്റ് ബർക്കുമാൻസ് കലാലയാംബയെ, വിദ്യാർത്ഥിയെന്ന നിലയിലും, അധ്യാപകനെന്ന നിലയിലും ഏറെ സ്നേഹിക്കുകയും 'അമ്മ'യ്ക്കുവേണ്ടി അത്യധ്വാനം ചെയ്യുകയും, അങ്ങനെ ഉന്നതിയുടെ പടവുകൾ ഒന്നൊന്നായി ചവിട്ടിക്കയറുകയും ഇപ്പോൾ കുട്ടിക്കാനം മരിയൻകോളജിന്റെ വീരസാരഥിയായി സേവനം അനുഷ്ഠിക്കുകയും ചെയ്യുന്ന ഡോ. റൂബിൾ രാജ് മഹാകലാലയത്തിന്റെ അഭിമാനമാണ്. കോളജിന്റെ എല്ലാ നല്ല പ്രവർത്തനങ്ങളുടെയും പിന്നിൽ റൂബിളിന്റെ ബലിഷ്ഠകരങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. ചെയ്യേണ്ടകാര്യങ്ങൾ, ചെയ്യേണ്ട സമയത്ത്, ചെയ്യേണ്ട വിധത്തിൽ, പോരാ, ഏറ്റം graceful ആയി ചെയ്യാൻ എപ്പോഴും പരിശ്രമിച്ചിട്ടുള്ള, ഇപ്പോഴും പരിശ്രമിക്കുന്ന പ്രൊഫ. റൂബിൾരാജ് തന്റെ ശിഷ്യരുടെയെല്ലാം 'hero' ആണ്.

**'അമ്മ'യ്ക്കുവേണ്ടി**

**'അമ്മ'യുടെ അഭിമാനം**

**He does everything gracefully**

ലേഖകൻ സെന്റ് ബർക്കുമാൻസിന്റെ സാരഥ്യം വഹിച്ചിരുന്നപ്പോൾ, ഒപ്പം, ആത്മാർത്ഥമായി സഹകരിക്കുകയും ചെയ്യാവുന്ന എല്ലാ സഹായങ്ങളും നല്കുകയും ചെയ്ത ഈ പ്രിയശിഷ്യനോട്, സഹപ്രവർത്തകനോടുള്ള കടപ്പാട് ഏറ്റുപറയുകയും പരസ്യമായി നന്ദിചൊല്ലാനുള്ള ഈ അവസരം, ആത്മാർത്ഥതയുടെ തികവിൽ വിനിയോഗിക്കുകയും ചെയ്യുന്നു. പ്ലാറ്റിനം ജൂബിലി സെന്റ് ബർക്കുമാൻസ് അവാർഡ് ഫോർ ദ ബസ്റ്റ് കോളജു റ്റീച്ചർ റൂബിളിന്റെ 'ചിന്താസന്താന'മാണെന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല.

**എല്ലാ നല്ല കാര്യങ്ങളിലും ഭാഗഭാഗിത്വം**

**നന്ദി, റൂബിൾ!**

ശാലോമിന്റെ 'ബിബ്ളിയായുടെ' സൂപ്പർ ക്വിസ് മാസ്റ്റർ എന്നനിലയിൽ ലക്ഷോപലക്ഷം ഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടിയിരിക്കുന്ന ഡോ. റൂബിൾ രാജിന് എല്ലാ നന്മകളും നേരുന്നു, ഭാവുകങ്ങൾ ആശംസിക്കുന്നു. Excelsior, Ruble. വൈസ്ചാൻസ്‌ലറായി ഉന്നത വിദ്യാഭ്യാസ മേഖലയെ രക്ഷപ്പെടുത്തണം!

**Super Quiz Master**

**വൈസ് ചാൻസ്‌ലർ?**



## ഡോ. റ്റി. വി. ജോസ്

സെന്റ് ബർക്കുമാൻസ്,
**Apple of his eye**

സെന്റ് ബർക്കുമാൻസിന് അവിസ്മരണീയനായ ഒരു പൂർവ്വവിദ്യാർത്ഥിയാണ് ഡോ. റ്റി. വി. ജോസ്. വിദ്യാർത്ഥിയായിരുന്നപ്പോൾത്തന്നെ ഈ ബഹുമുഖപ്രതിഭ എല്ലാ മേഖലകളിലും തന്റെ മികവ് സംശയലേശമെന്യേ തെളിയിച്ചിരുന്നു. പൂർവ്വവിദ്യാർത്ഥികളുമായി ഇത്രയേറെ ആത്മബന്ധം പുലർത്തുന്ന മറ്റാരെയും അറിഞ്ഞുകൂടാ. ആത്മവിദ്യാലയം അദ്ദേഹത്തിന്റെ 'Apple of the eye' ആണ്.

ശാസ്ത്രവിഭാഗത്തിന്റെ ജൂബിലി

കരുത്തനായ കാളാശ്ശേരിലച്ചൻ സെന്റ് ബർക്കുമാൻസിന്റെ ഒന്നാം അണിയം കൈയ്യേന്തിയിരുന്നപ്പോഴാണ് നമ്മുടെ കലാലയം ശാസ്ത്രവിഭാഗത്തിന്റെ തുടക്കത്തിന്റെ റൂബി ജൂബിലി (40 വർഷം) ആഘോഷിച്ചത് (1965-'66). ഇതിന് അനുബന്ധമായാണ് അച്ചൻ ബ്രഹ്മാണ്ഡമായ ബയോളജി ബ്ലോക്ക് പണിയിച്ചത്. 1965 നവംബർ 12 മുതൽ 28 വരെ ഒരു All India Science and Industrial Exhibition ഗംഭീരമായി ആഘോഷിക്കപ്പെട്ടു. ഒരു ആർട്സ് ഫെസ്റ്റിവലുമുണ്ടായിരുന്നു. ഒരു ഘട്ടത്തിൽ സാമ്പത്തികപരാധീനത മൂലം ഇവ രണ്ടും നടക്കുകയില്ലെന്ന അവസ്ഥയുണ്ടായി. ഒന്നര ലക്ഷം രൂപ മൂലധനമായി വേണ്ടിയിരുന്നു. ഒരു സ്ഥാപനത്തിൽ നിന്നും പ്രസ്തുത തുക അനായാസം കടമായി കിട്ടുമെന്നും പരിപാടികൾ കഴിയുമ്പോൾ തിരിച്ചു കൊടുക്കാമെന്നുമാണ് അച്ചൻ കരുതിയിരുന്നത്. പ്രസ്തുതസ്ഥാപനത്തിന് അതു നിഷ്പ്രയാസം നൽകാൻ കഴിയുമായിരുന്നുതാനും. Our principal had taken it for guranteed. പക്ഷേ സമയമായപ്പോൾ തികച്ചും നിഷേധാത്മകമായ മറുപടിയാണ് ലഭിച്ചത്.

കോളജിന്റെ വലിയ
സാമ്പത്തിക
പരാധീനത

ഡോ. റ്റി. വി. ജോസ് നന്മ ചെയ്ത് ഓടിനടക്കുന്ന സമയമായിരുന്നു അത്. അച്ചൻ അദ്ദേഹത്തെ വിളിച്ചു സാഹചര്യം വ്യക്തമാക്കി. വളരെ ദുഃഖാർത്തനായിരുന്ന കാളാശ്ശേരിലച്ചനോട് റ്റി. വി. പറഞ്ഞു; അച്ചൻ ഒട്ടും വിഷമിക്കരുത്. ഇന്നു സായംകാലത്തിനു മുമ്പ് 1.5 ലക്ഷം രൂപ അച്ചന്റെ മേശപ്പുറത്തെത്തിയിരിക്കും.

കാളാശ്ശേരിലച്ചൻ
ധർമ്മസങ്കടത്തിൽ!

ഇന്നു സായംകാലത്തിനുമുമ്പ് 1.5 ലക്ഷം
രൂപ അച്ചന്റെ മേശപ്പുറത്തെത്തിയിരിക്കും!

സഹായം നിഷേധിച്ച സ്ഥാപനത്തിലേക്കു തന്നെയാണു ഡോ. റ്റി. വി. പോയത്. മേലധികാരിയെ സമീപിച്ച് അദ്ദേഹം പറഞ്ഞു: എന്റെ സകലസ്വത്തും ഞാൻ അങ്ങേയ്ക്കും സ്ഥാപനത്തിനും pledge ചെയ്യുന്നു. (അന്ന് അത് ഏകദേശം 2.5 കോടി വരുമായിരുന്നു), എനിക്ക് 1.5 ലക്ഷം രൂപ തന്നേ പറ്റൂ. സത്വരം നിയമോപദേഷ്ടാവിനെ വിളിച്ചുവരുത്തി, ഡീഡ് തയ്യാറാക്കി, ഡോ. റ്റി. വി. അതിൽ ഒപ്പുവച്ചു. Thump impression കൂടി വേണമെന്ന് നിർദ്ദേശമുണ്ടായപ്പോൾ, അതും അദ്ദേഹം ചെയ്തുകൊടുത്തു.

പറഞ്ഞ സമയത്തിനു വളരെ മുമ്പു തന്നെ 1.5 ലക്ഷം രൂപ കാളാശ്ശേരിലച്ചന്റെ മേശപ്പുറത്തെത്തി. പരിപാടികൾ അങ്ങേയറ്റം വിജയകരമായി, മംഗളമായി, പര്യവസാനിച്ചു. മൂന്നുലക്ഷം രൂപ കളക്ഷൻ കിട്ടി. ആദ്യമായി അച്ചൻ ചെയ്തത് കടം വാങ്ങിയ തുക ഉടനടി മടക്കിക്കൊടുത്ത് റ്റി. വി. എഴുതി ഒപ്പിട്ടു കൊടുത്ത

കടപ്പത്രം തിരികെ കൊണ്ടുവരാനായി നിർദ്ദേശിക്കുകയായിരുന്നു. മറ്റൊരു ഡോക്ടറെ ആശുപത്രിയിൽ നിയോഗിച്ചതിനു ശേഷം, ഡോ. ജോസ് തന്റെ കോളജിനു വേണ്ടി ആഴ്ചകളോളം അഹോരാത്രം പണിയെടുത്തു. വിദ്യാർത്ഥിയായിരുന്നപ്പോഴും തുടർന്ന് ഇന്നുവരെയും തന്റെ "അമ്മ" യുടെ ഏതാവശ്യത്തിലും പ്രതിസന്ധിയിലും പ്രധാനപ്പെട്ട അവസരങ്ങളിലും ആദ്യമെത്തുന്നതിൽ ആദ്യക്കാരനായാണ് ഡോക്ടറെ ഞാൻ ഒരു നൂറുപ്രാവശ്യം കണ്ടിട്ടുള്ളത്.

ഡോ. ജോസിന്റെ ജീവിതത്തിലെ അവിസ്മരണീയമായ ഒരു സംഭവം കാലയവനികയ്ക്കുള്ളിൽ മറഞ്ഞ പരുവപ്പറമ്പിലച്ചനോട് ബന്ധപ്പെട്ടതാണ്. ഒരു സായം കാലത്ത് ന്യൂമാൻ ഹോസ്റ്റലിലെ വാർഡന്റെ മുറിയിൽ വച്ച് അച്ചന് കലശലായ വയറുവേദന അനുഭവപ്പെട്ടു. വേദന അസഹനീയമായപ്പോൾ അദ്ദേഹം ഡോ. ജോസിനെ വിളിച്ച് വിവരം പറഞ്ഞു. മിനിട്ടുകൾക്കകം ആ മനുഷ്യസ്നേഹി ന്യൂമാന്റെ വാതിൽക്കൽ പാഞ്ഞെത്തി. അപ്പൻഡിക്സ് പഴുത്ത് പൊട്ടിയിരിക്കുകയാണെന്ന്, മരണകരമായ അപകടത്തിലാണ് അച്ചനെന്ന്, ആ മഹാനുഭാവന് മനസ്സിലാക്കാൻ നിമിഷങ്ങൾ മതിയായിരുന്നു. അച്ചനെ കൈകളിൽ എടുത്തു തന്റെ കാറിൽ ചാരിയിരുത്തി. മാക്സിമം വേഗതയിൽ കാർ ഓടിച്ചു പുഷ്പഗിരിയിലെത്തി. നിമിഷങ്ങൾക്കകം ഓപ്പറേഷൻ തീയറ്ററിലെത്തിച്ച്, അവിടെ ശസ്ത്രക്രിയ നടത്തിക്കൊണ്ടിരുന്ന തന്റെ സുഹൃത്ത് വൈ. പി. ഏബ്രഹാമിനോട് Emergency Operation നിർദ്ദേശിച്ച്, ആ ഓപ്പറേഷൻ നടത്തിച്ചതുകൊണ്ട്, ദൈവത്തിന്റെ അനന്തപരിപാലനയിൽ, പരുവപ്പറമ്പിലച്ചൻ കാൽ നൂറ്റാണ്ടുകൂടി ഈ ഭൂമുഖത്തു ജീവിച്ചു. അച്ചന്റെ വിവരമറിഞ്ഞയുടനെ, അദ്ദേഹത്തെ കാണാൻ, അതിശീഘ്രം നടന്നു ജംഗ്ഷനിലെത്തിയ, എന്നോട് ആരോ ഒരാൾ പറഞ്ഞത്, 'അച്ചൻ മരിച്ചുപോയി' എന്നാണ്. ദൈവത്തിന്റെ അനന്തപരിപാലന ഓരോ നിമിഷവും നടപ്പാകുന്നത് നാമോരോരുത്തരിലൂടെയുമാണ്. നാം ചെയ്യുന്ന നന്മകൾ സ്വർഗ്ഗത്തിൽ നമുക്ക് നിക്ഷേപങ്ങളായിരിക്കും. ഡോ. ജോസിനെപ്പോലെ നമുക്കും നന്മ ചെയ്ത് ചുറ്റി സഞ്ചരിക്കാം.

കഥാപുരുഷൻ സെന്റ് ബർക്കുമാൻസിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ 'നൗക 'യുടെ ഒന്നാം അണിയത്തിരുന്നത് ലേഖകന്റെ വലിയ മാതുലനും താപസവര്യനുമായ വില്യമച്ചനാണ്. അദ്ദേഹം റ്റി. വി. യുടെ conduct certificate ൽ ഇങ്ങനെയൊരു കുഞ്ഞുവാചകം എഴുതിച്ചേർത്തു, It is not blood, but mercy, that is running through his veins.

**പരിപാടികൾ പരിപൂർണ്ണം വിജയം 3 ലക്ഷം കളക്ഷൻ, സത്വരം കടം വീട്ടി deed തിരിച്ചെടുത്തു!**

**നിമിഷങ്ങൾക്കകം ന്യൂമനിൽ**

**Emergency Operation**

**അഖിലേശൻ അച്ചനു കാൽനൂറ്റാണ്ടു നീട്ടി കൊടുത്തു.**

**Not blood but mercy**



19

# നാഴികക്കല്ലുകൾ

## പ്രഥമ കോളജ് ഡേ ആഘോഷങ്ങൾ

ദിവാൻ എം.ഇ വാട്ട്സ് അധ്യക്ഷൻ

1926 മാർച്ച് 9 നാണ് ദിവാൻ എം.ഇ. വാട്ട്സിന്റെ അധ്യക്ഷതയിൽ പ്രഥമ കോളജ് ഡേ ആഘോഷങ്ങൾ നടന്നത്. അന്ന് എറണാകുളം മെത്രാപ്പോലീത്താ ആയിരുന്ന മാർ അഗസ്റ്റിൻ കണ്ടത്തിൽ, കോട്ടയം മെത്രാനായിരുന്ന മാർ മാത്യു മാക്കിൽ ഇവർ വിശിഷ്ടാതിഥികളായിരുന്നു. കുര്യാളശ്ശേരി ബ്ലോക്കിനു മുമ്പിൽ ഉയർത്തിയിരുന്ന പന്തലിൽ യോഗാദ്ധ്യക്ഷനും മറ്റു വിശിഷ്ടാതിഥികളും ഹാർദ്ദമായി സ്വാഗതം ചെയ്യപ്പെട്ടു. പ്രൊഫ. കൃഷ്ണയ്യരും മറ്റു മുതിർന്ന പ്രൊഫസർമാരും ധന്യൻ കുര്യാളശ്ശേരി പിതാവിന്റെ വിശിഷ്ടസേവനങ്ങളെ പ്രകീർത്തിച്ചും അകൈതവമായ കൃതജ്ഞത അർപ്പിച്ചും അനുസ്മരണ പ്രസംഗങ്ങൾ നടത്തി.

വെള്ളിത്താക്കോൽ

ഒരു വെള്ളിത്താക്കോൽ ഉപയോഗിച്ച് ദിവാൻ വാട്ട്സാണു മാർ കുര്യാളശ്ശേരി ബ്ലോക്ക് കോളജ് ഡേയിൽ ഔദ്യോഗികമായി തുറന്നത്. കോളജ് ക്രെസ്റ്റ് പട്ടുസിൽക്കിൽ, സ്വർണ്ണനൂൽകൊണ്ടു തുന്നിച്ചാർത്തി (സെന്റ് ജോസഫ്സ് കോൺവെന്റിലെ കലാകാരികളായ സിസ്റ്റേഴ്സിന്റെ കരവിരുതിന്റെ പ്രത്യക്ഷീകരണം) കോളജ് ഫ്ളാഗ് ഉയർത്തിയതും ദിവാൻജി തന്നെയായിരുന്നു. Caritas Vera Nobilitas (Charity is true nobility) എന്ന മുദ്രാവാക്യം ഉൾക്കൊള്ളുന്ന ക്രെസ്റ്റ് രൂപകല്പന ചെയ്തത് അന്നത്തെ അതിപ്രഗത്ഭനായ ഇംഗ്ലീഷ് വിഭാഗവകുപ്പ് അദ്ധ്യക്ഷനും വൈസ്പ്രിൻസിപ്പലുമായിരുന്ന ശ്രീ. ആർ. പി. കുളന്തൈസ്വാമി പിള്ളയാണെന്ന് ഒന്നിലധികം പ്രാവശ്യം സൂചിപ്പിച്ചുകഴിഞ്ഞു.

ദിവാൻജിയുടെ മുക്തകണ്ഠമായ പ്രശംസ

പ്രിൻസിപ്പലും കോളജ്അധികൃതരും നടത്തുന്ന ത്യാഗോജ്ജ്വലവും വിലപ്പെട്ടതുമായ ഉന്നതവിദ്യാഭ്യാസപ്രവർത്തനങ്ങളെ തന്റെ ഉപസംഹാരപ്രസംഗത്തിൽ ദിവാൻജി മുക്തകണ്ഠം പ്രശംസിക്കുകയും ഗവൺമെന്റിൽ നിന്നും സാധ്യമായ എല്ലാ സഹായസഹകരണങ്ങളും കോളജിനു ലഭിക്കുമെന്ന് ഉറപ്പു നൽകുകയും ചെയ്തു.

ഉന്നതവിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനു സെന്റ് ബർക്കുമാൻസ് ചെയ്തുകൊണ്ടിരിക്കുന്ന കഠിനാദ്ധ്വാനത്തിൽ തനിക്കുള്ള സന്തോഷസൂചകമായി, സീനി

യർ ഇന്റർമീഡിയറ്റ് ക്ലാസിലെ ഏറ്റം നല്ല, അർഹനായ, വിദ്യാർത്ഥിക്ക്, വാട്ട്സ് ഗോൾഡ് മെഡൽ എന്ന പേരിൽ ഒരു സ്കോളർഷിപ്പ് സ്ഥാപിക്കുന്നതിലേക്കു ഗണ്യമായ ഒരു തുക അദ്ദേഹം സംഭാവന ചെയ്യുകയും ചെയ്തു. പ്രസ്തുത തുകയുടെ പലിശയായികിട്ടുന്ന പണമാണ് മെഡലിന്റെ ചെലവിന് ഉപയോഗിക്കേണ്ടിയിരുന്നത്.

വാട്ട്സ് ഗോൾഡ് മെഡൽ

## ലോർഡ് ഇർവ്വിൻ

സെന്റ് ബർക്കുമാൻസിൽ ആ വർഷം തന്നെ സയൻസു ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള അനുവാദം മദ്രാസ് യൂണിവേഴ്സിറ്റി നൽകിയിരുന്നു. ജോർജ്ജ് അഞ്ചാമൻ രാജാവിന്റെ പ്രതിനിധിയായി, ഇന്ത്യൻ വൈസ്റോയി സ്ഥാനം അലങ്കരിച്ചിരുന്ന ലോർഡ് ഇർവിൻ പ്രഭു, 1929 ഡിസംബർ ന്നു സെന്റ് ബർക്കുമാൻസ് സന്ദർശിച്ചത് അവളുടെ ചരിത്രത്തിൽ അങ്ങേയറ്റം അവിസ്മരണീയമായ ഒരു സംഭവമാണ്. ഇത് 'അമ്മ' യ്ക്കു വലിയ ബഹുമതിയുമായി.

ജോർജ്ജ് അഞ്ചാമൻ രാജാവിന്റെ പ്രതിനിധി ലോർഡ് ഇർവിൻ പ്രഭു കോളജിൽ


## ദിവാൻ കെ. രാമുണ്ണി മേനോൻ

1930-31 ലെ കോളജ് ഡേ ആഘോഷങ്ങൾക്ക് അധ്യക്ഷപദം അലങ്കരിച്ചത് മദ്രാസ് യൂണിവേഴ്സിറ്റി വൈസ്ചാൻസലറായ ദിവാൻ ബഹദൂർ കെ. രാമുണ്ണി മേനോൻ എം.എ. ആയിരുന്നു. (Cantab = കെയിംബ്രിഡ്ജിന്റെ വിദ്യാർത്ഥി) കോളജിന്റെ പ്രവർത്തനത്തിൽ അദ്ദേഹം അതീവസന്തുഷ്ടി പ്രകടിപ്പിച്ചുവെന്നതു പ്രത്യേകം പ്രസ്താവ്യമാണ്.

1930-'31 ലെ കോളജു ഡേയുടെ അധ്യക്ഷൻ

സെന്റ് ബർക്കുമാൻസിന്റെ ചരിത്രത്തിലെ അവിസ്മരണീയ വർഷമാണ് 1927. It was certainly a red letter year in the annals of St. Berchmans. ആ വർഷം ബോട്ടണിക്കും സുവോളജിക്കും ബി. എ. ഡിഗ്രി കോഴ്സിന് അഫിലിയേഷൻ നല്കി കോളജ് ഫസ്റ്റ്ഗ്രേഡായി മദ്രാസ് യൂണിവേഴ്സിറ്റി ഉയർത്തി. ഈ മഹാസംഭവത്തിന്റെ സ്മരണ ശാശ്വതമാക്കാൻ വേണ്ടി ഒരു വലിയ സയൻസ് എക്സിബിഷൻ സംഘടിപ്പിക്കപ്പെട്ടു. ഫസ്റ്റ് ഗ്രേഡ് പദവി ഒരു സയൻസ് ബ്ലോക്ക് അത്യന്താപേക്ഷിതമാക്കി. ഒപ്പം വളരെയേറെ ശാസ്ത്രോപകരണങ്ങളും.

1927, the red letter year



## സയൻസ് ബ്ലോക്ക്

സയൻസ് ബ്ലോക്കിന്റെ ഒരു പ്ലാനും, കെട്ടിടത്തിന് 3.5 ലക്ഷം രൂപാ ചെലവു വരുമെന്നും കാണിച്ച് കെട്ടിടം പണിയുന്നതിന് ആവശ്യമായ അനുവാദവും അംഗീകാരവും ഗവൺമെന്റിൽ നിന്ന് അതിപ്രഗത്ഭനായ പ്രിൻസിപ്പൽ, നേടിയെടുത്തു. 1926ൽത്തന്നെ പണി ആരംഭിച്ചിരുന്നു. പുതിയ ബ്ലോക്കിന്റെ വാസ്തുശില്പി പണികളുടെ പ്രഗത്ഭനായ ഫാ. ഒണേര എസ്.ജെ. മേൽനോട്ടം വഹി

1926ൽ പണി ആരംഭിച്ചു

ക്കാൻ കോളജ് ക്ലാർക്ക് നിയോഗിതനായി. 1927ൽ പണി പൂർത്തിയാക്കുമെന്ന വ്യവസ്ഥയിൽ ഗവൺമെന്റിൽ നിന്നുള്ള ഗ്രാന്റ് മുൻകൂട്ടി നൽകാൻ ദിവാൻ സന്മനസ്സു കാണിച്ചു.

## മാത്തമാറ്റിക്സ് ബി.എ.

1928 ൽ മാത്തമാറ്റിക്സ് ബി.എ.യ്ക്ക് അംഗീകാരം ലഭിച്ചു.

## മഹാകവി ഉള്ളൂർ

1929ലെ കോളജ് ഡേ ഉദ്ഘാടകൻ

1929 ലെ കോളജ് ഡേ ഉദ്ഘാടനം ചെയ്തത് മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ ആയിരുന്നു. ഉജ്ജ്വലശബ്ദാഢ്യനായ അദ്ദേഹം സെന്റ് ബർക്കുമാൻസ് ഹൈസ്ക്കൂളിന്റെ സന്താനമാണെന്നത് എടുത്തുപറയേണ്ട വസ്തുതയാണ്.

## എസ്.എച്ച്. ഹോസ്റ്റൽ

കത്തോലിക്കാ വിദ്യാർത്ഥികൾക്കു മാത്രം

ഫാ. ഒണേരെയുടെ പ്ലാനനുസരിച്ച് സെന്റ് ബർക്കുമാൻസ് ഹൈസ്ക്കൂളിലെ, മിഡിൽസ്കൂൾ വിദ്യാർത്ഥികൾക്കു വേണ്ടി വെടിക്കുന്നിൽ ഒരു കെട്ടിടം പണിതിരുന്നു. 1930-31 ൽ മിഡിൽ സ്കൂൾ സെക്ഷൻ വീണ്ടും സെന്റ് ബർക്കുമാൻസ് ഹൈസ്ക്കൂളിലേക്കു തന്നെ മാറ്റി. വെടിക്കുന്നിൽ, അങ്ങനെ, ഒഴിവായ കെട്ടിടം കത്തോലിക്കാ വിദ്യാർത്ഥികൾക്കു മാത്രമായുള്ള സേക്രഡ്ഹാർട്ട് ഹോസ്റ്റൽ ആയി. ആദ്യത്തെ വാർഡൻ ഫാ. എബ്രഹാം വടക്കേൽ ആയിരുന്നു.

## ദിവാൻ റ്റി. ഓസ്റ്റിൻ ഐ.സി.എസ്സ്.

ദിവാൻ 1933ൽ ചുറ്റിനടന്നു ക്ലാസ്സുകൾ സന്ദർശിച്ചു

1933 ൽ ശ്രീ. റ്റി. ഓസ്റ്റിൻ ഐസിഎസ്, (തിരുവിതാംകൂർ ദിവാനായിരുന്നു) കോളജ് സന്ദർശിച്ചു കെട്ടിടങ്ങളും ലബോറട്ടറികളും പരിശോധിക്കുകയും ചുറ്റിനടന്നു ക്ലാസ്സുകൾ സന്ദർശിക്കുകയും ചെയ്തു. കോളജിന്റെ പ്രവർത്തനങ്ങളെല്ലാം തൃപ്തികരമാണെന്നു സമ്മതിക്കുകയും സാധ്യമായ സഹായങ്ങളെല്ലാം അവൾക്കു ചെയ്യാമെന്നു അദ്ദേഹം വാഗ്ദാനം ചെയ്യുകയും ചെയ്തു.

## രാജസന്ദർശനം

ചരിത്രസംഭവം

ശ്രീചിത്തിരതിരുനാൾ മഹാരാജാവും അമ്മ റാണിയും ഇളയരാജാവും കാർത്തികതിരുനാൾ രാജകുമാരിയും 1933 ഡിസംബർ 22നു കോളജ് സന്ദർശിച്ചതും വലിയ ചരിത്രസംഭവമാണ്. ഹൃദ്യവും ഹാർദ്ദവും പ്രൗഢഗംഭീരവുമായ സ്വാഗതമാണ് വിശിഷ്ടാതിഥികൾക്കു നല്കപ്പെട്ടത്. പ്രിൻസിപ്പൽ അവരെ ഹാരമണിയിച്ചു സ്വീകരിച്ചു. 300 വിദ്യാർത്ഥികളുണ്ടെന്നു പ്രിൻസിപ്പൽ പറഞ്ഞതു മഹാരാജാവിന് അവിശ്വസനീയമായാണ് തോന്നിയത്. കോളജിനു സകല ഭാവുകങ്ങളും അദ്ദേഹം നേർന്നു.

ഭാവുകങ്ങൾ നേർന്നു

## ഗ്രൗണ്ട് ഫ്ളോർ

1934 ൽ സയൻസ് ബ്ലോക്കിന്റെ ഗ്രൗണ്ട് ഫ്ളോറിന്റെ പണി പൂർത്തിയായി. ഊർജ്ജതന്ത്ര, രസതന്ത്ര വകുപ്പുകൾ പുതിയ കെട്ടിടത്തിലേക്കു മാറ്റി സ്ഥാപിച്ചു.

രണ്ടും അതുവരെ കുര്യാളശ്ശേരി ബ്ലോക്കിന്റെ ഒന്നും രണ്ടും നിലകളിലായാണ് പ്രവർത്തിച്ചിരുന്നത്. അതേ വർഷം തന്നെ ബി.എ. ധനതത്വശാസ്ത്രത്തിനും യൂണിവേഴ്സിറ്റിയുടെ അംഗീകാരം കൈവന്നു.

## മഹാരാജാവിന്റെ ജന്മദിനാഘോഷം

1935 ൽ മഹാരാജാവിന്റെ ജന്മദിനാഘോഷസമ്മേളനത്തിൽ അധ്യക്ഷപദം അലങ്കരിച്ചതു ശ്രീ. കെ. പി. ഗോപാലകൃഷ്ണമേനോൻ, ബാർ അറ്റ് ലോ ആയിരുന്നു. ശ്രീ. വെണ്ണിക്കുളം ഗോപാലകൃഷ്ണക്കുറുപ്പ് രാജസ്തുതികൾ ഉരുവിട്ടത് ഏവർക്കും ഉത്സാഹവും ഉന്മേഷവും പകർന്നു.

## ചീഫ് ജസ്റ്റീസിന്റെ സന്ദർശനം

1936ൽ തിരുവിതാംകൂറിന്റെ ചീഫ് ജസ്റ്റീസ് റാവു ബഹദൂർ ഏബ്രഹാം വർഗീസ് ബി എ ബി എൽ കോളജിലെത്തി വിവിധ ഹോളുകളും ലബോറട്ടറികളും സന്ദർശിച്ചു.

അധ്യക്ഷൻ
ഗോപാലകൃഷ്ണമേ
നോൻ
രാജസ്തുതികൾ
വെണ്ണിക്കുളം

## കോളജിലെ സാമ്പത്തികപരാധീനതയും അംഗീകാരം നഷ്ടപ്പെടുമെന്ന ഭീതിയും

സെന്റ് ബർക്കുമാൻസിന്റെ പ്രവർത്തനത്തിൽ ക്രമക്കേടുകളുണ്ടെന്നു കാണിച്ചു മദ്രാസ് സർവ്വകലാശാലാധികൃതരുടെയിടയിൽ ഗണ്യമായ സ്വാധീനമുണ്ടായിരുന്ന, എസ്.ജി. സുബ്രഹ്മണ്യഅയ്യർ 1935 സെപ്തംബർ 18 നു സിൻഡിക്കേറ്റിനു കത്തെഴുതി. അയാൾ വൈസ്ചാൻസ്ലറുമായി ഇതിനെ സംബന്ധിച്ച് ഒരു അഭിമുഖവും നടത്തി. പ്രിൻസിപ്പലാണ് എല്ലാറ്റിനും ഉത്തരവാദിയെന്നായിരുന്നു അയാളുടെ മതം. ഈ പശ്ചാത്തലത്തിൽ സെന്റ് ബർക്കുമാൻസിലേക്ക് ഒരു കമ്മീഷനെ അയയ്ക്കാൻ സിൻഡിക്കേറ്റ് നിർബന്ധിതമായി.

## അന്വേഷണക്കമ്മീഷൻ

ശമ്പളം ക്രമമായി നല്കപ്പെടുന്നില്ല, പ്രിൻസിപ്പൽ സ്വന്തമായ രീതിയിൽ വൻതുകകൾ കടം വാങ്ങുന്നു, രൂപതയാണ് കോളജിന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റിയിരുന്നത്, ബാധ്യതകൾ വർദ്ധിച്ചുവന്നപ്പോൾ സ്റ്റാഫിന്റെ ശമ്പളത്തിൽ 10% കുറച്ചു തുടങ്ങിയ നിഗമനങ്ങളിലാണ് അന്വേഷണക്കമ്മീഷൻ എത്തിയത്. ഇവയുടെ വെളിച്ചത്തിൽ 1935 നവംബർ 16 ന് മദ്രാസ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് കൂടി പുരയ്ക്കലച്ചൻ പ്രിൻസിപ്പൽസ്ഥാനത്തു തുടരുന്നതിൽ തങ്ങൾക്ക് അഭിപ്രായമില്ലെന്നു മാനേജ്മെന്റിനെ അറിയിച്ചു.

## പുരയ്ക്കലച്ചന്റെ രാജി

കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കിയ പ്രിൻസിപ്പൽ, താൻ താലോലിച്ചു വളർത്തിയ കുമാരി മരിക്കാതിരിക്കാൻ തന്റെ രാജിക്കത്ത് മെത്രാനെ ഏല്പിച്ചു. പ്രിൻസിപ്പൽ രാജിവച്ച വിവരവും റോമിയോ തോമസ്സച്ചനെ പ്രിൻസിപ്പലായി നിയമിച്ച കാര്യവും കോളജിന്റെ നടത്തിപ്പു കൂടുതൽ കാര്യക്ഷമമാക്കിയെന്നും

പുതിയ മാനേജിംഗ് ബോർഡ് ചാർജ്ജെടുത്തെന്ന വിവരവും മാനേജ്മെന്റ് യൂണിവേഴ്സിറ്റിയെ എഴുതിയറിയിച്ചു.

## പുതിയ കമ്മീഷൻ

യൂണിവേഴ്സിറ്റി ഒരു പുതിയ കമ്മീഷനെ കോളജിലേയ്ക്കയച്ചു. മുൻ കമ്മീഷൻ ആരോപിച്ചിരുന്ന കാര്യങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ടെന്നു പുതിയ കമ്മീഷനു ബോധ്യമായി. ലണ്ടനിലെ ബ്ലാക്കൈൽ കമ്പനിക്കു കൊടുത്തു തീർക്കേണ്ടിയിരുന്ന £60 ഒഴികെ ബാക്കി ബാധ്യതകളെല്ലാം തീർത്തതായും കമ്മീഷനു ബോധ്യമായി. രൂപതാകൗൺസിൽ കൂടി, കാഞ്ഞിരപ്പള്ളി പകുതിയിൽ സ്ഥിതി ചെയ്തിരുന്ന രൂപതവക കുടുക്കവള്ളി എസ്റ്റേറ്റിൽ (130 ഏക്കർ) നിന്നുള്ള വരുമാനത്തിൽ എല്ലാവർഷവും കോളജിന്റെ സാമ്പത്തികാവശ്യങ്ങൾക്കായി 8000 രൂപ നല്കാൻ തീരുമാനിച്ചിരിക്കുന്നുവെന്ന വിവരവും യൂണിവേഴ്സിറ്റിയെ അറിയിച്ചു. എന്നിട്ടും കമ്മി അവശേഷിക്കുകയാണെങ്കിൽ, അതു മെത്രാൻ നല്കുമെന്നും തീരുമാനിച്ചിരുന്നു. (1935 ഡിസംബർ 31).

## കപ്പൽ കരയ്ക്കടുക്കുന്നു

അന്വേഷണക്കമ്മീഷനു വിധേയമായി, കമ്മീഷൻ നിർദ്ദേശിച്ച വ്യവസ്ഥകൾക്കനുസൃതം, മാനേജിംഗ് ബോർഡ് വീണ്ടും പുനഃസംഘടിപ്പിക്കപ്പെട്ടു. കോളജിന്റെ ദൈനംദിന കാര്യങ്ങൾ നോക്കാൻ ഒരു കോളജു കൗൺസിൽ ഉണ്ടായിരിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു. കോളജ് ഭരണത്തിൽ പ്രിൻസിപ്പലിന്റെ തീരുമാനം അന്തിമമായിരിക്കുമെന്നും കമ്മീഷൻ അറിയിച്ചു. പ്രോവിഡന്റ് ഫണ്ടിന് രൂപംകൊടുക്കണമെന്നും അധ്യാപകരുടെ ജോലിക്കു സ്ഥിരതയുണ്ടായിരിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു. സ്ഥിരനിയമനം ഉള്ള അധ്യാപകർ പി.എഫിലേക്ക് ഒരു നിശ്ചിത തുക അടയ്ക്കണമെന്നും കമ്മീഷൻ മാനേജ്മെന്റിനോട് ആവശ്യപ്പെട്ടു. അധ്യാപകർ നല്കുന്ന അതേ തുക തന്നെ മാനേജ്മെന്റും നല്കണമെന്നും വ്യവസ്ഥ ചെയ്തു. അങ്ങനെ സെന്റ് ബർക്കുമാൻസ് അതിന്റെ വലിയ പ്രതിസന്ധിയെ അതിജീവിച്ചു.

## സയൻസ് ബ്ലോക്കിന്റെ പണി പുനരാരംഭിക്കുന്നു

സയൻസ് ബ്ലോക്കിന്റെ പണിപൂർത്തിയാക്കുന്നതിന് ആവശ്യമായിരുന്ന പണമത്രയും മെത്രാൻ തന്നെ നല്കി. 1936ൽത്തന്നെ പണി ആരംഭിക്കുകയും ചെയ്തു. ബോട്ടണി, സുവോളജി, വകുപ്പുകൾ സയൻസു ബ്ലോക്കിലേക്കു മാറ്റി.

## ആശീർവാദകർമ്മം

1936 ഒക്ടോബർ 31ന് ഈ സൗധം ആർച്ച് ബിഷപ്പ് മാർ അഗസ്റ്റിൻ തിരുമേനിയുടെയും മാർ ജയിംസ് കാളാശ്ശേരി പിതാവിന്റെയും മുഖ്യകാർമ്മികത്വത്തിൽ ആശീർവദിക്കപ്പെട്ടു. മഹാനായ ഫാ. ഒണോരെയാണ് ഇതു രൂപകല്പന ചെയ്തതെന്നു സൂചിപ്പിച്ചിട്ടുണ്ടല്ലോ.

## ഷേക്സ്പിയർ തിയേറ്റർ

കേരളത്തിൽ ഇദംപ്രഥമമായി ഷേക്സ്പിയർ തിയേറ്റർ ആരംഭിച്ചതു സെന്റ് ബർക്മാൻസ് കോളജിലാണ്. എം. പി. പോൾ എന്ന അതുല്യപ്രതിഭയ്ക്കാണ് അതിനുള്ള ചങ്കുറ്റമുണ്ടായത്. 1937 ൽ 'മാക്ബത്ത്' ആണ് ആദ്യമായി അദ്ദേഹം സംവിധാനം ചെയ്ത് സെന്റ് ബർക്കുമാൻസ് സ്റ്റേജിൽ അവതരിപ്പിച്ചത്. ഷെപ്പേർഡ് സാർ, എ.ഇ. അഗസ്റ്റിൻ സാർ, കെ. വി. ജോസഫ് സാർ തുടങ്ങിയ പ്രതിഭകൾ അജഗ്രൂപം, അഭിനന്ദനാർഹമാം വിധം ആ വിശിഷ്ടപാരമ്പര്യം തലമുറകൾക്കു കൈമാറി വരികയായിരുന്നു. വിദ്യാർത്ഥിയായിരുന്നപ്പോൾ സെന്റ് ബർക്കുമാൻസിൽ ആദ്യം അവതരിപ്പിച്ചു കണ്ടത് 'King Lear' ആണ്. സയൻസ് ബ്ലോക്കിന്റെ കിഴക്കു വശത്ത്, കെമിസ്ട്രി ഡിപ്പാർട്ടുമെന്റിന്റെ സമീപത്തായിരുന്നു സ്റ്റേജ്. ഷെപ്പേർഡ്സാർ ലിയറിന്റെ വേഷം അങ്ങേയറ്റം തന്മയത്വത്തോട അവതരിപ്പിച്ചത് ഇന്നെന്നതുപോലെ സ്മൃതിപഥത്തിൽ തങ്ങി നില്ക്കുന്നു. സക്കറിയാ സാറാണ് ഗ്ലസ്റ്റർ എന്ന കഥാപാത്രത്തെ അതിഗംഭീരമായി സ്റ്റേജിൽ അവതരിപ്പിച്ചത്. കെ. കെ. ജോൺസാറായിരുന്നു കോൺവോളിന്റെ വേഷമിട്ടിരുന്നത്. അദ്ദേഹത്തിന്റെ അവതരണവും അതിപ്രഗത്ഭം തന്നെയായിരുന്നു. (മൂവരും എന്റെ അഗ്രഗണ്യരായ ഗുരുനാഥന്മാർ) Act 3. SC. 7 ൽ ആണ്, റീഗന്റെ അതിക്രൂരമായ പ്രേരണയനുസരിച്ച്, കോൺവോൾ ഗ്ലസ്റ്ററിന്റെ കണ്ണുകൾ പിഴുതെടുക്കുന്നത്. സക്കറിയസാറിന്റെ കണ്ണുകൾക്കു മുമ്പിൽ ആടിന്റെ രണ്ടു കണ്ണുകൾ വച്ചു പിടിപ്പിച്ചിരുന്നു. ജോൺസാർ, അങ്ങേയറ്റം ശക്തിയെടുത്തെന്നു തോന്നുമാറ്, മുട്ടുകുത്തി നിന്നാണ്, 'കണ്ണുകൾ' ഓരോന്നായി 'പിഴുതെടുത്തത്'. സന്തുലിതമായ യാഥാർത്ഥ്യപ്രതീതി വരത്തക്ക വിധമാണ് ഇരുവരും അഭിനയിച്ചുകൊണ്ടിരുന്നത്.

ഈ രംഗം കണ്ടു കൊണ്ടു സക്കറിയാ സാറിന്റെ മൂത്തമകൾ (അന്നു കൊച്ചുകുട്ടി) വത്സമ്മ അപ്പന്റെ കണ്ണുകൾ തന്നെയാണ് ജോൺസാർ പിഴുതെടുത്തതെന്നു വിചാരിച്ച്, എവിടെ നിന്നോ സംഘടിപ്പിച്ച സാമാന്യം വലിയ ഒരു കല്ലുമായി, എങ്ങിനെയോ, സ്റ്റേജിൽ കയറി. ജോൺസാറിനെ കല്ലുകൊണ്ടിടിച്ചു കൊല്ലാമെന്നായിരിക്കാം കുഞ്ഞുകരുതിയത്. ഇത് സ്റ്റേജിലും പ്രേക്ഷകരുടെ ഇടയിലും വലിയ ഒരു മാനസികാവസ്ഥ തന്നെ സൃഷ്ടിച്ചു. പാഞ്ഞെത്തിയ പലരുടെ പരിശ്രമഫലമായാണ് വത്സമ്മയെ അനുനയിപ്പിച്ചു സ്റ്റേജിൽ നിന്നു താഴെയിറക്കാൻ സാധിച്ചത്. കോർഡീലിയായ്ക്കു തന്റെ പിതാവു ലിയറിനോടുള്ള സ്നേഹത്തേക്കാൾ അഗാധമായ സ്നേഹമല്ലേ വത്സമ്മ അപ്പനോടു പ്രദർശിപ്പിച്ചത്? പെൺകുട്ടികൾക്കു തങ്ങളുടെ പിതാക്കന്മാരോടുള്ള സ്നേഹവാത്സല്യങ്ങൾക്ക് ഒരു അനന്യത ഉണ്ടെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്.ഈ രംഗം കണ്ടുകൊണ്ടു സക്കറിയാ സാറിന്റെ മൂത്തമകൾ (അന്നുകൊച്ചുകുട്ടി) വത്സമ്മ അപ്പന്റെ കണ്ണുകൾ തന്നെയാണ് ജോൺസാർ പിഴുതെടുത്തതെന്നു വിചാരിച്ച്, എവിടെ നിന്നോ സംഘടിപ്പിച്ച സാമാന്യം വലിയ ഒരു കല്ലുമായി, എങ്ങിനെയോ, സ്റ്റേജിൽ കയറി. ജോൺസാറിനെ കല്ലുകൊണ്ടിടിച്ചു കൊല്ലാമെന്നായിരിക്കാം കുഞ്ഞുക

തന്മയത്വ
ത്തോടെയുള്ള
അഭിനയം



രുതിയത്. ഇത് സ്റ്റേജിലും പ്രേക്ഷകരുടെ ഇടയിലും വലിയ ഒരു മാനസികാവസ്ഥ തന്നെ സൃഷ്ടിച്ചു. പാഞ്ഞെത്തിയ പലരുടെ പരിശ്രമഫലമായാണ് വത്സമ്മയെ അനുനയിപ്പിച്ചു സ്റ്റേജിൽ നിന്നു താഴെയിറക്കാൻ സാധിച്ചത്. കൊർഡീലിയായ്ക്കു തന്റെ പിതാവു ലിയറിനോടുള്ള സ്നേഹത്തേക്കാൾ അഗാധമായ സ്നേഹമല്ലേ വത്സമ്മ അപ്പനോടു പ്രദർശിപ്പിച്ചത്? പെൺകുട്ടികൾക്കു തങ്ങളുടെ പിതാക്കന്മാരോടുള്ള സ്നേഹവാത്സല്യങ്ങൾക്ക് ഒരു അനന്യത ഉണ്ടെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്.

ഒഥല്ലോ എഇഎയുടെ മൂന്നു മാസത്തെ അശ്രാന്തപരിശ്രമ ഫലം.

**Only Berhmans can do it**

എ.ഇ. അഗസ്റ്റിൻ സാറിന്റെ രണ്ടുമൂന്നു മാസങ്ങളിലെ അശ്രാന്തപരിശ്രമഫലമായി 1962 ൽ 'ഒഥല്ലോ' അവതരിപ്പിക്കപ്പെട്ടു! അവതരണം അഭൂതപൂർവ്വമായ നേട്ടമായി പരിണമിച്ചു. ഒരു പക്ഷേ, മുൻ വർഷത്തെ 'ലിയർ' ആവിഷ്ക്കരണത്തെപ്പോലും അത് കടത്തി വെട്ടിയെന്നാണ് എനിക്കു തോന്നിയിട്ടുള്ളത്. ഷേക്സ്പിയർ തീയേറ്ററിനെക്കുറിച്ചു മറ്റു പല കോളജുകളിലെയും അദ്ധ്യാപകർ പറയാറുണ്ട്: Only St. Berchmans Can do it' എന്ന്. അന്നൊക്കെ അത് അങ്ങനെതന്നെയായിരുന്നു. ഇന്നും സാഹചര്യം ഏറെ വ്യത്യസ്തമല്ല.

കഠിനാദ്ധ്വാനം മൂലം പ്രസംഗമദ്ധ്യേ എഇഎ ബോധരഹിതനാകുന്നു.

ഒഥല്ലോയുടെ അവതരണത്തിന് അഗസ്റ്റിൻസാർ വളരെ വിശിഷ്ടമായ ഒരു ആമുഖം എഴുതിത്തയ്യാറാക്കി റെക്കോർഡു ചെയ്തിരുന്നു. മാസങ്ങളോളം രാപകലില്ലാതെ അദ്ധ്വാനിച്ചതിന്റെ ഫലമായി സാർ ഏറെ ക്ഷീണിതനായിരുന്നു. അതുകൊണ്ടു തന്നെ പ്രസംഗം റെക്കോർഡ് ചെയ്തു 'പ്ലേ' ചെയ്യാനാണ് അദ്ദേഹം ഉദ്ദേശിച്ചിരുന്നത്. എന്നാൽ പവിലിയണിൽ സംവിധാനം ചെയ്തു കമനീയമായി അലങ്കരിച്ചിരുന്ന സ്റ്റേജിൽ നിന്നു ഫുട്ബോൾ ഗ്രൗണ്ടിലൂടെ ഒരു വിഹഗവീക്ഷണം നടത്തിയപ്പോൾ, ഒരു മഹാസദസ്സാണ് എന്റെ ഗുരുവരൻ തന്റെ മുന്നിൽ കണ്ടത്. അപ്പോൾ ആമുഖം നേരിട്ടു പറയണമെന്ന് അദ്ദേഹത്തിനു തോന്നി. അദ്ദേഹം 'ആമുഖപ്രസ്താവന' ആരംഭിച്ചു. Well begun half done. അതിഗംഭീരമായിരുന്നു അഗസ്റ്റിൻ സാറിന്റെ അവതരണം. എല്ലാവരും പരിപൂർണ്ണ നിശബ്ദതയിൽ, ബദ്ധശ്രദ്ധരായി, എ.ഇ.എ -യെ കേട്ടുകൊണ്ടിരിക്കയാണ്. ഒരു, നാലു മിനിറ്റ് അദ്ദേഹം പറഞ്ഞുകാണും. അപ്പോൾ അദ്ദേഹം ഇങ്ങനെ പറഞ്ഞുകൊണ്ട് ബോധരഹിതനായി, കാര്യമായ ആഘാതമേൽക്കാതെ, വീണു. 'Ladies and gentle men, I lose my voice. My speech is on the record. You will hear it.'' സത്വരം ഏതാനും അദ്ധ്യാപകർ ചേർന്ന് അദ്ദേഹത്തെ താങ്ങിയെടുത്തു സ്റ്റേജിന്റെ പിൻഭാഗത്തേക്കു കൊണ്ടുപോയി. പെട്ടെന്ന് ആരോ റെക്കാർഡ് 'പ്ലേ' ചെയ്തു. സദസ്സിൽ നിന്ന് വിദ്യാർത്ഥികൾ വളരെ കോപാവേശരായി വിളിച്ചു പറഞ്ഞു:

'Stop it, stop it, we want to know what has happened to our teacher.'

ബഹളം കേട്ട് അക്കാലത്തെ ഞങ്ങളുടെ പ്രിൻസിപ്പൽ ബഹുമാനപ്പെട്ട കാളാശ്ശേരിലച്ചൻ അതിശീഘ്രം മൈക്കിനടുത്തു വന്നു പറഞ്ഞു:

panic

"Be quiet. No need of panic. Mr. A.E. is a bit over- tired. Two expert doctors are attending to him."

ഓഡിയൻസ് ശാന്തമാകുന്നു

വീണ്ടും എഇഎ സ്റ്റേജിൽ!

ആധികാരികമായ ആ പ്രഖ്യാപനം കേട്ടുകഴിഞ്ഞാണ് ഓഡിയൻസ് ശാന്തരായത്. റെക്കോഡ് പ്രവർത്തിപ്പിച്ചു. ഓർക്കുന്നിടത്തോളം, ആമുഖം അവസാനിക്കുന്നതിനു മുമ്പു തന്നെ അഗസ്റ്റിൻ സാർ സ്റ്റേജിലെത്തി. സദസ്സിൽ നീണ്ട കൈയ്യടി ഉയർന്നു. മിനിട്ടുകളോളം ആ കൈയ്യടി തുടർന്നു. അനന്തരം അദ്ദേഹം സംസാരിക്കുകയും ചെയ്തു.

നിരവധി നാടകങ്ങൾ

കഴിഞ്ഞ 75 വർഷങ്ങളിലായി ദശക്കണക്കിനു ഷേക്സ്പിയർ നാടകങ്ങൾ സെന്റ് ബർക്കുമാൻസ് സ്റ്റേജിലും മറ്റു പല സ്റ്റേജുകളിലും അങ്ങേയറ്റം വിജയകരമായി അവതരിപ്പിക്കാൻ സെന്റ് ബർക്കുമാൻസിന്റെ ഷേക്സ്പിയർ തിയേറ്ററിനു കഴിഞ്ഞിട്ടുണ്ടെന്നു പറഞ്ഞു വയ്ക്കാനേ ഇപ്പോൾ സാധിക്കുന്നുള്ളൂ.

## സർ. സി.പി. സെന്റ് ബർക്കുമാൻസിൽ

1937 ലെ കോളജ് ഡേ ഉദ്ഘാടകൻ

അന്യാദൃശമായ രാജകീയ സ്വീകരണം

സെന്റ് ബർക്കുമാൻസിൽ 1937 ലെ കോളജ് ഡേ ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തത് ട്രാവൻകൂർ ദിവാൻ സർ സി പി രാമസ്വാമി അയ്യർ ആയിരുന്നു. കോട്ടയം, വിജയപുരം രൂപതകളുടെ മെത്രാന്മാരും ട്രാവൻകൂർ ചീഫ് ജസ്റ്റീസും വേദിയിൽ ഉപവിഷ്ടരായിരുന്നു. പ്രൊഫ. എൽ. എം. പൈലിയാണ് വിശിഷ്ടാതിഥികളെയും സദസ്യരെയും സ്വാഗതം ചെയ്തത്. അന്ന് ഫാ. പി. കാർട്ടി എസ്. ജെ. ചിന്തോദ്ദീപകമായ ഒരു പ്രസംഗം പറഞ്ഞു. ഉജ്ജ്വലപ്രതിഭയും, പരാക്രമപ്രൗഢനുമായിരുന്ന തിരുവിതാംകൂർ ദിവാൻ, സർ സി.പി. രാമസ്വാമി അയ്യർക്ക്, അന്യാദൃശ്യമായ, ഒരു രാജകീയസ്വീകരണമാണു, റോമയോസച്ചൻ സെന്റ് ബർക്കുമാൻസിൽ വച്ചു നല്കിയത്. കലാലയദിനത്തിന് അധ്യക്ഷനായി വന്ന സ്വാമിക്കുവേണ്ടി, ഒരു വമ്പിച്ച യോഗശാല തന്നെ ഹഡ്രിയാനച്ചന്റെ കലാകൗശലത്തിൽ നിന്ന് ഉടലെടുത്തു: ഹഡ്രിയാൻ ഹോൾ എന്ന പേരിൽ, നാലഞ്ചു കൊല്ലത്തേക്കു, നിലവിലിരുന്ന ഒന്നാന്തരം ഒരു പന്തൽ, ആയിരങ്ങളുടെ നിശ്ശബ്ദതയിൽ, 'വഞ്ചിവർഷ സചിവോത്തമൻ', മഹാപുരോഹിതന്മാരുടെ മധ്യേ സ്വീകരിക്കപ്പെടുക, സി.പി.യോടൊത്ത് മദ്രാസ് സിൻഡിക്കേറ്റിൽ പയറ്റിപ്പഴകി അഖിലലോക പ്രശസ്തിയാർജ്ജിച്ച ഫാദർ കാർട്ടി അധ്യക്ഷപ്രശംസയാകുന്ന ആമുഖത്തോടെ തന്റെ സരളഗംഭീര പ്രസംഗം നടത്തുക, മഹായോഗത്തിന്റെ മഹത്ത്വവും നിശ്ശബ്ദമായ അച്ചടക്കവും കണ്ട് ആഹ്ലാദഭരിതനായ രാമസ്വാമി അയ്യർ, സ്വന്തം വാഗ്ധോരണികൊണ്ട് യുവജനമാനസങ്ങളെയും നാട്ടുകാരെയും കോൾമയിരണിയിക്കുക, ഇതിന്റെയെല്ലാം സൂത്രധാരനായ റോമയോസച്ചൻ ശാലീനനായിത്തന്നെ, ആ പ്രസംഗവേദിയിൽ കാണപ്പെടുക - ഇവയെല്ലാം ഇന്നും രോമഹർഷം ഉളവാക്കുന്ന സ്മരണയാണ്.

'വഞ്ചിവർഷ സചിവോത്തമൻ'

## സി. പി. യുടെ പ്രശംസ

For the creation of corps d' elitle

തന്റെ പ്രസംഗത്തിൽ സി.പി., കോളജിന്റെ പ്രവർത്തനങ്ങളെ വിശിഷ്യാ, ഒരു



അഭിജ്ഞസമൂഹത്തിനു ജന്മം നല്കിയ അധ്യാപകരെയും വിദ്യാർത്ഥികളെയും മാനേജ്മെന്റിനെയും, മുക്തകണ്ഠം പ്രശംസിച്ചു. അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ ഉദ്ധരിക്കാം. I congratulate St. Berchmans for the great work it has done not only in the matter of bricks and mortar but in the creation of corps d' elite who will serve the many branches of the public endeavour in the State.

## പ്രഥമവിദ്യാർത്ഥി സംഘടന

രക്ഷാധികാരി കാളാശ്ശേരിപ്പിതാവ്

1938 ഫെബ്രുവരി 18 നു സെന്റ് ബർക്കുമാൻസിൽ പ്രഥമവിദ്യാർത്ഥി സംഘടന രൂപപ്പെട്ടു. അതിന്റെ രക്ഷാധികാരി കാളാശ്ശേരിപ്പിതാവായിരുന്നു. കേവലം മൂന്നു വയസ്സു മാത്രമുണ്ടായിരുന്നപ്പോൾ കാളാശ്ശേരിപ്പിതാവ് മോതിരം മുത്തിച്ചപ്പോൾ വേദനകൊണ്ടും ഭയംകൊണ്ടും പൊട്ടിക്കരയുന്നതാണ് ലേഖകന്റെ മറക്കാത്ത ആദ്യ ഓർമ്മ.

| | | |
|---|---|---|
| പ്രഥമപ്രസിഡന്റ് | - | റോമിയോസച്ചൻ (പ്രിൻസിപ്പൽ) |
| വൈസ്പ്രസിഡന്റ് | - | കെ. വി. തോമസ് |
| സെക്രട്ടറി | - | പ്രൊഫ. വി. വി. ജോൺ |
| ജോയിന്റ് സെക്രട്ടറി | - | പി. ജെ. ജോസഫ് പുല്ലാങ്കളം |

ഇവരിൽ പുല്ലാങ്കളംസാറിന്റെ സ്നേഹവും പരിഗണനയും വാത്സല്യവും അനുഭവിക്കാനും അദ്ദേഹത്തിന്റെ കൊച്ചുമക്കളെ പഠിപ്പിക്കാനും അദ്ദേഹത്തിന്റെ ചരമപ്രസംഗം പറയാനുമുള്ള ഭാഗ്യം ലേഖകനു സിദ്ധിച്ചിട്ടുണ്ട്.

## അസാധാരണയോഗം

ഡോ. ജീവനയോഗം
പി.കെ. നാരായണ
പിള്ള

ഡോ. ജീവനയോഗം എം. എ. പി. എച്ച്. ഡി., പ്രൊഫസർ, ട്രെയിനിംഗ് കോളജ് തിരുവനന്തപുരം, പി. കെ. നാരായണപിള്ള, തിരുവനന്തപുരം, ആർട്സ് കോളജ് പ്രൊഫസർ ഇവർ 1938 ലെ ഒരു അസാധാരണയോഗത്തിൽ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തു സംസാരിച്ചത് സെന്റ് ബർക്കുമാൻസിന് അഭിമാനദായകമായിരുന്നു.

## ട്രാവൻകൂർ യൂണിവേഴ്സിറ്റി

സെന്റ് ബർക്കു
മാൻസ് ട്രാവൻകൂർ
യൂണിവേഴ്സിറ്റി
യിൽ

പരാമർശിക്കപ്പെടുന്ന കാലത്തെ ഒരു പ്രധാനസംഭവം സെന്റ് ബർക്കുമാൻസ് ട്രാവൻകൂർ യൂണിവേഴ്സിറ്റിയിൽ അംഗത്വം സ്വീകരിച്ചതാണ്. ഈ സംഭവത്തിൽ ആ കാലയളവിൽ സെന്റ് ബർക്കുമാൻസിന്റെ അമരക്കാരനായിരുന്ന റോമിയോസച്ചൻ വഹിച്ച പങ്ക് വളരെ വലുതാണ്. ട്രാവൻകൂർ യൂണിവേഴ്സിറ്റിയുടെ ഉപദേശകസമിതിയിലെ അതിസമർത്ഥനായ അംഗമായും അച്ചൻ അംഗീകരിക്കപ്പെട്ടു. സിൻഡിക്കേറ്റിൽ സെന്റ് ബർക്കുമാൻസിന്റെ ശബ്ദം മുഴങ്ങിക്കേട്ടുകൊണ്ടിരുന്നു. മദ്രാസ് യൂണിവേഴ്സിറ്റിയിൽ ഈ സരസ്വതീക്ഷേത്രം അനുഭവിച്ചിരുന്ന എല്ലാ സ്വാതന്ത്ര്യവും ട്രാവൻകൂർ യൂണിവേഴ്സിറ്റിയിലും ലഭിക്കുമെന്ന ഉറപ്പു സമ്പാദിച്ചെടുക്കാൻ അദ്ദേഹത്തിനു സാധിച്ചു.

## സെന്റ് ബർക്കുമാൻസ് പ്രിൻസിപ്പൽ സിൻഡിക്കേറ്റിൽ

സെന്റ് ബർക്കുമാൻസ് പ്രിൻസിപ്പൽ സിൻഡിക്കേറ്റിന്റെ എക്സ് ഒഫീഷ്യോ അംഗമായും അംഗീകരിക്കപ്പെട്ടു. 1960കളിലും ഈ ആനുകൂല്യം തുടർന്നുകൊണ്ടിരുന്നു. ലേഖകനു സെന്റ് ബർക്കുമാൻസിലേക്ക്, 1960 ൽ, പ്രവേശനം നല്കിയ പ്രിൻസിപ്പൽ പി. സി. മത്തായിച്ചൻ സിൻഡിക്കേറ്റ് അംഗമായിരുന്നെന്നു സൂചിപ്പിച്ചിട്ടുണ്ടല്ലോ. പിയുസിയിലെ ഞങ്ങളുടെ സിറിയക് പരീക്ഷയുടെ ചോദ്യക്കടലാസ്, ബി.എ മാതൃകയിലായിപ്പോയപ്പോൾ, 'ഭയപ്പെടേണ്ട, ധൈര്യമായിരിക്കുക, എല്ലാവരും ജയിക്കുമെന്നു' പരീക്ഷാ ഹോളിൽ വന്നു ഞങ്ങൾക്ക് ഉറപ്പു നല്കിയത്, അങ്ങനെ ഞങ്ങളെ ധൈര്യപ്പെടുത്താൻ അച്ചനു കഴിഞ്ഞതിന്റെ അടിസ്ഥാന കാരണം, അദ്ദേഹത്തിന്റെ സിൻഡിക്കേറ്റിലെ അംഗത്വമാണെന്ന് അസ്മാദൃശർ നിഗമിച്ചത് ഓർമ്മിക്കുന്നു.

മദ്രാസ് യൂണിവേഴ്സിറ്റിയിലുണ്ടായിരുന്ന സ്വാതന്ത്ര്യം മുഴുവൻ

പി.സി. മത്തായിച്ചൻ സിൻഡിക്കേറ്റ് മെമ്പർ

## യൂണിവേഴ്സിറ്റിയിൽനിന്ന് ആനുകൂല്യം ലഭിച്ച പ്രഥമ കോളജ്

കേരളത്തിൽ അന്നുണ്ടായിരുന്ന നാലു പ്രൈവറ്റ് കോളജുകളിൽ സെന്റ് ബർക്കുമാൻസിനു മാത്രമാണ് യൂണിവേഴ്സിറ്റിയിൽ നിന്ന് ആനുകൂല്യങ്ങൾ ലഭിച്ചിരുന്നതെന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്.

ഗവൺമെന്റിന്റെ ആനുകൂല്യം ലഭിച്ചവരിൽ ഒന്നാമൻ

## വള്ളത്തോളിന്റെ ഷഷ്ടിപൂർത്തി

1938 നവംബർ 17 നു വാക്യസുന്ദരനായ മഹാകവി വള്ളത്തോൾ നാരായണമേനോന്റെ ഷഷ്ടിപൂർത്തി സെന്റ് ബർക്കുമാൻസ് സാഘോഷം കൊണ്ടാടുകയുണ്ടായി. റാവു സാഹിബ് ഒ. എം. ചെറിയാനാണ് അനുമോദനയോഗത്തിൽ അധ്യക്ഷപദം അലങ്കരിച്ചത്; അക്കാലത്തു സ്കൂളുകളുടെ ചീഫ് ഇൻസ്പെക്ടർ ശ്രീമാൻ അനീത്താ മുഖ്യപ്രഭാഷകനും.

ഒ.എം. ചെറിയാൻ അദ്ധ്യക്ഷൻ

## റ്റി. ചാണ്ടി സെന്റ് ബർക്കുമാൻസിൽ

1939 ഫെബ്രുവരി 27 നു നടന്ന കോളജു ഡേ ആഘോഷങ്ങളിൽ അധ്യക്ഷനായിരുന്നത് കോട്ടയം ഡിസ്ട്രിക്ട് മജിസ്ട്രേറ്റും ദിവാൻ പേഷ്കാറുമായിരുന്ന, മഹാനായ റ്റി. ചാണ്ടിയായിരുന്നു.

കോട്ടയം ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റും ദിവാൻ പേഷ്കാറും

## Full-fledged post graduate college

1953 ൽ സെന്റ് ബർക്കുമാൻസ് ഒരു full-fledged post graduate കോളജായി. പി. സി. മത്തായിച്ചനായിരുന്നു അന്നത്തെ പ്രിൻസിപ്പൽ; കാളാശ്ശേരിലച്ചൻ വൈസ്പ്രിൻസിപ്പലും.

## പുരയ്ക്കലച്ചൻ സെന്റ് ബർക്കുമാൻസിൽ വിശിഷ്ടാതിഥി

കോളജ് സമൂഹം പ്രഥമ പ്രിൻസിപ്പലിനെ ആദരിക്കാൻ 1954 - 55 ലെ കോളജു ഡേ യുടെ വിശിഷ്ടാതിഥിയായി അദ്ദേഹത്തെ ക്ഷണിക്കുകയും അച്ചൻ അങ്ങേയറ്റം മഹാമനസ്ക്കതയോടെ ആ ക്ഷണം സ്വീകരിക്കുകയും ചെയ്തത് അടിസ്ഥാന നന്മയുടെ അവികലമായ ആവിഷ്ക്കാരമാണ്. ആവേശോജ്ജ്വലമായ ഒരു

അടിസ്ഥാന നന്മയുടെ അവികലമായ ആവിഷ്കാരം

വരവേല്പായിരുന്നു അത്. ആജീവനാന്തം തന്റെ 'കുഞ്ഞി' നു വേണ്ടി രക്തം വിയർപ്പാക്കിയ, രക്തസാക്ഷിത്വം വരിച്ച, ആ വീരപുത്രനു കലാലയസമൂഹം വളരെ നേരത്തേതന്നെ നല്കേണ്ടിയിരുന്ന ഒരു ബഹുമതിയാണിത്.

## പ്രീ യൂണിവേഴ്സിറ്റിയുടെയും ത്രിവത്സര ഡിഗ്രികോഴ്സിന്റെയും തുടക്കം

1956 -57 ൽ ഇന്റർ മീഡിയറ്റ് കോഴ്സ് നിർത്തലാക്കി, തൽസ്ഥാനത്ത് പ്രീയൂണിവേഴ്സിറ്റി (ഒരു വർഷം മാത്രം) ആരംഭിച്ചു. 1958 ൽ ത്രിവത്സര ഡിഗ്രി കോഴ്സും ആരംഭിച്ചു.

## കേരളാഗവർണർ കോളജിൽ

1957 ഫെബ്രുവരി 22 നു നടന്ന കോളജ് ഡേയുടെ വിശിഷ്ടാതിഥി ആയിരുന്നതും ആഘോഷങ്ങൾക്ക് അധ്യക്ഷപദം അലങ്കരിച്ചതും അന്നത്തെ കേരളാ ഗവർണർ ആണ്. കോളജിനു വലിയ ബഹുമതിയായിരുന്നു അത്.

**കാളാശ്ശേരിലച്ചൻ മാർ ഇവാനിയോസ് പ്രിൻസിപ്പൽ**

ഈ കലായളവിലാണു കാളാശ്ശേരിലച്ചൻ മാർ ഇവാനിയോസ് കോളജ് പ്രിൻസിപ്പലായി അവരോധിക്കപ്പെട്ടതും സെന്റ് ബർക്കുമാൻസിന്റെ വൈസ് പ്രിൻസിപ്പലായി നങ്ങച്ചിവീട്ടിലച്ചൻ നിയമിതനായതും.

## കോളജ് ആർട്സ് ക്ലബ്ബ്

**ഷേക്സ്പിയർ തിയേറ്ററിനു ശക്തമായ പ്രോത്സാഹനം**

1957ൽ സെന്റ് ബർക്കുമാൻസ് കോളജ് ആർട്സ് ക്ലബ്ബ രൂപം കൊണ്ടു. അന്നു മുതൽ ഷേക്സ്പിയർ തീയേറ്ററിനു ശക്തമായ പ്രോത്സാഹനവും പ്രചോദനവും നല്കുന്നതിൽ ആർട്സ് ക്ലബ്ബ് ബദ്ധശ്രദ്ധമായിരുന്നു. ഉദ്ഘാടകൻ ആലപ്പുഴ എസ്. ഡി. കോളജിന്റെ പ്രഗത്ഭനായ പ്രിൻസിപ്പൽ പ്രൊഫ. രാമനാഥൻ ആയിരുന്നു. അദ്ദേഹം തന്നെയാണു പുതുതായി പണി തീർത്ത കോളജ് പവിലിയൻ തുറന്ന്, ഉദ്ഘാടനം ചെയ്തതും.

**സി എസ് യു ഉദ്ഘാടനം**

## വള്ളോപ്പിള്ളി പിതാവ്

പൂർവ്വവിദ്യാർത്ഥി റൈറ്റ് റവ. ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയാണ് 1957 ആഗസ്റ്റ് 22 ന് സി.എസ്.യു. ഉദ്ഘാടനം ചെയ്തത്. സാന്ദർഭികമായി പറയട്ടെ, ഈ മഹാപ്രതിഭയിൽ മനുഷ്യത്വവും അത്യുദാത്തമായ ഉപവിയും കാരുണ്യവും ദീനാനുകമ്പയും എളിമയുമെല്ലാം സമഞ്ജസമായി സമ്മേളിച്ചിരുന്നു.

**പ്രഗത്ഭമതി ധനതത്ത്വശാസ്ത്ര പണ്ഡിതൻ വിദ്യാഭ്യാസവിചക്ഷണൻ, നയതന്ത്രജ്ഞനായ ഭരണകർത്താവ്**

## ഡോ. ജോൺ മത്തായി വിശിഷ്ടാതിഥി

1959 – 60 ൽ സെന്റ് ബർക്കുമാൻസിന് കൈവന്ന അസുലഭഭാഗ്യം ആ വർഷത്തെ കോളജ് ഡേയ്ക്ക് അന്നത്തെ കേരളാ യൂണിവേഴ്സിറ്റി വൈസ്ചാൻസ്ലർ പ്രഗത്ഭമതി ഡോ. ജോൺ മത്തായിയെ വിശിഷ്ടാതിഥിയായി

ലഭിച്ചുവെന്നതാണ്. അതിപ്രഗത്ഭനായ, ധനതത്വശാസ്ത്രപണ്ഡിതൻ, വ്യുത്പന്നനായ വിദ്യാഭ്യാസവിചക്ഷണൻ, നയതന്ത്രജ്ഞനായ ഭരണകർത്താവ് ഇവയുടെയെല്ലാം ആൾരൂപമായിരുന്നു അദ്ദേഹം.

## പുരയ്ക്കലച്ചന്റെ മരണം

1960 ജൂലൈ 5 നു സെന്റ് ബർക്കുമാൻസിന്റെ (മഹാശില്പി) പുരയ്ക്കലച്ചൻ അന്തരിച്ചു. ബാംഗ്ലൂരിലായിരുന്നു അന്ത്യം. 6-ാം തീയതി ബുധനാഴ്ച രാത്രി 8 മണിക്ക് ആ മഹാനുഭാവന്റെ മൃതശരീരം കോളജിൽ കൊണ്ടുവരികയും അന്നത്തെ പ്രിൻസിപ്പലും, പുരയ്ക്കലച്ചന്റെ ശിഷ്യനുമായ പി. സി. മത്തായിച്ചൻ, മൃതദേഹത്തിൽ റീത്തു വയ്ക്കുകയും ചെയ്തു. അച്ചന്റെ മറ്റൊരു ശിഷ്യനും, അന്നു വൈസ്പ്രിൻസിപ്പലുമായിരുന്ന, നങ്ങച്ചിവീട്ടിലച്ചൻ, തന്റെ ഗുരുനാഥന്റെ സേവനങ്ങളെ വാനോളം പുകഴ്ത്തി, അവിസ്മരണീയമായ ഒരു അനുശോചന പ്രസംഗം നടത്തി. അനന്തരം മൃതശരീരം സ്വന്തം ഇടവകയായ പുളിങ്കുന്നിലേക്ക് കൊണ്ടുപോയി. പിറന്നമണ്ണിൽ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നു.

അവിസ്മരണീയമായ
അനുശോചന
പ്രസംഗം

## മുസ്ലീം വിദ്യാർത്ഥി സംഘടന

കോളജിന്റെ സെക്കുലർ സ്വഭാവം കൂടുതൽ പ്രകടമാക്കുമാറ്, അതേ വർഷം ജൂലൈ 15 ന് മുസ്ലീം വിദ്യാർത്ഥികളുടെ ഒരു സംഘടന (Muslim Students' Association) ഉദ്ഘാടനം ചെയ്യുകയും ശ്രീ. സി. പി. അസ്സീസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

സി.പി. അസീസ്
പ്രസിഡന്റ്

## പ്ലാനിംഗ് ഫോറം

കോളജിന്റെ പ്ലാനിംഗ് ഫോറം ആരംഭിച്ചത് 1956 ലാണ്. 1959 ൽ മലയാളം ബി.എ. ആരംഭിക്കാൻ സെന്റ് ബർക്കുമാൻസിനു സാധിച്ചു. 1960 ൽ പൂർവ്വവിദ്യാർത്ഥി ശ്രീ. ശ്രീകണ്ഠൻ നായർ ആർട്സ് ക്ലബ്ബിന്റെ ഒരു അസാധാരണ യോഗത്തിൽ പ്രസംഗിച്ചതും ശ്രദ്ധേയമാണ്.

സ്ഥാപനം 1956

മലയാളം ബിഎ

1961 ൽ പി. സി. മത്തായിച്ചൻ വിരമിച്ചു. അദ്ദേഹത്തിന്റെ കാലത്താണ് സെന്റ് ബർക്കുമാൻസ് ഒരു പൂർണ്ണ പി. ജി. കോളജായത്. അച്ചടക്കത്തിൽ കർക്കശനെങ്കിലും അധ്യാപക- വിദ്യാർത്ഥികളോട് അദ്ദേഹത്തിനു വലിയ സ്നേഹമായിരുന്നു, പരിഗണനയായിരുന്നു, വാത്സല്യമായിരുന്നു.

പൂർണ്ണ പിജി
കോളജ്

## കാളാശ്ശേരിലച്ചൻ പ്രിൻസിപ്പൽ

പി.സി. മത്തായിച്ചന്റെ പിൻഗാമിയായി കാളാശേരിലച്ചൻ സെന്റ് ബർക്കുമാൻസിന്റെ അണിയത്തെത്തി. ഏണേക്കാട്ടച്ചൻ വൈസ് പ്രിൻസിപ്പൽ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. 1961 ൽ എം.എസ്.സി. ബോട്ടണിക്കും എം.എസ്.സി ഫിസിക്സിനും അഫിലിയേഷൻ ലഭിച്ചു.

ഏണേക്കാട്ടച്ചൻ
വൈസ് പ്രിൻസിപ്പൽ



## പക്ഷി നിരീക്ഷകൻ സലിം അലി

പ്രസിദ്ധ പക്ഷി നിരീക്ഷണ ശാസ്ത്രജ്ഞൻ ഡോ. സലിം അലി സെന്റ് ബർക്കുമാൻസ് സന്ദർശിക്കുകയും വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തു, പക്ഷി ലോകത്തിലെ വിസ്മയങ്ങളിലേക്ക് അവരെ ആനയിക്കുകയും ചെയ്തു.

## പി. റ്റി. ചാക്കോ

കരുത്തനായ ആഭ്യന്തര മന്ത്രി

1961ൽ, പൂർവ്വവിദ്യാർത്ഥിയും കരുത്തനായ അന്നത്തെ ആഭ്യന്തരമന്ത്രിയുമായിരുന്ന ശ്രീ. പി. റ്റി. ചാക്കോയാണ് ആർട്സ് ക്ലബ്ബ് ഉദ്ഘാടനം ചെയ്തത്. കേരളസംസ്ഥാനത്തിനു കിട്ടിയ ഏറ്റം നല്ല ആഭ്യന്തര മന്ത്രിയായിരുന്നു അദ്ദേഹമെന്നു തോന്നിയിട്ടുണ്ട്.

## പി.യു.സി. കൊമേഴ്സിന് അംഗീകാരം

പിയുസി കൊമേഴ്സിന് അംഗീകാരം

1962 ൽ പിയുസി കൊമേഴ്സിന് അംഗീകാരം കിട്ടി. അതേവർഷം ജൂലൈ 9ന് മഹാകവി ജി. ശങ്കരക്കുറുപ്പാണ് മലയാളസമാജം ഉദ്ഘാടനം ചെയ്തത്. മുൻ പ്രിൻസിപ്പൽമാരായ റോമിയോസച്ചന്റെയും വില്യമച്ചന്റെയും പൗരോഹിത്യ രജതജൂബിലി കോളജുസമൂഹം സസന്തോഷം, സാഘോഷം, കൊണ്ടാടി. ജൂബിലേറിയൻസിന് ഇതു തങ്ങളുടെ വസതിയിലേക്കുള്ള മടങ്ങിവരവിന് അവസരമായി.

1963 ജനുവരി 23 ന് ആഭ്യന്തരമന്ത്രി പി. റ്റി ചാക്കോ ആത്മവിദ്യാലയം സന്ദർശിച്ച് ഡിഫൻസ് ഫണ്ടിലേക്കുള്ള സെന്റ് ബർക്കുമാൻസിന്റെ സംഭാവന, നന്ദിപൂർവ്വം, ഏറ്റുവാങ്ങി.

## ക്രിസ്തുരാജന്റെ തിരുനാൾ

അത്യാഡംബര പൂർവ്വം

പ്രഭാഷണം പ്രൊഫ. റ്റി.വി. വർക്കി

1963 ലും ക്രിസ്തുരാജന്റെ തിരുനാൾ അത്യാഡംബരങ്ങളോടെ ആഘോഷിക്കപ്പെട്ടു. ഓർക്കാൻ കഴിയുന്നിടത്തോളം, അന്നത്തെ പ്രഭാഷണം നടത്തിയത് എന്റെ ഗുരുനാഥൻ റ്റി. വി. വർക്കി സാറാണ്.

## പൂർവ്വവിദ്യാർത്ഥി സംഘടനയ്ക്കു പുതുജീവൻ

മന്ത്രി ശ്രീ. ഇ.പി. പൗലോസ് അദ്ധ്യക്ഷൻ

ഉറങ്ങിക്കിടന്ന പൂർവ്വവിദ്യാർത്ഥി സംഘടനയുടെ ഒരു അസാധാരണയോഗം 1963 മാർച്ച് 7 ന് കൂടുകയും പ്രവർത്തനം ഊർജ്ജസ്വലമാക്കുകയും ചെയ്തു. പൂർവ്വവിദ്യാർത്ഥിയും അന്നു മന്ത്രിയുമായിരുന്ന ശ്രീ. ഇ. പി. പൗലോസാണ് അധ്യക്ഷപദം അലങ്കരിച്ചത്. അദ്ദേഹം തന്നെ സംഘടനയുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ശ്രീമതി ലക്ഷ്മി ആനന്ദ് വൈസ്പ്രസിഡന്റായും ഡോ. റ്റി. വി. ജോസും പ്രൊഫ. എം. എം. ജോസഫും സെക്രട്ടറിമാരായും തെരഞ്ഞെടുക്കപ്പെട്ടു.

ചീഫ് മിനിസ്റ്റർ ആർ. ശങ്കർ 1664 ൽ സഹൃദയ ഉദ്ഘാടനം ചെയ്തു

## ബികോമിന് അംഗീകാരം

1964 ൽ ബികോമിന് അംഗീകാരം കൈവന്നു. സേക്രഡ് ഹാർട്ട് ഹോസ്റ്റലിനു

പകരമായി കാളാശ്ശേരിലച്ചൻ പണിയിച്ച സഹൃദയാഹോസ്റ്റൽ, അന്നത്തെ ചീഫ് മിനിസ്റ്റർ, ആർ. ശങ്കർ, ജൂണിൽത്തന്നെ ഉദ്ഘാടനം ചെയ്തു.

## SHAKESPEARE QUARTER CENTENARY

1964 ജനുവരി 22 ന് ഷേക്സ്പിയറിന്റെ Quarter Centenary ആർഭാടപൂർവ്വം ആഘോഷിക്കപ്പെട്ടു. എ.ഇ. അഗസ്റ്റിൻ സാറിന്റെ ഡയറക്ഷനിൽ ഒഥല്ലോ അങ്ങേയറ്റം വിജയകരമായി അവതരിപ്പിക്കപ്പെട്ടു. പ്രൊഫ. എസ്. എൽ. തോമസ് ഒഥല്ലോയുടെ വേഷവും പ്രൊഫ. കെ.കെ. ഫ്രാൻസിസ് ഇയാഗോയുടെ വേഷവുമിട്ടു. പൂർവ്വവിദ്യാർത്ഥി സംഘടനയുടെ ധനശേഖരാണർത്ഥം 'ഒഥല്ലോ' പുനരവതരിപ്പിക്കപ്പെട്ടു. എസ്. എൽ. തോമസ് സാറും ഫ്രാൻസിസ് സാറും അവരുടെ മുൻവേഷങ്ങൾ തന്നെ അണിഞ്ഞു. പ്രൊഫ. കൃഷ്ണയ്യർ ബ്രബാൻഷിയോയുടെ വേഷമിട്ടപ്പോൾ പ്രൊഫ. വി. ജെ. അഗസ്റ്റിൻ റൊഡ്രിഗോയെ അവതരിപ്പിച്ചു. ഡെസ്ഡിമോണയെ അവതരിപ്പിക്കാൻ രംഗത്തു വന്നതു ജോസഫ്കുഞ്ഞാണ്.

## പ്രീഡിഗ്രി

എം.എസ്.സി. കെമിസ്ട്രിയും 1964 ൽ ബി. എ. ഇംഗ്ലീഷും ആരംഭിച്ചു. പി.യു.സി.യുടെ സ്ഥാനത്തു ദ്വിവത്സര പ്രീഡിഗ്രി ആയി.

## ബയോളജി ബ്ലോക്ക്

ഉലഹന്നാൻ മാപ്പിള
സാറിന്റെ ഷഷ്ടി
പൂർത്തി

മന്നം, വടക്കനച്ചൻ
വിശിഷ്ടാതിഥികൾ

1964-ൽത്തന്നെ ബയോളജി ബ്ലോക്കിന്റെ പണി ആരംഭിച്ചു. 7 ലക്ഷം രൂപായുടെ പ്ലാനാണ് യുജിസിക്കു സമർപ്പിച്ചത്.1965 ലെ ഒരു സംഭവം ഉലഹന്നാൻ മാപ്പിള സാറിന്റെ ഷഷ്ട്യബ്ദപൂർത്തി ആഘോഷമായിരുന്നു. മന്നത്തു പത്മനാഭപിള്ളയും വടക്കനച്ചനുമായിരുന്നു അന്നത്തെ വിശിഷ്ടാതിഥികൾ. ജനുവരിയിലായിരുന്നു ആഘോഷം.

## എം.എസ്.സി. സുവോളജി, മാത്തമാറ്റിക്സ്

ജനുവരി 23 ന് പ്രൊഫ. കുളത്തൈസ്വാമി പിള്ള അന്തരിച്ചു. 1965 ൽ എം.എസ്.സി. സുവോളജിക്കും മാത്തമാറ്റിക്സിനും അംഗീകാരം ലഭിച്ചു. 1965 ആഗസ്റ്റ് 15ന് മുൻപ്രിൻസിപ്പൽ വില്ല്യമച്ചൻ തന്റെ നിത്യ വിശ്രമത്തിനു പോയി.

വില്ല്യമച്ചൻ നിത്യവി
ശ്രമത്തിന്

## പോൾ ആറാമൻ മാർപ്പാപ്പായുടെ ആശീർവാദം

അധ്യാപകരും
വിദ്യാർത്ഥികളും
ബോംബെ ദിവ്യകാ
രുണ്യ കോൺഗ്ര
സ്സിൽ

1965 നവംബർ 28 മുതൽ ഡിസംബർ 6 വരെ ബോംബെയിൽ നടന്ന ഇന്റർനാഷണൽ ദിവ്യകാരുണ്യകോൺഗ്രസ്സിൽ അധ്യാപകരും വിദ്യാർത്ഥികളും ഉൾക്കൊള്ളുന്ന ഒരു സമൂഹം സെന്റ് ബർക്കുമാൻസിനെ പ്രതിനിധീകരിച്ചു പങ്കെടുത്തു, പോൾ ആറാമൻമാർപ്പാപ്പായുടെ ആശീർവാദം അവർ ഏറ്റുവാങ്ങുകയുണ്ടായി.

## റൂബി ജൂബിലി

സെന്റ് ബർക്കുമാൻസിൽ ശാസ്ത്രവിദ്യാഭ്യാസം ആരംഭിച്ചതിന്റെ റൂബി



ജൂബിലി 1965 ലായിരുന്നു. ഈ സുവർണ്ണാവസരം അവിസ്മരണീയമാക്കാൻ ഒരു വലിയ സയൻസ് എക്സിബിഷനും ആർട്ട്സ് ഫെസ്റ്റിവലും സംഘടിപ്പിക്കുകയുണ്ടായി.

സമാപനം
അധ്യക്ഷൻ
ഷെവ. കെ.സി.
ചാക്കോ

എം.പി. മന്മഥൻ കെ.
ബാലകൃഷ്ണൻ
എസ്. ഗോപാൽ

പ്രേം നസീർ നയിച്ച
നാടകം

ഷീല, സുകുമാരി,
അടൂർപങ്കജം,
അടൂർഭാസി,
ബഹദൂർ-
നടീനടന്മാർ

## ശാസ്ത്രപഠനം തുടങ്ങിയതിന്റെ റൂബി ജൂബിലി, സയൻസ് എക്സിബിഷൻ, ആർട്സ് ഫെസ്റ്റിവൽ

ആർട്സ് ഫെസ്റ്റിവലിന്റെ സമാപനസമ്മേളനത്തിൽ അധ്യക്ഷപദം അലങ്കരിച്ചത് അന്ന് തിരുവനന്തപുരം എൻജിനീയറിംഗ് കോളജിന്റെ പ്രിൻസിപ്പലും സാങ്കേതികവിദ്യാഭ്യാസത്തിന്റെ ഡിറക്ടറുമായിരുന്ന പൂർവ്വവിദ്യാർത്ഥി ശ്രീ. കെ. സി. ചാക്കോയാണ്. തിരുവനന്തപുരം എം.ജി. കോളജ് പ്രിൻസിപ്പൽ പ്രൊഫ. എം. പി. മന്മഥൻ, കേരളകൗമുദിയുടെ എഡിറ്റർ ശ്രീ. കെ. ബാലകൃഷ്ണൻ, കോട്ടയം ഡിസ്ട്രിക്ട് കളക്ടറായിരുന്ന ശ്രീ. എസ്. ഗോപാൽ ഇവർ അന്നത്തെ പ്രസംഗകരായിരുന്നു. അവരുടെ പ്രസംഗങ്ങൾ മാസ്റ്റർപീസുകളായിരുന്നുവെന്നാണ് റിപ്പോർട്ട്. അനുബന്ധമായി മലയാള സിനിമയിലെ നിത്യഹരിതനായകൻ, സെന്റ് ബർക്കുമാൻസിന്റെ അഭിമാനം, പ്രേംനസീർ നയിച്ച ഒരു നാടകവുമുണ്ടായിരുന്നു. ബഹദൂർ, അടൂർഭാസി, ഷീല, സുകുമാരി, അടൂർ പങ്കജം ഇവരും അഭിനേതാക്കളായിരുന്നു. എക്സിബിഷനും ആർട്സ് ഫെസ്റ്റിവലും ചരിത്രസംഭവങ്ങളായതുകൊണ്ട്, ചരിത്രപ്രസിദ്ധമായതുകൊണ്ട്, സെന്റ് ബർക്കുമാൻസിന്റെ Annus mirabilisഎന്ന് 1965 നെ ചിലർ വിശേഷിപ്പിക്കാറുണ്ട്.

സെന്റ് ബർക്കു
മാൻസിൽ അധ്യാ
പകൻ, കേരളാ
യൂണിവേഴ്സിറ്റി
വൈസ് ചാൻസ്‌ലർ

## ഡോ. എ.വി. വർഗീസ് എം.എ. പി.എച്ച്.ഡി.

1965 ലെ ആർട്സ് ക്ലബ്ബ് ഉദ്ഘാടനം ചെയ്തത് പൂർവ്വവിദ്യാർത്ഥിയും കുറഞ്ഞൊരുകാലം ഇവിടെ അധ്യാപകനും പിന്നീടു കേരളാ യൂണിവേഴ്സിറ്റി വൈസ്ചാൻസലറുമായ ഡോ. എ.വി. വർഗീസ് എം.എ. പി.എച്ച്.ഡി. ആണ്. പ്രൊഫ. ജി. സുകുമാരൻ നായർ (എൻ.എസ്.എസ്. പെരുന്ന) പ്രസംഗകനായിരുന്നു.

മഹാപ്രതിഭയെ
അനുസ്മരിച്ചു
പ്രസംഗിച്ചവർ
ശൂരനാട്
കെ. രാമകൃഷ്ണപിള്ള

## ഐ.സി. സിമ്പോസിയം

സെന്റ് ബർക്കുമാൻസ് മാനേജിംഗ് ബോർഡിന്റെ അൽമായപ്രതിനിധിയും, കവിയും, മഹാപ്രതിഭയുമായ ഷെവ. ഐ. സി. ചാക്കോയുടെ അനുസ്മരണ സിംപോസിയത്തിൽ വിജ്ഞപ്തിപ്രഭാഷണങ്ങൾ നടത്തിയത് സാഹിത്യലോകത്തെ മഹാരഥന്മാരായ പ്രൊഫ. ശൂരനാടു കുഞ്ഞൻപിള്ള, ശ്രീ. കുട്ടനാടു രാമകൃഷ്ണപിള്ള, ശ്രീ. പി. കെ. നാരായണപിള്ള എന്നിവരാണ്. (മാർച്ച് 2, 1967)

ബയോളജി
ബ്ലോക്കിന്റെ ഉദ്ഘാ
ടനം

## ബയോളജി ബ്ലോക്കിന്റെ ഉദ്ഘാടനം

## എം.എ. ഇംഗ്ലീഷ്

എം.എ. ഇംഗ്ലീഷിന് അംഗീകാരം ലഭിച്ചതും 1967 ലാണ്. ബയോളജി

ബ്ലോക്കിന്റെ ഉദ്ഘാടനവും അതേവർഷം തന്നെ നടന്നു. ബോട്ടണി, സുവോളജി, മാത്തമാറ്റിക്സ്, കൊമേഴ്സ് വകുപ്പുകളും ക്ലാസ്സുകളും പുതിയ ബ്ലോക്കിലേക്കു മാറ്റി സ്ഥാപിച്ചു. ഔപചാരിക ഉദ്ഘാടനം 1968 ജനുവരി 18 നായിരുന്നു. ഓറിയന്റൽ കോൺഗ്രിഗേഷന്റെ പ്രീഫെക്ട് കർദ്ദിനാൾ മാക്സ്മീലിയൻ ഫുർസ്റ്റൻബർഗാണ് പ്രസ്തുതമംഗളകർമ്മം നിർവ്വഹിച്ചത്. ഇന്ത്യയുടെ പ്രോനുൺഷോ മാർ ജോസഫ് കാപ്രിയോയും ദൈവദാസൻ കാവുകാട്ടുപിതാവും തദവസരത്തിൽ സന്നിഹിതരായിരുന്നു. കോളജിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലു തന്നെയായിരുന്നു ഈ സംഭവം.

മുഖ്യപ്രഭാഷകർ എം.പി. മന്മഥൻ, കെപികെ പിഷാരാടി, സിഎൻ നമ്പൂതിരി

## ഗാന്ധിജിയുടെ ജന്മശതാബ്ദി

മഹാത്മാഗാന്ധിയുടെ ജന്മശതാബ്ദി, 1968 –69 നിറഞ്ഞു നിന്നു. ആദ്യ സമ്മേളനത്തിൽ പ്രൊഫ. എം.പി. മന്മഥൻ, കെ. പി. കെ. പിഷാരടി, സി. എൻ. പി. നമ്പൂതിരി ഇവരായിരുന്നു മുഖ്യപ്രഭാഷകർ. ജനുവരി 30 ന് ഒരു പ്രത്യേക സമ്മേളനം കൂടി ഉണ്ടായിരുന്നു. തദവസരത്തിൽ ആചാര്യ കെ. കെ. ചാണ്ടി, പ്രൊഫ. കെ. എം. തരകൻ, ശ്രീ. എൻ. എൻ. മൂസത് എന്നിവർ ഹൃദയസ്പർശിയായ പ്രസംഗങ്ങൾ നടത്തുകയുണ്ടായി. 1969 ഒക്ടോബർ 9ന് പുണ്യശ്ലോകനായ കാവുകാട്ട് തിരുമേനി അന്തരിച്ചു.

ദൈവദാസൻ കാവുകാട്ടുപിതാവിന്റെ മരണം

## മാക്ബത്ത് സെന്റ് ബർക്കുമാൻസ് സ്റ്റേജിൽ 4 പ്രാവശ്യം

1969–70 ൽ എ. ഇ. അഗസ്റ്റിൻ സാറും കെ. ജെ. ജോൺ സാറും എകോപിച്ചു ഡിറക്ട് ചെയ്ത് മാക്ബത്ത് 4 പ്രാവശ്യം അവതരിപ്പിച്ചു. ശ്രീ. ജോർജ്ജ് മാത്യു മാക്ബെത്തിന്റെയും കെ.കെ. ഫ്രാൻസിസ്സാർ ലേഡി മാക്ബത്തിന്റെയും വേഷമിട്ടു. നാടകം ഒരു വൻവിജയമായിരുന്നു.

ഡയറക്ടേഴ്സ് എ.ഇ. അഗസ്റ്റിൻ കെ.ജെ. ജോൺ

## കാളാശ്ശേരിലച്ചൻ പടിയിറങ്ങുന്നു

1970 മാർച്ച് 31നു സെന്റ് ബർക്കുമാൻസിന് ഒരിക്കലും മറക്കാനാവാത്ത കാളാശ്ശേരിലച്ചൻ നൗകയുടെ ഒന്നാം അണിയത്തു നിന്നും ഇറങ്ങി. ആറു പി. ജി. കോഴ്സുകൾക്കാണ് അച്ചൻ അംഗീകാരം നേടിയെടുത്തത്. പിൻഗാമിയായി കരുത്തനായ കുര്യാളശേരിലച്ചൻ 'അമരത്തു' കയറി.

അവിസ്മരണീയൻ ആറു പിജികൾക്ക് അംഗീകാരം വാങ്ങിയിട്ട്

## ശ്രീ. എൻ. വി. കൃഷ്ണവാര്യർ

ശ്രീ. എൻ. വി. കൃഷ്ണവാര്യർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ, 1969 നവംബർ 11 നു വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തു. ആ വർഷത്തെ ആർട്സ് ക്ലബ്ബ് ഉദ്ഘാടനം നിർവഹിച്ചത് സിനി ആക്ടർ പി. ജെ. ആന്റണിയാണ്. സുപ്രസിദ്ധ മലയാളം നോവലിസ്റ്റ് ശ്രീ. തകഴി ശിവശങ്കരപിള്ളയായിരുന്നു പ്രസ്തുത യോഗത്തിന്റെ അദ്ധ്യക്ഷൻ. കോളജ് ഡേ ആഘോഷത്തിന്റെ വിശിഷ്ടാതിഥി ജസ്റ്റീസ് റ്റി. സി. രാഘവൻ ആയിരുന്നു.

ആർട്സ് ക്ലബ് ഉദ്ഘാടനം പി.ജെ. ആന്റണി അധ്യക്ഷൻ തകഴി ജസ്റ്റീസ് റ്റി.ഡി. രാഘവൻ, വിശിഷ്ടാതിഥി



## ഡോ. എം. വി. പൈലി

യൂണിയന്റെ സമാപനസമ്മേളനത്തിൽ വിശിഷ്ടാതിഥിയായിരുന്നത്, മാനേജ്മെന്റ് സ്റ്റഡീസിന്റെ പിതാവും, സെന്റ് ബർക്കുമാൻസിന്റെ പൂർവ്വവിദ്യാർത്ഥിയുമായ, ഡോ. എം. വി. പൈലിയാണ്. പൂർവ്വവിദ്യാർത്ഥി സംഘടന കൂടുതൽ സജീവമാക്കാനുള്ള ശ്രമവും ആ വർഷം നടന്നു.

## കുര്യാളശേരിലച്ചന്റെ സാരഥ്യം

കാളാശ്ശേരിലച്ചൻ വിരമിച്ച വിടവു നികത്തിയത്, തൊട്ടുമുമ്പു സൂചിപ്പിച്ചതുപോലെ, അവിസ്മരണീയനായ കുര്യാളശ്ശേരിലച്ചനാണ്. ലേഖകന് എം.എയ്ക്കു പ്രവേശനം തന്നതും ആത്മവിദ്യാലയത്തിൽ അധ്യാപകനായി നിയമിച്ചതും അദ്ദേഹമാണ്.

പടിയറപ്പിതാവ് രക്ഷാധികാരി

## ന്യൂമാൻ ഹോസ്റ്റലിന്റെ രജതജൂബിലി

നസീർ വിശിഷ്ടാതിഥി

നഞ്ചിവീട്ടിലച്ചൻ ഉദ്ഘാടകൻ

നിർണ്ണായക ശബ്ദം

1970 ആഗസ്റ്റ് 15 നു പടിയറപ്പിതാവ്, ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ, ആയി ചാർജെടുത്തു; ഒപ്പം സെന്റ്ബർക്കുമാൻസിന്റെ രക്ഷാധികാരിയായും. സെപ്റ്റംബർ 5, 6 തീയതികളിൽ ന്യൂമാൻ ഹോസ്റ്റലിന്റെ രജതജൂബിലി ആഘോഷം നടന്നു. പടിയറപ്പിതാവായിരുന്നു യോഗാധ്യക്ഷൻ. ഒരുകാലത്തു ന്യൂമാനിൽ നിറഞ്ഞുനിന്നിരുന്ന ഹോസ്റ്റൽ വിദ്യാർത്ഥി അബ്ദുൾ ഖാദർ, ശ്രീ. പ്രേം നസീർ, ആയിരുന്നു, വിശിഷ്ടാതിഥി. നഞ്ചിവീട്ടിലച്ചൻ പരിപാടികൾ ഉദ്ഘാടനം ചെയ്തു. പൂർവ്വവിദ്യാർത്ഥി പ്രൊഫ. തൃക്കൊടിത്താനം ഗോപിനാഥൻനായർ പ്രസംഗിച്ചു. 1970ൽത്തന്നെയാണ് സക്കറിയാസാർ കേരളായൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗമായത്. ഈ പ്രതിഭ കേരളായൂണിവേഴ്സിറ്റിയിൽ ഒരു നിർണ്ണായകശബ്ദമായിരുന്നു.

## സെന്റ് ബർക്കുമാൻസിന്റെ എം.പി.

1971ൽ മലയാളവിഭാഗത്തിലെ ജനകീയാധ്യാപകനും പ്രഗത്ഭവാഗ്മിയുമായിരുന്ന എം. എം. ജോസഫ് സാർ ഇന്ത്യൻ പാർലമെന്റ് അംഗമായി. കോളജിന്റെ പേരും പെരുമയും കൂടുതൽ വർദ്ധമാനമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്.

## ഈപ്പച്ചൻ മാതൃ ഇടവകയിലേക്ക്

1971 ജൂലൈ 9ന് പുണ്യശ്ലോകനായ അയിലൂപ്പറമ്പിൽ ഈപ്പച്ചൻ, ലോജിക്, ലെക്ചറർ, വൈസ്പ്രിൻസിപ്പൽ, ആക്ടിംഗ് പ്രിൻസിപ്പൽ, ആധ്യാത്മിക നിയന്താവ് എന്നീ നിലകളിൽ 36 വർഷം സെന്റ്ബർക്കുമാൻസിനെ ഉപാസിച്ചിട്ട്, തന്റെ സ്വന്തം ഇടവകയായ ആനക്കല്ലിലേക്ക് താമസം മാറി. അദ്ദേഹത്തിന്റെ നിഷ്കളങ്കമായ പുഞ്ചിരിയും സ്നേഹനിർഭരമായ കൊച്ചുകൊച്ചു വാക്കുകളും വിനയപ്രകൃതിയും കൊണ്ട് ആയിരങ്ങൾക്ക് അദ്ദേഹം അനുഗ്രഹമായി. To see him was a feast and to hear him was a festival.

സ്റ്റാഫ് അസോസിയേഷൻ മുൻകൈയെടുത്തു

## കാവുകാട്ടുഹാളിന്റെ ശിലാസ്ഥാപനം

ശിലാസ്ഥാപനം പടിയറപ്പിതാവ്

ചങ്ങനാശ്ശേരിയിലെ കത്തോലിക്കാസമൂഹത്തിന്റെയും സെന്റ് ബർക്കുമാൻസ്, അസംപ്ഷൻതനയരുടെയും ഒരു ചിരകാലാഭിലാഷമായിരുന്നു ദൈവദാസൻ കാവുകാട്ടുപിതാവിന്റെ സ്മരണ എന്നെന്നും നിലനിർത്താൻ എന്തെങ്കിലുമൊരു സ്മാരകം സ്ഥാപിക്കണമെന്നത്. സ്റ്റാഫ് അസ്സോസിയേഷൻ ഇക്കാര്യത്തിൽ മുൻകൈയെടുത്തു. ഈ നല്ല സംരംഭത്തിൽ നിർലോഭമായി സംഭാവന ചെയ്യാൻ അവർ സന്നദ്ധത പ്രകടിപ്പിച്ചു. നിരവധി ആളുകൾ സസന്തോഷം അവരുടെ സംഭാവനകൾ നല്കി. അഭിവന്ദ്യ കാവുകാട്ടു പിതാവ് ഉപയോഗിച്ചിരുന്ന കാർ പിൻഗാമിയായ പടിയറപ്പിതാവ് ഈ സംരംഭത്തിനു ധനശേഖരണാർത്ഥം സംഭാവന ചെയ്തു. 1971 ആഗസ്റ്റ് 15 ന് അഭിവന്ദ്യപടിയറപ്പിതാവ് കാവുകാട്ടുഹാളിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. സെന്റ് ബർക്കുമാൻസ് - അസംപ്ഷൻ കലാലയങ്ങളിലെ അധ്യാപകരും വിദ്യാർത്ഥിനീവിദ്യാർത്ഥികളും, മഹാമനസ്കതയോടെ, പുതിയ സംരംഭത്തിനു സസന്തോഷം സംഭാവനകൾ സമ്മാനിച്ചു.

## പവ്വത്തിലച്ചൻ സഹായമെത്രാൻ

പോൾ ആറാമൻ മാർപ്പാപ്പായിൽനിന്നും മെത്രാൻപട്ടം

1972 ജനുവരി 29 അനുഗ്രഹത്തിന്റെ ദിവസമായിരുന്നു. ഇക്കണോമിക്സ് ഡിപ്പാർട്ടുമെന്റിൽ ലക്ചറർ ആയിരുന്ന ഫാ. ജോസഫ് പവ്വത്തിൽ ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാനായി അവരോധിക്കപ്പെട്ടു. 1972 ഫെബ്രുവരി 13 ന് പോൾ ആറാമൻ മാർപ്പാപ്പാ അദ്ദേഹത്തെ മെത്രാനായി അഭിഷേചിച്ചു. അതുവരെ കോളജിന്റെ മാനേജരായിരുന്ന മോൺസിഞ്ഞോർ എൽ ജെ. ചിറ്റൂരിന്റെ സ്ഥാനത്ത് പവ്വത്തിൽപിതാവു മാനേജരുമായി. 1972 മെയ് 28ന് ചിറ്റൂരച്ചൻ പുതിയ സ്റ്റാഫ് ക്വാർട്ടേഴ്സിനും പവ്വത്തിൽ പിതാവ് പുതിയ ലൈബ്രറി കെട്ടിടത്തിനും തറക്കല്ലിട്ടു.

## ഡിറക്റ്റ് പേമെന്റ്

ലേഖകൻ സെന്റ് ബർക്കുമാൻസിൽ അധ്യാപകൻ

1972 - 73 ൽ ഡിറക്റ്റ് പേമെന്റ് നിലവിൽ വന്നു. ഗുണദോഷങ്ങളൊന്നും വിലയിരുത്തുന്നില്ല. അധ്യാപകനിയമനം ഒരു കമ്മിറ്റി നടത്തിത്തുടങ്ങി. ഗവ. നോമിനി, സബ്ജക്റ്റ് എക്സ്പെർട്ട്, മൂന്നു മാനേജ്മെന്റ് പ്രതിനിധികൾ അതായിരുന്നു കമ്മറ്റിയുടെ ഘടന. ചങ്ങനാശ്ശേരി അതിരൂപതയിലെ വൈദികരിൽ പുതിയ നിയമങ്ങൾക്കെല്ലാം വിധേയനായി ഇന്റർവ്യൂവിലൂടെ എന്റെ സെന്റ് ബർക്കുമാൻസിൽ നിയമിതനായ പ്രഥമ വൈദികനാണു ലേഖകൻ (ഫെബ്രു. 17:1977).

## ശ്രീ. പി. ജെ. സെബാസ്റ്റ്യന് അനുമോദനം

ശ്ലാഘനീയം

സ്വാതന്ത്ര്യസമരസേനാനിയായിരുന്ന ചങ്ങനാശ്ശേരിയുടെ അരുമ മകൻ, വീരസന്താനം, അനിഷേധ്യനേതാവ് ശ്രീ. പി. ജെ. സെബാസ്റ്റ്യനെ 1972 ൽ കോളജ് കമ്മ്യൂണിറ്റി അനുമോദിച്ചത് ശ്ലാഘനീയം തന്നെ.



## സെന്റ് ബർക്കുമാൻസിന്റെ സുവർണ്ണ ജൂബിലി

ജൂബിലി ആരംഭം

ഈ മഹാസംരംഭത്തിനു ചുക്കാൻ പിടിക്കാൻ പരമപിതാവു തെരഞ്ഞെടുത്തത് സമർത്ഥനായ കുര്യാളശ്ശേരിലച്ചനെയാണ്. കാവുകാട്ടുഹാളിന്റെ ഉദ്ഘാടനത്തോടെ ജൂബിലി ആരംഭിച്ചുവെന്നു പറയാം. ദൈവദാസൻ കാവുകാട്ടുപിതാവിന്റെ പാവനസ്മരണ നിലനിർത്താൻ പണികഴിപ്പിക്കപ്പെട്ട ഈ സുന്ദരസൗധം ആശീർവദിച്ചു പ്രതിഷ്ഠിക്കാനുള്ള അനുഗ്രഹം കൈവന്നത് അഭിവന്ദ്യ പടിയറപ്പിതാവിനാണ്. കാവുകാട്ടുഹാളിന്റെ സ്റ്റേജിൽ കേന്ദ്രഭാഗത്ത് വച്ചിരിക്കുന്ന കാവുകാട്ടു പിതാവിന്റെ സുന്ദരമായ ആ ഫോട്ടോ വെഞ്ചരിച്ചു, വേർപെടുത്തി, ദൈവത്തിനു സമർപ്പിച്ചതു, പിതാവിന്റെ സതീർത്ഥ്യൻ സെബാസ്റ്റ്യൻ വയലിൽ പിതാവാണ്. ജനുവരി 1, 1974 ആയിരുന്നു ആ സുന്ദരദിനം. തെന്നിന്ത്യയിലെ തന്നെ ഒരു വലിയ കോളജ്ഓഡിറ്റോറിയം എന്ന ബഹുമതി കാവുകാട്ടുഹാളിനുണ്ട്.

കാവുകാട്ടുഹോളിന്റെ വെഞ്ചരിപ്പ് ശിലാസ്ഥാപനം നടത്തിയ വ്യക്തി തന്നെ

3200 പേർക്കുള്ള സൗകര്യങ്ങളാണ് ഓഡിറ്റോറിയത്തിനുള്ളത്. ഉദ്ഘാടനച്ചടങ്ങിന്റെ അതിപ്രധാന ഭാഗം ഭക്തിനിർഭരമായ ഒരു സമൂഹബലിയായിരുന്നു. അന്ന് 12.5 ലക്ഷം രൂപയാണ് ആകെ ചെലവു വന്നത്.

ഭക്തിനിർഭരമായ സമൂഹബലി

## സമാരംഭം - വിദ്യാർത്ഥി - രക്ഷാകർത്തൃസമ്മേളനം

1972 ജനുവരി 17 നാണ് ജൂബിലി ആഘോഷങ്ങൾ ഔപചാരികമായി സമാരംഭിച്ചത്. വിദ്യാർത്ഥികളുടെയും അവരുടെ രക്ഷകർത്താക്കളുടെയും ഒരു സമ്മേളനമായിരുന്നു ആദ്യം നടന്നത്.

## സെബാസ്റ്റ്യൻ വയലിൽ പിതാവ്

അദ്ധ്യക്ഷൻ വയലിൽപ്പിതാവ് പ്രസംഗകർ

പ്രഥമബാച്ചിലെ വിദ്യാർത്ഥി വയലിൽപ്പിതാവ് യോഗാദ്ധ്യക്ഷനായിരുന്നു. പിതാവിന്റെ സഹപാഠി കുരീത്തടത്തിലച്ചൻ, അന്നത്തെ എൻ. എസ്. എസ്. ജനറൽ സെക്രട്ടറി കിടങ്ങൂർ ഗോപാലകൃഷ്ണപിള്ള (പൂർവ്വവിദ്യാർത്ഥി തന്നെ), ഡോ. എ. പി. മണി, ഡോ. ശിവപ്രസാദ് ഇവർ പ്രസംഗകരായിരുന്നു.

## ഡോ. ആർ. എസ്സ്. കൃഷ്ണൻ

ലിറ്ററി ആന്റ് സയൻസ് കോൺഗ്രസ്സ് ഉദ്ഘാടനം ഡോ. ആർ എസ്സ്. കൃഷ്ണൻ

ജനുവരി 18 നു നടന്ന ലിറ്ററി ആന്റ് സയൻസ് കോൺഗ്രസ്സ് ഉദ്ഘാടനം ചെയ്തത് അന്നത്തെ കേരളാ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ആർ. എസ്സ്. കൃഷ്ണനാണ്. മലയാളഭാഷാപണ്ഡിതൻ പ്രൊഫ. ഗുപ്തൻ നായർ, പോസ്റ്റുമാസ്റ്റർ ജനറൽ ശ്രീ. സിറിൽ നൈനാൻ, പ്രൊഫ. ഒ. ലൂക്കോസ്, പ്രൊഫ. കെ. എം. ചാണ്ടി, (പ്രഗത്ഭരായ പൂർവ്വവിദ്യാർത്ഥികൾ) ഇവരാണ് 'അമ്മ'യ്ക്ക് അനുമോദനം അറിയിച്ചുകൊണ്ടും അനുഗ്രഹാശിസ്സുകൾ പ്രാർത്ഥിച്ചുകൊണ്ടും പ്രസംഗിച്ചത്.

'അമ്മയ്ക്ക്' അനുമോദനം

## പ്രൊഫ. വി.വി. ജോൺ

എഡ്യൂക്കേഷൻ കോൺഫറൻസ് ഉദ്ഘാടകൻ പ്രൊഫ. വി. വി. ജോൺ

ജനുവരി 19 നുനടന്ന എഡ്യൂക്കേഷൻ കോൺഫറൻസിൽ അധ്യക്ഷപദം അലങ്കരിച്ചതു സെന്റ് ബർക്കുമാൻസിന്റെ പൂർവ്വവിദ്യാർത്ഥിയും മുൻ അദ്ധ്യാപകനു

മായിരുന്ന പ്രസിദ്ധ വിദ്യാഭ്യാസ വിചക്ഷണൻ പ്രൊഫ. വി.വി. ജോൺ (ബി. എ. (Hons) മദ്രാസ്, ബി.എ. (Hons) ഓക്സ്ഫർഡ് ആയിരുന്നു. മുൻ മാനേജിംഗ് ബോർഡു മെമ്പർ ഫാ. റ്റി. എം. സെക്വേരാ എസ്. ജെ., പൂർവ്വവിദ്യാർത്ഥിയും അർപ്പിതചേതസ്സുമായിരുന്ന ശ്രീ കെ. എം. ജോർജ്ജ് എം.എൽ. എ. ഇവർ തങ്ങളുടെ വിജ്ഞാനപ്രദങ്ങളായ പ്രസംഗങ്ങൾ കൊണ്ടു സദസ്സിനെ ഹഠാദാകർഷിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്തു.

## എൻ. എൻ. വാഞ്ചു

28 നു നടന്ന സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തത് അന്നത്തെ കേരളാ ഗവർണ്ണർ ആദരണീയനായ എൻ. എൻ. വാഞ്ചു ആയിരുന്നു. മന്ത്രി എം. എൻ. ഗോവിന്ദൻ നായർ, യൂഹാനോൻ മാർ തോമ്മാ മെത്രാപ്പോലീത്താ, ക്ലിമീസ് തിരുമേനി (ചിങ്ങവനം) എം. എം. ജോസഫ് എന്നിവർ കോളജിന്റെ അപദാനങ്ങളെ പ്രകീർത്തിച്ചു പ്രസംഗിക്കുകയുണ്ടായി.

യേശുദാസും സുജാതയും ചേർന്നു നടത്തിയ ഗാനമേളയും ജയറാമിന്റെ മിമിക്രിയും ആ സായാഹ്നം അവിസ്മരണീയമാക്കി.

## Lead College

1975ൽ സെന്റ് ബർക്കുമാൻസ് ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് കാത്തലിക് യൂണിവേഴ്സിറ്റീസിന്റെ (IFCU) അംഗമായി അംഗീകരിക്കപ്പെട്ടു. ഇതു കോളജിന് ഒരു അപൂർവ്വ ബഹുമതിയായിരുന്നു. 1977 ജൂൺ 1 ന് കുര്യാളശ്ശേരിലച്ചൻ കാരിത്താസ് ഇന്ത്യയുടെ ഡയറക്ടർ ആയി ചാർജ്ജെടുക്കാൻ ഡൽഹിക്കു പോയി. അന്നു തന്നെ പുളിക്കപ്പറമ്പിലച്ചൻ സെന്റ് ബർക്കുമാൻസിന്റെ അമരക്കാരനായി ചാർജ്ജെടുത്തു. സെന്റ് ബർക്കുമാൻസ് ഒരു Lead College ആയി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

1978ലെ കോളജ് ഡേ ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തത് കൊച്ചിൻ യൂണിവേഴ്സിറ്റി വൈസ്ചാൻസ്‌ലർ ഡോ. എം. വി. പൈലിയാണ്. ആത്മവിദ്യാലയത്തോടുള്ള അഗാധമായ സ്നേഹം പ്രസ്ഫുരിക്കുന്നതും ഏറ്റം വിജ്ഞാനപ്രദവുമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. നവംബർ 24നു പ്രൊഫ. എം. ലീലാവതി കോളജ് യൂണിയൻഉദ്ഘാടനം നടത്തി.

1979 ൽ കോളജ് യൂണിയൻ ഉദ്ഘാടനം ചെയ്തതു സുപ്രസിദ്ധ നോവലിസ്റ്റ് മലയാറ്റൂർ രാമകൃഷ്ണനാണ്; വേണു നാഗവള്ളി ആർട്സ് ക്ലബ്ബും. അന്നു നടന്ന കവിയരങ്ങിൽ കടമ്മനിട്ട രാമകൃഷ്ണനും ഡോ. അയ്യപ്പപ്പണിക്കരും ബാലചന്ദ്രൻ ചുള്ളിക്കാടും കവിതാപാരായണം നടത്തി.

## കലാ-സാഹിത്യ ശില്പശാല

1980 ഡിസംബർ 19-22 തീയതികളിൽ അവിസ്മരണീയമായ ഒരു ശില്പശാല നടന്നു. ശ്രീ. പാറപ്പുറമാണ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചത്. തകഴി ശിവശങ്കരപ്പിള്ള, അയ്യപ്പപ്പണിക്കർ, നരേന്ദ്രപ്രസാദ്, കടമ്മനിട്ട രാമകൃഷ്ണൻ, കെ. എം.

ജൂബിലി സമാപന സമ്മേളനം ഉദ്ഘാടകൻ കേരളാ ഗവർണർ

ആ സായാഹ്നം അവിസ്മരണീയം

കുര്യാളശ്ശേരിലച്ചൻ കാരിത്താസ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ

പുളിക്കപ്പറമ്പിലച്ചൻ പ്രിൻസിപ്പൽ

കോളജ് യൂണിയൻ ഉദ്ഘാടനം മലയാറ്റൂർ രാമകൃഷ്ണൻ

കവിയരങ്ങ്

ഉദ്ഘാടനം പാറപ്പുറം



തരകൻ, ജെ. കെ.വി., ഏറ്റുമാനൂർ സോമദാസൻ തുടങ്ങിയവരാണ് ശില്പശാല നയിച്ചത്.

ഡോ. സിറിയക് തോമസ്

## കരിസ്മാറ്റിക് ധ്യാനം - ഐക്കഫ് റീജണൽ ക്യാമ്പ്

ആ വർഷം ഐക്കഫിന്റെ റീജണൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തത് ഡോ. സിറിയക് തോമസായിരുന്നു. നായിക്കൻപറമ്പിലച്ചനും ടീമും നയിച്ച കരിസ്മാറ്റിക് ധ്യാനം 1980 ന്റെ ഒരു സവിശേഷതയായിരുന്നു.

ഇവർ എത്രയോ പ്രഗത്ഭർ!

## വൈക്കം ചന്ദ്രശേഖരൻ നായർ

ആ വർഷത്തെ യൂണിയൻ ഉദ്ഘാടനം നിർവ്വഹിച്ചതു പ്രസിദ്ധ നോവലിസ്റ്റായ വൈക്കം ചന്ദ്രശേഖരൻ നായരാണ്.

## സമ്മാനദാനം - സിവി ആനന്ദബോസ്

യൂണിവേഴ്സിറ്റിയിൽ പ്രഥമസ്ഥാനങ്ങളിൽ നിന്നവരെ അനുമോദിക്കാൻ പ്രഗത്ഭപൂർവ്വവിദ്യാർത്ഥി സിവി ആനന്ദബോസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജേതാക്കൾക്ക് അദ്ദേഹം സമ്മാനങ്ങൾ വിതരണം ചെയ്തു.

## ശ്രീ. ബാബു പോൾ ഐ.എ.എസ്.

1982 ലെ കോളജ് യൂണിയന്റെ ഉദ്ഘാടനം നിർവ്വഹിച്ചതു ശ്രീ. ബാബു പോൾ ഐ.എ.എസ്. ആണ്.

## ഡോ. പി. എം. മാത്യു, (വെല്ലൂർ)

ഡോ. പി. എം. മാത്യു, (വെല്ലൂർ) മനശ്ശാസ്ത്ര സെമിനാർ ഉദ്ഘാടനം ചെയ്തു.

## പ്രൊഫ. എം. കൃഷ്ണൻ നായർ

1984 ൽ യൂണിയൻ ഉദ്ഘാടനം ചെയ്തത് പ്രൊഫ. എം. കൃഷ്ണൻനായരാണ്.

## ശ്രീ. മാടവന ബാലകൃഷ്ണപിള്ള

സമാപനസമ്മേളനത്തിന്റെ വിശിഷ്ടാതിഥി ശ്രീ. മാടവന ബാലകൃഷ്ണപിള്ളയും.

മാരൂരച്ചനെ പങ്കായം ഏല്പിച്ചു പുളിക്കപ്പെറമ്പിലച്ചൻ പടിയിറങ്ങുന്നു

## ഗവേഷണവിഭാഗങ്ങൾ

ബനിഫാക്റ്റേഴ്സ് ക്ലബ്ബ്

ശാസ്ത്ര വിഭാഗത്തിന്റെ ഉദ്ഘാടനം

1985 മാർച്ച് 31 നു പുളിക്കപ്പെറമ്പിലച്ചൻ വിരമിച്ച് പങ്കായം മാരൂരച്ചനെ ഏല്പിച്ചു. പ്രസ്തുത വർഷം പുതുവത്സരാശംസകൾ നല്കിയത് സ്വാമി ആതുരദാസാണ്. 1986 ൽ സുപ്രധാനമായ ഒരു സംഭവം നടന്നു. ഇംഗ്ലീഷ്, ഫിസിക്സ്, ബോട്ടണി, സുവോളജി ഇവ ഗവേഷണ വിഭാഗങ്ങളായി ഉയർത്തപ്പെട്ടു. മാരൂരച്ചന്റെ ശ്രമഫലമായി കോളജ് ബനിഫാക്റ്റേഴ്സ് ക്ലബ്ബ് രൂപപ്പെട്ടു. ആഗസ്റ്റ് 13 സെന്റ് ബർക്കുമാൻസ് ഡേ, ബനിഫക്റ്റേഴ്സ് ഡേ ആയി ആചരിക്കാൻ തീരുമാനമായി. ഇന്നും അത് അങ്ങനെ തന്നെ തുടരുന്നു.

## ഗ്യാനി സെയിൽസ് സിംഗ്

ശാസ്ത്രവിഭാഗത്തിന്റെ ഡയമണ്ട് ജൂബിലി ഉദ്ഘാടനവും ഗവേഷണകേന്ദ്രത്തിന്റെ ശിലാസ്ഥാപനവും ഇന്ത്യൻ പ്രസിഡന്റ്

1986 ആഗസ്റ്റ് 31 നു ശാസ്ത്രവിഭാഗത്തിന്റെ ഡയമണ്ട് ജൂബിലിയുടെ ഉദ്ഘാടനം നിർവഹിച്ചത് അന്നത്തെ ഇന്ത്യൻ പ്രസിഡന്റ് ഗ്യാനി സെയിൽസ് സിംഗാണ്. ഗവേഷണസൗധത്തിന്റെ ശിലാസ്ഥാപനകർമ്മവും അദ്ദേഹം തന്നെ നിർവ്വഹിച്ചു. ഈ മഹനീയാവസരത്തിൽ വേദിയിലുണ്ടായിരുന്ന മഹദ് വ്യക്തികൾ, അന്നത്തെ ബഹു. കേരളാ ഗവർണർ പി. രാമചന്ദ്രൻ, കേരളാ മുഖ്യമന്ത്രി കെ. കരുണാകരൻ, രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ, എം. എം. ജേക്കബ്, മന്ത്രിമാരായ കെ. എം. മാണി, പൂർവ്വവിദ്യാർത്ഥി പി. ജെ. ജോസഫ്, സെന്റ് ബർക്കുമാൻസിന്റെ അന്നത്തെ രക്ഷാധികാരിയും ചങ്ങനാശ്ശേരി മെത്രാപ്പോലീത്തായുമായ മാർ ജോസഫ് പവ്വത്തിൽ എന്നിവരാണ്.

## ഇ. അഹമ്മദ്

ശാസ്ത്ര-ഇൻഡസ്ട്രിയൽ പ്രദർശനങ്ങൾ ഉദ്ഘാടനം

അനുബന്ധമായി നടന്ന ശാസ്ത്ര-ഇൻഡസ്ട്രിയൽപ്രദർശനങ്ങൾ, വ്യവസായ മന്ത്രി ഇ അഹമ്മദാണ് ഉദ്ഘാടനം ചെയ്തത്.

## അവിസ്മരണീയശാസ്ത്രപ്രദർശനം

**The Exhibition - a feast for the eyes, and a festival for the mind.**

ഈ പ്രദർശനത്തിന്റെ അനന്യത ഇതിൽ ഇന്ത്യൻ റെയിൽവേയ്സ്, കെൽട്രോൺ, വിക്രംസാരാഭായി സ്പെയ്സ് സെന്റർ, ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസ്, കോക്കനട്ട് റിസർച്ച് സെന്റർ, ഫിഷറീസ്, പോസ്റ്റൽ, ഹാൻഡിക്രാഫ്റ്റ്സ് ഡിപ്പാർട്ട്മെന്റ്സ്, ദി അനെർട്ട്, മെഡിക്കൽ കോളജ് ഇവ പങ്കെടുത്തുവെന്നതാണ്. സെന്റ് ബർക്കുമാൻസിന്റെ ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി വിഭാഗങ്ങളും ഈ പ്രദർശനത്തിൽ സജീവമായി, ക്രിയാത്മകമായി പങ്കെടുത്തു. The Exhibition was a feast for the eyes, and a festival for the mind. അത്യാവേശത്തോടെയാണ് ആളുകൾ ഈ പ്രദർശനത്തിൽ പങ്കെടുത്തത്.

## കർദിനാൾ ലൂർദ്സ്വാമി

അതിരൂപതയുടെ ശതാബ്ദി

1987 ആഗസ്റ്റ് 5 നു കർദിനാൾ ലൂർദ്സ്വാമി, ഓറിയന്റൽ കോൺഗ്രിഗേഷന്റെ പ്രീഫെക്ട്, കോളജു സന്ദർശിക്കുകയുണ്ടായി. ചങ്ങനാശ്ശേരി അതിരൂപതയുടെ ശതാബ്ദിയാഘോഷങ്ങളുടെ ഒരു ദിനമായിരുന്നു അത്.

## മാത്തിപ്പറമ്പിലച്ചൻ പ്രിൻസിപ്പൽ

മാരൂരച്ചൻ പടിയിറങ്ങുന്നു

മാരൂരച്ചൻ 1991 മാർച്ച് 31നു വിരമിക്കുന്നു. ഏപ്രിൽ 1നു മാത്തിപ്പറമ്പിലച്ചൻ സെന്റ് ബർക്കുമാൻസ് നൗകയുടെ ഒന്നാം അണിയം കയ്യേന്തുന്നു. പ്രൊഫ. കെ. ജെ. ജോർജ്ജ് വൈസ്പ്രിൻസിപ്പലായും കടവിലച്ചൻ ബർസാറായും നിയമിതരായി.

## ഇഫ്ക്കു എക്സിക്യൂട്ടീവ്

വലിയ സംഭവം രവി വിജയനും നിത്യചൈതന്യയതിയും വിശിഷ്ടാതിഥികൾ

1992 ഫെബ്രുവരി 18 മുതൽ 21 വരെ ഇന്റർ നാഷണൽ ഫെഡറേഷൻ ഓഫ് കാത്തലിക് യൂണിവേഴ്സിറ്റീസിന്റെ എക്സിക്യൂട്ടീവ് കൗൺസിൽ കോളജിൽ



സമ്മേളിച്ചത് വലിയ ഒരു സംഭവം തന്നെയാണ്. Three cheers to Madathiparampilachan. 1993 ൽ ശ്രീ. ഒ. വി. വിജയനും നിത്യചൈതന്യയതിയും കോളജിൽ വിശിഷ്ടാതിഥികളായി എത്തി.

## ബർക്കുമാൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് - ആർ.ശങ്കർ അവാർഡ്

ബർക്കുമാൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്

ഉദ്ഘാടനം മന്ത്രി പി.ജെ. ജോസഫ്

ബർക്കുമാൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ ഉദ്ഘാടനം നടന്നത് 1996 ജനുവരി 29 നാണ്. അന്നത്തെ വിദ്യാഭ്യാസ മന്ത്രി പി. ജെ. ജോസഫാണ് ആ മംഗളകർമ്മം നിർവ്വഹിച്ചത്. അതേവർഷം ഏറ്റം നല്ല സ്പെഷ്യൽ ഗ്രേഡ് പ്രൈവറ്റ് കോളജിനുവേണ്ടി കേരളാ ഗവൺമെന്റ് പുതിയതായി സ്ഥാപിച്ച ആർ. ശങ്കർ അവാർഡിനും സെന്റ് ബർക്കുമാൻസ് അർഹയായി.

## വട്ടക്കളത്തിലച്ചൻ പ്രിൻസിപ്പൽ

**ആർ. ശങ്കർ അവാർഡ് രണ്ടാംപ്രാവശ്യവും – കൃതജ്ഞതാബലി**

പ്ലാറ്റിനം ജൂബിലിയുടെ തുടക്കം

കൃതജ്ഞതാബലിയോടെ

ഉലഹന്നാൻ മാപ്പിള സെന്റർ

1996 മാർച്ച് 31 നു മഠത്തിപ്പറമ്പിലച്ചൻ വിരമിച്ചു. 1996 ഏപ്രിൽ 1 നു വട്ടക്കളത്തിലച്ചൻ ആത്മവിദ്യാലയത്തിന്റെ അമരക്കാരനായി. സെന്റ് ബർക്കുമാൻസിന്റെ പ്ലാറ്റിനം ജൂബിലിയുടെ ചുക്കാൻ പിടിക്കാൻ ഭാഗ്യം സിദ്ധിച്ചത് അച്ചനാണ്. സ്മാരകമെന്നു കരുതാവുന്നത് 'ദി ഉലഹന്നാൻ മാപ്പിള സെന്റർ ഫോർ ഓറിയന്റൽ സ്റ്റഡീസ്' ആണ്. സെന്ററിന്റെ മുഴുവൻ ചെലവും വഹിച്ചതു മാപ്പിള സാറിന്റെ മക്കൾ, പ്രത്യേകിച്ചു ഡോ. ജോഷി ജോൺ ആണ്. ആർ. ശങ്കർ അവാർഡ് രണ്ടാം പ്രാവശ്യവും സെന്റ് ബർക്കുമാൻസ് സ്വന്തമാക്കി. പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉച്ചകോടി, സ്ഥാപനദിനമായ 1997 ജൂൺ 19 നു നടന്ന കൃതജ്ഞതാബലിയർപ്പണമായിരുന്നു.

## വടക്കേക്കളത്തിലച്ചൻ പ്രിൻസിപ്പൽ

**പഞ്ചനക്ഷത്രപദവി**

1998 മാർച്ച് 31 ന് വട്ടക്കളത്തിലച്ചൻ വിരമിച്ചു. പ്രിൻസിപ്പൽ സ്ഥാനം വടക്കേക്കളത്തിലച്ചൻ ഏറ്റെടുത്തു. അസസ്മെന്റ് ആന്റ് നാഷണൽ അക്രഡിറ്റേഷൻ കൗൺസിൽ സെന്റ് ബർക്കുമാൻസിനു പഞ്ചനക്ഷത്രപദവി നല്കി ആദരിച്ചു.

## കുന്നുമ്പുറത്തച്ചൻ പ്രിൻസിപ്പൽ

2002 മാർച്ച് 31 നു വടക്കേക്കളത്തിലച്ചൻ വിരമിച്ചു. കുന്നുമ്പുറത്തച്ചൻ പ്രിൻസിപ്പലായി നിയമിതനായി. ബർക്കുമാൻസ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ പുതിയ അനുഭവമായി. അടൂർ ഗോപാലകൃഷ്ണനാണ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചത്.

## College with Potential for Excellence

കുന്നുമ്പുറത്തച്ചന്റെ കാലത്തെ വൻ നേട്ടം തന്നെയാണിത്. അന്നത്തെ

ഇന്ത്യൻ പ്രസിഡന്റ് ബഹു. എ.പി. ജെ. അബ്ദുൾക്കലാം കോളജ് സന്ദർശിച്ച് അധ്യാപക - വിദ്യാർത്ഥികളുമായി സംവാദം നടത്തിയതും പ്രഭാഷണം നല്കിയതും അഭിമാനാർഹമാണ്.

## The College reaccredited at A+ level

2006 ലാണ് കോളജിന് ഈ ബഹുമതി ലഭിച്ചത്. 2007 മാർച്ച് 31 നു കുന്നുമ്പുറത്തച്ചൻ വിരമിച്ചു.

## സ്റ്റീഫൻ മാത്യു പ്രിൻസിപ്പൽ

ഡോ. സ്റ്റീഫൻ മാത്യു പ്രിൻസിപ്പലായി. വൻ കാര്യങ്ങൾ ചെയ്യാൻ അദ്ദേഹത്തിനും സാധിച്ചു. അദ്ദേഹം വിരമിച്ചപ്പോൾ പടിഞ്ഞാറേവീട്ടിലച്ചൻ പ്രിൻസിപ്പലായി. പ്രിൻസിപ്പൽമാരെക്കുറിച്ച് അന്യത്ര പരാമർശിച്ചിട്ടുള്ളതു കൊണ്ടാണ് ഈ നാളാഗമത്തിൽ അവരെക്കുറിച്ചുള്ള പരാമർശം അങ്ങേയറ്റം സംക്ഷിപ്തമാക്കിയിരിക്കുന്നത്.

## പടിഞ്ഞാറേവീട്ടിലച്ചൻ പ്രിൻസിപ്പൽ

### ആഗോളപ്രശസ്തി

ഓസ്ട്രേലിയൻ സർക്കാർ ഗവേഷണ രംഗത്ത് സെന്റ് ബർക്കുമാൻസുമായി സഹകരണത്തിന്

ഗവേഷണരംഗത്തു പരസ്പരസഹകരണത്തിന് ഓസ്ട്രേലിയൻ സർക്കാർ തെരഞ്ഞെടുത്ത ഇന്ത്യയിലെ അഞ്ചു കലാലയങ്ങളുടെ പട്ടികയിൽ എന്റെ സെന്റ് ബർക്കുമാൻസും സ്ഥാനം പിടിച്ചിരിക്കുന്നു! ഗവേഷണം, മാനേജ്മെന്റ് പഠനം, സാംസ്കാരികവിനിമയം എന്നീ മേഖലകളിൽ യോജിച്ചു പ്രവർത്തിക്കുന്നതിന്റെ ഭാഗമായാണ് ഇന്ത്യയിലെ അഞ്ചു കലാലയങ്ങളെ ഓസ്ട്രേലിയൻ സർക്കാർ തെരഞ്ഞെടുത്തത്. ഇതിനുള്ള പ്രാഥമികചർച്ചകൾ ആരംഭിച്ചുകഴിഞ്ഞു.

'നവതി പ്രിൻസിപ്പൽ' ഓസ്ട്രേലിയായിലെ വിവിധ സർവ്വകലാശാലകൾ സന്ദർശിച്ചു ചർച്ചകൾ നടത്തി.

കൽക്കട്ടാ സെന്റ് സേവ്യേഴ്സ്, ഡൽഹി ശ്രീ റാം, മുംബൈ സെന്റ് സേവ്യേഴ്സ്, പൂനെ ഫെർഗൂസൺ എന്നീ കോളജുകൾക്കൊപ്പമാണ് ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസിനെയും ഓസ്ട്രേലിയൻ ഗവൺമെന്റ് പരിഗണിച്ചത്. പദ്ധതിയുടെ ഭാഗമായി സെന്റ് ബർക്കുമാൻസിലെ പ്രിൻസിപ്പലിനു ഓസ്ട്രേലിയൻ സർക്കാർ പ്രത്യേക ക്ഷണം നല്കിയിരുന്നു. തദനുസാരം അദ്ദേഹം ഓസ്ട്രേലിയായിലെ വിവിധ സർവ്വകലാശാലകൾ, പ്രമുഖ വിദ്യാഭ്യാസസ്ഥാപനങ്ങൾ. എന്നിവ സന്ദർശിച്ച് ചർച്ചകൾ നടത്തി. സഹകരിച്ചു പ്രവർത്തിക്കാവുന്ന മേഖലകളെക്കുറിച്ച് ഓസ്ട്രേലിയൻ സർക്കാർ സാധ്യതാപഠനം നടത്തി വരികയാണ്. ഇതിന്റെ ഭാഗമായി 2012 ജൂൺ 12 ന് ഓസ്ട്രേലിയൻ ഹൈക്കമീഷണർ പീറ്റർ എൻ വർഗ്ഗീസ് സെന്റ് ബർക്കുമാൻസിലെത്തി, ഇവിടെ നടന്ന സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയുമുണ്ടായി. ഗവേഷണം, മാനേജ്മെന്റ്, സാംസ്കാരികവിനിമയം എന്നീ മേഖലകളിൽ ഇന്ത്യയുമായി സഹകരിക്കുമെന്ന് അദ്ദേഹം ഉറപ്പു നല്കി.

ഓസ്ട്രേലിയൻ ഹൈക്കമീഷണർ സെന്റ് ബർക്കുമാൻസിൽ

## നവതി 2011 – 2012

സെന്റ് ബർക്കുമാൻസിനെ ശതാബ്ദിയിലേക്ക് ശാന്തഗംഭീരമായി നയിക്കുകയെന്നതാണ് നവതി ആഘോഷത്തിന്റെ ആത്യന്തികലക്ഷ്യമെന്നു സംഘാട



**Centre for Erudite Lectures**

കർ ആണയിട്ടു പറയുന്നു. മൂന്നുമേഖലകളിലാണ് പരിപാടികൾ നടന്നത്. ഒന്നാമത്തെ ഊന്നൽ വിദ്യാഭ്യാസമേഖലയ്ക്കു തന്നെയായിരുന്നു. ഇംഗ്ലീഷ് വിഭാഗവും സുവോളജി വിഭാഗവും ഓരോ ഇന്റർനാഷണൽ സെമിനാറുകൾ സംഘടിപ്പിച്ചു: ഒരു മാധ്യമസെമിനാറും. ഒരു Centre for Erudite Lectures സ്ഥാപിക്കുന്നതിനായി 10 ലക്ഷം രൂപാ സമാഹരിച്ചു കഴിഞ്ഞു. Centre for Basic Sciences and Science Museumവും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. Berchmans TV (BTV) പ്രക്ഷേപണ മേഖലയിൽ ഉയരങ്ങൾ താണ്ടുന്ന പ്രക്രിയയിലാണ്.

**All India Industrial, Science & Cultural Exhibition**

2011 നവംബർ 14 – 24 തീയതികളിൽ 500 സ്കൂളുകളിൽ നിന്നായി ഒരു ലക്ഷം വിദ്യാർത്ഥികൾ സന്ദർശിച്ചു സംതൃപ്തിയടഞ്ഞ All India Industrial, Science & Cultural Exhibition വിജയകരമായി പര്യവസാനിച്ചു. ഇങ്ങനെയുള്ള പ്രദർശനങ്ങൾ സെന്റ് ബർക്കുമാൻസിനു പുത്തരിയല്ല.

**കോളജ് ഗോപുരം ബലവത്ത് (40 ലക്ഷം □)**

കോളജിന്റെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള യജ്ഞത്തിന്റെ ഭാഗമായി 40 ലക്ഷത്തോളം രൂപാ ചെലവാക്കി സെന്റ് ബർക്കുമാൻസിന്റെ മുഖമുദ്രയായ കോളജ് ടവർ ബലവത്താക്കി നവീകരിച്ചു. സെന്റ് ബർക്കുമാൻസിന്റെ വലിയ അഭ്യുദയകാംക്ഷിയായിരുന്ന മോൺസിഞ്ഞോർ ജേക്കബ് കല്ലറയ്ക്കൽ പിതാവിന്റെ ഓർമ്മ നിലനിർത്തുന്ന, കല്ലറയ്ക്കൽ ഹോൾ നവീകരിക്കാനും പദ്ധതിയുണ്ട്. മൂർഹൗസ് ഇരുന്നിടത്ത് ഒരു ലേഡീസ് ഹോസ്റ്റൽ പണി പൂർത്തിയായി വരുന്നു. ശതാബ്ദി ആഘോഷിക്കുമ്പോൾ എന്റെ സെന്റ് ബർക്കുമാൻസ് ഒരു യൂണിവേഴ്സിറ്റിയായാൽ, അപ്പോൾ എവിടെയായാലും അവിടെ, ഏറ്റം കൂടുതൽ സന്തോഷിക്കുന്നത് ഈ വിനീതസുതനായിരിക്കും.